# പ്രവാചകത്വം ഖുർആനിൽ

മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബ്(റഹ്)

പ്രസാധകർ
ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്

**PRAVACHATWAM QUR'ANIL**

(Malayalam)

Author: Moulana B. Abdullah Sahib H.A.

DTP: Bindu

Layout : T. Jamshad Mukkam

Printed at: Orange Offset Printers, Calicut

Published by: Islam International Publications- Kerala

Fort Road, Kannur - 670001

6th Edition: 2017

Copies: 2000

Price: 50/-

# പ്രസ്താവന

അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ നേരെ എതിരാളികൾ മുമ്പെല്ലാം പുറപ്പെടുവിച്ചുപോന്നിരുന്ന പ്രധാന ആക്ഷേപങ്ങൾ ഈസാ നബിﷵ മരിച്ചുവെന്ന അഹ്മദികളുടെ വിശ്വാസത്തെ അടിസ്ഥാനമാക്കിയുള്ള തായിരുന്നു. കേരളത്തിൽ അഹ്മദിയ്യാ പ്രസ്ഥാനം പ്രചരിച്ചുതുടങ്ങിയ ആദ്യകാലങ്ങളിൽ ഇതുതന്നെയായിരുന്നു സ്ഥിതി. ഈസാ നബിﷵ മരിച്ചു എന്ന വിശ്വാസം തകർക്കപ്പെടുന്നതോടെ അഹ്മദിയ്യാ ജമാ അത്തിന്റെ സകല വിശ്വാസ സൗധങ്ങളേയും ഇടിച്ചുപൊളിക്കാമെന്ന വ്യാമോഹപരമായ ഒരു നിലപാടായിരുന്നു അന്നുള്ളവർ സ്വീകരിച്ചി രുന്നത്. എന്നാൽ അനിഷേധ്യങ്ങളായ ഖുർആനിക പ്രമാണങ്ങളുടെ മുമ്പിൽ അവർക്ക് പരാജയപ്പെടേണ്ടിവന്നതോടെ ആ പ്രശ്നത്തിൽ നിന്ന് ആലിംകൾ ഒഴിഞ്ഞുമാറുന്നതായിട്ടാണ് കാണപ്പെടുന്നത്. കഴി ഞ്ഞ അരനൂറ്റാണ്ടുകാലത്തെ തീവ്രമായ വാദപ്രതിവാദങ്ങൾക്കുശേഷം ഈസാ നബിﷵ മരിച്ചുപോയിരിക്കുന്നുവെന്ന വിശ്വാസം ശരിയാണെ ന്ന് ഇന്ന് പല പ്രസിദ്ധ മതപണ്ഡിതന്മാരും സമ്മതിച്ചുതുടങ്ങിയിരി ക്കുകയാണ്. എന്നാൽ ഇപ്പോൾ അഹ്മദിയ്യാ പ്രസ്ഥാനത്തെ തകർക്കാ നെന്നോണം 'പ്രവാചകത്വസമാപ്തി' എന്ന വിഷയത്തെയാണ് മറ്റൊ രു ആയുധമായി അവർ സ്വീകരിക്കുന്നത്. തന്നിമിത്തം ഇന്നവർ ന ബിﷺക്കുശേഷം നബി വരികയില്ലെന്ന വിശ്വാസത്തിനും വാദത്തിനും വലിയ പ്രാധാന്യവും പ്രാബല്യവും നല്കിവരുന്നു. നബിﷺയെ 'അ ന്ത്യപ്രവാചകൻ' എന്നു വിശേഷിപ്പിക്കുകയും നബിﷺയ്ക്കുശേഷം ഒരു പ്രവാചകനും വരികയില്ലെന്നുള്ള വിശ്വാസത്തെ സ്ഥാനത്തും അസ്ഥാനത്തും ഊന്നിപ്പറയുകയും ചെയ്യുകയെന്നത് ഇന്ന് സർവ്വ സാധാരണമായിരിക്കുന്നു. ഈ വിശ്വാസത്തെ സാധൂകരിക്കാൻ 'ഇബ്നുമർയ'മിന്റെ ആവിർഭാവത്തെ സംബന്ധിച്ച പ്രവചനങ്ങളെ

പോലും അഗണ്യകോടിയിൽ തള്ളുവാൻ ഇവർ മടിക്കുന്നില്ല. 'പ്രവാചകത്വസമാപ്തി' തത്ത്വം 'ഈമാൻ കാര്യങ്ങ'ളിൽപെട്ടതാണെന്നും ഒരാൾ മുസ്‌ലിമാകണമെങ്കിൽ തിരുനബിക്കുശേഷം ഒരു തരത്തിലുള്ള പ്രവാചകനും വരികയില്ലെന്നു ഉറച്ചു വിശ്വസിക്കേണ്ടതുണ്ടെന്നും കൂടി ചില ആലിംകൾ പറഞ്ഞുവരുന്നു. ഹദ്റത്ത് അഹ്മദുൽ ഖാദിയാനിؑയെ തള്ളിപ്പറയാനും അഹ്മദികളെ കാഫിറാക്കാനും വേണ്ടിയാണ് ഇവരിതെല്ലാം പറയുന്നത്. വിശുദ്ധഖുർആന്റെ പാഠമെന്തെന്നു മനസ്സിലാക്കാനിവർ ആത്മാർഥമായി ശ്രമിച്ചിരുന്നുവെങ്കിൽ തങ്ങളുടെ വിശ്വാസം അബദ്ധമാണെന്ന് മനസ്സിലാക്കാമായിരുന്നു.

മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ ഈ പുസ്തകത്തിൽ ഖുർആനിൽ നിന്നുള്ള 15 രേഖകൾ മുഖേന തിരുനബിക്കുശേഷവും പ്രവാചകാവതാരമുണ്ടാകാമെന്ന് തെളിയിച്ചിരിക്കുകയാണ്. ഈ രേഖകളിൽ പലതും മുമ്പും ഉന്നയിക്കപ്പെട്ടിട്ടുള്ളതാണെങ്കിലും അവയെ ഖണ്ഡിക്കാൻ ഇന്നോളം ആർക്കും സാധിച്ചിട്ടില്ല. 1934ൽ കണ്ണൂരിൽ നിന്നു പി. അബ്ദുൽഖാദർ മൗലവി സാഹിബ് എഴുതി പ്രസിദ്ധപ്പെടുത്തിയ 'ഖത്തമുന്നുബുവ്വത്ത്' എന്ന പുസ്തകത്തിന്റെ ഖണ്ഡനമായി 'അന്നുബുവ്വത്ത് ഫിൽ ഇസ്‌ലാം' എന്ന മൗലാനാ സാഹിബ് എഴുതിയ പ്രശസ്ത പുസ്തകത്തിന് നാളിതുവരെ ആരുംതന്നെ ഖണ്ഡനം എഴുതിയിട്ടില്ലെന്നത് പ്രസ്താവ്യമാണ്.

മൗദൂദി സാഹിബിന്റെ സമർത്ഥമായ സൂത്രധാരത്വത്തിൽ 1953 ൽ പാക്കിസ്താനിൽ നടന്ന അഹ്മദിയ്യാ വിരോധ പ്രക്ഷോഭത്തിൽ മുഴങ്ങിക്കേട്ട ഒരു പ്രമേയം 'പ്രവാചകത്വസമാപ്തി സംരക്ഷണം' ആയിരുന്നു. 'ഖാത്തമുന്നബിയ്യീന്നു' ശേഷം പ്രവാചകത്വം കേവലമായി നിലച്ചിട്ടില്ലെന്ന വിശ്വാസത്തേയും അങ്ങനെ വിശ്വസിക്കുന്നവരേയും അത്തരം പ്രക്ഷോഭങ്ങൾ മുഖേന നിർമ്മൂലനം ചെയ്യാമെന്ന് അവർ കരുതി. 'പ്രവാചകത്വ സമാപ്തി സംരക്ഷണ' മാണ് തങ്ങളുടെ ഉദ്ദേശ്യമെന്ന് അവർ ഉദ്ഘോഷിച്ചു. പിന്നീട് ഈ ഉദ്ദേശ്യത്തിനുവേണ്ടിയുള്ള തന്റെ സംഭാവനയെന്നോണം മൗദൂദി സാഹിബ് 'ഖത്തമുന്നുബുവ്വത്ത്' എന്ന പേരിൽ ഒരു ചെറുപുസ്തകം രചിച്ചു. അതിന്റെ പരിഭാഷ മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. അതിൽ തന്റെ വാദത്തിലേക്ക് തെളിവെന്നോണം ഒരൊറ്റ ആയത്തുമാത്രമേ അദ്ദേഹത്തിനു ഉദ്ധരിക്കാൻ കഴിഞ്ഞുള്ളൂ. അതാകട്ടെ അഹ്മദികൾ തങ്ങ

ളുടെ വാദത്തിലേക്കാധാരമായി ഉന്നയിക്കുന്ന രേഖകളിലൊന്നാണു താനും. അപ്പോൾ 'പ്രവാചകതസമാപ്തി' സിദ്ധാന്തത്തിന്നാധാരമായി അസന്നിഗ്ദ്ധമായി ഒരൊറ്റ രേഖപോലും ഖുർആനിൽനിന്നുദ്ധരിക്കാൻ മൗദൂദി സാഹിബിനും സാധിച്ചിട്ടില്ലെന്നു വ്യക്തമായി. അഹ്മദികളാകട്ടെ, തങ്ങളുടെ വിശ്വാസത്തെ സാധൂകരിക്കുന്ന വ്യക്തമായ നിരവധി രേഖകൾ വിശുദ്ധഖുർആനിൽനിന്ന് എടുത്തുകാണിക്കുകയും ചെയ്യുന്നു. ഈ പുസ്തകം വായിക്കുന്നവർക്ക് ഈ യാഥാർത്ഥ്യം നിഷ്പ്രയാസം ഗ്രഹിക്കാം.

1956 മുതൽ സത്യദൂതനിൽ ഖണ്ഡശഃ പ്രസിദ്ധീകരിക്കപ്പെട്ട ലേഖനപരമ്പര തൽകർത്താവിനാൽ പുനഃശോധന ചെയ്യപ്പെട്ട പുസ്തകരൂപത്തിൽ പ്രസിദ്ധം ചെയ്തിട്ടുള്ളതാണ് 'അന്നുബുവ്വത്ത്ഫിൽ ഖുർആൻ' എന്ന ഈ കൃതി. ഇതു കേരളത്തിലെ മുസ്‌ലിം ബഹുജനങ്ങളുടെ മുമ്പിൽ സമർപ്പിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് അതിയായ സന്തോഷവും ചാരിതാർത്ഥ്യവുമുണ്ട്. നിഷ്പക്ഷബുദ്ധ്യാ ഈ കൃതി വായിച്ച് വിശുദ്ധഖുർആന്റെ പാഠമെന്താണെന്ന് മനസ്സിലാക്കാൻ എല്ലാ ചിന്തകന്മാരോടും അഭ്യർത്ഥിച്ചുകൊള്ളുന്നു.

മതപരമായ വിശ്വാസങ്ങളേയും പ്രശ്നങ്ങളേയും ഗൗരവമായി പരിഗണിക്കുകയും ഖുർആനെ ആദരിക്കുകയും ചെയ്യുന്ന നല്ലവരായ എല്ലാ മുസ്‌ലിംകളോടും ഈ പുസ്തകം സത്യാന്വേഷണ ബുദ്ധിയോടെ ആമൂലാഗ്രം വായിച്ചുനോക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു.

*പ്രസാധകർ*

# മുഖവുര

ഇസ്‌ലാമിന്റെ അഖണ്ഡമായ മൂലപ്രമാണം വിശുദ്ധഖുർആനാണ ല്ലോ. മുസ്‌ലിംകൾക്കിടയിൽ ഭിന്നാഭിപ്രായങ്ങളുണ്ടാകുന്നപക്ഷം അതിനു നിവാരണമുണ്ടാക്കാൻ ഒന്നാമത്തെ ആധാരമായി അവലം ബിക്കേണ്ടതു വിശുദ്ധഖുർആനെയാണെന്ന് ആ പവിത്രഗ്രന്ഥം തന്നെ പഠിപ്പിക്കുന്നുണ്ട്. അതിന്റെ പാഠങ്ങളത്രയും സ്വീകരിക്കേണ്ടത് അതിൽ വിശ്വസിക്കുന്നവരുടെ ഒഴിച്ചുകൂടാത്ത ധർമമാണെന്നും അത് ആവർത്തിച്ചാവർത്തിച്ചു പ്രസ്താവിക്കുന്നുണ്ട്. ഇന്ന് അഹ്മദി മുസ്‌ലിം കൾക്കും ഇതര മുസ്‌ലിംകൾക്കുമിടയിൽ അഭിപ്രായഭിന്നതയുള്ള വിഷ യങ്ങളിൽ പ്രധാനമായ ഒന്നാണ് 'പ്രവാചകത്വ സമാപ്തി' എന്ന വിഷ യം. മുഹമ്മദ് റസൂലുല്ലാഹിﷺ തിരുമേനിക്കുശേഷം ഒരുതരത്തിലുള്ള നബിയും വരികയില്ലെന്ന് ഇതര മുസ്‌ലിംകൾ വിശ്വസിക്കുന്നു. എന്നാൽ തിരുനബിﷺയുടെ ഉമ്മത്തിൽനിന്ന് ഇസ്‌ലാമിനെ പ്രബോധി പ്പിക്കാൻവേണ്ടി നബി വരാമെന്ന് അഹ്മദീ മുസ്‌ലിംകൾ വിശ്വസി ക്കുന്നു. ഭിന്നമായ ഈ വിശ്വാസങ്ങളിൽ ഏത് വിശ്വാസത്തെയാണോ വിശുദ്ധഖുർആൻ സത്യപ്പെടുത്തുന്നത്, തീർച്ചയായും ആ വിശ്വാസ മായിരിക്കും സത്യമായിരിക്കുക.

പ്രവാചകപ്രഭുവായ തിരുനബിക്കുശേഷം ഒരുതരത്തിലുള്ള പ്രവാ ചകനും വരികയില്ലെന്നു വിശുദ്ധഖുർആൻ പഠിപ്പിക്കുന്നില്ല. മറിച്ച് നബിതിരുമേനിയോടുള്ള അനുസരണം വഴി അല്ലാഹു ഇച്ഛിക്കുന്ന വർക്ക് അവൻ നുബുവ്വത്ത് പദവി നല്കുന്നതാണെന്നും ആ പദവി നല്കപ്പെടുന്ന ആൾ തിരുനബിﷺയുടെ ഉമ്മത്തിയും ഇസ്‌ലാമിന്റെ സേവകനും ആയിരിക്കുമെന്നുമാണ് വിശുദ്ധഖുർആൻ പഠിപ്പിക്കുന്ന ത്. ആ പവിത്രഗ്രന്ഥം മനസ്സിലാക്കിത്തരുന്ന ഈ സത്യത്തെയാണ് ഈ ചെറുകൃതിയിൽ ഞാൻ പ്രതിപാദിച്ചിരിക്കുന്നത്.

ആകയാൽ മതസിദ്ധാന്തങ്ങൾക്ക് അതർഹിക്കുന്ന സ്ഥാനം നല്കുകയും വിശുദ്ധഖുർആൻ പഠിപ്പിക്കുന്ന എല്ലാ പാഠങ്ങളും സ്വീകരിക്കേണ്ടത് ഓരോ മുസ്‌ലിമിന്റെയും കടമയാണെന്ന് വിശ്വസിക്കുകയും ചെയ്യുന്നവരോട് ഈ പുസ്തകം സത്യാന്വേഷണബുദ്ധ്യാ ആമൂലാഗ്രം അവർ വായിച്ചു നോക്കണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന.

ഖുർആനിൽ നിന്നു വ്യക്തമായി മനസ്സിലാകുന്ന ഒരു പാഠം മുസ്‌ലിം ഭൂരിപക്ഷത്തിന്റെ അഭിപ്രായത്തിന് എതിരായതുകൊണ്ടോ ആരുടെയെങ്കിലും പരമ്പരാഗതമായ വിശ്വാസത്തിനു വിപരീതമായതുകൊണ്ടോ തള്ളിക്കളയാവുന്നതല്ലല്ലോ. എന്നാൽ ആ പാഠം വിശുദ്ധ ഖുർആനിൽ നിന്നു വ്യക്തമായി തെളിയുന്നുണ്ടോ എന്നു ചിന്തിച്ചുനോക്കുകയെന്നതു മാത്രമാണ് ഓരോ യഥാർത്ഥ മുസ്‌ലിമിന്റെയും ധർമ്മം. ആകയാൽ, വിശുദ്ധ ഖുർആനിൽ ആത്മാർത്ഥമായ വിശ്വാസമുള്ളവരുടെ മുമ്പിൽ ഞാനിതാ ആ പവിത്ര ഗ്രന്ഥത്തിൽ നിന്നു തെളിയുന്ന ഒരു പാഠത്തെ വിനയപൂർവ്വം സമർപ്പിച്ചു കൊള്ളുന്നു.

പഴയങ്ങാടി — എന്ന്,

3 . 04 . 1964 — ബി. അബ്ദുല്ലാഹ്

# ഗ്രന്ഥകർത്താവിനെപ്പറ്റി രണ്ടുവാക്ക്

അതീവഭക്തനും മതപണ്ഡിതനും അന്നത്തെ പുരോഹിതവർഗത്തിലെ ഒരു വിപ്ലവകാരിയുമായിരുന്ന ഹദ്റത്ത് മൗലവി കെ. മുഹിയുദ്ദീൻ(റഹ്)ന്റെ സീമന്തപുത്രനായ ഗ്രന്ഥകർത്താവ് 1895ൽ പഴയങ്ങാടിയിൽ ഭൂജാതനായി. മതിസിദ്ധാന്തങ്ങളും അധ്യാപനങ്ങളുമെല്ലാം തന്നെ മനുഷ്യബുദ്ധിക്കും അന്തസ്സിനും അനുയോജ്യമായിരിക്കേണ്ടതാണെന്ന് പിതാവ് നിഷ്ക്കർഷിച്ചിരുന്നു. അഹ്മദിയ്യത്ത് സ്വീകരിക്കുന്ന കാര്യത്തിൽ അദ്ദേഹത്തെ വളരെയധികം സ്വാധീനിച്ചതും ആ വീക്ഷണഗതി തന്നെയായിരിക്കണം. ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിലാണ് അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചതും പരിശുദ്ധ ഖാദിയാൻ സന്ദർശിച്ചതും. അതിനെ തുടർന്ന് ഇവിടത്തെ മുസ്ലിയാർമാരിൽ നിന്നും പൊതുജനങ്ങളിൽ നിന്നും അദ്ദേഹത്തിനു നേരിടേണ്ടിവന്ന മർദനങ്ങളും യാതനകളും ഇന്നത്തെ അഹ്മദികൾക്കുപോലും ഊഹിക്കാൻ വയ്യാത്തതാണ്. പക്ഷേ, അദ്ദേഹത്തിന്റെ മനോധൈര്യവും ദൃഢവിശ്വാസവും അതൊന്നും അചഞ്ചലമായിരുന്നു.

പുണ്യഖാദിയാനിൽനിന്ന് മടങ്ങിവന്നശേഷം പത്ത് പതിനാല് വയസ്സു മാത്രം പ്രായമായിരുന്ന തന്റെ പുത്രനെ ഇസ്ലാമിന്റെ യഥാർഥ തത്ത്വങ്ങളും ഉപദേശങ്ങളും പഠിക്കാനും ജീവിതത്തിൽ വിശുദ്ധിയുടെ പരിമളം ചാർത്താനുമായി അദ്ദേഹം പുണ്യഖാദിയാനിലേക്കയച്ചു. അങ്ങനെ ഗ്രന്ഥകർത്താവിന്റെ വിദ്യാഭ്യാസകാലം മുഴുവനും ഖാദിയാനിലാണ് കഴിഞ്ഞുകൂടിയത്. അവിടെനിന്നും അദ്ദേഹം പഞ്ചാബ് യൂനിവേഴ്സിറ്റിയിലെ എച്ച്. എ (ഓണേർസ് ഇൻ അറബിക്) എന്ന ഉന്നത ബിരുദം സമ്പാദിച്ചു. പിന്നീട് കേരളത്തിലെങ്ങും 'എച്ച്.എ മൗലവി ' എന്ന പേരിൽ അദ്ദേഹം അറിയപ്പെടാനുള്ള കാരണം അതായിരുന്നു. 1927-ൽ ഔദ്യോഗികമായി തെക്കൻ ഇന്ത്യയിലും സിലോണിലും അഹ്മദിയ്യത്തിന്റെ പ്രചാരകനും വക്താവുമായി നിയോഗിക്കപ്പെട്ടു. അതിനുശേഷമുള്ള അദ്ദേഹത്തിന്റെ ജീവിതം കേരള മുസ്ലിം വൃത്തത്തിൽ പ്രത്യേകിച്ചു അറിയിപ്പെട്ടതും വളരെയധികം പ്രാധാന്യമർഹിക്കുന്നതുമാണ്. മൗലാനാ അബ്ദുല്ലാഹ്(റഹ്) അറബി, ഫാർസി, ഉർദു, തമിഴ്, ഇംഗ്ലീഷ്, പഞ്ചാബി, മലയാളം ഭാഷാകളിൽ അഭിജ്ഞനും പ്രഗത്ഭനായ എഴുത്തുകാരനും ഉജ്ജ്വലനായ പ്രാസംഗികനും അനുഗൃഹീതനായ വിവാദമർമ്മജ്ഞനുമായിരുന്നു. ഇസ്ലാമിന്റെ ശ്രേഷ്ഠതയെപ്പറ്റിയും വിശുദ്ധഖുർആന്റെ മഹനീയതയെക്കുറിച്ചും അദ്ദേഹം അനവധി പുസ്തകങ്ങളും ലേഖനങ്ങളും രചിച്ചിട്ടുണ്ട്. അന്നുബുവ്വത്ത് ഫിൽ ഇസ്ലാം (ഇസ്ലാമിലെ പ്രവാചകത്വം) എന്ന വിശ്രുത ബൃഹദ്ഗ്രന്ഥമാണ് അദ്ദേഹത്തിന്റെ മാസ്റ്റർപീസ്. 1968ൽ അദ്ദേഹം ഇഹലോകം വെടിയുന്നതുവരെ അസത്യത്തിനും അധർമത്തിനുമെതിരായ കുരിശുയുദ്ധത്തിലായിരുന്നു.

# പ്രവാചകത്വം ഖുർആനിൽ

ഇസ്‌ലാമിന്റെ മൂലപ്രമാണം വിശുദ്ധഖുർആൻ ആണെന്നും അതിൽ നിന്ന് വ്യക്തമാകുന്ന ഒരു സംഗതി ഒരു മുസ്‌ലിമിന്നു നിഷേധിക്കാനാവില്ലെന്നും ഉള്ളത് മുസ്‌ലിംകൾക്കിടയിൽ തർക്കമറ്റ സംഗതിയാണല്ലോ. ഖുർആനിൽ സംക്ഷിപ്തമായിട്ടോ വ്യംഗ്യനിലയിലോ പ്രസ്താവിക്കപ്പെട്ട പാഠങ്ങളുടെ വ്യാഖ്യാനമാണ് നബി തിരുമേനിയുടെ സുന്നത്ത് അഥവാ നടപടിക്രമം. അവ രണ്ടിനെയും വിവരിക്കുന്ന ഒരു സാക്ഷിമാത്രമാണ് ഹദീസുകൾ. ഖുർആനും സുന്നത്തും ഒരിക്കലും തന്നെ പരസ്പര വിരുദ്ധമായിരിക്കാവതല്ല. എന്തുകൊണ്ടെന്നാൽ, അതിന്റെ അർത്ഥം ഖുർആന്റെ പാഠം നബിതിരുമേനിക്ക് മനസ്സിലായിട്ടില്ലെന്നും അതുകൊണ്ട് ആ ദിവ്യാത്മാവ് ഖുർആന്റെ പാഠത്തിനെതിരായി പ്രവർത്തിച്ചുവെന്നുമായിരിക്കുമല്ലോ. ഹദീസുകൾ മറ്റുള്ളവർ മുഖേന റിക്കാർഡാക്കപ്പെട്ടവയായതുകൊണ്ട് അതിൽ ചിലത് ഖുർആനു വിപരീതമായതും ഉണ്ടായിരിക്കാം. അത്തരം ഹദീസുകളെ ഖുർആന്റെ പാഠത്തോടു യോജിപ്പിക്കാൻ സാധിക്കാത്തപക്ഷം അവ തിരുനബിവചനമല്ലെന്നു കരുതി തള്ളേണ്ടിവരും. ചുരുക്കത്തിൽ, മതകാര്യങ്ങളിൽ ഒന്നാമത്തെ പ്രമാണം വിശുദ്ധഖുർആനും രണ്ടാമത്തേതു സുന്നത്തും മൂന്നാമത്തേതു ഹദീസുമാണ്. ഖുർആനിൽനിന്നും സുന്നത്തിൽനിന്നും അവയ്ക്കു വിപരീതമല്ലാത്ത ഹദീസുകളിൽനിന്നും തെളിയുന്ന ഓരോ സംഗതിയും സ്വീകരിക്കാൻ لا اله الاّ الله محمّد رّسول الله എന്ന കലിമയിൽ സത്യഹൃദയത്തോടെ വിശ്വസിക്കുന്ന ഓരോ മുസ്‌ലിമും ബാധ്യസ്ഥനാണ്. ഖുർആനിൽ വ്യക്തമായും ആവർത്തിച്ചാവർത്തിച്ചും പ്രതിപാദിക്കപ്പെട്ടിരിക്കു

ന്നത് അധികവും വിശ്വാസപരമായ കാര്യങ്ങളാണ്. കർമപരമായ കാര്യങ്ങളെക്കുറിച്ചുള്ള ഖുർആന്റെ വിവരണം മിക്കവാറും സംക്ഷിപ്തരൂപത്തിലത്രെ. ആകയാൽ, തിരുനബിയുടെ സുന്നത്തിന്റെ വെളിച്ചത്തിൽ മാത്രമേ അത്തരം സംഗതികൾ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടുതന്നെയാണ് അല്ലാഹു വിശുദ്ധ ഖുർആനിൽ അവനെ അനുസരിക്കുന്നതോടൊപ്പം റസൂലിനെയും അനുസരിക്കുവാൻ ആവർത്തിച്ചാവർത്തിച്ച് അനുശാസിച്ചിരിക്കുന്നത്.

## തിരുനബിﷺ ഖാത്തമുന്നബിയ്യീൻ

നബിﷺ തിരുമേനി 'ഖാത്തമുന്നബിയ്യീൻ' ആണെന്നു വിശുദ്ധ ഖുർആനിൽ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു:

مَا كَانَ مُحَمَّدٌ أَبَا أَحَدٍ مِّن رِّجَالِكُمْ وَلَٰكِن رَّسُولَ اللَّهِ
وَخَاتَمَ النَّبِيِّينَ ۗ وَكَانَ اللَّهُ بِكُلِّ شَيْءٍ عَلِيمًا ﴿٤١﴾

*"മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റെയും പിതാവല്ല. എന്നാൽ അല്ലാഹുവിന്റെ ദൂതനും നബിമാരുടെ മുദ്രയുമാണ്. അല്ലാഹു എല്ലാ കാര്യങ്ങളും നല്ലപോലെ അറിയുന്നവനാണ്." (33:41)*

ഇങ്ങനെ നബിതിരുമേനിയെക്കുറിച്ച് വ്യക്തമായി 'ഖാത്തമുന്നബിയ്യീൻ' എന്ന് ഖുർആനിൽ പ്രസ്താവിക്കപ്പെട്ടിരിക്കെ ഖുർആൻ ദൈവവചനമാണെന്ന് വിശ്വസിക്കുന്ന ഒരാൾക്ക് ആ ദിവ്യാത്മാവ് ഖാത്തമുന്നബിയ്യീൻ അല്ലെന്നു പറയാൻ സാധ്യമല്ല. വിശുദ്ധഖുർആൻ, ഒരിക്കലും ദുർബ്ബലപ്പെട്ടുപോകാത്ത ദൈവവചനവും പരിപൂർണ ന്യായപ്രമാണഗ്രന്ഥവും ആണെന്ന് എത്രയും ദൃഢതയോടും ആത്മാർത്ഥതയോടുംകൂടി വിശ്വസിക്കുന്നവരാണ് അഹ്മദികൾ. ഖുർആനിൽ ദുർബ്ബലപ്പെട്ടുപോയ ആയത്തുകൾ ഉണ്ടെന്നു ഇതര മുസ്ലിംകൾ വിശ്വസിക്കുന്നുണ്ടെങ്കിലും, അതിൽ ഒരു വള്ളിയോ പുള്ളിയോ ദുർബ്ബലപ്പെട്ടിട്ടില്ലെന്നും ദുർബ്ബലപ്പെടുകയില്ലെന്നുമാണ് അഹ്മദികളുടെ വിശ്വാസം. തിരുനബിﷺ ഖാത്തമുന്നബിയ്യീൻ ആണെന്ന സത്യം അഹ്മദിയ്യത്തിന്റെ സ്ഥാപകർ

തന്റെ ഗ്രന്ഥങ്ങളിൽ എത്രയും വ്യക്തമായും ശക്തിപുരസ്സരവും പ്രസ്താവിച്ചിട്ടുണ്ട്. മാത്രമല്ല, തനിക്ക് അല്ലാഹു നുബുവ്വത്ത് പദവി നല്കിയതുതന്നെ നബിതിരുമേനിﷺ ഖാത്തമുന്നബിയ്യീൻ ആയ തുകൊണ്ടും തിരുമേനിﷺയുടെ ഖാത്തമുന്നബിയ്യീൻ എന്ന പദ വിയെ തെളിയിക്കുകയും ദൃഢീകരിക്കുകയും ചെയ്യാൻ വേണ്ടിയും ആണെന്നാണ് അദ്ദേഹം തന്നെ പറഞ്ഞുതന്നിരിക്കുന്നതും.

ഹദ്റത്ത് അഹ്മദുൽ ഖാദിയാനി عليه السلام പറയുകയാണ്: "എന്റെ വിശ്വാസത്തിന്റെ ആകത്തുക 'ലാഇലാഹഇല്ലല്ലാഹു മുഹമ്മദുർറ സൂലുല്ലാഹി' എന്നാണ്. ഹദ്റത്ത് സയ്യിദുനാ, വമൗലാനാ മുഹ മ്മദ് മുസ്തഫാﷺ ഖാത്തമുന്നബിയ്യീനും ഖൈറുൽ മുർസലീനും ആണെന്നും അദ്ദേഹം മുഖേന ദീൻ പൂർത്തിയാവുകയും മനു ഷ്യർ നേർമാർഗ്ഗത്തിൽ ചരിച്ചുകൊണ്ട് അല്ലാഹുവിങ്കലേക്ക് എ ത്തിച്ചേരുന്ന ആ അനുഗ്രഹം പൂർണദശയിൽ എത്തുകയും ചെയ്തിട്ടുണ്ടെന്നുമാണ് എന്റെ വിശ്വാസം. ഞാൻ ഐഹികജീവി തത്തിൽ ഇതേ വിശ്വാസത്തോടുകൂടിത്തന്നെ ജീവിക്കുകയും ദൈ വാനുഗ്രഹത്താൽ ഇതേ വിശ്വാസത്തോടുകൂടിത്തന്നെ ഇഹലോ കം വെടിയുകയും ചെയ്യുന്നതാണ്."

(ഇസാലയെ ഔഹാം 1891. ഒന്നാം പതിപ്പ്, ഭാ 137)

"ഏതൊരു മഹാത്മാവിനു വിശുദ്ധഖുർആൻ ഇറങ്ങിയിരിക്കു ന്നുവോ... ആ തിരുമേനി ഖാത്തമുൽ അമ്പിയാ ആകുന്നു. എന്നാൽ, ആ പുണ്യപൂമാൻ 'ഖാത്തം' ആണെന്നതും മേലിൽ തിരുമേനിയുടെ പക്കൽനിന്നു യാതൊരു ആത്മീയാനുഗ്രഹവും ലഭ്യമാകുന്നതല്ലെന്ന അർഥത്തിലല്ല; നബിതിരുമേനിﷺ മുദ്ര ല ഭിച്ച പ്രവാചകനാണെന്നുള്ള അർഥത്തിലത്രെ. ആ മുദ്രയുടെ സഹായം കൂടാതെ ആർക്കും ഒരനുഗ്രഹവും സിദ്ധിക്കാവതല്ല. ദൈവഭാഷണം സിദ്ധിക്കുന്നതിനുള്ള വാതിൽ നബിതിരുമേനി യുടെ അനുയായികൾക്ക് നേരെ ഒരിക്കലും അടഞ്ഞുപോകുന്ന തുമല്ല. ആ നബിതിരുമേനിയല്ലാതെ മുദ്ര ലഭിച്ച പ്രവാചകനായി മറ്റാരും ഇല്ലതന്നെ. അനുഗാമി ആയിരിക്കുന്നതിനോടുകൂടി ഒരാൾക്ക് പ്രവാചകത്വം കൂടി ലഭിക്കുന്നതിനു കാരണമായിത്തീ

രുന്ന മുദ്രയോടുകൂടിയ പ്രവാചകൻ ആ പുണ്യപൂമാൻ മാത്രമാകുന്നു. തിരുമേനിയുടെ ആത്മീയശക്തിയും സഹതാപവും അനുയായികളെ അപൂർണാവസ്ഥയിൽ വിട്ടേക്കുവാൻ അനുവദിക്കുകയോ യഥാർത്ഥമായ ദൈവജ്ഞാനത്തിന്റെ മുഖ്യമാർഗമായ ദൈവഭാഷണത്തിന്റെ കവാടം അടഞ്ഞുപോകുന്നത് ഇഷ്ടപ്പെടുകയോ ചെയ്തില്ല. തിരുമേനി, താൻ ഖാത്തമുന്നബിയ്യീൻ ആണെന്നതിന്റെ ലക്ഷ്യത്തെ നിലനിർത്തുന്നതിന്നായിട്ടു തന്നോടുള്ള അനുസരണം മുഖേന മാത്രമേ ദിവ്യവെളിപാടു ലഭ്യമാകയുള്ളൂവെന്നും അനുയായികളല്ലാത്തവർക്ക് ദൈവഭാഷണത്തിന്റെ കവാടം അടഞ്ഞിരിക്കുന്നതാണെന്നും സ്ഥാപിച്ചിരിക്കുന്നു. ഈ അർത്ഥത്തിലാണ് തിരുമേനിﷺ ഖാത്തമുന്നബിയ്യീൻ ആയിരിക്കുന്നത്”

(ഹഖീഖത്തുൽ വഹ്യി, 1907, ഭാ-27, 28)

“നിങ്ങളിൽ ഉണ്ടായിരിക്കണമെന്ന് അല്ലാഹു ഇച്ഛിക്കുന്ന വിശ്വാസം ഇതത്രെ: അല്ലാഹു ഏകനാണ്. മുഹമ്മദ്ﷺ അവന്റെ നബിയാണ്. അദ്ദേഹം ഖാത്തമുൽ അമ്പിയാ ആണ്. എല്ലാ പ്രവാചകന്മാരെക്കാളും ഉന്നതനാണ്. അദ്ദേഹത്തിനുശേഷം പ്രതിബിംബമെന്നോണം മുഹമ്മദിയ്യാ തുകിൽ ധരിപ്പിക്കപ്പെട്ട നിലയിൽ അല്ലാതെ ഒരു നബിയും ഉണ്ടായിരിക്കയില്ല. എന്തെന്നാൽ ഭൃത്യൻ തന്റെ യജമാനനിൽനിന്നും ശാഖ തായ്മരത്തിൽ നിന്നും വേറിട്ടതല്ല.” (കിശ്ത്തീനൂഹ്, 1902, ഭാ.15)

“ഞാൻ തിരുനബിﷺയുടെ ഉമ്മത്തിയും അനുസാരിയും അല്ലായിരുന്നെങ്കിൽ, ലോകത്തുള്ള സർവ്വപർവതങ്ങൾക്കും സമാനമായത്ര പുണ്യകർമങ്ങൾ ഞാൻ ചെയ്തിട്ടുണ്ടെന്നാലും അല്ലാഹുവിൽനിന്നുള്ള മധുരഭാഷണത്താൽ ഞാൻ അനുഗ്രഹിക്കപ്പെടുമായിരുന്നില്ല. എന്തെന്നാൽ, മുഹമ്മദിയ്യാ നുബുവ്വത്തല്ലാതെ മറ്റെല്ലാ നുബുവ്വത്തുകളും നിർത്തലായിരിക്കുകയാണ്. ശരീഅത്തോടുകൂടിയ ഒരു പ്രവാചകനും ഇനി വരികയില്ല. ശരീഅത്തില്ലാത്ത നബി വരാവുന്നതാണ്. പക്ഷേ, ആ നബി ഒന്നാമതായി നബിതിരുമേനിയുടെ ഉമ്മത്തി ആയിരിക്കണം.”

(തജല്ലിയാത്ത ഇലാഹിയ്യ, 1906, ഭാ. 24-25)

"ഖാത്തമുൽ അമ്പിയാ ആയ തിരുനബിയുടെ ഖത്തമുന്നുബുവ്വത്തിൽ വിശ്വസിക്കുന്നവനാണ് ഞാൻ. ഖത്തമുന്നുബുവ്വത്തിൽ വിശ്വസിക്കാത്ത ആൾ ദീനില്ലാത്ത ആളും ഇസ്‌ലാമിൽ നിന്നു പുറത്തായവനും ആണെന്നത്രെ ഞാൻ വിശ്വസിക്കുന്നത് എന്ന് തുറന്നു പ്രസ്താവിച്ചുകൊള്ളട്ടെ."

(തഖ്‌രീർ വാജിബുൽ ഇഅ്‌ലാൻ 1893, ഭാ. 5)

"നമുക്ക് അല്ലാഹു നൽകിയിട്ടുള്ള പ്രവാചകൻ ഖാത്തമുൽ മുഅ്മിനീനും ഖാത്തമുൽ ആരിഫീനും ഖാത്തമുന്നബിയ്യീനും ആകുന്നു. അപ്രകാരംതന്നെ അവൻ ആ തിരുമേനിക്ക് ഇറക്കിക്കൊടുത്ത ഗ്രന്ഥം ജാമിഉൽകുതുബും ഖാത്തമുൽ കുതുബും ആണ്. നബി തിരുമേനിﷺ ഖാത്തമുന്നബിയ്യീൻ ആയതുകൊണ്ട് നുബുവ്വത്ത് ആ തിരുമേനിയിൽ അവസാനിച്ചിരിക്കുന്നു. എന്നാൽ, നുബുവ്വത്ത് അവസാനിച്ചിരിക്കുന്നു എന്നതിന്റെ താത്പര്യം അതു കേവലം ശേഷിക്കാത്തവിധം ഒടുങ്ങിപോയിരിക്കുന്നു എന്നല്ല... ഞങ്ങൾ നബിതിരുമേനിയെ ഖാത്തമുന്നബിയ്യീൻ എന്നു വിശ്വസിക്കുന്നില്ലെന്ന് എന്റെയും എന്റെ അനുചരസംഘത്തിന്റെയും പേരിൽ പുറപ്പെടുവിക്കപ്പെടുന്ന ആക്ഷേപം വമ്പിച്ച ഒരു കറ്റുകെട്ടാണെന്നുള്ളതു പ്രത്യേകം സ്മരണീയമാണ്. നബിതിരുമേനിﷺ ഖാത്തമുന്നബിയ്യീൻ ആണെന്ന് എത്രമാത്രം ശക്തിയോടും ദൃഢതയോടും ആത്മാർത്ഥതയോടും കൂടി ഞാൻ വിശ്വസിക്കുന്നുവോ അതിന്റെ അണുമാത്രാംശമെങ്കിലും അവർ (ആക്ഷേപകർ) വിശ്വസിക്കുന്നില്ല.... ഞാൻ പൂർണ്ണഹൃദയത്തോടും ഉള്ളറിഞ്ഞും ആ പരിശുദ്ധാത്മാവിനെ ഖാത്തമുന്നബിയ്യീൻ എന്നു വിശ്വസിക്കുന്നുവെന്നത് അല്ലാഹു നല്ലവണ്ണം അറിയുന്നവനാണ്. ഖാത്തമുന്നുബുവ്വത്ത് എന്നതിന്റെ താത്പര്യം അല്ലാഹു സ്പഷ്ടമായ നിലയിൽ എനിക്ക് വെളിപ്പെടുത്തിത്തരികയും ആ ആത്മജ്ഞാനമാകുന്ന മധുരപാനീയത്തിൽനിന്ന് ഞാൻ സവിശേഷമായ ഒരാനന്ദം അനുഭവിക്കുകയും ചെയ്തിരിക്കുന്നു" (അൽഹക്കം, 17.3.1905)

"അത്യുന്നതനും മഹിമാവാനുമായ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തുകൊണ്ടു ഞാൻ പറയുന്നു. ഞാൻ കാഫിറല്ല. 'ലാ

ഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹി' എന്നതാണ് എന്റെ വിശ്വാസം. 'ലാകിൻ റസൂലല്ലാഹി വ ഖാത്തമന്നബിയ്യീന' എന്ന തത്രെ ആ ദിവ്യാത്മാവിനെക്കുറിച്ചുള്ള എന്റെ ഈമാൻ. എന്റെ ഈ പ്രസ്താവന സത്യമാണെന്ന കാര്യത്തിൽ അല്ലാഹുവിനു എത്ര നാമങ്ങളുണ്ടോ അത്രയും പ്രാവശ്യം, വിശുദ്ധഖുർആനിൽ എത്ര അക്ഷരങ്ങളുണ്ടോ അത്രയും പ്രാവശ്യം, നബിതിരുമേനി യുടെ ഉത്കൃഷ്ടതകൾ എത്രയുണ്ടോ അത്രയും പ്രാവശ്യം, അല്ലാ ഹുവിന്റെ പേരിൽ ഞാൻ സത്യം ചെയ്തുകൊള്ളുന്നു. അല്ലാഹു വിന്റെയും റസൂലിന്റെയും കല്പനക്ക് എതിരായിട്ടു ഞാൻ ഒരു വിശ്വാസവും കൈക്കൊണ്ടിട്ടില്ല. അങ്ങനെ ആരെങ്കിലും കരുതു ന്നുവെങ്കിൽ അതയാളുടെ തെറ്റിദ്ധാരണ മാത്രം! ഇനിയും എന്നെ ആരെങ്കിലും കാഫിർ എന്നു വിശ്വസിക്കുകയും എന്നെ കാഫിറാ ക്കുന്നതിൽനിന്ന് പിന്മാറാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ മര ണാനന്തരം അയാൾ തീർച്ചയായും ചോദിക്കപ്പെടുമെന്ന സംഗതി ഓർത്തുകൊള്ളട്ടെ." (കറാമാത്തുസ്സ്വാദിഖീൻ, 1894, ഭാ. 25)

"ഞാൻ മുസൽമാൻ ആണ്. അല്ലാഹുവിന്റെ ഗ്രന്ഥമായ വിശു ദ്ധഖുർആനിലും നമ്മുടെ യജമാനനായ മുഹമ്മദ്ﷺ അല്ലാഹു വിന്റെ നബിയും റസൂലും എല്ലാ മതങ്ങളെക്കാളും ശ്രേഷ്ഠമായ മതം കൊണ്ടുവന്ന ആളും ആണെന്നതിലും ഞാൻ വിശ്വസിക്കു ന്നു. അതുപോലെതന്നെ, ആ മഹാത്മാവ് ഖാത്തമുൽ അമ്പിയാ ആണെന്നും ഞാൻ വിശ്വസിക്കുന്നു."

(മവാഹിബുർറഹ്മാൻ, 1903, ഭാ.66)

"ഏതൊരാൾ അല്ലാഹുവിന്റെ ഗ്രന്ഥമായ പരിശുദ്ധ ഖുർആനെ ജീവിതപ്രമാണമായി സ്വീകരിക്കുകയും അവന്റെ റസൂൽ ഹദ്റത്ത് മുഹമ്മദ്ﷺ യഥാർത്ഥത്തിൽ ഖാത്തമുൽ അമ്പിയാ ആണെന്നു വിശ്വസിക്കുകയും ചെയ്യുന്നുവോ അയാളെ അല്ലാഹു സ്നേഹി ക്കുന്നു." (ചശ്മയെ മഅരിഫ. 1908, ഭാ. 324)

"അല്ലാഹുവിന്റെ മഹത്വത്തെയും പ്രഭാവത്തെയും സത്യം ചെയ്തുകൊണ്ടു ഞാൻ പറയുന്നു: ഞാൻ മുസൽമാനാണ്. പരി ശുദ്ധനായ അല്ലാഹുവിലും അവന്റെ ഗ്രന്ഥങ്ങളിലും എല്ലാ

റസൂൽമാരിലും എല്ലാ മലക്കുകളിലും മരണാനന്തര ജീവിതത്തിലും ഞാൻ വിശ്വസിക്കുന്നു. നമ്മുടെ റസൂൽ ഹദ്റത്ത് മുഹമ്മദ് മുസ്തഫﷺ എല്ലാ പ്രവാചകന്മാരെക്കാളും ശ്രേഷ്ഠനാണെന്നും ഖാത്തമുൽഅമ്പിയാ ആണെന്നും ഞാൻ വിശ്വസിക്കുന്നു.” (ഹമാമത്തുൽ ബുശ്റാ, 1894, ഭാ 8)

ഈ വിഷയകമായി ഹദ്റത്ത് അഹ്മദുൽ ഖാദിയാനിعليه السلام എഴുതിയതിൽ നിന്ന് ഉദാഹരണാർത്ഥം അല്പം ചില ഉദ്ധരണികൾ മാത്രമാണ് ഞാൻ മുകളിൽ ചേർത്തിരിക്കുന്നത്. ഈ സംഗതി തന്നെ അദ്ദേഹം തന്റെ മറ്റു പല ഗ്രന്ഥങ്ങളിലും ആവർത്തിച്ചാവർത്തിച്ചു എഴുതിയിട്ടുണ്ട്.

സത്യം ഇതായിരിക്കെ. നിബിതിരുമേനിﷺ ഖാത്തമുന്നബിയ്യീൻ ആണെന്നു അഹ്മദികൾ വിശ്വസിക്കുന്നില്ലെന്നും ഖത്തമുന്നുബുവ്വത്തിനെ നിഷേധിക്കുന്നവരാണ് അവരെന്നും ദൈവഭയവും നീതിബോധവും ഇല്ലാത്ത ആളുകൾ ആക്ഷേപിക്കുന്നുവെങ്കിൽ അവരെപ്പറ്റി അഹ്മദികൾക്ക് പറയാനുള്ള സമാധാനം ഇത്രമാത്രമാണ്. പരിശുദ്ധനബിﷺ ‘ഖാത്തമുന്നബിയ്യീൻ’ ആണെന്ന് ആത്മാർത്ഥതയോടും സത്യബോധത്തോടും കൂടി വിശ്വസിക്കാതെ മറ്റുള്ളവരെ വഞ്ചിക്കാൻ വേണ്ടി മാത്രം അങ്ങനെ പറയുന്നവരാണ് അഹ്മദികളായ ഞങ്ങളെങ്കിൽ, കളവ് പറഞ്ഞു മനുഷ്യരെ വഞ്ചിക്കുവാൻ ശ്രമിക്കുന്നവർക്ക് അല്ലാഹുവിന്റെ പക്കൽ നിന്നു കിട്ടുന്ന ശാപ ശിക്ഷകളെല്ലാം ഞങ്ങൾക്ക്! എന്നാൽ, തിരുനബിയെ ഖാത്തമുന്നബിയ്യീൻ എന്നു പൂർണഹൃദയത്തോടുകൂടി വിശ്വസിക്കുന്നവരായിട്ടും അവർ അങ്ങനെ വിശ്വസിക്കുന്നില്ലെന്നു ആക്ഷേപിച്ചുകൊണ്ടു ജനങ്ങളെ കബളിപ്പിക്കാൻ ശ്രമിക്കുന്നവർ അല്ലാഹുവിന്റെ അതിഭയങ്കരമായ ശാപശിക്ഷയെ ഭയപ്പെടേണ്ടതാണ്!

# ഖുർആൻ നമ്മുടെ പ്രമാണം

നബിതിരുമേനിﷺ ഖാത്തമുന്നബിയ്യീൻ ആണെന്നു അഹ്മദികളായ ഞങ്ങൾ മറ്റാരേക്കാളും ഉറപ്പോടും പൂർണഹൃദയത്തോടും കൂടി വിശ്വസിക്കുന്നു. ഖാത്തമുന്നബിയ്യീൻ എന്ന പദത്തിന് ഇതര മുസ്‌ലിംകൾ പൊതുവെ നൽകിവരുന്ന വിവക്ഷ ഞങ്ങൾ നൽകുന്നില്ലെന്നു മാത്രമേയുള്ളൂ. അങ്ങനെ, മറ്റുള്ളവർ നൽകുന്ന വിവക്ഷ ഞങ്ങൾ അതിനു നൽകുന്നില്ലെന്നതുകൊണ്ട് ഞങ്ങൾ തിരുമേനിയെ ഖാത്തമുന്നബിയ്യീൻ എന്നു വിശ്വസിക്കാത്തവരായിത്തീരുന്നു എന്നു പറയുന്നത് തികച്ചും അബദ്ധമാണ്. ഖുർആന് വ്യാഖ്യാനം പറയുന്നതിൽ പണ്ടുമുതല്ക്കേ മഹാന്മാർ ഭിന്നാഭിപ്രായങ്ങൾ പ്രകടിപ്പിച്ചുവന്നിട്ടുണ്ട്. പല വ്യാഖ്യാതാക്കളും നൽകിയ വ്യാഖ്യാനങ്ങൾക്കെതിരായി മറ്റു ചിലർ വ്യാഖ്യാനം പറഞ്ഞിട്ടുള്ളതായും പൂർവ്വ വ്യാഖ്യാനങ്ങളെ പിന്നീടുവന്നവർ ഖണ്ഡിച്ചിട്ടുള്ളതായും കാണാം. തഫ്സീർ ഗ്രന്ഥങ്ങളെക്കുറിച്ച് അല്പമെങ്കിലും അറിവുള്ളവരിൽനിന്ന് ഗോപ്യമായ ഒരു സംഗതിയല്ല ഇത്. ഖാത്തമുന്നബിയ്യീൻ എന്ന പദത്തിന് അഹ്മദികൾ വ്യത്യസ്തമായ ഒരു വ്യാഖ്യാനം നൽകുന്നതുകൊണ്ട് അവർ ഖാത്തമുന്നബിയ്യീൻ എന്ന തിരുനബിയുടെ സ്ഥാനത്തിൽ വിശ്വസിക്കാത്തവരും കാഫിറുമായിത്തീരുന്നുവെങ്കിൽ ഹദ്റത്ത് ആയിശ സിദ്ദീഖ 9 അടക്കം പല പ്രമുഖരേയും അപ്രകാരമുള്ള വിധിക്ക് വിധേയരാക്കേണ്ടി വരുന്നതാണ്. സത്യാസത്യങ്ങളെ പരീക്ഷിച്ചു നോക്കാനുള്ള ഉരകല്ലും തുലനം ചെയ്തുനോക്കാനുള്ള തുലാസ്സും ആണ് ഖുർആൻ എന്ന് ആ പവിത്ര ഗ്രന്ഥം തന്നെ അവകാശപ്പെടുന്നുണ്ട്. അതു നമുക്ക് പ്രകാശവും മാർഗ്ഗദർശനവും ആണെന്നു അതുതന്നെ പറഞ്ഞുതരുന്നു. ആകയാൽ തൗഹീദിനെ കഴിച്ചാൽ ഏറ്റവും പ്രധാനമായിരിക്കുന്ന 'നുബൂവ്വത്തി'ന്റെ പ്രശ്നത്തിൽ അതു നമുക്ക് യാതൊരു നിർദ്ദേശവും നൽകുന്നില്ലെന്നു കരുതുവാൻ തരമില്ല. കൂടാതെ ആ പവിത്ര ഗ്രന്ഥത്തിന്റെ ഒരു

പ്രത്യേകതയായി അതുതന്നെ പറഞ്ഞുതരികയാണ്:

ٱللَّهُ نَزَّلَ أَحْسَنَ ٱلْحَدِيثِ كِتَٰبًا مُّتَشَٰبِهًا مَّثَانِىَ

*“അല്ലാഹു ഏറ്റവും നല്ല വൃത്താന്തത്തെ ഇറക്കിയിരിക്കുന്നു. അന്യോന്യം സാദൃശ്യമുള്ളതും ആവർത്തിക്കപ്പെടുന്നതുമായ ഗ്രന്ഥത്തെ” (39:24).*

ഈ വാക്യത്തിൽ ഖുർആനെക്കുറിച്ച് അല്ലാഹു പറഞ്ഞിരിക്കുന്നത്, അത് ഏറ്റവും നല്ല വൃത്താന്തമാണെന്നും അതിൽ പറയപ്പെട്ട സംഗതികൾ ഒന്നു മറ്റേതിനോടു സാദൃശ്യമുള്ളതും ആവർത്തിച്ചു പ്രസ്താവിക്കപ്പെട്ടിരിക്കുന്നതും ആണെന്നും അത്രെ. ഈ പ്രസ്താവനയുടെ സത്യം ഖുർആനിൽ കണ്ണോടിക്കുന്നവർക്ക് സുസ്പഷ്ടം മനസ്സിലാക്കാൻ സാധിക്കുന്നതുമാണ്. അതിൽ ഒരേ വിഷയം തന്നെ വാചകാന്തരേണ ആവർത്തിച്ചാവർത്തിച്ച് പല സ്ഥലങ്ങളിലും പ്രസ്താവിക്കപ്പെട്ടുകാണാം. ഒരിടത്ത് പറഞ്ഞതിന്റെ അർത്ഥം മറ്റൊരിടത്തുള്ള പ്രസ്താവന മുഖേന മനസ്സിലാക്കാൻ കഴിയും.

പ്രവാചകന്മാരെ നിയോഗിക്കുക എന്നത് അല്ലാഹുവിന്റെ സനാതനമായ ഒരു നിയമമാണ്. ഹദ്റത്ത് ആദം നബി عليه السلام മുതല്ക്കേ തുടർന്നുവന്നിട്ടുള്ള ഒരു നിയമമാണിത്. മനുഷ്യരുടെ ജന്മോദ്ദേശ്യം പൂർത്തിയാക്കാനും അവരെ അല്ലാഹുവിലേക്കു അടുപ്പിക്കാനുമുള്ള ദൈവീകമായ ഒരേർപ്പാടാണ് നുബ്ബൂവ്വത്ത്. നബിതിരുമേനിയ്ക്കുശേഷം ആ ഏർപ്പാട്, അഥവാ അല്ലാഹുവിന്റെ സനാതനമായ ഒരു നിയമം ദുർബ്ബലപ്പെട്ടുപോയിട്ടുണ്ടെങ്കിൽ ആ സംഗതി വിശുദ്ധഖുർആൻതന്നെ അസന്നിഗ്ദ്ധമായും ആവർത്തിച്ചാവർത്തിച്ചും വിവരിച്ചു തരുമായിരുന്നു. എന്തെന്നാൽ, അതു നിലച്ചുപോയി എന്നതിന്റെ അർത്ഥം ദൈവീകമായ ഒരതിപ്രധാന നിയമത്തിൽ വിപ്ലവാത്മകമായ ഒരു മാറ്റം സംഭവിച്ചു എന്നായിരിക്കുമല്ലോ. മനുഷ്യർക്കിടയിൽ ഭയങ്കര വഴക്കും ഭിന്നിപ്പും നുബുവ്വത്തിന്റെ പേരിലാണുണ്ടായിട്ടുള്ളത്. അല്ലാഹുവിന്റെ സത്തയെയും ഏകത്വത്തെയും കുറിച്ചുള്ള പ്രശ്നങ്ങൾ കഴിച്ചാൽ എത്രയും

ഗൗരവപ്പെട്ട പ്രശ്നം നുബുവ്വത്ത് തന്നെയാണ്. ആകയാൽ തിരുന ബിക്കുശേഷം ഒരു നബിയും വരികയില്ലെന്നാണെങ്കിൽ ആ സംഗ തി ഖുർആൻ തീർച്ചയായും ഖണ്ഡിതമായ നിലയിലും ആവർത്തി ച്ചാവർത്തിച്ചും പറയുമായിരുന്നു. പറയേണ്ടതും തന്നെ. മാത്രമല്ല, ഖുർആൻതന്നെ كِتَٰبًا مُّتَشَٰبِهًا (39:24) എന്നു പറഞ്ഞുകൊണ്ടു അതിന്റെ സവിശേഷമായ പ്രതിപാദന രീതിയെ മഹത്വപ്പെടുത്തു കയും ചെയ്തിട്ടുമുണ്ട്. അതായത്, അന്യോന്യം വിഷയങ്ങൾക്കും വാക്യങ്ങൾക്കും സാദൃശ്യമുള്ള ഒരു ഗ്രന്ഥം ആണതെന്ന്. സഹീ ഹ് ബുഖാരിയിൽ ഈ പ്രസ്താവനയ്ക്ക് നല്കപ്പെട്ടിട്ടുള്ള അർഥം **يشبه بعضه بعضاً فى التّصديق** "അതിന്റെ ഒരുഭാഗം മറ്റൊരു ഭാഗത്തെ സത്യപ്പെടുത്തുന്നവിഷയത്തിൽ സാദൃശ്യമുള്ളതാണ്." എന്നത ത്രെ. ഹദ്റത്ത് ഇബ്നു അബ്ബാസ്ؓ പറഞ്ഞിരിക്കുന്നതും ഈ അർഥം തന്നെയാണ് (ദുർറുൽ മൻസൂർ, വാല്യം 5, ഭാ. 325)

ബുഖാരിയുടെ വ്യാഖ്യാനമായ ഫത്ഹുൽ ബാരി **يصدّق بعضه بعضا** "അതിന്റെ ഒരു ഭാഗം മറ്റൊരു ഭാഗത്തെ സത്യപ്പെടുത്തുന്നു" എന്നും അർഥം നല്കിയിരിക്കുന്നു. (വാല്യം 8, ഭാഗം 445). ഹദ്റത്ത് സഈദുബ്നു ജുബൈർ നല്കിയ അർത്ഥം **يفسّر بعضه بعضا** "അതിന്റെ ഒരു ഭാഗം മറ്റൊരു ഭാഗത്തെ വ്യാഖ്യാനിക്കുന്നു" എന്നത്രെ (ദുർറുൽ മൻസൂർ, വാല്യം 5, ഭാഗം 325).

ആകയാൽ, നബിതിരുമേനിﷺക്കുശേഷം അല്ലാഹു ആരേയും നുബുവ്വത്ത് പദവികൊണ്ട് ആശിർവദിക്കുകയില്ലെന്നും ആ അനു ഗ്രഹകവാടം എന്നെന്നേക്കുമായി അടഞ്ഞുപോയിരിക്കുന്നു എ ന്നുമാണ് ഖാത്തമുന്നബിയ്യീൻ എന്നതിന്റെ താത്പര്യമെങ്കിൽ, തീർച്ചയായും ഖുർആൻ ആ സംഗതിയെപ്പറ്റി മറ്റു പല സ്ഥലങ്ങ ളിലും അപ്രകാരം വ്യക്തമാക്കുമായിരുന്നു. എന്നാൽ ഖാത്തമു ന്നബിയ്യീൻ എന്നതിന്റെ വിവക്ഷ നബിതിരുമേനിﷺ എല്ലാ നില യിലും അവസാനത്തെ നബിയാണെന്നും ആ ദിവ്യാത്മാവിനു ശേഷം ഒരു നബിയും വരികയില്ലെന്നും ആണെന്നു തെളിയിക്കുന്ന ഒരൊറ്റ വാക്യവും ഖുർആനിൽ കാണപ്പെടുന്നില്ല. അഹ്മദിയ്യ ത്തിന്റെ എതിരാളികൾക്കാകട്ടെ ഖാത്തമുന്നബിയ്യീൻ എന്ന ഒരൊറ്റ

പദം മാത്രമേ ചൂണ്ടിക്കാട്ടാനുള്ളൂ. അതിനു അവർ നല്കുന്ന അർഥമാകട്ടെ ഖുർആൻ മുഖേന തെളിയിക്കാനാകാത്തതുമാണ്. ഇതിന്നെതിരിൽ, ഖാത്തമുന്നബിയ്യീൻ ആയ തിരുനബിﷺക്കുശേഷവും പ്രവാചകൻ വരാമെന്നു തെളിയിക്കുന്ന നിരവധി ആയത്തുകൾ ഖുർആനിൽ കാണപ്പെടുന്നു. വിശുദ്ധഖുർആൻ വാച്യമായും സൂച്യമായും ഈ സംഗതി വിവരിച്ചുതരുന്നുണ്ടെന്നും കാണാം. നുബുവ്വത്താകുന്ന അനുഗ്രഹത്തിന്റെ കവാടം അടഞ്ഞുപോയിട്ടില്ലെന്നും തിരുനബിﷺക്കുശേഷം നബി വരുമെന്നും ഖുർആൻ പഠിപ്പിച്ചുതരുമ്പോൾ ഈ സത്യത്തിന്നെതിരായ ഒരർഥം ഖാത്തമുന്നബിയ്യീൻ എന്ന പദത്തിനു കൊടുക്കുന്നത് ഒരിക്കലും ന്യായമല്ല.

നബിതിരുമേനിﷺ ഖാത്തമുന്നബിയ്യീൻ ആണെന്ന് അല്ലാഹു അവന്റെ പരിശുദ്ധ ഗ്രന്ഥത്തിലാണ് പറഞ്ഞിരിക്കുന്നത്. അതിന്റെ അർഥം അവസാനത്തെ നബി എന്നാണെങ്കിൽ തിരുനബിയ്ക്കു ശേഷവും നബി വരുമെന്നു പ്രസ്താവിക്കുന്നതും തെളിയിക്കുന്നതുമായ വാക്യങ്ങൾ സർവ്വജ്ഞനായ അല്ലാഹു പരിശുദ്ധഖുർആനിൽ ഒരിക്കലും വെളിപ്പെടുത്തുകയില്ലായിരുന്നു. അല്ലാഹുവിന്റെ വചനത്തിന്റെ ശരിയായ താത്പര്യം എന്താണെന്ന് ഏറ്റവും അധികം അറിയുന്നതും അല്ലാഹു തന്നെയാണല്ലോ. നബി വരികയില്ലെന്നു വ്യക്തമാക്കുന്ന ആയത്തുകൾക്കു പകരം നബി വരുമെന്നു തെളിയിക്കുന്ന ആയത്തുകൾ അവൻ അവതരിപ്പിച്ചതിൽനിന്നു മനസ്സിലാകുന്നതു 'ഖാത്തമുന്നബിയ്യീൻ' എന്ന പദത്തിന്റെ അർഥം അല്ലാഹുവിന്റെ പക്കൽ അന്ത്യപ്രവാചകൻ എന്നല്ലെന്നുതന്നെയാണ്. അല്ലാഹുതന്നെ നമുക്ക് വ്യക്തമാക്കിത്തന്നിട്ടുള്ളതിനു വിപരീതമായ ഒരർഥം അതിനു നല്കുന്നത് ഖുർആന്റെ വിധിയെ ധിക്കരിക്കലാണ്. കൂടാതെ വിശുദ്ധഖുർആനിൽ വൈരുദ്ധ്യം ഉണ്ടായിരിക്കാൻ പാടില്ല എന്നും ആ പവിത്ര ഗ്രന്ഥം അവകാശപ്പെടുന്നുണ്ട്. അതു പറയുന്നു:

اَفَلَا يَتَدَبَّرُوْنَ الْقُرْاٰنَ ؕ وَلَوْ كَانَ مِنْ عِنْدِ

غَيۡرِ اللّٰهِ لَوَجَدُوۡا فِيۡهِ اخۡتِلَافًا كَثِيۡرًا﴿۸۳﴾

*"എന്തെ, അവർ ഖുർആനിൽ ഗാഢമായി ചിന്തിച്ചുനോക്കുന്നില്ലേ? അതു അല്ലാഹു അല്ലാത്തവനിൽനിന്നാണെങ്കിൽ, അവർ അതിൽ ഒട്ടധികം വൈരുദ്ധ്യങ്ങൾ കണ്ടേനേ." (4:83).*

ആകയാൽ, ഖുർആനിൽ പരസ്പരവൈരുദ്ധ്യം ഉണ്ടെന്നു വരുത്തുന്ന ഒരർഥം ഖാത്തമുന്നബിയ്യീൻ എന്ന പദത്തിന് ഒരിക്കലും നല്കാൻ പാടില്ലാത്തതാണ്.

'ഖാത്തമുന്നബിയ്യീൻ' എന്നതിന്റെ അർഥം അവസാനത്തെ നബി എന്നാണെന്നും ആ ദിവ്യാത്മാവിനുശേഷം ഒരുതരത്തിലുള്ള പ്രവാചകനും ലോകത്ത് ഇനി വരുന്നതല്ല എന്നാണ് അതിന്റെ വിവക്ഷയെന്നും അഹ്മദിയ്യത്തിന്റെ എതിരാളികൾ പറയുന്നു. അതല്ല, 'പ്രവാചകന്മാരുടെ മുദ്ര എന്നാണ് അതിന്റെ അർഥമെന്നും, തിരുനബിﷺ സകല പ്രവാചകന്മാരേക്കാളും ശ്രേഷ്ഠനും പ്രവാചകത്വത്തിന്റെ എല്ലാ പൂർണതകളും തികഞ്ഞ നബിയും ആണെന്നും, തിരുനബിയുടെ സാക്ഷ്യമുദ്രകൂടാതെ ഒരാൾക്കും പ്രവാചകത്വപദവി ലഭ്യമാകുന്നതല്ലെന്നും ആ ദിവ്യാത്മാവ് അവസാനത്തെ ന്യായപ്രമാണവാഹകനായ നബിയാണെന്നും ആണ് അതിന്റെ വിവക്ഷയെന്നും അഹ്മദികൾ പറയുന്നു. ഈ രണ്ടു പ്രസ്താവനകളിൽ അഥവാ വ്യാഖ്യാനങ്ങളിൽ ഏതിനെയാണ് വിശുദ്ധ ഖുർആൻ സത്യപ്പെടുത്തുന്നത് എന്നാണ് നാം ചിന്തിക്കേണ്ടിയിരിക്കുന്നത്. ആ പവിത്രഗ്രന്ഥം, ഏതർത്ഥത്തെ ശരിയെന്നു മനസ്സിലാക്കിത്തരികയും സത്യപ്പെടുത്തുകയും ചെയ്യുന്നുവോ ആ അർത്ഥം തന്നെയായിരിക്കും ഖാത്തമുന്നബിയ്യീൻ എന്നതിന്റെ യഥാർത്ഥമായ അർത്ഥവും വിവക്ഷയും. വിശുദ്ധഖുർആനെ അടിസ്ഥാനമാക്കി മാത്രമേ ഞാൻ ഈ വിഷയത്തെക്കുറിച്ച് ഇവിടെ പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്നുള്ളൂ. വിശുദ്ധഖുർആൻ പ്രഥമവും പ്രധാനവുമായ പ്രമാണഗ്രന്ഥമായിരിക്കയാൽ അതിന്റെ വിധിക്ക് തലകുനിക്കാൻ മുസ്‌ലിം എന്നവകാശപ്പെടുന്ന ഏതൊരാളും ബാധ്യസ്ഥനാണ്. എന്തെന്നാൽ അതു മുഴുവനും കളങ്കമോ കലർപ്പോ ഇല്ലാത്ത ശുദ്ധമായ ദൈവവചനങ്ങളത്രെ.

വിശുദ്ധഖുർആന്റെ പാഠങ്ങൾ പൂർണഹൃദയത്തോടുകൂടി സ്വീകരിക്കേണ്ടതിനെപ്പറ്റി അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകരായ അഹ്മദുൽഖാദിയാനിﷺ തന്റെ അനുയായികളെ ഉപദേശിച്ചിട്ടുള്ളതിപ്രകാരമാണ്.

"നിങ്ങൾ അവശ്യം സ്വീകരിക്കേണ്ട ഒരുപദേശം ഇതത്രെ: വിശുദ്ധഖുർആനെ നിങ്ങൾ ഉപേക്ഷിക്കപ്പെട്ട ഒന്നായി തള്ളരുത്. എന്തെന്നാൽ നിങ്ങളുടെ ജീവിതം അതിലാണ് സ്ഥിതിചെയ്യുന്നത്. വിശുദ്ധഖുർആന് ബഹുമാനം നല്കുന്നവൻ ദൈവസന്നിധിയിൽ ബഹുമാനിക്കപ്പെടും. എല്ലാ ഹദീസുകളെക്കാളും മറ്റെല്ലാ വചനങ്ങളെക്കാളും ഖുർആന് സ്ഥാനം നല്കുന്നുവന് ദൈവസന്നിധിയിൽ ഉന്നതസ്ഥാനം നല്കപ്പെടും. മനുഷ്യസമുദായത്തിന് ഭൂമുഖത്തു വിശുദ്ധഖുർആൻ അല്ലാതെ മറ്റൊരു ഗ്രന്ഥമില്ല. ആദം സന്തതികൾക്ക് ഭൂമുഖത്ത് മുഹമ്മദ് മുസ്തഫﷺ അല്ലാതെ മറ്റൊരു റസൂലും ശുപാർശകനും ഇല്ല. ആകയാൽ, ആ മഹിമാവാനായ പ്രവാചകനോടു യഥാർത്ഥ സ്നേഹം പുലർത്താൻവേണ്ടി നിങ്ങൾ ശ്രമിക്കുവിൻ. മറ്റാർക്കുംതന്നെ ആ പുണ്യാത്മാവിനെക്കാളധികം ബഹുമാനം നിങ്ങൾ നല്കരുത്. എന്നാൽ നിങ്ങൾ ദൈവത്തിങ്കൽ മോക്ഷം പ്രാപിച്ചവരായി എണ്ണപ്പെടും." (കിശ്തിനൂഹ്, 1902, ഭാ.23)

വിശുദ്ധഖുർആന്റെ വിധികളെ തന്റെ അനുയായികൾ ഇപ്രകാരം അനുസരിക്കണമെന്നു പഠിപ്പിച്ച ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയും അദ്ദേഹത്തിന്റെ അനുയായികളും നബിതിരുമേനിﷺ 'ഖാത്തമുന്നബിയ്യീൻ' ആണെന്നു വിശ്വസിക്കുന്നില്ലെന്നു ആരെങ്കിലും പറയുന്നുണ്ടെങ്കിൽ അത് അടിസ്ഥാനരഹിതവും അക്രമപരവുമായ ഒരാക്ഷേപം മാത്രമാകുന്നു.

വിശുദ്ധഖുർആൻ അല്ലാഹുവിന്റെ കലാമും മുസ്ലിംകൾക്കുള്ള അഖണ്ഡമായ പ്രമാണവും ആണെന്ന് മനസ്സിലാകുമ്പോൾ അതു പറയുന്ന സംഗതികൾ നാം സ്വീകരിക്കേണ്ടതു നമ്മുടെ ധർമ്മമാണല്ലോ. അങ്ങനെ വിശ്വസിക്കുന്നത് നമ്മുടെ പൂർവ്വവിശ്വാസങ്ങൾക്കെതിരായിരുന്നാലും, ഭൂരിപക്ഷ വിശ്വാസത്തിൽനിന്ന് ഭിന്നമായിരുന്നാലും ശരി ഇതിനെതിരായി, പൂർവ്വവിശ്വാസത്തിൽ ശഠിച്ചു

നില്ക്കുകയോ ഭൂരിപക്ഷവിശ്വാസത്തെ നിലനിർത്താൻ ഒരുങ്ങുകയോ ചെയ്യുകയാണെങ്കിൽ ആ വിശുദ്ധഗ്രന്ഥത്തിന്റെ വിധിയെ നാം നിസ്സാരമാക്കുന്നുവെന്നായിരിക്കും അർഥം.

യഹൂദികൾ തൗറാത്തിനെ പുറംതള്ളുകയും ഭൗതികനേട്ടങ്ങൾക്കും കാര്യലാഭങ്ങൾക്കുമായി അതിനെ അഗണ്യമാക്കുകയും അതിലേക്കു ക്ഷണിക്കുവാൻ വന്ന പ്രവാചകന്മാരെ കള്ളവാദികളാക്കി തള്ളുകയും ചെയ്തിട്ടുണ്ടായിരുന്നുവെന്ന് വിശുദ്ധഖുർആൻ വ്യക്തമായ നിലയിൽ പഠിപ്പിക്കുന്നു. ഖുർആന്റെ അനുയായികൾ യഹൂദികളുടെ കാലടികളെ പിന്തുടരരുത് എന്നും ഖുർആൻ ഉപദേശിക്കുന്നു. അത് ഒരിടത്ത് പറയുകയാണ്:

فَلَا تَخْشَوُا النَّاسَ وَاخْشَوْنِ وَلَا تَشْتَرُوا بِآيَاتِي ثَمَنًا قَلِيلًا ۚ
وَمَن لَّمْ يَحْكُم بِمَا أَنزَلَ اللَّهُ فَأُولَٰئِكَ هُمُ الْكَافِرُونَ ﴿٤٤﴾

*“ആകയാൽ നിങ്ങൾ മനുഷ്യരെ ഭയപ്പെടാതെ എന്നെ ഭയപ്പെടുവിൻ! എന്റെ വചനങ്ങൾക്ക് പകരമായി നിങ്ങൾ തുച്ഛവില വാങ്ങരുത്; അല്ലാഹു ഇറക്കിയതുകൊണ്ട് വിധിക്കാത്തവർ തീർച്ചയായും അവിശ്വാസികളാണ്. (5:45).*

വീണ്ടും പറയുന്നു:

إِنَّمَا ذَٰلِكُمُ الشَّيْطَانُ يُخَوِّفُ أَوْلِيَاءَهُ فَلَا تَخَافُوهُمْ وَخَافُونِ إِن كُنتُم مُّؤْمِنِينَ ﴿١٧٥﴾

*“തീർച്ചയായും ശൈത്താനാണ് അവന്റെ കൂട്ടുകാരിൽ ഭയമുണ്ടാക്കുന്നത്. ആകയാൽ, നിങ്ങൾ അവരെ ഭയപ്പെടാതെ എന്നെ ഭയപ്പെടുവിൻ; നിങ്ങൾ വിശ്വാസികളാണെങ്കിൽ” (3:176).*

ഈ ഖുർആൻ വാക്യങ്ങൾ നമ്മെ ഉദ്ബോധിപ്പിക്കുന്നത് വിശുദ്ധഖുർആൻ മനസ്സിലാക്കിത്തരുന്ന ഏതൊരു സംഗതിയും നാം സ്വീകരിക്കേണ്ടതാണെന്നും ഭൂരിപക്ഷത്തെ ഭയപ്പെടുകയോ

ഭൗതിക കാര്യലാഭത്തിനായി ഖുർആന്റെ വിധിയെ തള്ളുകയോ ചെയ്യരുതെന്നും അങ്ങനെ ചെയ്യുന്നത് ഒരിക്കലും ഈമാന്റെ ലക്ഷണമായിരിക്കയില്ലെന്നുമാണ്.

ആകയാൽ, നുബുവ്വത്ത് വിഷയത്തിൽ ഖുർആൻ നൽകുന്ന പാഠമെന്താണെന്ന് അവധാനതയോടെ നമുക്കൊന്നു ചിന്തിക്കാം. മുഹമ്മദ് മുസ്തഫാﷺ തിരുമേനിക്കു ശേഷം ഒരു തരത്തിലുള്ള നബിയും വരികയില്ലെന്നാണ് ഖുർആൻ വിവിധ സ്ഥലങ്ങളിലായി മനസ്സിലാക്കിത്തരുന്നതെങ്കിൽ 'ഖാത്തമുന്നബിയ്യീൻ' എന്നതിന്റെ വിവക്ഷ തിരുമേനിക്കുശേഷം യാതൊരു നബിയും വരികയില്ലെന്നു തന്നെയായിരിക്കും. എന്നാൽ, മറിച്ചാണ് ഖുർആനിൽനിന്നു മനസ്സിലാകുന്നതെങ്കിലോ നബിമാരെ നിയോഗിക്കുകയെന്ന അല്ലാഹുവിന്റെ നിയമത്തിന്റെ പ്രവർത്തനം നിലച്ചുപോയട്ടില്ലെന്നും അവൻ ഇച്ഛിക്കുമ്പോൾ നബിമാരെ നിയോഗിക്കുന്നതാണെന്നും 'ഖാത്തമുന്നബിയ്യീൻ' എന്നതിന്റെ വിവക്ഷ ഒരു നബിയും വരികയില്ലെന്നും സമ്മതിക്കുകയേ തരമുള്ളൂ. അങ്ങനെ സമ്മതിക്കുന്നത് ഭൂരിഭാഗം ജനങ്ങൾക്കും അഹിതകരമായിരുന്നാലും ഭൗതികനേട്ടങ്ങൾക്ക് ഹാനികരമായിരുന്നാലും ശരി! ആകയാൽ, വരുവിൻ, ഖുർആന്റെ പാഠം എന്താണെന്നു നമുക്കൊന്നു പരിശോധിക്കാം!

# ഒന്ന്

നബിതിരുമേനിﷺക്കുശേഷം അഥവാ ഖുർആന്റെ ആവിർഭാവത്തിനുശേഷം പ്രവാചകാവതാരം നിലച്ചുപോയി എന്നോ അല്ലാഹു ഇനി ആരേയും പ്രവാചകനായി നിയോഗിക്കുകയില്ലെന്നോ വിശുദ്ധഖുർആൻ ഒരിടത്തും പറയുന്നില്ല. വ്യക്തമായ തരത്തിൽ അങ്ങനെ പ്രസ്താവിക്കുന്നില്ലെന്നു മാത്രമല്ല, ആ കാര്യം സൂചിപ്പിക്കുന്നുമില്ല. ഹദ്റത്ത് ആദമിന്റെ കാലം മുതൽ നബിതിരുമേനിയുടെ കാലംവരെ അല്ലാഹു പല ദേശങ്ങളിലും ദശകളിലും പ്രവാചകന്മാരെ നിയോഗിച്ചുകൊണ്ടിരുന്നു. യഥാർഥത്തിൽ മതലോകത്ത് ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു പ്രശ്നമാണിത്. എന്തെന്നാൽ മനുഷ്യരാശി സത്യത്തെ സ്വീകരിക്കുകയോ തള്ളുകയോ ചെയ്യാനിടയായതും, സമുദായങ്ങൾ തമ്മിൽ ഭിന്നിക്കുകയും കലഹിക്കുകയും ചെയ്തതും, ചരിത്രപ്രധാനമായ പല സംഭവങ്ങൾ ലോകത്ത് നടന്നതും പ്രവാചക നിയോഗത്തെ തുടർന്നാണ്. അങ്ങനെയുള്ള ഒരു പ്രധാന ദിവ്യചട്ടം നബിതിരുമേനിക്കു ശേഷം നിലച്ചുപോയിട്ടുണ്ടെങ്കിൽ തീർച്ചയായും ആ വിശുദ്ധഗ്രന്ഥം വളരെ വ്യക്തമായി അതുസംബന്ധിച്ചു പ്രസ്താവിച്ചിരിക്കേണ്ടതായിരുന്നു. എന്നാൽ, ഖുർആനിൽ ഒരിടത്തും പ്രവാചകാവതാരം നിലച്ചുപോയിട്ടുണ്ടെന്നു പ്രസ്താവിച്ചിട്ടില്ല. മറിച്ച്, ആ ദിവ്യനിയമം നിലവിലുണ്ടെന്നും അവന്റെ അപാരമായ ജ്ഞാനമനുസരിച്ച് ആവശ്യം നോക്കി ആ നിയമത്തെ അവൻ പ്രവർത്തനത്തിൽ കൊണ്ടുവരുമെന്നുമാണ് അതു മനസ്സിലാക്കിത്തരുന്നത്. ഉദാഹരണമായി അല്ലാഹു പറയുകയാണ്:

مَا كَانَ اللّٰهُ لِيَذَرَ الْمُؤْمِنِيْنَ عَلٰى مَآ اَنْتُمْ عَلَيْهِ حَتّٰى يَمِيْزَ الْخَبِيْثَ مِنَ
الطَّيِّبِ ؕ وَمَا كَانَ اللّٰهُ لِيُطْلِعَكُمْ عَلَى الْغَيْبِ وَلٰكِنَّ اللّٰهَ يَجْتَبِيْ مِنْ رُّسُلِهٖ مَنْ
يَّشَآءُ ۪ فَاٰمِنُوْا بِاللّٰهِ وَرُسُلِهٖ ۚ وَاِنْ تُؤْمِنُوْا وَتَتَّقُوْا فَلَكُمْ اَجْرٌ عَظِيْمٌ ﴿١٨٠﴾

*“അല്ലാഹു നിങ്ങൾക്ക് അധികമായ പരോക്ഷ സംഗതികൾ വെളിപ്പെടുത്തിത്തരുന്നതല്ല. പക്ഷേ, അല്ലാഹു താൻ ഇച്ഛിക്കുന്നവരെ തന്റെ ദൂതരായി തിരഞ്ഞെടുക്കുന്നതാണ്. ആകയാൽ, നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുവിൻ. നിങ്ങൾ വിശ്വസിക്കുകയും ഭക്തിമാർഗ്ഗത്തെ അവലംബിക്കുകയും ചെയ്യുന്ന പക്ഷം നിങ്ങൾക്ക് മഹത്തായ പ്രതിഫലമുണ്ട്.”* *(3:180)*

ഇവിടെ അല്ലാഹു നിങ്ങൾക്ക് പരോക്ഷമായ കാര്യങ്ങളെ അറിയിച്ചുതരുന്നവനല്ല എന്നു പറഞ്ഞതിനെ തുടർന്ന് ‘പക്ഷെ’, എന്നു ചേർത്തുകൊണ്ട് അവൻ പ്രവാചകന്മാരെ തിരഞ്ഞെടുത്തുകൊണ്ടിരിക്കുന്നതാണ് എന്നാണല്ലോ പ്രസ്താവിച്ചിരിക്കുന്നത്. പരോക്ഷസംഗതികളെ അല്ലാഹു സാമാന്യജനങ്ങൾക്ക് നേരിട്ട് അറിയിച്ചുകൊടുക്കുകയില്ലെന്നും അവന്റെ വരിഷ്ഠരായ പ്രവാചകന്മാർ മുഖേനയാണ് അറിയിച്ചുകൊടുക്കുകയെന്നും അങ്ങനെയുള്ള പ്രവാചകന്മാരെ അവൻ തിരഞ്ഞെടുത്തുകൊണ്ടിരിക്കുന്നതാണെന്നുമാണ് വ്യക്തമായ ഭാഷയിൽ ഈ വാചകം വഴി വിശുദ്ധഖുർആൻ മനസ്സിലാക്കിത്തന്നിരിക്കുന്നത്. പ്രവാചകനിയോഗത്തെ സംബന്ധിച്ച ദൈവികനിയമം തിരുനബിയോടുകൂടി ദുർബ്ബലപ്പെട്ടുപോയിട്ടില്ലെന്നും അത് ഇപ്പോഴും ബലത്തിലിരിക്കുന്നുണ്ടെന്നും തന്നെയാണ് ഇതിന്റെ വിവക്ഷ. ഇവിടെ **يجتبى** (യജ്തബീ) എന്നും **يشآءُ** (യശാഉ) എന്നുമാണല്ലോ പ്രയുക്തമായിരിക്കുന്നത്. ഇവ വർത്തമാനകാലത്തേയും ഭാവികാലത്തേയും കുറിക്കുന്ന പദങ്ങളാണെന്നത് അവിതർക്കിതമാണ്. ഈ ആയത്ത് ഇറങ്ങുന്നതിന് എത്രയോ കൊല്ലങ്ങൾക്കു മുമ്പുതന്നെ നബിﷺ തിരുമേനിയെ അല്ലാഹു തന്റെ തിരുദൂതരായി തിരഞ്ഞെടുത്തു കഴിഞ്ഞുപോയതുകൊണ്ട് ഇത് നബിതിരുമേനിﷺയേയോ തിരുമേനിക്ക് മുമ്പുകഴിഞ്ഞുപോയ പ്രവാചകന്മാരേയോ സൂചിപ്പിച്ചുള്ളതാകാൻ തരമില്ല. ആകയാൽ, തിരുമേനിക്ക് ശേഷമുള്ള കാലത്തെത്തന്നെയാണ് അതു വ്യക്തമായും സൂചിപ്പിക്കുന്നതെന്നു കരുതേണ്ടിയിരിക്കുന്നു. **اجتبٰى** (ഇജ്തബാ) തിരഞ്ഞെടുത്തു– എന്നും **شآء** (ശാഅ)–

ഇച്ഛിച്ചു- എന്നും ആണ് പറഞ്ഞതെങ്കിൽ അതു തിരുമേനിയേയും തിരുമേനിക്ക് മുമ്പ് അവതരിച്ച പ്രവാചകന്മാരേയും ഉദ്ദേശിച്ചുള്ള താണെന്ന് കരുതാമായിരുന്നു. എന്നാൽ, اجتبىٰ എന്നു പറയുന്ന തിനുപകരം يجتبى എന്നും شآء എന്നു പറയുന്നതിനു പകരം يشآءُ എന്നും വ്യക്തമായി പ്രസ്താവിച്ചുകൊണ്ട് ഈ തിരഞ്ഞെ ടുപ്പ് തിരുമേനിക്ക് ശേഷമുള്ള കാലത്തെ സംബന്ധിക്കുന്നതാ ണെന്ന് ഇവിടെ അല്ലാഹു സ്പഷ്ടമാക്കിത്തന്നിരിക്കുകയാണ്. ഈ വാക്യം പൂർവ്വകാലത്തു നടന്ന ഒരു സംഭവത്തെ സൂചിപ്പിക്കുന്ന തുമല്ല. അങ്ങനെയണെങ്കിൽ, يجتبى എന്നു പറഞ്ഞത് ആ പൂർവ്വ കാലത്തെ സംബന്ധിച്ചാണെന്നും അതു ഖുർആനുശേഷമുള്ള കാലത്തെ ബാധിക്കുന്നതല്ലെന്നും കരുതാമായിരുന്നു.

വിശുദ്ധഖുർആനിൽ ഭൂതകാലത്ത് നടന്ന തിരഞ്ഞെടുപ്പുകളെ ക്കുറിച്ച് പ്രസ്താവിക്കപ്പെട്ടേടത്തെല്ലാം പ്രയുക്തമായിരിക്കുന്നത് اجتبىٰ (തിരഞ്ഞെടുത്തു) എന്ന പദമാണ്. يجتبى എന്ന പദം പ്രയു ക്തമായിട്ടുള്ളതാകട്ടെ അവന്റെ നിരന്തരം നടന്നുകൊണ്ടിരിക്കുന്ന തിരഞ്ഞെടുപ്പുനിയമത്തെക്കുറിച്ചാണ്. يجتبى എന്ന പദം വിശുദ്ധ ഖുർആനിൽ മൂന്ന് സ്ഥലത്താണ് പ്രയുക്തമായിരിക്കുന്നത്. ഒന്ന് മുകളിൽ ഉദ്ധരിച്ച ആയത്തിൽതന്നെ. രണ്ട് 42-ാം സൂറ 14-ാം വാക്യ ത്തിൽ. അതിൽ അല്ലാഹു പറഞ്ഞിരിക്കുന്നത്,

اَللّٰهُ يَجْتَبِىٓ اِلَيْهِ مَنْ يَّشَآءُ وَيَهْدِىٓ اِلَيْهِ مَنْ يُّنِيْبُ

*"അല്ലാഹു അവൻ ഇച്ഛിക്കുന്നവരെ തനിക്കായി തിരഞ്ഞെ ടുക്കുകയും (അവങ്കലേക്ക്) തിരിയുന്നവർക്ക് അവനിലേ ക്കുള്ള മാർഗ്ഗദർശനം നല്കുകയും ചെയ്യുന്നു"* എന്നത്രെ.

ഇവിടെ ദൈവത്തിങ്കലേക്ക് തിരിയുന്നവർക്ക് അവൻ മാർഗ്ഗ ദർശനം നല്കുന്നു എന്നു പറഞ്ഞതു എപ്രകാരം മാറ്റമില്ലാത്തതും പ്രവർത്തനത്തിലിരിക്കുന്നതുമായ ദൈവികനിയമമാണോ അപ്ര കാരംതന്നെ തിരഞ്ഞെടുക്കുന്നു എന്നു പറഞ്ഞതും അവന്റെ മാറ്റ മില്ലാത്ത നിയമമാണെന്നാണ് മനസ്സിലാകുന്നത്. മൂന്ന്, 12-ാം സൂറ 7-ാം വാക്യത്തിൽ: ഇവിടെ يجتبيك ربّك "നിന്റെ നാഥൻ നിന്നെ തിരഞ്ഞെടുക്കും" എന്ന് യഅ്ക്കൂബ് നബിعليه السلام തന്റെ മകൻ

യൂസുഫ് നബിﷺയോട് പറഞ്ഞതിനെ അല്ലാഹു എടുത്തുദ്ധരിച്ചിരിക്കുകയാണ്. യഅ്ക്കൂബ് നബിﷺ അങ്ങനെ പറയുമ്പോൾ അത് ഭൂതകാല സൂചകമായിരുന്നില്ല. ഭാവികാല സൂചകമായിരുന്നു. യഅ്ക്കൂബ് നബിﷺ തന്റെ മകനോടു പറഞ്ഞതു സംഭവിക്കാനിരുന്ന ഒരു തിരഞ്ഞെടുപ്പിനെക്കുറിച്ചായിരുന്നു. ആകയാൽ يَجْتَبِى مِن رُّسُلِهِۦ مَن يَشَآءُ എന്ന് അല്ലാഹു ഖുർആനിൽ പറഞ്ഞത്, ഖുർആന്റെ ആവിർഭാവത്തിനുശേഷം നടക്കുന്ന തിരഞ്ഞെടുപ്പിനെക്കുറിച്ചുതന്നെയാണെന്ന് തെളിയുന്നു.

മാത്രമല്ല, **من تشآء** "അവൻ ഇച്ഛിക്കുന്ന" എന്ന പ്രയോഗം മുഖേന വിശുദ്ധഖുർആൻ മനസ്സിലാക്കിത്തരുന്നതു പ്രവാചകനിയോഗത്തെ സംബന്ധിച്ച അല്ലാഹുവിന്റെ നിയമം ദുർബ്ബലപ്പെട്ടുപോയെന്നു കരുതാനേ നിവൃത്തിയില്ലെന്നാണ്. എന്തെന്നാൽ, വിശുദ്ധഖുർആനിൽ **من يّشآء** , **من تشآء** എന്നിങ്ങനെ പ്രയുക്തമായിരിക്കുന്നേടത്തെല്ലാം അല്ലാഹുവിന്റെ പ്രവർത്തനത്തിലിരിക്കുന്നതും നിലച്ചുപോയിട്ടില്ലാത്തതുമായ നിയമങ്ങളെക്കുറിച്ചു മാത്രമാണ് അവൻ പ്രസ്താവിച്ചിരിക്കുന്നത്. ഉദാഹരണമായി.

وَاللَّهُ يَهْدِى مَن يَشَآءُ

*'അല്ലാഹു അവനിച്ഛിക്കുന്നവരെ നേർവഴിയിലാക്കുന്നു'(2:214).*

وَاللَّهُ يُضَٰعِفُ لِمَن يَشَآءُ

*"അല്ലാഹു അവൻ ഇഷ്ടപ്പെടുന്നവർക്ക് ഇരട്ടിച്ചുകൊടുക്കുന്നു" (2:262).*

يُؤْتِى الْحِكْمَةَ مَن يَشَآءُ

*"അവൻ ഇഷ്ടപ്പെടുന്നവർക്ക് ജ്ഞാനത്തെ കൊടുക്കുന്നു" (2:270).*

فَيَغْفِرُ لِمَن يَشَآءُ وَيُعَذِّبُ مَن يَشَآءُ

*"അവൻ ഇച്ഛിക്കുന്നവർക്ക് പൊറുത്തുകൊടുക്കുകയും ഇച്ഛിക്കുന്നവരെ ശിക്ഷിക്കുകയും ചെയ്യുന്നു" (2:285).*

يَخْتَصُّ بِرَحْمَتِهِۦ مَن يَشَآءُ

*"അവൻ ഇഷ്ടപ്പെടുന്നവരെ തന്റെ കാരുണ്യം കൊണ്ട് പ്രത്യേ കപ്പെടുത്തുന്നു" (3:75)*

تُؤْتِي الْمُلْكَ مَنْ تَشَآءُ وَتَنْزِعُ الْمُلْكَ مِمَّنْ تَشَآءُ

*"നീ ഇച്ഛിക്കുന്നവർക്കും ഭരണാധികാരം നല്കുന്നു, നീ ഇച്ഛി ക്കുന്നവരിൽനിന്നു ഭരണാധികാരം എടുത്തുകളയുന്നു." (3:27)*

تَرْزُقُ مَنْ تَشَآءُ بِغَيْرِ حِسَابٍ

*"നീ ഇച്ഛിക്കുന്നവർക്ക് കണക്കില്ലാതെ വിഭവങ്ങൾ നല്കുന്നു" (3:28).*

ഇങ്ങനെ അല്ലാഹുവിനെക്കുറിച്ച് 'അവൻ ഇച്ഛക്കുന്നവർക്ക്, 'നീ ഇച്ഛിക്കുന്നവർക്ക്' എന്നിങ്ങനെ ഖുർആനിൽ നിരവധി സ്ഥലങ്ങ ളിൽ പ്രസ്താവിച്ചു കാണാം. ആ സ്ഥലങ്ങളിലെല്ലാംതന്നെ എന്നും തുടർന്നുകൊണ്ടിരിക്കുന്ന അവന്റെ നിയമത്തെക്കുറിച്ചാണ് പറയ പ്പെട്ടിരിക്കുന്നത്. അവൻ നേർവഴി കാണിക്കുന്നതും വിഭവങ്ങൾ നല്കുന്നതും അനുഗ്രഹം ചൊരിയുന്നതും, ഭരണം നല്കുന്നതും, ഭരണം എടുത്തുകളയുന്നതും എല്ലാം കഴിഞ്ഞുപോയ സംഭവങ്ങൾ മാത്രമാണെന്നു പറയാമെങ്കിൽ മാത്രമെ പ്രവാചകനിയോഗത്തെ സംബന്ധിക്കുന്ന അവന്റെ നിയമവും ഭൂതകാലത്തെ മാത്രം സംബ ന്ധിച്ചതാണെന്നു പറയാൻ പറ്റുകയുള്ളൂ. എന്തെന്നാൽ മേൽ സംഗ തികളേയും അതുപോലുള്ള മറ്റു കാര്യങ്ങളേയുംകുറിച്ച് 'തശാഉ' 'യശാഉ' എന്നിങ്ങനെ പ്രയോഗിച്ചുകൊണ്ട് മാറ്റമില്ലാത്തതും നില ച്ചുപോയിട്ടില്ലാത്തതും അനുസ്യൂതമായി തുടർന്നുകൊണ്ടിരിക്കു ന്നതുമായ അവന്റെ നിയമങ്ങളാണവയെന്ന് എപ്രകാരം വിശുദ്ധ ഖുർആൻ വ്യക്തമാക്കിത്തരുന്നുവോ അതേപ്രകാരം തന്നെയാണ് **من تشاء** എന്നു പറഞ്ഞുകൊണ്ട് നിലച്ചുപോയിട്ടില്ലാത്ത അവന്റെ ഒരു നിയമമാണതെന്ന് അല്ലാഹു മനസ്സിലാക്കിത്തന്നിരിക്കുന്നത്. ഇങ്ങനെ പ്രവാചകനിയോഗത്തെക്കുറിച്ച്, അത് നിലച്ചുപോയ ചട്ട മല്ലെന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ വ്യക്തമാക്കിത്തന്നിരി ക്കെ, ആ പവിത്രഗ്രന്ഥത്തിൽ ആത്മാർത്ഥതയോടും പൂർണഹൃദ യത്തോടും കൂടി വിശ്വാസം കൊള്ളുന്ന അഹ്മദികൾക്ക്

അതിന്നെതിരായി വിശ്വസിക്കാൻ കഴിയുന്നതെങ്ങനെ? പ്രവാചകനിയോഗം അവസാനിച്ചുപോയെന്നു വിശ്വസിക്കാത്തതുകൊണ്ടു ഞങ്ങളെ ആക്ഷേപിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്നവരുടെ ഹിതത്തിനു വഴങ്ങി ഖുർആന്റെ പാഠത്തിന്നെതിരായി പ്രവാചകനിയോഗം നിലച്ചുപോയെന്നു ഞങ്ങൾ ഏറ്റുപറയുകയോ വേണ്ടത്, അതല്ല, എല്ലാ എതിർപ്പുകളേയും അധിക്ഷേപങ്ങളേയും, തൃണവൽഗണിച്ചുകൊണ്ട് ഖുർആന്റെ പാഠത്തിൽ ഉറച്ചുനില്ക്കുകയോ? വിശുദ്ധഖുർആൻ അഖണ്ഡമായ പ്രമാണമാണെന്നും, ഖുർആനിൽനിന്ന് വ്യക്തമാകുന്ന സംഗതി എന്തുവിലകൊടുത്തും സ്വീകരിക്കേണ്ടതാണെന്നും സർവ്വാത്മനാ വിശ്വസിക്കുന്നവർ ഇക്കാര്യത്തിൽ ഒരു വിധി പറയട്ടെ!

അല്ലാഹു അവൻ ഇച്ഛിക്കുന്നവരെ ദൂതന്മാരായി നിയോഗിക്കുന്നതാണെന്നു പറഞ്ഞതിനെ തുടർന്ന്, 'നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുവിൻ' എന്നു അനുശാസിച്ചുകൊണ്ട് ഭാവിയിൽ നിയോഗിക്കപ്പെടുന്ന ദൂതന്മാരിലും വിശ്വസിക്കുകയും അവർക്ക് വഴിപ്പെടുകയും ചെയ്യേണ്ടതു നമ്മുടെ കടമയാണെന്നും അങ്ങനെ ചെയ്താൽ മാത്രമെ മഹത്തായ പ്രതിഫലം ലഭിക്കുകയുള്ളൂവെന്നുമാണ് ഖുർആൻ വ്യക്തമാക്കിത്തരുന്നത്. വിശുദ്ധഖുർആന്റെ ഈ വ്യക്തമായ പാഠത്തിന്നെതിരായി, ഇനിയൊരു നബിയും വരികയില്ലെന്നും വരേണ്ടുന്ന ആവശ്യമില്ലെന്നും അങ്ങനെ വരുന്നവരെ വിശ്വസിക്കേണ്ടതില്ലെന്നും മറ്റും പറയുന്നത് ഖുർആന്റെ കല്പനകളെ നിരസിക്കലല്ലാതെ സ്വീകരിക്കലാവുന്നതെങ്ങനെ?

## രണ്ട്

വിശുദ്ധഖുർആനിൽ അല്ലാഹു മറ്റൊരിടത്ത് പറയുകയാണ്:

اَللّٰهُ يَصْطَفِىْ مِنَ الْمَلٰٓئِكَةِ رُسُلًا وَّمِنَ النَّاسِ ۗ اِنَّ اللّٰهَ سَمِيْعٌۢ بَصِيْرٌ ۝٧٦

*“അല്ലാഹു മലക്കുകളിൽനിന്നും മനുഷ്യരിൽ നിന്നും ദൂതന്മാരെ തിരഞ്ഞെടുക്കുന്നതാണ്. നിശ്ചയമായും അല്ലാഹു കേൾക്കുന്നവനും അറിയുന്നവനും അത്രെ” (22:76)*

ഈ വാക്യത്തിലും اصطفٰى തിരഞ്ഞെടുത്തു എന്നു പറയുന്നതിനു പകരം يصطفى തിരഞ്ഞെടുക്കും എന്നു പറഞ്ഞുകൊണ്ട് പ്രവാചകനിയോഗ നിയമം ബലത്തിലിരിക്കുന്നുണ്ടെന്നാണ് ഖുർആൻ വ്യക്തമാക്കിത്തന്നിരിക്കുന്നത്. നബിതിരുമേനിﷺയേയും തിരുമേനിക്കു മുമ്പുവന്ന പ്രവാചകന്മാരേയും കുറിച്ചാണ് ഇവിടെ പ്രസ്താവിക്കപ്പെട്ടിരിക്കുന്നതെങ്കിൽ اصطفٰى ‘തിരഞ്ഞെടുത്തു’ എന്ന പദം പ്രയോഗിച്ചിരിക്കുമായിരുന്നു. എന്നാൽ, അങ്ങനെയല്ല ഇവിടെ പ്രയുക്തമായിരിക്കുന്നത് പ്രസ്തുത വാക്യം ഭൂതകാലത്തു നടന്ന ഒരു സംഭവത്തെ കുറിക്കുന്നതുമല്ല. ഭാവിയേയും സംബന്ധിക്കുന്ന ഒരു ദൈവികചട്ടത്തെക്കുറിച്ചാണിവിടെ വ്യക്തമാക്കപ്പെട്ടിരിക്കുന്നതെന്ന് വിശ്വസിക്കേണ്ടിയിരിക്കുന്നു. ഇവിടെ, മനുഷ്യരെ ദൂതന്മാരായി നിയോഗിക്കുന്നതിനെപ്പറ്റി പറയുന്നതിന്നു മുമ്പ് മലക്കുകളെ ദൂതന്മാരായി നിയമിക്കുന്നതിനെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. ആകയാൽ മനുഷ്യരെ അല്ലാഹു ദൂതന്മാരായി നിയോഗിക്കുന്നതു നിർത്തൽ ചെയ്യപ്പെട്ടുപോയിട്ടുണ്ടെന്ന് കരുതുകയാണെങ്കിൽ അതുപോലെതന്നെ മലക്കുകളെ ദൂതന്മാരായി നിയോഗിക്കുന്നതും നിലച്ചുപോയിരിക്കുന്നുവെന്നു സമ്മതിക്കേണ്ടി വരുന്നതാണ്. മലക്കുകെ സംബന്ധിച്ച നിയമം നിർത്തൽ ചെയ്യപ്പെട്ടിട്ടുണ്ടെന്നു ആരുംതന്നെ വിശ്വസിക്കുന്നില്ല. മറിച്ച്, മലക്കുകൾ മുഖേന ചെയ്യുന്ന പ്രവൃത്തികൾ അവരെ നിയോഗിച്ചു

കൊണ്ട് അല്ലാഹു നടത്തിക്കൊണ്ടിരിക്കുന്നുണ്ടെന്നാണ് എല്ലാവരും വിശ്വസിക്കുന്നത്. ഈ സംഗതി വിശുദ്ധഖുർആനിൽ പല സ്ഥലങ്ങളിലും സ്പഷ്ടമാക്കപ്പെട്ടിട്ടുള്ളതുമാണ്. അങ്ങനെയിരിക്കെ, മനുഷ്യരെ ദൂതന്മാരായി നിയോഗിക്കുന്നതുമാത്രം നിലച്ചുപോയെന്നു എങ്ങനെ പറയും? അല്ലാഹു നിയോഗിച്ചയക്കുന്ന പ്രവാചകന്മാരെ 'റസൂൽ' (ദൂതന്മാർ) എന്നു പറഞ്ഞതുപോലെതന്നെ, അവൻ ഉദ്ദേശിക്കുന്ന കാര്യനിർവ്വഹണാർത്ഥം നിയോഗിക്കുന്ന 'മലക്കു'കളെക്കുറിച്ചും 'റസൂൽ' (ദൂതന്മാർ) എന്ന് വിശുദ്ധഖുർആനിൽ പല സ്ഥലങ്ങളിലും പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. മലക്കുകളായ ആ ദൂതന്മാരുടെ നിയോഗം നിലച്ചിട്ടില്ലെന്നു അഭിപ്രായഭേദമന്യേ എല്ലാ മുസ്ലിംകളും സമ്മതിക്കുന്നു. ആ സ്ഥിതിക്ക്, മനുഷ്യരായ ദൂതന്മാരുടെ നിയോഗം ഇനിയൊരിക്കലും ഉണ്ടാവുകയില്ലെന്നു പറയുന്നതു ഖുർആന്റെ പാഠമാകുന്നതെങ്ങനെ? ഖുർആനാകട്ടെ മേൽകാണിച്ച ആയത്തിൽ മലക്കുകളേയും മനുഷ്യരേയും അല്ലാഹു അവന്റെ ദൂതന്മാരായി നിയമിക്കുമെന്നാണ് വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നത്. اصطفى (തിരഞ്ഞെടുത്തു) എന്നതിനു പകരം يصطفى (തിരഞ്ഞെടുക്കും) എന്ന പദം പ്രയോഗിക്കുകയും, 'മനുഷ്യരിൽനിന്നും' എന്നു പറയുന്നതിന്നുമുമ്പ് 'മലക്കുകളിൽനിന്നും' എന്ന് പ്രസ്താവിക്കുകയും ചെയ്തുകൊണ്ട് മലക്കുകളേയും മനുഷ്യരേയും സംബന്ധിച്ച ഈ നിയമം ബലത്തിലിരിക്കുന്നുണ്ടെന്നും അതു ദുർബ്ബലപ്പെട്ടുപോയിട്ടില്ലെന്നും ഖുർആൻ വ്യക്തമായി മനസ്സിലാക്കിത്തരുമ്പോൾ, ഖുർആനിൽ അടിയുറച്ചു വിശ്വസിക്കുന്ന അഹ്മദികൾക്ക് അതിന്നെതിരായി വിശ്വസിക്കാൻ കഴിയുന്നതെങ്ങനെ? ഖുർആന്റെ വ്യക്തമായ പാഠത്തെ ഞങ്ങൾ സ്വീകരിച്ചത് ആക്ഷേപാർഹമാണോ? എന്നു നീതിമാന്മാർ ഗാഢമായി ചിന്തിക്കേണ്ടതാണ്. പ്രവാചക നിയോഗനിയമം നിലച്ചുപോകയോ ദുർബ്ബലപ്പെടുത്തപ്പെടുകയോ ചെയ്തിട്ടില്ലെന്നു വിശുദ്ധ ഖുർആൻ സ്പഷ്ടമാക്കിത്തരുന്ന സ്ഥിതിക്ക് 'ഖാത്തമുന്നബിയ്യീൻ' എന്നതിന്റെ വിവക്ഷ പ്രവാചകശ്രേഷ്ഠരായ തിരുനബിക്കുശേഷം ഒരു പ്രവാചകനും വരികയില്ലെന്നാണെന്ന് കരുതുന്നത് ബുദ്ധിപൂർവ്വവും ന്യായവുമാകുന്നതെങ്ങനെ?

# മൂന്ന്

നബിതിരുമേനിﷺക്കുശേഷം പ്രവാചകനിയോഗം അവസാനിച്ചു പോയിട്ടില്ലെന്നും, 'ഖാത്തമുന്നബിയ്യീൻ' എന്നതിന്റെ വിവക്ഷ, ആ ദിവ്യാത്മാവിനുശേഷം ഒരുതരത്തിലുള്ള പ്രവാചകനും നിയോഗിക്കപ്പെടുകയില്ലെന്നല്ലെന്നും വ്യക്തമായ നിലയിൽ മനസ്സിലാക്കിത്തരുന്ന മറ്റൊരു ഖുർആൻ വാക്യം ഇതാണ്

يَٰبَنِيٓ ءَادَمَ إِمَّا يَأۡتِيَنَّكُمۡ رُسُلٞ مِّنكُمۡ يَقُصُّونَ عَلَيۡكُمۡ ءَايَٰتِي فَمَنِ ٱتَّقَىٰ وَأَصۡلَحَ فَلَا خَوۡفٌ عَلَيۡهِمۡ وَلَا هُمۡ يَحۡزَنُونَ ٣٦

*"ആദം സന്തതികളേ, എന്റെ ആയത്തുകൾ നിങ്ങൾക്ക് വിവരിച്ചുതരുന്ന നിങ്ങളിൽ നിന്നുള്ള റസൂൽമാർ നിങ്ങളുടെ അടുക്കലേക്ക് വരുന്നതായാ ൽ, ഭക്തിയെ അവലംബിക്കുകയും സൽകർമ്മം ചെയ്യുകയും ചെയ്യുന്നവർ ഭയപ്പെടുകയില്ല; അവർ വ്യസനിക്കുകയുമില്ല" (7:36)*

ഈ വാക്യം വ്യക്തമായ തരത്തിൽ മനസ്സിലാക്കിത്തരുന്നത്, പ്രവാചകനിയോഗത്തെ സംബന്ധിച്ച അല്ലാഹുവിന്റെ നിയമം നിർത്തൽ ചെയ്യപ്പെട്ടിട്ടില്ലെന്നും തിരുമേനിക്കുശേഷവും ആ നിയമം ബലത്തിലിരിക്കുന്നുവെന്നുമാണ്. ഇവിടെ, നബിതിരുമേനിക്കു മുമ്പുവന്ന ഏതോ ഒരു പ്രവാചകൻ മുഖേന ആ കാലത്തെ മനുഷ്യരെ സംബോധന ചെയ്തുകൊണ്ട് അല്ലാഹു നല്കിയിരുന്ന ഒരാജ്ഞയെ എടുത്തുപറഞ്ഞതല്ല. ഖുർആൻ ആർക്കായിട്ടവതരിച്ചുവോ അവരെ സംബോധന ചെയ്തുകൊണ്ട്, 'ഓ, ആദം സന്തതികളേ! നിങ്ങളിൽനിന്നുള്ള പ്രവാചകന്മാർ നിങ്ങളുടെ അടുക്കൽവരും' എന്ന് അല്ലാഹു പറയുകയാണ് ചെയ്തിരിക്കുന്നത്. ആകയാൽ, പ്രവാചകന്മാർ വരുമെന്നിവിടെ പ്രസ്താവിക്കപ്പെട്ടിരിക്കുന്നത് തിരുമേനിക്കുശേഷമുള്ള ആദം സന്തതികളിൽ വരുമെന്നുതന്നെയാണ. മാത്രമല്ല പ്രസ്തുത വാക്യത്തിന്നു തൊട്ടുമുമ്പ് അടുത്തടുത്തായി മൂന്ന് വാക്യങ്ങളിൽ അതേരൂപത്തിൽ ആദം

സന്തതികൾ എന്ന് സംബോധന ചെയ്യപ്പെട്ടിട്ടുമുണ്ട്. ആ മൂന്നു സ്ഥലങ്ങളിലും തിരുനബിﷺയുടെ പ്രബോധനത്തിന്നു പാത്രമായവർ തന്നെയാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതും. പ്രസ്തുത ആയത്ത് 7-ാം സൂറത്തിലെ 35-ാം വാക്യമാണല്ലോ. അതേ സൂറത്തിൽ 32-ാം വാക്യത്തിൽ ഇപ്രകാരം പറയുന്നു:

يٰبَنِىٓ اٰدَمَ خُذُوْا زِيْنَتَكُمْ عِنْدَ كُلِّ مَسْجِدٍ

*"ഓ, ആദംസന്തതികളേ! നിങ്ങൾ എല്ലാ പള്ളികളിൽ ഹാജരാകുമ്പോഴും നിങ്ങളുടെ അലങ്കാരത്തെ കൈക്കൊള്ളുവിൻ"*

പ്രസ്തുത സൂറായിൽതന്നെ 28-ാം വാക്യത്തിൽ പറയുന്നു:

يٰبَنِىٓ اٰدَمَ لَا يَفْتِنَنَّكُمُ الشَّيْطٰنُ كَمَآ اَخْرَجَ اَبَوَيْكُمْ مِّنَ الْجَنَّةِ

*"ഓ, ആദം സന്തതികളേ, ശൈത്താൻ നിങ്ങളെ ചതിപ്പെടുത്താതിരിക്കട്ടെ. നിങ്ങളുടെ മാതാപിതാക്കളെ തോട്ടത്തിൽനിന്നു അവൻ പുറത്താക്കിയതുപോലെ."*

27-ാം വാക്യത്തിൽ അല്ലാഹു പറയുന്നു:

يٰبَنِىٓ اٰدَمَ قَدْ اَنْزَلْنَا عَلَيْكُمْ لِبَاسًا

*"ഓ, ആദം സന്തതികളേ! നാം നിങ്ങൾക്ക് വസ്ത്രം ഇറക്കിത്തന്നിരിക്കുന്നു"*

ഈ മൂന്നു വാക്യങ്ങളിലും "ആദം സന്തതികളേ!" എന്നു സംബോധന ചെയ്തിരിക്കുന്നതു വിശുദ്ധഖുർആന്റെ പ്രബോധനത്തിന്നു പാത്രമായവരെയാണെന്നും മുമ്പുള്ളവരെ അല്ലെന്നും സ്പഷ്ടമാണ്. ഈ മൂന്ന് സ്ഥലത്തേയും സംബോധനകൾ മുമ്പുള്ളവരോടു മാത്രമാണെന്നും, അവ ഖുർആന്റെ അനുയായികളെയോ ഖുർആൻ സ്വീകരിക്കാൻ ബാധ്യതപ്പെട്ടവരെയോ സംബന്ധിക്കുന്നവയല്ലെന്നും പറയാൻ ആ ദിവ്യഗ്രന്ഥത്തിൽ വിശ്വസിക്കുന്നവർ ഒരിക്കലും ധൈര്യപ്പെടുകയില്ല. ആ സ്ഥിതിക്ക്, ആ മൂന്നു വാക്യങ്ങളെ തുടർന്ന് "ഓ, ആദംസന്തതികളേ! നിങ്ങളിൽനിന്നുള്ള പ്രവാചകന്മാർ നിങ്ങളുടെ അടുക്കൽ വരുന്നതായാൽ" എന്നു പറ

ഞ്ഞിരിക്കുന്നത്, ഖുർആന്റെ ആവിർഭാവത്തിനുമുമ്പ് കഴിഞ്ഞു പോയ ജനങ്ങളെ സംബോധന ചെയ്തുകൊണ്ടാണെന്നു ഖുർ ആനിൽ വിശ്വസിക്കുന്ന ഒരാൾക്ക് ഹൃദയപൂർവ്വം പറയാൻ കഴി യുന്നതെങ്ങനെ? വാസ്തവത്തിൽ يٰبَنِىْ اٰدَمَ 'ഓ, ആദം സന്തതി കളേ!' എന്ന സംബോധന വിശുദ്ധഖുർആനിൽ എവിടെയെല്ലാ മുണ്ടോ അവിടെയൊക്കെ ഖുർആന്റെ പ്രബോധനങ്ങളെ അനു സരിക്കാൻ കടമപ്പെട്ടവർ തന്നെയാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ഉദാഹരണമായി അല്ലാഹു പറയുകയാണ്:

اَلَمْ اَعْهَدْ اِلَيْكُمْ يٰبَنِىْٓ اٰدَمَ اَنْ لَّا تَعْبُدُوا الشَّيْطٰنَ ۚ

*"ഓ, ആദംസന്തതികളേ! നിങ്ങൾ പൈശാചാനെ ആരാധിക്ക രുത് എന്നു ഞാൻ നിങ്ങളോട് കല്പിച്ചില്ലേ?" (36:61).*

ഈ സംബോധനയും ഖുർആന്റെ അനുസാരികളോട് തന്നെ യാണ്. പൂർവ്വകാലത്തുള്ളവരോട് പറഞ്ഞതായ ഒരു വൃത്താന്ത മല്ല അത്. ഈ ഖുർആനിക സംബോധനയെപ്പറ്റി

فانّه خطاب لاهل ذالک الزّمان ولكلّ من بعدهم

"ഇത് അക്കാലത്തുള്ളവരോടും ശേഷമുള്ള എല്ലാവരോടുമുള്ള സംബോധനയാണ്" എന്ന് ഇമാം സൂയൂത്തീ(റഹ്) പറഞ്ഞത് ഇവിടെ പ്രസ്താവ്യമാണ്. (അൽഇത്ഖാൻ, വാ. 2. വകുപ്പ് 51, ഭാ 34)

ചുരുക്കത്തിൽ, മേലുദ്ധരിച്ച ആയത്ത് ഖുർആനിൽ ഉള്ള കാലം വരെ, നബിതിരുമേനിക്കുശേഷം ഒരുതരത്തിലുള്ള പ്രവാചകനും വരികയില്ലെന്നു പറയുന്നതു ഖുർആന്റെ പാഠത്തിന്നെതിരായ ഒരു പ്രസ്താവനയായിരിക്കുകയേള്ളൂ. തിരുനബിക്കുശേഷം ഒരു പ്രകാ രത്തിലുള്ള നബിയും വരികയില്ലെന്നാണ് അല്ലാഹുവിന്റെ തീരു മാനമെങ്കിൽ, 'നിങ്ങളുടെ അടുക്കൽ പ്രവാചകന്മാർ വരുന്നതാ യാൽ നിങ്ങൾ സ്വീകരിക്കണം' എന്നു പറയുന്നതിനുപകരം ഇനി ഒരു പ്രവാചകനും വരികയില്ലെന്നും അങ്ങനെ വല്ലവരും വാദി ക്കുന്നതായാൽ അത് വിശ്വസിക്കരുതെന്നുമല്ലേ ഖർആൻ പറയേ ണ്ടിയിരുന്നത്? അപ്രകാരം പറയാതെ, പ്രവാചകന്മാർ വരുന്നതാ

യാൽ വിശ്വസിക്കണമെന്ന് ആ പവിത്രഗ്രന്ഥം ഉദ്ബോധിപ്പിച്ചിരിക്കുമ്പോൾ അതിന്നെതിരായി, ഒരുതരത്തിലുള്ള പ്രവാചകനും ഇനി വരികയില്ലെന്ന് ശഠിക്കുന്നത് ശരിയാണോ? വിശുദ്ധഖുർആന്റെ വ്യക്തമായ ഈ പാഠത്തെ ഞങ്ങൾ സ്വീകരിച്ചതിനു ഞങ്ങളെ ആക്ഷേപിക്കുന്നവർ, ഈ സംഗതിയെക്കുറിച്ച് ശാന്തമായൊന്നു ചിന്തിക്കേണ്ടതാണ്.

മേൽ ഉദ്ധരിച്ച വാക്യത്തിൽ "പ്രവാചകന്മാർ വരുന്നതായാൽ" എന്നു പറഞ്ഞതുകൊണ്ട് തിരുനബിക്കുശേഷം പ്രവാചകന്മാർ വന്നേ തീരൂ എന്നില്ല, വരുന്നതായാൽ വിശ്വസിക്കണം എന്നു മാത്രമേയുള്ളൂ എന്ന് ആരെങ്കിലും പറഞ്ഞേക്കാം.

ഇതിന്നുള്ള ഒന്നാമത്തെ മറുപടി اِمَّا يَأْتِيَنَّكُمْ എന്ന പ്രയോഗം സംശയാസ്പദമായ ഒന്നല്ല. നിശ്ചിതാർത്ഥകമായ വാക്യമാണത്. 'തീർച്ചയായും വരും; അങ്ങനെ വരുമ്പോൾ' എന്നാണ് അതിന്നർഥം. اِمَّا يَأْتِيَنَّكُمْ എന്ന വാചകം ഖുർആനിൽ പല സ്ഥലങ്ങളിലും വന്നിട്ടുണ്ട്. അവിടങ്ങളിലൊന്നുംതന്നെ അതു സന്നിഗ്ദ്ധാർത്ഥകമായിട്ടല്ല പ്രയുക്തമായിരിക്കുന്നത്. ഉദാഹരണമായി, രണ്ടാം സൂറ 39-ാം വാക്യത്തിൽ اِمَّا يَأْتِيَنَّكُمْ എന്നു കാണാം. അവിടെ തീർച്ചയായും നിങ്ങളുടെ അടുക്കൽ വരും" എന്നുതന്നെയാണ് കേരളത്തിലെ പ്രസിദ്ധ പണ്ഡിതന്മാർ അർഥം നല്കിയിരിക്കുന്നത്!

രണ്ടാമതായി, اِمَّا يَأْتِيَنَّكُمْ എന്നത് നിശ്ചിതാർത്ഥകമല്ലെന്നു പറയുകയാണെങ്കിൽ فَإِمَّا يَأْتِيَنَّكُمْ مِّنِّي هُدًى എന്നിൽ നിന്ന് നിങ്ങളുടെ അടുക്കൽ മാർഗ്ഗദർശനം വരുന്നതായാൽ" എന്നു അല്ലാഹു ഹ. ആദമിനോടു പറഞ്ഞതും ഖുർആനിൽ 2ാം സൂറ 39ാം വാക്യത്തിലും 20ാം സൂറ 124ാം വാക്യത്തിലും പ്രസ്താവിച്ചിരിക്കുന്നതും സാങ്കല്പികാർഥത്തിൽ മാത്രമാണെന്നും ആകയാൽ ഹ. ആദമിനുശേഷം ആരും നബിയായി വന്നിട്ടില്ലെന്നും പറയേണ്ടിവരും.

മൂന്നാമതായി, ഈ പ്രസ്താവന സോപാധികമാണെന്നു വന്നാലും വക്താവ് സർവ്വശക്തനും സർവ്വജ്ഞനുമായ അല്ലാഹു

ആകയാൽ അസംഭവ്യമായ ഒരു കാര്യത്തെക്കുറിച്ചാണെന്നു കരുതാവതുമല്ല. അല്ലാഹു അവന്റെ നിയമത്തിനും തീർപ്പിനും വിരുദ്ധമായി വല്ലതും ചെയ്യുമെന്ന് ഊഹിക്കാൻപോലും പാടില്ലല്ലോ.

ഉപര്യുദ്ധൃതമായ ദൈവവാക്യം ആദംസന്തതികളെ ആകമാനം സംബോധനചെയ്തുകൊണ്ടുള്ളതാണെന്നും തിരുമേനിﷺക്കു ശേഷമുള്ളവരെ മാത്രം സംബന്ധിക്കുന്നതല്ലെന്നും ചിലർ പറയാറുണ്ട്. ഇപ്രകാരം പറയുവാൻ അവർ ധൃഷ്ടരാകുന്നതു ഖുർആൻ നല്ലപോലെ തുറന്നുനോക്കാത്തതുകൊണ്ടോ അല്ലെങ്കിൽ, ഖുർആൻ പറയുന്നതെന്തായാലും വേണ്ടില്ല അഹ്മദിയ്യാ വാദങ്ങൾ എങ്ങനെയും ഖണ്ഡിക്കപ്പെടണം എന്ന മനഃസ്ഥിതി കാരണമായിട്ടോ മാത്രമായിരിക്കണം. പ്രസ്തുത വാക്യത്തിലെ സംബോധന ആദംസന്തതികളോടാകമാനമായിട്ടുള്ളതാണെന്നും തിരുനബിയ്ക്കു ശേഷമുള്ളവരെ മാത്രം ബാധിക്കുന്നതല്ലെന്നും പ്രസ്തുത വചനത്തെക്കുറിച്ചു അല്പമെങ്കിലും ചിന്തിക്കുന്നവർക്ക് പറയാനൊക്കുകയില്ല. ഇനി സംബോധന ആദം സന്തതികളോടാകമാനമാണെന്നു വന്നാലും നബിതിരുമേനിക്കു മുമ്പുള്ളവർ എപ്രകാരം ആദം സന്തതികളാണോ അപ്രകാരം തന്നെ ശേഷമുള്ളവരും ആദം സന്തതികളായിരിക്കെ പ്രവാചകന്മാർ വരുമെന്ന് പറഞ്ഞത് തീർച്ചയായും അവർക്ക്കൂടിയും ബാധകമായ തരത്തിലാണെന്ന് ന്യായമായും പറയാവുന്നതാണ്. അല്ലെങ്കിൽ തിരുനബിക്കുശേഷമുള്ള മനുഷ്യർ ആദം സന്തതികളല്ലെന്നു പറയേണ്ടിവരും. ശേഷമുള്ളവരും യഥാർത്ഥത്തിൽ ആദംസന്തതികൾതന്നെയെങ്കിൽ പ്രസ്തുതവാക്യത്തിലെ സംബോധന ആദംസന്തതികളോടാകമാനമാണെന്നു വന്നാലും അവർക്കും ആ ഉദ്ബോധനം ബാധകമായിരിക്കുന്നുണ്ട്.

മേൽ ആയത്തു നബി വരുമെന്നതിലേക്ക് തെളിവാണെങ്കിൽ فَإِمَّا يَأْتِيَنَّكُم مِّنِّى هُدًى "എന്നിൽനിന്നു നിങ്ങളുടെ അടുക്കൽ ഹിദായത്ത് വരുന്നതായാൽ" എന്ന വാക്യത്തിൽ നിന്നു പുതിയ ശരീഅത്ത് വരുമെന്നും സമ്മതിക്കേണ്ടിവരില്ലേ എന്നാണ് മറ്റൊരു സംശയം. ഈ സംശയം അസ്ഥാനത്താണ്. 'ഹിദായത്ത്' എന്ന

തിന് ‘ശരീഅത്ത്’ അഥവാ ന്യായപ്രമാണം എന്നാണർത്ഥമെന്നു സങ്കല്പിക്കുന്നതായാൽതന്നെ, അങ്ങനെ പറഞ്ഞതു ഹദ്റത്ത് ആദമിനോടാകയാൽ തിരുനബിയുടെ ശേഷമുള്ളകാലത്തെ അതു ബാധിക്കുന്നില്ല. ഹദ്റത്ത് ആദമിന്നുശേഷം പല ശരീഅത്തും വന്നിട്ടുണ്ടെന്നത് അവിതർക്കിതവുമാണല്ലോ. രണ്ടാമത് ‘ഹുദൻ’ എന്നതിന്റെ വിവക്ഷ പ്രത്യേക ന്യായപ്രമാണം എന്നു മാത്രവുമല്ല. എല്ലാ ഓരോ പ്രവാചകനും ‘ഹാദി’ (മാർഗ്ഗദർശി) ആണ്. അപ്പോൾ പ്രവാചകന്മാരെല്ലാവരും ഹിദായത്തോടുകൂടി വന്നവരാണെന്നു സിദ്ധിക്കുന്നു. പക്ഷേ, എല്ലാവരും പ്രത്യേകം പ്രത്യേകം ന്യായപ്രമാണത്തോടുകൂടിയവരായിരുന്നില്ല. ആകയാൽ ഹദ്റത്ത് ആദമിനോടു ഹിദായത്ത് വരുമെന്ന് അല്ലാഹു പറഞ്ഞതുകൊണ്ട് അദ്ദേഹത്തിനുശേഷം വന്ന എല്ലാ പ്രവാചകന്മാരും പ്രത്യേകം പ്രത്യേകം ന്യായപ്രമാണത്തോടുകൂടി വന്നവരായിരുന്നുവെന്നോ നബിതിരുമേനിﷺക്കുശേഷം പുതിയ ശരീഅത്തോടുകൂടിയ നബിക്കു വരാമെന്നോ സിദ്ധിക്കുന്നേയില്ല.

പ്രസ്തുത വാക്യത്തിലെ يَقُصُّونَ عَلَيْكُمْ اٰيٰتِىْ “അവർ എന്റെ ആയത്തുകളെ നിങ്ങൾക്കു വിവരിച്ചുതരും എന്നു പറയപ്പെട്ടിരിക്കുന്നതുകൊണ്ടു വരുന്ന പ്രവാചകൻ ന്യായപ്രമാണവാഹകനായിരിക്കുമെന്നു സമ്മതിക്കേണ്ടിവരും എന്നാണ് മറ്റൊരു സംശയം. ആയത്ത് എന്നതിന്റെ അർത്ഥം വിധിവിലക്കുകൾ എന്നല്ല. വിശുദ്ധഖുർആനിൽ ഈ പദം രണ്ടർത്ഥത്തിലാണ് പ്രയുക്തമായിരിക്കുന്നത്. 1. ദൈവവചനം 2. അടയാളം, ദൃഷ്ടാന്തം. ദൈവവചനം പ്രത്യേക ന്യായപ്രമാണമുൾക്കൊള്ളുന്നതുമാവാം, നിലവിലുള്ളതിനെത്തന്നെ സ്ഥിരപ്പെടുത്തുകയും വിശദീകരിക്കുകയും ചെയ്യുന്നതുമാവാം. പ്രവാചകന്മാരെല്ലാം ദൈവവചനങ്ങളും ദൃഷ്ടാന്തങ്ങളും ലഭിച്ചവർതന്നെ. അതുകൊണ്ട് എല്ലാവർക്കും പ്രത്യേകം പ്രത്യേകം ശരീഅത്തുകൂടി ലഭിച്ചിരിക്കുന്നു എന്നു വരില്ല. പല പ്രവാചകന്മാരും പ്രത്യേകം ശരീഅത്ത് നൽകപ്പെടാത്തവരാണെന്നു ഖുർആൻ മനസ്സിലാക്കിത്തരുന്നു. ആകയാൽ, “ആയത്തുകൾ വിവരിച്ചുതരും” എന്നു പറഞ്ഞതുകൊണ്ട് വരുന്ന നബി

ന്യായപ്രമാണവാഹകനായിരിക്കുമെന്നു സമ്മതിക്കേണ്ടിവരില്ലേ എന്ന സംശയം അടിസ്ഥാനരഹിതമാണ്. വിശുദ്ധ ഖുർആനിൽ ആറായിരത്തിൽപരം ആയത്തുകളുണ്ട്. അവയിൽ എഴുന്നൂറിൽ ചില്വാനം ആയത്തുകൾ മാത്രമാണ് വിധിവിലക്കുകൾ അടങ്ങിയവ. ശരീഅത്തിനു മാത്രമേ ആയത്ത് എന്ന് പറയാവൂ എങ്കിൽ വിശുദ്ധ ഖുർആനിലെ ഭൂരിഭാഗം വാക്യങ്ങളും ആയത്തുകൾ അല്ലെന്നു പറയേണ്ടിവരും. വാസ്തവത്തിൽ, ദൈവവചനത്തിനും ചെറുതും വലുതമായ എല്ലാ ദൃഷ്ടാന്തങ്ങൾക്കും ഖുർആനിൽ അങ്ങുതൊട്ടിങ്ങോളം ആയത്ത് എന്നാണ് പറയപ്പെട്ടിരിക്കുന്നത്.

പ്രസ്തുത ആയത്ത് തിരുനബിക്കുശേഷം പ്രവാചകനിയോഗം നിലച്ചുപോയിട്ടില്ലെന്നതിലേക്ക് ഒരു പ്രബലമായ രേഖയാണെന്ന് ആ ആയത്തിന്റെ ഘടനയും അതിലെ പദങ്ങളും വിളിച്ചോതുന്നുണ്ടെന്നതിലേക്ക് രസാവഹമായ ഒരു തെളിവുകൂടി ഞാൻ പറയാം. പ്രവാചകന്മാരും ദിവ്യഗ്രന്ഥങ്ങളും വഴിയാണ് മനുഷ്യർക്ക് ദൈവാജ്ഞകൾ ലഭിക്കാറുള്ളത് എന്നതിലേക്ക് സാക്ഷ്യമായി ജനാബ് മൗദൂദി സാഹിബ് തന്റെ 'ഖുത്ബാത്തി'ൽ പ്രസ്തുത ആയത്ത് എടുത്തുദ്ധരിച്ചിട്ടുണ്ട്. കേരള അമീർ ആയിരുന്ന മൗലവി മുഹമ്മദലി സാഹിബ് അതിന്റെ പരിഭാഷ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയപ്പോൾ മേൽആയത്തിന്റെ തർജ്ജമയ്ക്ക് മുമ്പ് 'മനുഷ്യപിതാവായ ആദംനബിﷷയെ സൃഷ്ടിച്ചപ്പോൾ മാനവലോകത്തോടാകമാനമായി അല്ലാഹു കല്പിച്ചതിനെ വിശുദ്ധഖുർആനിൽ വിവരിച്ചതിപ്രകാരമാണ്' എന്നുകൂടി കൂട്ടിച്ചേർക്കയുണ്ടായി. (ഖുത്ബാത്, മലയാളം, ഭാ. 133, ഒന്നാം പതിപ്പ്). ഈ വാക്യം മൂലഗ്രന്ഥത്തിലില്ലാത്തതും പരിഭാഷകൻ കൂട്ടിച്ചേർത്തതുമാകുന്നു. ആയത്തിന്റെ തർജ്ജമ മാത്രം കൊടുത്താൽ തിരുനബിﷺക്ക് ശേഷവും പ്രവാചകന്നു വരാമെന്നു മറ്റുള്ളവർ ധരിച്ചേക്കാനിടയുണ്ടെന്നു കരുതിയാണ് അദ്ദേഹം അങ്ങനെ കൂട്ടിച്ചേർത്തതെന്നതു വ്യക്തമാണ്. അല്ലെങ്കിൽ മൂലഗ്രന്ഥത്തിലില്ലാത്ത, പ്രസ്തുത വരികൾ പരിഭാഷകൻ എന്തിന് കൂട്ടിച്ചേർത്തു? മാനവലോകത്തോടാകമാനം പ്രസ്താവിച്ചിട്ടുള്ളതിനെ അല്ലാഹു എടുത്തുപറഞ്ഞതല്ല മേൽ

ആയത്ത് എന്നതു അതിൽ കണ്ണോടിക്കുന്ന ആർക്കും തന്നെ നിഷ്പ്രയാസം മനസ്സിലാക്കാം. എന്നിട്ടും, മുഹമ്മദലി സാഹിബിന് ഖുർആൻ സൂചിപ്പിക്കുകപോലും ചെയ്തിട്ടില്ലാത്തതും മൗദൂദി സാഹിബിന്റെ പുസ്തകത്തിലില്ലാത്തതുമായ വരികൾ കൂട്ടിച്ചേർത്ത് അനുവാചകരെ മറ്റൊരു വിധത്തിൽ ധരിപ്പിക്കാൻ പാടുപെടേണ്ടി വന്നു. എന്നാൽ, മൂലഗ്രന്ഥത്തിലില്ലാത്തതു കൂട്ടിച്ചേർത്തു എന്ന ആക്ഷേപത്തെ തുടർന്നോ, അഥവാ അങ്ങനെ ആക്ഷേപമുണ്ടായേക്കുമെന്നു ഭയന്നോ എന്തോ അദ്ദേഹം രണ്ടാംപതിപ്പിൽ കൂട്ടിച്ചേർത്ത വരികൾ എടുത്തുകളഞ്ഞിരിക്കുകയാണ്! ഇങ്ങനെ തിരുനബിﷺക്കുശേഷവും നബിവരുമെന്ന് ഉദ്ഘോഷിക്കുന്ന പ്രസ്തുത ആയത്ത് അഹ്മദികളുടെ വാദത്തിന്നു പ്രബലമായ ഒരു രേഖയാണെന്ന് എതിരാളികളും ഒരു പ്രകാരത്തിലല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ സമ്മതിക്കേണ്ടി വന്നിരിക്കുന്നു!

## നാല്

പ്രവാചകനിയോഗം നിലച്ചുപോയിട്ടില്ലെന്നതിലേക്ക് മറ്റൊരു തെളിവ് ഈ ഖുർആൻ വാക്യമാണ്:

يُنَزِّلُ الْمَلَٰٓئِكَةَ بِالرُّوحِ مِنْ أَمْرِهِۦ عَلَىٰ مَن يَشَآءُ مِنْ
عِبَادِهِۦٓ أَنْ أَنذِرُوٓا۟ أَنَّهُۥ لَآ إِلَٰهَ إِلَّآ أَنَا۠ فَٱتَّقُونِ ۝٣

*"അവൻ തന്റെ കല്പനയിൽനിന്നുള്ള വചനത്തോടുകൂടി മലക്കുകളെ തന്റെ ദാസരിൽനിന്നു താൻ ഇഷ്ടപ്പെടുന്നവരുടെമേൽ ഇറക്കുന്നതാണ്. 'ഞാൻ അല്ലാതെ വേറെ ദൈവമില്ല. അതിനാൽ എന്നോടു ഭയഭക്തിയുള്ളവരായിരിക്കുക' എന്നു താക്കീതു നല്കുന്നതിനായിട്ട്" (16:3).*

## അഞ്ച്

വീണ്ടും അല്ലാഹു പറയുന്നു:

يُلْقِى ٱلرُّوحَ مِنْ أَمْرِهِۦ عَلَىٰ مَن يَشَآءُ مِنْ
عِبَادِهِۦ لِيُنذِرَ يَوْمَ ٱلتَّلَاقِ ۝١٦

*"അവൻ തന്റെ കല്പനയിൽനിന്നുള്ള വചനത്തെ തന്റെ ദാസരിൽ നിന്നു താൻ ഇഷ്ടപ്പെടുന്നവർക്ക് നല്കുന്നതാണ്. കൂടിക്കാഴ്ച ദിവസത്തെക്കുറിച്ച് പേടിപ്പിച്ചറിയിക്കാൻവേണ്ടി" (40:16).*

ഈ ഖുർആൻ വാക്യങ്ങൾ രണ്ടും നമുക്കു മനസ്സിലാക്കിത്തരുന്നത് പ്രവാചകനിയോഗം നിലച്ചുപോയിട്ടില്ലെന്നാണ്. ദൈവവചനത്തിന് 'റൂഹ്' എന്ന പദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. വിശുദ്ധഖുർആനിൽ 'റൂഹ്' എന്ന പദം ദൈവവചനത്തിനും പ്രയുക്തമായിട്ടുണ്ട്. അല്ലാഹു പറയുന്നു:

وَكَذٰلِكَ اَوْحَيْنَآ اِلَيْكَ رُوْحًا مِّنْ اَمْرِنَا

*അങ്ങനെ നാം നിനക്കു നമ്മുടെ കല്പനയിൽനിന്നുള്ള 'റൂഹി'നെ (വഹ്‌യിനെ) അറിയിച്ചു' (42:53)*

അല്ലാഹുവിന്റെ വചനം അവന്റെ കല്പന മുഖാന്തരം ഉണ്ടാകുന്നതു കൊണ്ടു പ്രസ്തുത ആയത്തുകളിൽ "മിൻ അംരിഹീ', 'മിൻ അംരിനാ' എന്നിങ്ങനെ അല്ലാഹു പറഞ്ഞിരിക്കുന്നു.

മേൽ രണ്ട് ആയത്തും നമുക്ക് മനസ്സിലാക്കിത്തരുന്നത് പ്രവാചകനിയോഗം ദുർബ്ബലമാക്കപ്പെട്ട ഒരു ചട്ടമല്ലെന്നും മറിച്ച് അല്ലാഹു അവന്റെ ഇച്ഛയനുസരിച്ച് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നതും പ്രവർത്തനത്തിലിരിക്കുന്നതുമായ ഒരു നിയമമാണെന്നുമാണ്. ഒന്നാമതായി ഇവിടെ ينزّل എന്നും يلقى എന്നുമാണ് പ്രയുക്തമായിരിക്കുന്നത്. ഇവ വർത്തമാനത്തെയും ഭാവിയെയും കുറിക്കുന്ന ക്രിയാരൂപങ്ങളാകയാൽ അല്ലാഹു അവന്റെ വചനങ്ങളെ ഇറക്കിക്കൊടുക്കുക എന്ന നിയമം ബലത്തിലിരിക്കുന്നതാണെന്നു സിദ്ധിക്കുന്നുണ്ട്. തുടർന്നുകൊണ്ട് രണ്ടായത്തുകളിലും عَلٰى مَنْ يَّشَآءُ مِنْ عِبَادِهٖ "അവൻ ഇച്ഛിക്കുന്ന അവന്റെ ദാസന്മാരുടെ മേൽ" എന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിലെ 'യശാഉ' പ്രയോഗത്തെപ്പറ്റി ഞാൻ മുമ്പ് പ്രതിപാദിച്ചിട്ടുണ്ടല്ലോ. നിലച്ചുപോയിട്ടില്ലാത്തതും, തുടർന്നുകൊണ്ടിരിക്കുന്നതുമായ നിയമ പ്രവർത്തനത്തെക്കുറിച്ചു മാത്രമാണ് ഖുർആനിൽ എവിടെയും ആ പദം പ്രയോഗിക്കപ്പെട്ടിട്ടുള്ളത്. ആകയാൽ, മനുഷ്യരെ ജാഗ്രതപ്പെടുത്താൻവേണ്ടി ദൈവം അവന്റെ വരിഷ്ഠദദാസർക്ക് 'വഹ്‌യ്' (വെളിപാട്) ഇറക്കിക്കൊടുക്കുകയെന്ന നിയമം നിലവിലിരിക്കുന്നുണ്ടെന്നു തന്നെയാണ് ഈ ആയത്തുകൾ സ്പഷ്ടമാക്കിത്തരുന്നത്.

ഇതിനുപുറമെ ആദ്യത്തെ വാക്യത്തിൽ انذرو (ജാഗ്രതപ്പെടുത്തുവിൻ) എന്നും രണ്ടാമത്തേതിൽ لِيُنذر (ജാഗ്രതപ്പെടുത്താൻവേണ്ടി) എന്നും പറഞ്ഞുകൊണ്ട് അവൻ വചനമിറക്കുന്നതാണെന്നു ഉദ്ബോധിപ്പിച്ചതിൽനിന്നു അത് പ്രവാചകനിയോഗത്തെ ഉദ്ദേശി

ച്ചാണെന്നു മനസ്സിലാകുന്നുണ്ട്. എന്തെന്നാൽ ഈ ആയത്തുക ളിൽ അവർ നദീറും മുൻദീറും (പേടിപ്പിച്ചറിയിക്കുകയും ജാഗ്രത പ്പെടുത്തുകയും ചെയ്യുന്നവർ) ആയിരിക്കുമെന്ന് വ്യക്തമാകുന്നു. പ്രസ്തുത സംജ്ഞകൾ വിശുദ്ധ ഖുർആനിൽ പല സ്ഥലങ്ങളിലും പ്രവാചകരെക്കുറിച്ചാണ് പ്രയോഗിച്ചിരിക്കുന്നത്. അല്ലാഹു പറ യുന്നു. وَإِنْ مِّنْ أُمَّةٍ إِلَّا خَلَا فِيهَا نَذِيرٌ

*"ഒരു നദീർ' (താക്കീതുകാരൻ) കഴിഞ്ഞിട്ടില്ലാത്ത ഒരു സമു ദായവും ഇല്ലതന്നെ" (35:25).*

وَلَقَدْ ضَلَّ قَبْلَهُمْ أَكْثَرُ الْأَوَّلِينَ ﴿٧٢﴾ وَلَقَدْ أَرْسَلْنَا فِيهِم مُّنذِرِينَ ﴿٧٣﴾

*''നിശ്ചയമായും ഇവർക്കു മുമ്പ് പൂർവികരിൽ അധികവും വഴി പിഴച്ചുപോയിരുന്നു. തീർച്ചയായും നാം അവരിൽ ജാഗ്രതപ്പെ ടുത്തുന്നവരെ അയച്ചു" (37: 72,73).*

إِنَّمَا أَنتَ مُنذِرٌ

*"നീ ഒരു താക്കീതുകാരൻ മാത്രമാകുന്നു" (13:8)*

قُلْ إِنَّمَا أَنَا مُنذِرٌ

*"പറയുക, ഞാൻ ഒരു താക്കീതുകാരൻ മാത്രമാണ്" (38:66)*

ഇങ്ങനെ ഖുർആനിൽ പലേടങ്ങളിലും 'നദീർ, മുൻദീർ' എന്നീ പദങ്ങൾ പ്രവാചകന്മാരെക്കുറിച്ചു പ്രയുക്തമായിരിക്കുന്നതായി കാണാം.

മുകളിൽ ഉദ്ധരിച്ച രണ്ട് ആയത്തുകളിലും അല്ലാഹു അവന്റെ കല്പനയിൽ നിന്നുള്ള വചനങ്ങളിറക്കുന്നതാണെന്നും പറഞ്ഞു കൊണ്ടു 'നദീ'റും, 'മുൻദീറു'മായ പ്രവാചകന്റെ ആവിർഭാവം നബി തിരുമേനിﷺക്കുശേഷം കേവലം നിലച്ചുപോയിരിക്കുന്നു എന്ന വിശ്വാസം അബദ്ധമാണെന്നാണ് ഖുർആൻ മനസ്സിലാക്കിത്തരു ന്നത്.

മേൽ രണ്ട് ആയത്തുകളിലും മനുഷ്യരെ ജാഗ്രതപ്പെടുത്താൻ നിയുക്തരാകുന്നവരുടെ പ്രത്യേക പ്രബോധനം അല്ലാഹുവിന്റെ

തൗഹീദിനെക്കുറിച്ചായിരിക്കുമെന്നു ഖുർആൻ പറയുന്നു. അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനില്ലെന്നും മനുഷ്യർ അവ നോടു ഭയഭക്തിയുള്ളവരായിരിക്കേണ്ടതാണെന്നുമായിരിക്കും അവ രുടെ ഉപദേശമെന്ന് ആദ്യത്തെ വാക്യത്തിലും അല്ലാഹുവിനെ ദർശിക്കുന്ന അന്ത്യനാളിനെക്കുറിച്ചു ജാഗ്രതപ്പെടുത്തുന്നവരായി രിക്കും അവരെന്നു രണ്ടാമത്തെ ആയത്തിലും പറഞ്ഞിരിക്കുന്നു. ഇതിൽനിന്നു മനസ്സിലാകുന്നത് അവരുടെ പ്രത്യേക പ്രബോധനം അല്ലാഹു ഒരുവനുണ്ടെന്നും ഏവരും അവനെ മാത്രമേ ആരാധി ക്കാവൂ എന്നും എല്ലാവരും അവങ്കലേക്കു തിരിച്ചു ചെല്ലേണ്ടവരാ കയാൽ അവനോടു ഭയഭക്തിയുള്ളവരായിരിക്കുകയും അവന്റെ കല്പനകൾ അനുസരിക്കുകയും ചെയ്യേണ്ടതാണെ. പ്രവാചകന്മാ രുടെ ആവിർഭാവത്തിന്റെ പ്രഥമവും പ്രധാനവുമായ ഉദ്ദേശ്യം അല്ലാഹുവിന്റെ തൗഹീദിനെ പ്രബോധിക്കുകയും മനുഷ്യഹൃദ്യ ങ്ങളിൽ ദൈവവിശ്വാസത്തെ രൂഢമൂലമാക്കുകയും ചെയ്കയെന്ന താണെന്നു ഖുർആൻ സ്പഷ്ടമാക്കിത്തരുന്നു.

وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولًا أَنِ اعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ

*"നിശ്ചയമായും നാം ഓരോ സമുദായത്തിലും ദൂതനെ അയ ച്ചു. നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുകയും ദുർദേവതകളെ വർജ്ജിക്കുകയും ചെയ്യുവിൻ എന്ന് ഉപദേശിക്കാൻ വേണ്ടി (26:37)*

ഓരോ പ്രവാചകന്റേയും പ്രഥമ പ്രബോധനം

اعْبُدُوا اللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُ

*"നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ. അവനല്ലാതെ നി ങ്ങൾക്കു മറ്റൊരു ദൈവമില്ല" (7:60)* എന്നും

فَاتَّقُوا اللَّهَ وَأَطِيعُونِ

*"നിങ്ങൾ അല്ലാഹുവിനോടു ഭയഭക്തിയുള്ളവരായിരിക്കുക യും എന്നെ അനുസരിക്കുകയും ചെയ്യുവിൻ" (26:109)* എന്നും ആയിരുന്നുവെന്നും ഖുർആൻ പറയുന്നു. ഇങ്ങനെ പ്രവാചക

നിയോഗത്തിന്റെ പ്രഥമവും പ്രധാനവുമായ ഉദ്ദേശ്യം ഏകദൈവ സിദ്ധാന്തത്തെ സ്ഥാപിക്കുക എന്നതാണെന്നു വിശുദ്ധ ഖുർആനിൽ പല സ്ഥലങ്ങളിലും പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. അല്ലാഹു പ്രത്യേക വെളിപാടിറക്കുന്ന ആ വരിഷ്ഠദാസന്മാർ അല്ലാഹുവിന്റെ ഏകത്വത്തെക്കുറിച്ചു പ്രബോധിക്കുമെന്നും അവർ ജനങ്ങളെ ദൈവശിക്ഷയെ കുറിച്ച് തീക്കീതു ചെയ്യുന്നവരായിരിക്കുമെന്നും പറഞ്ഞുകൊണ്ട് അവർ പ്രവാചകന്മാരായിരിക്കുമെന്നാണ് മേൽ രണ്ടായത്തുകൾ മുഖേന ഖുർആൻ നമുക്ക് മനസ്സിലാക്കിത്തരുന്നത്. ആകയാൽ, ഈ ഖുർആൻ വാക്യങ്ങളനുസരിച്ച് നബി തിരുമേനിﷺക്കു ശേഷം പ്രവാചകനു വരാമെന്നു വിശ്വസിക്കുന്നവർ ഖുർആന്റെ പാഠം സ്വീകരിക്കുന്നു. ഖുർആനിൽ ആത്മാർഥമായി വിശ്വസിക്കുന്നവരാണെങ്കിൽ അപ്രകാരംതന്നെയാണവർ ചെയ്യേണ്ടിയിരുന്നതും. ഇങ്ങനെ, വിശുദ്ധ ഖുർആനിലെ പല വാക്യങ്ങളും പ്രവാചകാവിർഭാവം നിലച്ചിട്ടില്ലെന്നു വ്യക്തമാക്കിത്തരുമ്പോൾ ആ പാഠത്തിനു വിപരീതമായ ഒരർത്ഥം 'ഖാത്തമുന്നബിയ്യീൻ' എന്നതിനു നല്കുവാൻ ഖുർആനിൽ വിശ്വസിക്കുന്നവർക്ക് എങ്ങനെ കഴിയും?

## ആറ്

പ്രവാചകനിയോഗത്തെ സംബന്ധിച്ച അല്ലാഹുവിന്റെ സനാതനമായ നിയമം നിലച്ചുപോയിട്ടില്ലെന്നും അവന്റെ ദാസന്മാരിൽനിന്നു അവൻ ഇച്ഛിക്കുന്നവർക്കു നുബുവ്വത്താകുന്ന അനുഗ്രഹം നല്കുന്നതാണെന്നും വിശുദ്ധഖുർആൻ മറ്റൊരു ആയത്തു മുഖേന ഇപ്രകാരം മനസ്സിലാക്കിത്തരുന്നു:

ذٰلِكَ هُدَى اللّٰهِ يَهْدِىْ بِهٖ مَنْ يَّشَآءُ مِنْ عِبَادِهٖ

*"ഇതു അല്ലാഹുവിന്റെ മാർഗ്ഗദർശനമാണ്. അവൻ തന്റെ ദാസന്മാരിൽനിന്നു താൻ ഇച്ഛിക്കുന്നവരെ അതുമൂലം മാർഗ്ഗദർശനം ചെയ്യുന്നതാണ്"*

ആറാം സൂറ 89-ാം വാക്യമാണിത്. ഇതിനുമുമ്പ് 84 മുതൽ 87 വരെയുള്ള വാക്യങ്ങളിൽ 18 പ്രവാചകന്മാരെക്കുറിച്ച് അവരുടെ പേർ എടുത്തുപറഞ്ഞുകൊണ്ടു പ്രത്യേകനിലയിൽ പ്രസ്താവിച്ചതിനെ തുടർന്ന് 88-ാം വാക്യത്തിൽ ഇങ്ങനെ പറയുന്നു:

وَمِنْ اٰبَآئِهِمْ وَذُرِّيّٰتِهِمْ وَاِخْوَانِهِمْ ۚ وَاجْتَبَيْنٰهُمْ

وَهَدَيْنٰهُمْ اِلٰى صِرَاطٍ مُّسْتَقِيْمٍ ﴿٨٨﴾

*"അവരുടെ പിതാക്കളിൽനിന്നും സന്തതികളിൽനിന്നും അവരുടെ സഹോദരങ്ങളിൽനിന്നും നാം അവരെ തിരഞ്ഞെടുക്കുകയും നേർമാർഗ്ഗത്തിലേക്കു അവരെ മാർഗ്ഗദർശനം ചെയ്യുകയും ചെയ്തു."* ഈ വാക്യത്തെത്തുടർന്നാണ്

ذٰلِكَ هُدَى اللّٰهِ يَهْدِىْ بِهٖ مَنْ يَّشَآءُ مِنْ عِبَادِهٖ

*"ഇത് അല്ലാഹുവിന്റെ മാർഗ്ഗദർശനമാണ്. അവൻ തന്റെ ദാസരിൽ നിന്നു താൻ ഇച്ഛിക്കുന്നവരെ അതുമൂലം മാർഗദർശനം ചെയ്യുന്നതാണ്"* എന്നു പറഞ്ഞിരിക്കുന്നത്.

ഇവിടെ ചില പ്രവാചകന്മാരെക്കുറിച്ച് പ്രത്യേകനിലയിലും മറ്റു ള്ളവരെപ്പറ്റി സമഷ്ടിയായും പ്രസ്താവിച്ചതിനെ തുടർന്നാണ്, അല്ലാഹു ഇച്ഛിക്കുന്ന തന്റെ ദാസന്മാർക്ക് ഈ മാർഗദർശനം നല്കുന്നതാണെന്ന് പറഞ്ഞിരിക്കുന്നത്. എപ്രകാരം നബിതിരു മേനിﷺക്കു മുമ്പുള്ളവരിൽ നിന്ന് അല്ലാഹു ഇഷ്ടപ്പെട്ട ദാസന്മാരെ പ്രവാചകന്മാരായി തിരഞ്ഞെടുക്കുകയും അവർക്കു മാർഗ ദർശനം നല്കുകയും ചെയ്തുവോ അപ്രകാരം തിരുനബിക്കു ശേഷവും അവൻ ഇഷ്ടപ്പെടുന്ന ദാസന്മാർക്ക് നുബുവ്വത്താകുന്ന മർഗദർശനം നല്കുന്നതാണ് എന്നു സിദ്ധിച്ചു. പൂർവകാലത്തു തന്റെ ദാസന്മാരിൽ അവൻ ഇച്ഛിക്കുന്നവരെ തിരഞ്ഞെടുക്കുകയും അവരെ തന്റെ അമൃതഭാഷണം കൊണ്ടനുഗ്രഹിക്കുകയും അവൻ ഇച്ഛിച്ചവിധം അവർക്ക് മാർഗദർശനം നല്കുകയും ചെയ്തതു പോലെ ഭാവിയിൽ ഒരിക്കലും ചെയ്യുന്നതല്ലെന്നാണ് അല്ലാഹു വിന്റെ തീരുമാനമെങ്കിൽ, പൂർവപ്രവാചകന്മാർക്കു നല്കിയതു പോലെ ഇച്ഛിക്കുന്നവർക്ക് ഹിദായത്തു നല്കുന്നതാണെന്ന് ഇവിടെ പറയുമായിരുന്നില്ല. എന്നാൽ, അപ്രകാരമുള്ള മാർഗ ദർശനം ഇനിയും നല്കുന്നതാണെന്നു പ്രസ്താവിച്ചു കൊണ്ട് ആ നിയമം നിലച്ചുപോയിട്ടില്ലെന്നാണ് ഈ വാക്യം മനസ്സിലാ ക്കിത്തരുന്നത്. പ്രവാചകനിയോഗത്തെ സംബന്ധിച്ച നിയമം ദുർബലപ്പെട്ടുപോയതാണെന്നു പറയുന്നതിനുപകരം ഖുർആ നിൽ പല സ്ഥലങ്ങളിലും അത് ബലത്തിലിരിക്കുന്നുതാണെന്ന് പല പ്രകാരത്തിലും മനസ്സിലാക്കിത്തരുമ്പോൾ, നബിﷺ തിരു മേനിക്കുശേഷം നുബുവ്വത്താകുന്ന അനുഗ്രഹം അല്ലാഹു ആർക്കും തന്നെ നല്കുകയില്ലെന്നും ഖാത്തമുന്നബിയ്യീൻ എന്ന തിന്റെ വിവക്ഷ, നബി ﷺ തിരുമേനിക്കുശേഷം ഒരു നബിയും നിയോഗിക്കപ്പെടുകയില്ലെന്നാണെന്നും പറയുന്നതു തീർച്ച യായും ഖുർആന്റെ അധ്യാപനത്തിനും പാഠത്തിന്നും നിരക്കാ ത്തതാണ്.

6-ാം സൂറത്തിലെ 84 മുതൽ 87 വരെയുള്ള വാക്യങ്ങളിൽ പ്രസ്താവിക്കപ്പെട്ട 18 പ്രവാചകന്മാരിൽ ബഹുഭൂരിഭാഗവും

പ്രത്യേകം പ്രത്യേകം ന്യായപ്രമാണത്തോടുകൂടിയവരായിരുന്നില്ല. നിലവിലുള്ള ന്യായപ്രമാണത്തെ വീണ്ടും പ്രബോധിക്കുവാനും അതിലേക്ക് തങ്ങളുടെ സമുദായത്തെ ക്ഷണിക്കാനും നിയോഗിക്കപ്പെട്ടവരായിരുന്നു. ഈ സംഗതി ഖുർആൻ ഭാഷ്യകാരന്മാർ സുവ്യക്തം പ്രസ്താവിച്ചിട്ടുമുണ്ട്. ആകയാൽ, ഹിദായത്തു നല്കും എന്നു പറഞ്ഞതുകൊണ്ട് അവർക്ക് ന്യായപ്രമാണം നല്കുമെന്നാണർഥമെന്നു പറഞ്ഞുതള്ളാവുന്നതല്ല. ഓരോ നബിയും ഹാദി തന്നെ. പക്ഷേ, എല്ലാവരും പ്രത്യേകം പ്രത്യേകം ശരീഅത്തോടു കൂടിയ ഹാദിമാരായിരുന്നില്ല.

ഇവിടെ അവൻ ഇഷ്ടപ്പെടുന്നവർക്ക് നേർമാർഗം (ഹിദായത്ത്) നൽകും എന്നാണ് പറഞ്ഞിരിക്കുന്നതെന്നും, നുബുവ്വത്തിന്റെ അനുഗ്രഹമാകുന്ന മാർഗദർശനം അവൻ ഇച്ഛിക്കുന്നവർക്കു നൽകുമെന്നല്ല, മറിച്ചു പ്രവാചകൻ മുഖേന മറ്റുള്ളവർക്കു നേർമാർഗം നല്കും എന്നാണ് ഇതിന്റെ താത്പര്യം എന്നും ആകയാൽ, ഇതു പ്രവാചകത്വ നിയോഗനിയമം ബലത്തിലിരിക്കുന്നുണ്ടെന്നതിലേക്കു രേഖയാകുന്നില്ലെന്നും ചിലർക്കൊരു സംശയമുണ്ടായേക്കാം. എന്നാൽ, ഈ വാക്യത്തിനു മുമ്പു പ്രസ്താവിക്കപ്പെട്ടിരിക്കുന്നതുതന്നെ പ്രവാചകന്മാരെക്കുറിച്ചും അവരെ തിരഞ്ഞെടുക്കുകയും അവർക്കു മാർഗദർശനം നല്കുകയും ചെയ്തതിനെപ്പറ്റിയുമാണ്. അതിനെ തുടർന്നാണ് ഈ ഹിദായത്ത് (മാർഗദർശനം) അവൻ ഇച്ഛിക്കുന്ന തന്റെ ദാസന്മാർക്ക് നൽകുന്നതാണെന്ന് പ്രസ്താവിച്ചിരിക്കുന്നത്. ആകയാൽ ഇവിടെ പ്രവാചകന്മാർ മുഖേന സാമാന്യജനങ്ങൾക്ക് ലഭിക്കുന്ന മാർഗദർശനത്തെക്കുറിച്ചല്ല, പ്രവാചകന്മാർക്ക് ലഭിക്കുന്ന നുബുവ്വത്തിനെക്കുറിച്ചാണ് വിവരിക്കപ്പെടട്ടിരിക്കുന്നതെന്നത് വ്യക്തമാണ്. മുമ്പ് പറഞ്ഞതു പ്രവാചകന്മാരെക്കുറിച്ചല്ലാതിരിക്കുകയും തുടർന്നുള്ള വാചകത്തിൽ ജനങ്ങൾക്കു സമഷ്ടിയായി ലഭിക്കുന്ന മാർഗദർശനത്തെക്കുറിച്ചാണെന്നു സൂചിപ്പിക്കപ്പെട്ടിരിക്കുകയും ആണെങ്കിൽ, പ്രവാചകന്മാർക്ക് ലഭിക്കുന്ന ഹിദായത്തല്ല, പ്രവാചകന്മാർ മുഖേന ജനങ്ങൾക്ക് ലഭിക്കുന്ന ഹിദായത്താണ് ഈ വാക്യം

കൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന് കരുതാമായിരുന്നു. എന്നാൽ, അങ്ങനെ കരുതാവുന്ന സൂചനപോലും ഇല്ലെന്നുവരുമ്പോൾ, പൂർവ്വപ്രവാചകന്മാർക്ക് ലഭിച്ചതുപോലെ ഹിദായത്തു അഥവാ നുബുവ്വത്ത് നബിതിരുമേനിക്കുശേഷം ദൈവദാസരിൽ അല്ലാഹു ഇച്ഛിക്കുന്നവർക്ക് നല്കപ്പെടുമെന്നുതന്നെയാണ് ഇതിന്റെ അർത്ഥമെന്നു കരുതേണ്ടിയിരിക്കുന്നു.

## ഏഴ്

പ്രവാചകനിയോഗത്തെ സംബന്ധിച്ച അല്ലാഹുവിന്റെ നിയമം നിർത്തൽ ചെയ്യപ്പെട്ടിട്ടില്ലെന്നു ഖുർആൻ മനസ്സിലാക്കിത്തരുന്നതായുള്ള മറ്റൊരു തെളിവ് പ്രവാചകനിയോഗത്തെ മഴയോടുപമിച്ചുകൊണ്ടുള്ള ദൈവവചനങ്ങളാണ്. ഭൂമി വരണ്ടു നിർജ്ജീവാവസ്ഥയെ പ്രാപിക്കുമ്പോൾ ദൈവം ആകാശത്തിൽ നിന്നും വെള്ളം ഇറക്കി ഭൂമിയെ ജീവിപ്പിക്കുന്നതുപോലെ, മനുഷ്യർ ദൈവത്തിൽനിന്നകലുകയും അവരുടെ ഹൃദയത്തിൽ ദൈവബോധവും അദ്ധ്യാത്മികതയും ആകുന്ന വെള്ളം വറ്റിവരണ്ടുപോകുകയും ചെയ്യുന്ന കാലത്താണ്, അവൻ ആത്മീയജലം ഇറക്കി അവയെ ജീവിപ്പിക്കുന്നു എന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. ഈ നിയമത്തെ നബിﷺ തിരുമേനിയുടെ സത്യദൗത്യത്തിലേക്കു സാക്ഷ്യമായി ഖുർആൻ പല സ്ഥലങ്ങളിലും ഉദാഹരിച്ചുപറഞ്ഞിട്ടുണ്ട്. അല്ലാഹു ഖുർആനിൽ ഒരിടത്തു ഇങ്ങനെ പറയുന്നു:

وَاللّٰهُ اَنْزَلَ مِنَ السَّمَآءِ مَآءً فَاَحْيَا بِهِ الْاَرْضَ بَعْدَ مَوْتِهَا ؕ اِنَّ فِىْ ذٰلِكَ لَاٰيَةً لِّقَوْمٍ يَّسْمَعُوْنَ ۝٦٦

*“അല്ലാഹു ആകാശത്തിൽനിന്ന് വെള്ളം ഇറക്കി. അങ്ങനെ അതുമൂലം ഭൂമിയെ അതിന്റെ മരണശേഷം അവൻ ജീവിപ്പിച്ചു. തീർച്ചയായും കേൾക്കുന്ന ജനത്തിനു ഇതിൽ ദൃഷ്ടാന്തമുണ്ട്” (16:66)*

ഈ വാക്യത്തിൽ തിരുനബിﷺയിൽ അല്ലാഹു അവന്റെ അമൃതഭാഷണം ചൊരിയുകയും ആ ദിവ്യാത്മാവിനെ തന്റെ ദൂതനായി നിയോഗിക്കുകയും ചെയ്തതിനെ ആകാശത്തിൽനിന്നു മഴ പെയ്യിക്കുന്നതിനോടുപമിച്ചു പറഞ്ഞിരിക്കുകയാണ്. ഈ വാക്യത്തിനു മുമ്പിലുള്ള വാക്യങ്ങളിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നത് പൂർവ്വ

സമുദായങ്ങളിൽ പ്രവാചകന്മാർ നിയോഗിക്കപ്പെട്ടതിനേയും തിരുനബിക്കു ഖുർആൻ നല്കപ്പെട്ടതിനേയും കുറിച്ചാണ്. അതിനെ തുടർന്നാണ് മേലുദ്ധരിച്ച ഉദാഹരണവാക്യം അല്ലാഹു പറയുകയും ശ്രദ്ധാപൂർവ്വം കേൾക്കുന്നവർക്കു അതിൽ പാഠമുണ്ടെന്നുൽബോധിപ്പിക്കുകയും ചെയ്തിരിക്കുന്നത്. വരണ്ടുകിടക്കുന്ന ഭൂമിക്കു മഴവെള്ളം ജീവസ്സും ചൈതന്യവും നല്കുന്നതുപോലെ, അന്ധവിശ്വാസവും അനാചാരവും അധർമ്മവുമാകുന്ന ഉഷ്ണപാദത്താൽ വരണ്ടു നിർജ്ജീവമായിത്തീർന്ന മനുഷ്യഹൃദയങ്ങളെ ദിവ്യവെളിപാടാകുന്ന ആത്മീയ വൃഷ്ടിമുഖേന ദൈവം സജീവങ്ങളാക്കിത്തീർക്കുന്നു എന്നാണ് ഇതിൽനിന്നു മനസ്സിലാകുന്നത്. വീണ്ടും ഖുർആൻ പറയുന്നു:

أَلَمْ تَرَ أَنَّ اللَّهَ أَنزَلَ مِنَ السَّمَاءِ مَاءً فَأَخْرَجْنَا بِهِ
ثَمَرَاتٍ مُّخْتَلِفًا أَلْوَانُهَا ۚ وَمِنَ الْجِبَالِ جُدَدٌ
بِيضٌ وَحُمْرٌ مُّخْتَلِفٌ أَلْوَانُهَا وَغَرَابِيبُ سُودٌ ﴿٢٨﴾
وَمِنَ النَّاسِ وَالدَّوَابِّ وَالْأَنْعَامِ مُخْتَلِفٌ
أَلْوَانُهُ كَذَٰلِكَ ۗ إِنَّمَا يَخْشَى اللَّهَ مِنْ عِبَادِهِ الْعُلَمَاءُ ۗ
إِنَّ اللَّهَ عَزِيزٌ غَفُورٌ ﴿٢٩﴾

*"നീ കണ്ടില്ലേ? അല്ലാഹു ആകാശത്തിൽ നിന്നു വെള്ളമിറക്കി അങ്ങനെ നാം അതുമുഖേന വിവിധ വർണ്ണങ്ങളോടു കൂടിയ ഫലങ്ങളെ ഉല്പാദിപ്പിച്ചു. മലകളിൽ ചിലത് വെളുത്തവയും ചുവന്നവയും വിവിധ നിറങ്ങളോടുകൂടിയതുമായ വഴികളോടു കൂടിയവയാണ്. ചിലത് വളരെ കറുത്ത നിറമുള്ളവയും. മനുഷ്യരിലും ജീവികളിലും കന്നുകാലികളിലും അതുപോലെ തന്നെ വിവിധങ്ങളായ വർണ്ണങ്ങളോടുകൂടിയവയുണ്ട്. നിശ്ചയമായും അല്ലാഹുവിനെ ഭയപ്പെടുന്നത് അവന്റെ ദാസന്മാ*

*രിൽനിന്നുള്ള ജ്ഞാനികളത്രെ. തീർച്ചയായും അല്ലാഹു പ്രതാപവാനും ക്ഷമിച്ചുകൊടുക്കുന്നവനുമാകുന്നു" (35: 28, 29).*

ഈ വാക്യങ്ങൾക്കു മുമ്പിലുള്ള വാക്യങ്ങളിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്, നബിതിരുമേനിﷺയെ അല്ലാഹു നിയോഗിച്ചതിനെയും മുമ്പ് നിയോഗിക്കപ്പെട്ട പ്രവാചകന്മാരെ എതിരാളികൾ കള്ളന്മാരെന്ന് വിധിക്കുകയും അവരുടെ ദൗത്യത്തെ നിഷേധിക്കുകയും ചെയ്തതുപോലെ. തിരുനബിﷺയെ കള്ളവാദിയെന്നു വിധിക്കുകയും തിരുമേനിയുടെ ദൗത്യത്തെ നിരാകരിക്കുകയും ചെയ്യുന്നതിനേയും കുറിച്ചാണ്. തുടർന്നു പറയുന്നത് അല്ലാഹു ആകാശത്തിൽനിന്നു വെള്ളമിറക്കി പലവിധ കനിവർഗങ്ങളും ഉല്പാദിപ്പിക്കുന്നു എന്നും മനുഷ്യർക്കും ജീവജാലങ്ങൾക്കും ആ വെള്ളം ജീവസന്ധാരണത്തിനു നിദാനമായിത്തീരുന്നുവെന്നും മറ്റുമാണ്. കൂടാതെ, ജ്ഞാനികളാണ് ദൈവത്തെ ഭയപ്പെടുന്നത് എന്നു പറഞ്ഞുകൊണ്ടു ദൈവത്തിന്റെ ഈ പ്രപഞ്ചനിയമത്തെക്കുറിച്ചു ചിന്തിക്കുന്നവർ തത്തുല്യമായ ആത്മീയ നിയമത്തെക്കുറിച്ചും ചിന്തിക്കുകയും അതിൽ വിശ്വസിക്കുകയും ചെയ്തുകൊണ്ട് ദൈവത്തോടു ഭയഭക്തിയുള്ളവരായിത്തീരാൻ സാധിക്കുമെന്നും ഖുർആൻ സൂചിപ്പിച്ചിരിക്കുന്നു. ഈ പ്രസ്താവനയെ തുടർന്നുള്ള ആയത്തുകളിലും ഗ്രന്ഥം ഓതുകയും സൽകർമം ചെയ്യുകയും ചെയ്യുന്നവർക്കു മഹത്തായ പ്രതിഫലം കിട്ടുമെന്നും നബിതിരുമേനിﷺക്കു അല്ലാഹു നല്കിയ വഹ്‌യ് സത്യമാണെന്നും പ്രസ്താവിച്ചിരിക്കുന്നതായി കാണാം. ഇങ്ങനെ വിശുദ്ധ ഖുർആനിൽ അല്ലാഹുവിങ്കൽനിന്നു പ്രവാചകന്മാർ നിയോഗിക്കപ്പെട്ടതിനെ ഭൂമിയുടെ വരൾച്ചയ്ക്കുശേഷം മഴ വർഷിക്കുമാറാകുന്നതി നോടുപമിച്ചു പറഞ്ഞിട്ടുള്ളതായി ഖുർആനിൽ പല സ്ഥലങ്ങളിലും കാണാവുന്നതാണ്. പ്രവാചക നിയോഗത്തെ സംബന്ധിച്ച ദൈവികനിയമം നിർത്തലായിട്ടില്ലെന്നതിലേക്ക് ഖണ്ഡിതമായ ഒരു രേഖയാണ് ഉപമാരൂപത്തിലുള്ള ഇത്തരം പ്രസ്താവനകൾ. പ്രവാചക നിയോഗത്തിനു വർഷാഗമം ഒരുപമയായിത്തീരുന്നില്ലെങ്കിൽ ഖുർആന്റെ പ്രസ്താവന അർത്ഥരഹിതവും അസ്ഥാനത്തും

ആണെന്നു പറയേണ്ടിവരുന്നതാണ്. ഖുർആന്റെ വിവരണം ശരിയാണെന്നു വരുമ്പോൾ, എപ്രകാരം മഴമുഖേന ഭൂമിയെ ജീവിപ്പിക്കുകയെന്ന നിയമം പ്രവർത്തനത്തിലിരിക്കുന്നതാണോ അപ്രകാരംതന്നെ ആത്മീയവർഷം മുഖേന ആത്മാക്കളെ ജീവിപ്പിക്കുകയെന്ന നിയമവും ദുർബലപ്പെട്ടുപോയിട്ടില്ലെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഖുർആൻ ഈ ഉദാഹരണം നല്കിയിരിക്കുമ്പോൾ, പ്രവാചകനിയോഗം നിലച്ചുപോയിട്ടുണ്ടെന്നും ഇനി പ്രവാചകന്മാർ ഉണ്ടാകയില്ലെന്നും പറയുന്നതു സ്വീകാര്യമായിരിക്കണമെങ്കിൽ മഴ പെയ്യുന്നതു നിലച്ചിരിക്കുകയോ അഥവാ തിരുമേനിയുടെ ആവിർഭാവത്തിനുശേഷം മനുഷ്യർക്കു ആത്മീയവരൾച്ച ബാധിക്കുകയില്ലെന്നും ബാധിച്ചിട്ടില്ലെന്നും വരികയോ വേണം. എന്നാൽ മഴ പെയ്യൽ നിലച്ചുപോയിട്ടില്ല. മനുഷ്യരാണെങ്കിൽ; മറ്റുള്ളവർ പോകട്ടെ മുസ്ലിംകൾതന്നെ, ആത്മീയമായി ജീവനറ്റുകിടക്കുകയുമാണ്. ആ സ്ഥിതിക്ക് ഖുർആനിൽ ആവർത്തിച്ചാവർത്തിച്ചു പ്രസ്താവിക്കപ്പെട്ട പ്രവാചകനിയോഗം നിലച്ചുപോയിട്ടുണ്ടെന്നുപറയാവുന്നതെങ്ങിനെ?

ഇന്നു ലോകത്തിന്റെ ധാർമികവും ആധ്യാത്മികവുമായ നില എങ്ങനെയിരിക്കുന്നു എന്നു വിവരിക്കേണ്ടതില്ല. തിരുനബി ﷺ വ്യക്തമായ നിലയിൽ പ്രവചിച്ചതുപോലെ ഇസ്‌ലാമിൽനിന്നും മുസ്‌ലിംകൾ ദൂരപ്പെട്ടുപോയെന്നും, അവർ യഹൂദ നസാറായ്ക്കു തുല്യരായിക്കഴിഞ്ഞിട്ടുണ്ടെന്നും ഇസ്‌ലാമിന്റെ പേരും ഖുർആന്റെ ലിപിയും മാത്രമെ ശേഷിക്കുന്നുള്ളുവെന്നും മുസ്‌ലിംകളിലുള്ള വിവിധ കക്ഷികളിലെ പണ്ഡിതന്മാരും നേതാക്കന്മാരുംതന്നെ സമ്മതിച്ചു പറഞ്ഞിട്ടുണ്ട്. ഉദാഹരണമായി ഞാൻ ചില പ്രസ്താവനകൾ മാത്രം ഉദ്ധരിക്കാം.

'അഹ്‌ലെഹദീസ്' കക്ഷിയുടെ വിശ്രുത നേതാവും പണ്ഡിതനുമായ നവാബ് സിദ്ദീഖ് ഹസൻഖാൻ സാഹിബ് ഇങ്ങനെ എഴുതിയിരിക്കുന്നു:

"ഇപ്പോൾ ഇസ്‌ലാമിന്റെ പേരും ഖുർആന്റെ ലിപിയും മാത്രമേ

അവശേഷിപ്പുള്ളൂ. പള്ളികൾ ബാഹ്യമായി ജനനിബിഡങ്ങളാണെങ്കിലും ഹിദായത്ത് കേവലം ശൂന്യങ്ങളത്രേ. ഈ ഉമ്മത്തിലെ ആലിംകൾ ആകാശത്തിങ്കീഴിൽ ഏറ്റവും ദുഷിച്ചവരാണ്. 'ഫിത്ന' അവരിൽ നിന്നുതന്നെ പുറപ്പെടുകയും അവരിലേക്കുതന്നെ മടങ്ങുകയും ചെയ്യുന്നു" (ഇഖ്തിറാബുസ്സാഅ. ഭാ. 12).

യഹൂദരുടെ നിലയെ വിവരിച്ചതിന്നുശേഷം മൗലവി സനാഉല്ലാഹ് സാഹിബ് അമൃതസരി ഇപ്രകാരം പറയുന്നു:

"ഇങ്ങനെയുള്ള ദുഷ്കർമ്മങ്ങളും നീചമായ സമ്പ്രദായങ്ങളും മുസ്ലിംകളിൽ പൊതുവേ വ്യാപിച്ചിരിക്കുകയാണ്. 'അല്ലാഹുവിന്റെ ഗ്രന്ഥമായ ഖുർആനെ ഉപേക്ഷിച്ചുകൊണ്ടു അവർ ദൈവഗ്രന്ഥത്തെ പുറംതള്ളിക്കളഞ്ഞിരിക്കുന്നു' എന്ന ഖുർആന്റെ പ്രസ്താവനയ്ക്കു ഇവർ പാത്രമായിത്തീർന്നിരിക്കുന്നു. കള്ള നിവേദനങ്ങളും നിരർഥകങ്ങളായ കഥകളും വിവരിക്കുന്ന രംഗമാണ് ഇപ്പോൾ നമ്മുടെ മിമ്പറുകൾ. വിശുദ്ധ ഖുർആൻ തനി ഉപദേശവും ഉപദേശാർഥം ഇറങ്ങിയ വചനങ്ങളുമാണ്. പരിശുദ്ധനബിﷺ എപ്പോഴും അതു ഓതിക്കൊണ്ടായിരുന്നു തന്റെ ഖുത്ബകളിൽ ജനങ്ങൾക്ക് ഉപദേശം നല്കിയിരുന്നത്. ആ ഗ്രന്ഥത്തിന്റെ ഇന്നത്തെ നിലയാണെങ്കിൽ ഖുത്ബകളിൽപോലും അതിന് സ്ഥാനമില്ല. 'എന്റെ നാഥാ എന്റെ ജനം ഈ ഖുർആനെ ഉപേക്ഷിച്ചുകളഞ്ഞിരിക്കുന്നു' എന്നു റസൂൽ ന്യായവിസ്താരനാളിൽ പറയും എന്നു പ്രസ്താവിക്കപ്പെട്ടതിൻവണ്ണമുള്ള കുറ്റം നമ്മുടെമേൽ ചുമത്തപ്പെടുമ്പോൾ കഷ്ടം, നാം എന്തു മറുപടി നല്കും?"

(തഫ്സീർ സനായി, വാള്യം 1, ഭാ. 73,74).

വീണ്ടും അദ്ദേഹം പറയുന്നു: "ഇതുതന്നെയാണ് ഇന്നത്തെ മുസ്ലിംകളുടെയും നില. അവരുടെ വിശ്വാസങ്ങളിലുള്ള തെറ്റുകളെക്കുറിച്ചാണെങ്കിൽ, ഈശ്വരേ രക്ഷതു!... ഏതേതു അബദ്ധവിശ്വാസങ്ങളെ ഖണ്ഡിക്കാനായാണോ അല്ലാഹു ആയിരക്കണക്കായ പ്രവാചകന്മാരെ അയച്ചുകൊണ്ടിരുന്നതു തികച്ചും അതേ തരത്തിലുള്ള വിശ്വാസങ്ങളാണ് നാമമാത്രമായ ഈ മുസ്ലിംകളും

സ്വീകരിച്ചിരിക്കുന്നത്. ഇതാണ് വിശ്വാസങ്ങളുടെ നില. കർമ്മങ്ങളെക്കുറിച്ചാണെങ്കിൽ ചോദിക്കുകയേ വേണ്ട... അഹോ, കഷ്ടം! ദൗർഭാഗ്യവശാൽ നാം ഇതെല്ലാം കാണേണ്ടതുണ്ടായിരുന്നു.'

(തഫ്സീർസനായി, വാള്യം 1, ഭാഗം. 87).

അദ്ദേഹം വീണ്ടും പറയുന്നു: "വിശുദ്ധ ഖുർആനിൽ യഹൂദികളെ സംബന്ധിച്ച് അവർ ഗ്രന്ഥത്തിന്റെ ഒരു ഭാഗം വിശ്വസിക്കുകയും ഒരു ഭാഗം വിശ്വസിക്കാതിരിക്കുകയും ചെയ്യുന്നുവെന്ന് ആക്ഷേപിക്കപ്പെട്ടിട്ടുണ്ട്. ഇന്ന് അഹ്ലെ ഹദീസുകളായ നമ്മളിൽ ഈ കുറ്റം പ്രത്യേകമായി കാണപ്പെടുന്നുവെന്നതു വ്യസനാവഹമാണ്."

(അഹ്ൽഹദീസ്, 1907, ഏപ്രിൽ 19. ഭാ.9).

പിന്നെയും അദ്ദേഹം പറയുന്നു: "നമ്മിൽ നിന്ന് വിശുദ്ധ ഖുർആൻ ഉയർന്നുപോയിരിക്കുന്നു എന്നതു സത്യമാണ്. പേരിനു മാത്രം നാം ഖുർആനിൽ വിശ്വസിക്കുന്നു. എന്നാൽ, ദൈവത്താണ സത്യം, ഹൃദയംകൊണ്ട് നാം അതിനെ വെറും സാധാരണവും നിരുപയോഗവുമായ ഒരു ഗ്രന്ഥമായിട്ടേ കണക്കാക്കുന്നുള്ളൂ"

(അഹ്ൽ ഹദീസ്, 14.6.1961, ഭാ. 6)

മൗലവി സനാഉല്ലാഹ് സാഹിബിന്റെ മേൽപ്രസ്താവനകളിൽനിന്നു വ്യക്തമാകുന്നത് ആയിരക്കണക്കിലുള്ള പ്രവാചകന്മാർ ഏതേതു അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും നിർമ്മാർജ്ജനം ചെയ്യാൻ വന്നുവോ അതെല്ലാം മുസ്ലിംകളിൽ തന്നെയുണ്ടെന്നാണ്. മാത്രമല്ല, അഹ്ൽഹദീസ് കക്ഷികൂടി യഹൂദികൾക്ക് തുല്യരായിക്കഴിഞ്ഞിരിക്കുന്നു എന്നാണദ്ദേഹം വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നത്. ഇതിൽനിന്നു വിശുദ്ധ ഖുർആനും ഹദീസ് ഗ്രന്ഥങ്ങളും നമ്മുടെ ഇടയിൽ ഉണ്ടായിരുന്നിട്ടും മുസ്ലിംകളുടെ ഹൃദയങ്ങൾ വരണ്ടുപോയിരിക്കുന്നു എന്നല്ലേ മനസ്സിലാകുന്നത്?

കവി സാർവഭൗമൻ അല്ലാമാ ഡോ. ഇഖ്ബാൽ ഇപ്രകാരം പാടുകയുണ്ടായി:

شور ہے ہوگئے دنیا سے مسلماں نابود     ہم یہ کہتے ہے کہ تھے بھی کہیں مسلماں موجود
وضع میں تم ہو نصاریٰ تو تمدن میں ہنود     یہ مسلماں ہیں جنہیں دیکھ کے شرمائیں یہود

"മുസ്ലിംകൾ ലോകത്തുനിന്നു തിരോധാനം ചെയ്യപ്പെട്ടുവെന്നു മുറവിളി കേൾക്കുന്നു. എന്നാൽ മുസ്ലിംകൾ എവിടെയെങ്കിലും ഉണ്ടായിരുന്നുവോ എന്നാണ് നാം ചോദിക്കുന്നത്. നിങ്ങൾ ആകൃതിയിൽ ക്രിസ്ത്യാനികളാണെങ്കിൽ നാഗരികതയിൽ ഹിന്ദുക്കളാണ്. ഈ മുസ്ലികംളെ കണ്ടിട്ട് യഹൂദികൾ പോലും നാണിച്ചു പോകുന്നു" (ബാങ്കെദറാ).

ഇങ്ങനെ വലിയ വലിയ പണ്ഡിതന്മാർ മാത്രമല്ല, അഹ്മദിയ്യത്തിന്റെ വൈരികൾ തന്നെയും ഇന്നത്തെ മുസ്ലിംകളുടെ നിലയെക്കുറിച്ചു വളരെയധികം വിലപിച്ചു പറഞ്ഞിട്ടുണ്ട്. ഉദാഹരണമായി ചിലതു മാത്രം ചേർത്തു എന്നേയുള്ളൂ. ഇങ്ങനെ, ഇസ്ലാമിന്റെ പേരും ഖുർആന്റെ ലിപികളും മാത്രം ശേഷിക്കുന്ന ഒരവസ്ഥ ഉണ്ടാവുകയും മുസ്ലിംകൾ, യഹൂദിനസാറാക്കൾ മുതലായ അമുസ്ലിംകളോടു സാദൃശ്യമുള്ളവരായിത്തീരുകയും ചെയ്തിരിക്കെ മുസ്ലിം ഹൃദയങ്ങൾ ആദ്ധ്യാത്മികമായി വരണ്ടുപോയിട്ടില്ല എന്നു എങ്ങനെ പറയാൻ സാധിക്കും. ഇങ്ങനെ, ആയിരക്കണക്കായ പ്രവാചകന്മാർ നിയുക്തരായിരുന്ന കാലഘട്ടങ്ങളോടു സദൃശമായ കാലമാണ് ഇതു എന്നു സമ്മതിക്കുമ്പോൾ, അങ്ങനെയുള്ള ഒരവസ്ഥയിൽ ആത്മീയവർഷം പെയ്യിക്കുകയെന്ന ദൈവീകനിയമവും തീർച്ചയായും പ്രവർത്തനത്തിൽ വരേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ ഖുർആന്റെമേൽ പ്രസ്താവന സത്യവിരുദ്ധമാണെന്നു വന്നുപോകും. ആകയാൽ, വിശുദ്ധ ഖുർആൻ സുരക്ഷിതാവസ്ഥയിലുള്ളതുകൊണ്ടു ഇനിയാരും ദൈവത്തിങ്കൽ നിന്നു വരേണ്ടതില്ലെന്നോ മനുഷ്യഹൃദയങ്ങൾ വരണ്ടുപോയയിട്ടല്ലെന്നോ പറഞ്ഞുകൂടാത്തതാണ്.

ഈ സംഗതി വിശുദ്ധ ഖുർആനിൽ നിന്നു മറ്റൊരു പ്രകാരത്തിലും മനസ്സിലാകുന്നുണ്ട്. ലോകത്തു അധാർമ്മികതയുടെ

അന്ധകാരം വ്യാപിക്കുകയും മനുഷ്യസമുദായത്തിന്റെ ആത്മീയ നില ദുഷിക്കുകയും ചെയ്യുമ്പോഴാണ് പ്രവാചക നിയോഗം ഉണ്ടാകുന്നതെന്നു ഖുർആൻ പറയുന്നു. ഈ നില തിരുമേനിﷺക്കു ശേഷം ഉണ്ടാവുകയില്ലെന്നു ഖുർആൻ പഠിപ്പിക്കുന്നില്ല. മറിച്ച്, മുസ്‌ലിംകൾ യഹൂദി നസാറാക്കളോട് തികച്ചും സദൃശരായി ഭവിക്കുമെന്നാണ് ഖുർആനും നബിവചനങ്ങളും മനസ്സിലാക്കിത്തരുന്നത്. ലോകത്ത് വഴികേടും അധർമവും വ്യാപിച്ചപ്പോഴാണ് പ്രവാചകന്മാർ നിയുക്തരായിട്ടുള്ളതെന്നതിനെക്കുറിച്ച് വിശുദ്ധ ഖുർആൻ പറയുന്നു:

وَلَقَدْ ضَلَّ قَبْلَهُمْ أَكْثَرُ الْأَوَّلِينَ ﴿٧٢﴾ وَلَقَدْ أَرْسَلْنَا فِيهِم مُّنذِرِينَ ﴿٧٣﴾

"തീർച്ചയായും അവർക്ക് മുമ്പ് പൂർവികരിൽ അധികവും വഴിപിഴച്ചുപോയിരുന്നു. തീർച്ചയായും അവരിൽ നാം മുന്നറിയിപ്പുകാരെ അയച്ചുകൊടുത്തു" (37:72,73). ഇവിടെ ജനങ്ങൾ വഴിപിഴച്ചുപോകുമ്പോൾ പ്രവാചകന്മാരെ അയക്കുകയെന്നതു അല്ലാഹുവിന്റെ ഒരു നിയമമെന്നോണമാണ് പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്. നബിതിരുമേനിﷺയുടെ നിയോഗത്തെപ്പറ്റി ഖുർആൻ പറയുന്നത്,

ظَهَرَ الْفَسَادُ فِي الْبَرِّ وَالْبَحْرِ بِمَا كَسَبَتْ أَيْدِي النَّاسِ

"മനുഷ്യരുടെ ദുഷ്ചെയ്തികൾ നിമിത്തം കരയിലും കടലിലും ഒരുപോലെ അധർമം വ്യാപിച്ചിരുന്നു" (30:42) എന്നാണ്.

ഇവിടെ കരയിലും കടലിലും എന്നു പറഞ്ഞിരിക്കുന്നതു ആലങ്കാരികമായിട്ടാണ്. മനുഷ്യരാകമാനം, അതായത് കുബേരരും കുചേലരും, പണ്ഡിതരും പാമരരും, ഗ്രന്ഥാവകാശികളും അല്ലാത്തവരും ആയ എല്ലാ ജനവിഭാഗങ്ങളും ഒരുപോലെ അധർമത്തിൽ മുഴുകിയിരുന്ന കാലമായിരുന്നു അതെന്നർഥം. ഇങ്ങനെ, വരൾച്ചക്കു ശേഷം ഉണ്ടാകുന്ന വർഷത്തോടു നുബുവ്വത്തിന്റെ ആവിർഭാവത്തെ വിവരിച്ചതുപോലെ ഇവിടെ അധർമത്തിന്റെ അന്ധകാരം വ്യാപിക്കുമ്പോൾ നുബുവ്വത്തിന്റെ വെളിച്ചം ഉദയം ചെയ്യുന്നു

എന്നാണ് ഖുർആൻ മനസ്സിലാക്കിത്തരുന്നത്. നബിതിരുമേനിﷺക്കുശേഷം പ്രവാചകനിയോഗം ഉണ്ടാവുകയില്ലെന്നു പറയുന്നതു ശരിയാകണമെങ്കിൽ, തിരുമേനിﷺക്കുശേഷം ആത്മീയ നിലയിലുള്ള അന്ധകാരം വ്യാപിക്കുകയില്ലെന്നു പറയേണ്ടിയിരിക്കുന്നു. എന്നാൽ, ആ അന്ധകാരം സർവ്വത്ര വ്യാപിച്ചിരിക്കുന്നതായി നുബുവ്വത്ത് നിലച്ചുപോയിരിക്കുന്നു എന്നു ഉച്ചത്തിൽ ഘോഷിക്കുന്നവർതന്നെ സമ്മതിച്ചു പറയുന്നുണ്ട്.

അല്ലാമ സയ്യിദ് സുലൈമാൻ സാഹിബ് നദ്‌വി ഈ ദൈവിക നിയമത്തെക്കുറിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു:

“ഭൂമുഖത്ത് പാപങ്ങളാകുന്ന അന്ധകാരവും ദുഷ്കൃത്യങ്ങളാകുന്ന ഇരുളും വ്യാപൃതമാകുമ്പോൾ അരുണോദയമുണ്ടാവുകയും നേർമാർഗമാകുന്ന സൂര്യൻ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. ലോകാരാമത്തിൽ തിന്മകളാകുന്ന ഉതിരുകാലം വ്യാപിക്കുമ്പോൾ ഋതുനില മാറുകയും നുബൂവ്വത്താകുന്ന വസന്തകാലം ഉദയം ചെയ്യുകയും ചെയ്യുന്നു” (സീറത്തുന്നബി, 3-ാം വാല്യം, ഭാ. 1-2).

ദൽഹിയിലെ ‘അൽ അമാൻ’ പത്രം പറയുന്നു:

“ലോകചരിത്രത്തിലെ തിളങ്ങുന്ന ഒരേട് ഇതാകുന്നു. ലോകം അന്ധവിശ്വാസങ്ങളുമായി അടുക്കുകയും യാഥാർത്ഥ്യങ്ങളിൽനിന്നു ദൂരപ്പെട്ടുപോകുകയും ചെയ്തപ്പോൾ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് ഒരു പരിഷ്കർത്താവ്, ഒരു മുസ്‌ലിഹ്, ഒരു നേതാവ്, നാട്ടിനോടും നാട്ടുകാരോടുമുള്ള അനുകമ്പാബോധത്തെ തന്നിലങ്കുരിപ്പിച്ചുകൊണ്ടു എഴുന്നേല്ക്കുകയും നാട്ടിനേയും നാട്ടുകാരേയും ഒരു കേന്ദ്രത്തിൽ ഒരുമിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ നാടു നാടാണെന്നും സമുദായം സമുദായമാണെന്നും പറയപ്പെടാനുള്ള അർഹത സിദ്ധിച്ച ആ കേന്ദ്രത്തിൽ കൊണ്ടുവരുന്നു. അതുപോലെതന്നെ മനുഷ്യജാതി അതിന്റെ യഥാർത്ഥ ആരാധ്യനിൽനിന്നു വിദൂരപ്പെട്ടു സൃഷ്ടിപൂജയോടു അടുക്കുകയും വഴികേടിനും അജ്ഞതയ്ക്കും നാശത്തിനും കുറിയായിത്തീരുകയും ചെയ്യുമ്പോൾ തീർച്ചയായും ഏതാകിലും ഒരു നബി നിയോഗിക്ക

പ്പെടുകയും അദ്ദേഹം ദൈവത്തിന്റെ ദാസന്മാരെ അവനോടു കൂടു തൽ കൂടുതൽ അടുപ്പിക്കാൻ അങ്ങേയറ്റം വരെ പരിശ്രമിക്കുകയും ചെയ്യുന്നു" (അൽ അമാൻ, 17-7-'32).

ഇങ്ങനെ അന്ധകാരത്തിനുശേഷം പ്രഭാതം ഉദയം ചെയ്യുകയും ഉതിരുകാലത്തിന്നുശേഷം വസന്തകാലം ആരംഭിക്കുകയും ചെയ്യുന്നതുപോലുള്ള അല്ലാഹുവിന്റെ ഒരു നിയമമാണ് ലോകം അധർമത്തിൽ ആണ്ടുപോകുമ്പോൾ പ്രവാചകന്മാരെ നിയോഗി ക്കുകയെന്നത് എന്നു ഒരു ഭാഗത്തു പണ്ഡിതന്മാർ ഉച്ചൈസ്തരം ഘോഷിക്കുന്നു. മറുഭാഗത്ത് ഇന്നത്തെ ലോകം അധർമത്തിലും അന്ധകാരത്തിലും മുഴുകിയിരിക്കുന്ന് എന്നു അവർ സമ്മതിക്കു കയും ചെയ്യുന്നു. ആയിരക്കണക്കായ പ്രവാചകന്മാർ എത്തരത്തി ലുള്ള അന്ധവിശ്വാസങ്ങളേയും അധർമങ്ങളേയും, അനാചാരങ്ങ ളേയും വിപാടനം ചെയ്യാൻ നിയുക്തരായിരുന്നുവോ അതേതര ത്തിലുള്ള അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അധർമങ്ങളും ഇന്നു ലോകത്ത് വീണ്ടും നടമാടുന്നു എന്നുപോലും അവർ പറ യുന്നു. എന്നാൽ, അതേ വിശ്വാസത്തിൽ തന്നെ, അതേ നാവു കൊണ്ടുതന്നെ, അവർ ഇനി ഒരു പ്രവാചകനും വരികയില്ലെന്നും വരേണ്ടതില്ലെന്നും ശഠിച്ചുപറയുകയും ചെയ്യുന്നു. എന്തുമാത്രം ആശ്ചര്യകരമായ ഒരു നിലവാരമാണിത്! ഏതാവശ്യം പരിഹരി ക്കാൻവേണ്ടി ആയിരക്കണക്കായ പ്രവാചകന്മാരെ അല്ലാഹു പൂർവ കാലങ്ങളിൽ നിയോഗിച്ചുകൊണ്ടിരുന്നുവോ അതേ ആവശ്യങ്ങളും സാഹചര്യങ്ങളും ഇന്നും ഉണ്ടെന്നു പറയുന്നവർതന്നെ പൂർവ കാലത്തു അതിന്റെ പരിഹാരാർഥം ഏതൊരു നിയമത്തെയാണോ അല്ലാഹു നടപ്പിൽ വരുത്തിയിരുന്നത് ആ നിയമം നിർത്തൽ ചെയ്തിരിക്കുന്നു എന്നാണ് പറയുന്നത്. അല്ലാഹുവിന്റെ നിയ മത്തെ ഇവരാണ് കൈകാര്യം ചെയ്യുന്നത്. അല്ലാഹുവിന്റെ അനു ഗ്രഹത്തെ തടയാൻ ഇവർ ശ്രമിക്കുന്നു! എന്നാൽ, വിശുദ്ധ ഖുർആൻ പലരൂപത്തിലും നമുക്ക് മനസ്സിലാക്കിത്തരുന്നത് ആ നിയമം നിർത്തലാക്കപ്പെട്ടിട്ടില്ലെന്നും മറ്റു നിയമങ്ങളെപ്പോലെ തന്നെ അതും ബലത്തിലിരിക്കുന്നുവെന്നുമാണ്.

# എട്ട്

പ്രവാചകനിയോഗത്തെ സംബന്ധിച്ച അല്ലാഹുവിന്റെ നിയമം നിർത്തൽ ആയിട്ടില്ലെന്നു തെളിയിക്കുന്ന മറ്റൊരു ഖുർആൻ വചനം ഇതാണ്: അല്ലാഹു പറയുന്നു:

مَا كُنَّا مُعَذِّبِينَ حَتَّىٰ نَبْعَثَ رَسُولًا

*"ഒരു പ്രവാചകനെ നിയോഗിക്കുന്നതുവരെ നാം ശിക്ഷിക്കുന്നതല്ല"* *(17:16)*

ഈ വാക്യത്തിൽനിന്നു വ്യക്തമാകുന്നത് അല്ലാഹു ലോകത്ത് ശിക്ഷ ഇറക്കുന്നതിന്നുമുമ്പ് പ്രവാചകനെ നിയോഗിച്ചയച്ച് അവരെ ഉണർത്തും എന്നാണ്. അങ്ങനെ ഭയങ്കരമായ ശിക്ഷയിറക്കുകയെന്ന ദൈവീകനിയമം പ്രവാചകനിയോഗത്തോടു ബന്ധിക്കപ്പെട്ടതാണെന്നാണ് ഈ ആയത്തിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നത്. അപ്പോൾ ഖുർആന്റെ ഈ പ്രസ്താവനയനുസരിച്ച് ലോകത്ത് അല്ലാഹുവിന്റെ ശിക്ഷയിറങ്ങുന്നതിനുമുമ്പ് ഒരു റസൂൽ അവതരിക്കേണ്ടതു അവന്റെ ചട്ടമാണെന്ന് സിദ്ധിക്കുന്നു. ആകയാൽ നബിതിരുമേനിﷺക്കുശേഷം ഒരു പ്രവാചകനും നിയുക്തനാകയില്ല എന്നു പറയണമെങ്കിൽ ലോകാവസാനംവരെ ലോകത്ത് അല്ലാഹുവിൽനിന്നുള്ള ശിക്ഷയും ഇറങ്ങുകയില്ലെന്നും സമ്മതിക്കേണ്ടിവരും. എന്നാൽ, തിരുമേനിയ്ക്കുശേഷം ലോകത്ത് ഭയങ്കരമായ ശിക്ഷയും നാശവും ഉണ്ടാവുന്നതല്ലെന്നല്ല, മറിച്ച് ഉണ്ടാവുന്നതാണെന്നാണ് ഖുർആൻ വ്യക്തമാക്കിത്തരുന്നത്. ഖുർആൻ പറയുകയാണ്:

وَإِن مِّن قَرْيَةٍ إِلَّا نَحْنُ مُهْلِكُوهَا قَبْلَ
يَوْمِ الْقِيَامَةِ أَوْ مُعَذِّبُوهَا عَذَابًا شَدِيدًا

*“ഖിയാമത്ത് നാളിന്നു മുമ്പ് നാം ഓരോ പട്ടണത്തേയും നശിപ്പിക്കുകയോ കഠിനമായി ശിക്ഷിക്കുകയോ ചെയ്യാതിരിക്കുകയില്ല”* *(17:59)*

ഈ വാക്യത്തിൽ ഓരോ പട്ടണത്തിന്നും ഖിയാമത്തിന്നുമുമ്പ് നാശമോ ഭയങ്കര ശിക്ഷയോ ഉണ്ടാവുന്നതാണെന്നാണ് അല്ലാഹു അരുളിയിരിക്കുന്നത്. ഇങ്ങനെ ഒരു ഭാഗത്തു, പ്രവാചകനിയോഗത്തിന്നു ശേഷമാണ് ദൈവം ശിക്ഷ ഇറക്കുകയെന്നും മറ്റൊരു ഭാഗത്തു ലോകവ്യാപകമായ തരത്തിൽ ഭയങ്കരമായ നാശവും ശിക്ഷയും ലോകത്തിറങ്ങുന്നതാണെന്നും പറഞ്ഞുകൊണ്ടു പ്രവാചകനിയോഗത്തെ സംബന്ധിച്ച ദൈവീകനിയമം ദുർബ്ബലപ്പെട്ടുപോയിട്ടില്ലെന്നാണ് ഖുർആൻ വ്യക്തമാക്കിത്തരുന്നത്. നബിതിരുമേനിയ്ക്കുശേഷം പ്രവാചകനിയോഗം ഉണ്ടാവുകയില്ലെന്നു സിദ്ധാന്തിക്കുന്നവർ ആ ദിവ്യാത്മാവിന്നു ശേഷം ലോകത്തു അന്ത്യനാൾവരെ ദൈവത്തിങ്കൽനിന്നുള്ള ഭയങ്കര ശിക്ഷ ഇറങ്ങുകയില്ലെന്നും സമ്മതിച്ചു പറയേണ്ടിണ്ടിയിരിക്കുന്നു. എന്നാൽ വിശുദ്ധഖുർആനിൽ വിശ്വസിക്കുന്നവർക്കു ഒരിക്കലുംതന്നെ അങ്ങനെ പറയാൻ നിവൃത്തിയില്ല. ദൈവശിക്ഷ ഇറങ്ങുന്നതിന്നു അല്ലാഹു പറഞ്ഞകാരണം പ്രവാചകനിയോഗമാണ്. ആ കാരണം സംഭവ്യമല്ലെങ്കിൽ അതിന്റെ കാര്യമായ ശിക്ഷ ഒരിക്കലും ഉണ്ടാവാൻ പാടുള്ളതല്ല. ആകയാൽ പ്രവാചകനിയോഗം നിശ്ചയമായും ഉണ്ടാകാമെന്നാണ് ഇതിൽനിന്നു മനസ്സിലാകുന്നത്. നബിതിരുമേനിയ്ക്കുശേഷം യാതൊരു തരത്തിലുള്ള പ്രവാചകനിയോഗവും ഉണ്ടാവുകയില്ല എന്നാണ് അല്ലാഹു തീരുമാനിച്ചതെങ്കിൽ വിശുദ്ധഖുർആനിൽ മേൽപ്രകാരം പറയുന്നതിനു പകരം ലോകത്തു ഇനി ദൈവത്തിങ്കൽനിന്നു ഭയങ്കരമായ ശിക്ഷ ഒരിക്കലുംതന്നെ ഉണ്ടാവുന്നതല്ല എന്നോ അഥവാ ദൈവത്തിങ്കൽനിന്നുള്ള ഭയങ്കരമായ ശിക്ഷ ഇറങ്ങുന്നതിന്ന് മുമ്പ് ഒരു റസൂൽ നിയുക്തനായിരിക്കേണ്ടതില്ല എന്നോ ആയിരിക്കും പ്രസ്താവിക്കേണ്ടിയിരുന്നത്. എന്നാൽ, ലോകത്തു ഒരു ഭയങ്കരമായ ശിക്ഷ ദൈവം ഇറക്കുന്നതാണെന്ന്. അങ്ങനെ ശിക്ഷയിറക്കുന്നതിന്ന് മുമ്പായി ദൈവം

പ്രവാചകനെ എഴുന്നേല്പിക്കുന്നതാണെന്നുമത്രെ ഖുർആൻ വ്യക്തമായി മനസ്സിലാക്കിത്തരുന്നത്.

വിശുദ്ധഖുർആൻ ഇപ്രകാരം പ്രസ്താവിക്കുമ്പോൾ നബി തിരുമേനിﷺയ്ക്കുശേഷം ഒരുതരത്തിലുള്ള നബിയും വെളിപ്പെടുന്നതല്ലെന്ന വിശ്വാസം ഖുർആനിക വിശ്വാസമല്ലെന്നതു സ്പഷ്ടമാണ്. ഖുർആൻ ഈ സംഗതി പല രൂപത്തിലും വിധത്തിലും മനസ്സിലാക്കിത്തരുന്നുണ്ടെങ്കിലും, പ്രവാചകനിയോഗം ഇനിമേലിൽ ഒരിക്കലും ഉണ്ടാവുകയില്ല എന്നു തീരുമാനിച്ചവർ ഖുർആന്റെ ഈ പ്രസ്താവനകളെയും അധ്യാപനങ്ങളെയും പൊരുളിക്കാതെ അലക്ഷ്യമാക്കുന്നതിൽ ആശ്ചര്യപ്പെടാനില്ലല്ലോ. ഖുർആന്റെ വ്യക്തമായ പാഠങ്ങൾ സ്വീകരിക്കുന്നവർക്കാകട്ടെ ആ പവിത്ര ഗ്രന്ഥത്തിന്റെ മറ്റു പാഠങ്ങളെയെന്നപോലെ ഈ പാഠത്തെയും സ്വീകരിക്കുകയേ നിർവ്വാഹമുള്ളൂ.

ഈ ആയത്തിൽ നാം പ്രവാചകനെ നിയോഗിക്കുന്നതുവരെ ശിക്ഷിക്കുകയില്ല എന്നു പറഞ്ഞതു ഇഹലോകത്തെ ശിക്ഷയെക്കുറിച്ചല്ലെന്നും പരലോകത്തെ ശിക്ഷയെപ്പറ്റിയാണെന്നും ചിലർ പറയാറുണ്ട്. എന്നാൽ, ഇവിടെ പരലോകത്തെ ശിക്ഷയെക്കുറിച്ചല്ല പറയപ്പെട്ടതെന്നു ആ വാക്യത്തിലെ പദഘടനതന്നെ വ്യക്തമാക്കിത്തരുന്നുണ്ട് ഒരു റസൂലിനെ നിയോഗിക്കുവോളം ശിക്ഷിക്കുന്നതല്ല എന്ന വാചകംതന്നെ മനസ്സിലാക്കിത്തരുന്നത് ഈ ലോകത്ത് ശിക്ഷ ഇറക്കുന്നതിനെക്കുറിച്ചുതന്നെയാണ് ആയത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നതെന്നാണ്. അല്ലെങ്കിൽ, ഒരു റസൂലിനെ അയക്കുവോളം എന്നു പറഞ്ഞതു നിരർത്ഥകമായിത്തീരുന്നതാണ്. മാത്രമല്ല, ആ വാക്യത്തെ തുടർന്നുകൊണ്ടു പ്രസ്താവിക്കപ്പെട്ട വാക്യവും ആ സംഗതി സൂര്യപ്രകാശംപോലെ സ്പഷ്ടമാക്കിത്തരുന്നുണ്ട്. അതിങ്ങനെയാണ്:

وَإِذَآ أَرَدْنَآ أَن نُّهْلِكَ قَرْيَةً أَمَرْنَا مُتْرَفِيهَا فَفَسَقُوا۟
فِيهَا فَحَقَّ عَلَيْهَا ٱلْقَوْلُ فَدَمَّرْنَٰهَا تَدْمِيرًا ﴿١٧﴾

*"നാം ഒരു നഗരത്തെ നശിപ്പിക്കാൻ ഉദ്ദേശിച്ചാൽ അതിലുള്ള മൂപ്പന്മാരോടു നാം കല്പിക്കുന്നു. പക്ഷെ അവർ അക്കാര്യത്തിൽ അനുസരണക്കേട് കാണിക്കുന്നു. അപ്പോൾ അവരുടെ മേൽ ശിക്ഷയെ സംബന്ധിച്ച വിധി സ്ഥിരപ്പെടുന്നു. അങ്ങനെ നാം അവരെ ശരിക്കും നശിപ്പിക്കുന്നു" (17:17)*

ഇതിനെ തുടർന്നുള്ള ആയത്തിൽ *"നൂഹിനുശേഷം എത്ര തലമുറകളെയാണ് നാം നശിപ്പിച്ചത്"* എന്നു ഖുർആൻ ചോദിച്ചതും പ്രസ്തുത ശിക്ഷ ഐഹികമായ ശിക്ഷ തന്നെയെന്നു വ്യക്തമാക്കിത്തരുന്നുണ്ട്.

ഈ സംഗതി ഖുർആൻ മറ്റു സ്ഥലങ്ങളിലും പ്രസ്താവിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു:

وَمَا كَانَ رَبُّكَ مُهْلِكَ الْقُرَىٰ حَتَّىٰ يَبْعَثَ فِي أُمِّهَا
رَسُولًا يَتْلُوا عَلَيْهِمْ آيَاتِنَا

*"നിന്റെ നാഥൻ നഗരങ്ങളെ നശിപ്പിക്കുന്നവനല്ല. അതിലെ പ്രധാന സ്ഥലത്തു അവിടെയുള്ളവർക്കു നമ്മുടെ വചനങ്ങളെ ഓതിക്കേൾപ്പിക്കുന്ന പ്രവാചകനെ അയക്കുവോളം" (28:60)*

ഇങ്ങനെ, പ്രവാചകനെ നിയോഗിച്ചശേഷമാണ് അല്ലാഹു ശിക്ഷ ഇറക്കാറുള്ളത് എന്നു മേൽ ആയത്തിൽ പറഞ്ഞത് ഈ ലോകത്ത് അവൻ ഇറക്കുന്ന ശിക്ഷയെപ്പറ്റിത്തന്നെയാണെന്ന് വിശുദ്ധ ഖുർആൻ വ്യക്തമാക്കിത്തരുന്നു. ആകയാൽ, കുറ്റവാളികൾക്കു പരലോകത്തുവെച്ചു നല്കപ്പെടുന്ന ശിക്ഷയെക്കുറിച്ചാണിതെന്നു പറയുന്നതു വിശുദ്ധ ഖുർആന്റെ ഈ വ്യക്തമായ പ്രസ്താവനയ്ക്കെതിരാണ്.

അല്ലാമാ സയ്യിദ് സുലൈമാൻ സാഹിബ് നദ്‌വി ഈ ആയത്തിനെക്കുറിച്ചു "ഒരു സമൂഹത്തെയും അവരിൽ പ്രവാചകനെ നിയോഗിക്കുവോളം നാം ശിക്ഷയിൽ അകപ്പെടുത്താറില്ല" എന്നർത്ഥം പറഞ്ഞുകൊണ്ടു പ്രസ്തുതശിക്ഷ ഈ ലോകത്തു ഇറങ്ങുന്ന ശിക്ഷതന്നെയാണെന്ന് മനസ്സിലാക്കിത്തന്നിരിക്കുന്നു

(അർസുൽ ഖുർആൻ വാല്യം 1. ഭാഗം 168)

ഇവിടെ ശിക്ഷ എന്നു പറഞ്ഞിരിക്കുന്നതു ഭാഗികമായി മനുഷ്യർക്ക് സാധാരണ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചല്ല എന്നും അത് സർവ്വവ്യാപകമായ ഭയങ്കര വിപത്തുകളെക്കുറിച്ചാണെന്നും മനസ്സിലാകുന്നുണ്ട്. എന്തെന്നാൽ, അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചശേഷം ലോകത്ത് ഇറക്കുന്ന ഭയങ്കര നാശത്തെക്കുറിച്ചാണ് ഇവിടെ പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്. ആകയാൽ ലോകം നലിവിളിച്ചു പോകുമാറ് പലതരം നാശനഷ്ടങ്ങൾക്കും യാതനകൾക്കും ലക്ഷ്യമായിത്തീരുന്ന ദൈവികശിക്ഷകളെക്കുറിച്ചാണ് ഖുർആൻ മുൻപറഞ്ഞ ആയത്തിൽ പ്രസ്താവിച്ചിരിക്കുന്നതെന്നു കരുതേണ്ടിയിരിക്കുന്നു.

ഇവിടെ പ്രസ്താവിക്കപ്പെട്ട ശിക്ഷ ഇഹലോകത്തുവെച്ചും സംഭവിക്കുന്നതുതന്നെയെന്നും അതു പ്രവാചകനിയോഗത്തിനുശേഷം ലോകത്തിറങ്ങുന്ന ശിക്ഷകളാണെന്നും വിശുദ്ധഖുർആൻ മറ്റൊരു പ്രകാരത്തിലും നമുക്കു മനസ്സിലാക്കിത്തരുന്നുണ്ട്. ഖുർആൻ പറയുന്നു:

وَلَوْ اَنَّآ اَهْلَكْنٰهُمْ بِعَذَابٍ مِّنْ قَبْلِهٖ لَقَالُوْا رَبَّنَا لَوْ لَآ اَرْسَلْتَ
اِلَيْنَا رَسُوْلًا فَنَتَّبِعَ اٰيٰتِكَ مِنْ قَبْلِ اَنْ نَّذِلَّ وَنَخْزٰى ﴿١٣٥﴾

*"നാം അതിന്നുമുമ്പായി (ദൃഷ്ടാന്തങ്ങളോടുകൂടി പ്രവാചകനെ അയക്കുന്നതിനു മുമ്പായി, അവരെ ശിക്ഷകൊണ്ടു നശിപ്പിച്ചിരുന്നെങ്കിൽ തീർച്ചയായും അവർ പറയുമായിരുന്നു ഞങ്ങളുടെ നാഥാ, ഞങ്ങൾക്കായി ഒരു പ്രവാചകനെ അയച്ചിരുന്നെങ്കിൽ ഞങ്ങൾ ഈ അപമാനവും എളിമയും അനുഭവിക്കുന്നതിന്നു മുമ്പായി നിന്റെ വചനം അനുസരിക്കുമായിരുന്നു" (20:135)*

ഈ വാക്യത്തിൽനിന്ന് വ്യക്തമാകുന്നതു ഇവിടെ പ്രസ്താവിച്ച ദൈവശിക്ഷയും നാശവും ഈ ലോകത്ത് തന്നെയുണ്ടാവുന്നതാണെന്നും അതുണ്ടാവുന്നതു പ്രവാചകൻ നിയുക്തനായതിനു ശേഷമാണെന്നുമാണ്. ആകയാൽ, മേൽ ആയത്തിൽ

പ്രസ്താവിക്കപ്പെട്ട ശിക്ഷ പരലോകത്തെ സംബന്ധിക്കുന്നതാണെന്നു കരുതാവതല്ല.

അല്ലാഹു ഇറക്കുന്നതായി ഖുർആൻ പറഞ്ഞ ആ ഭയങ്കര ശിക്ഷ അനവധി നൂറ്റാണ്ടുകൾക്ക് മുമ്പ് ലോകത്ത് അവതീർണരായ ഏതെങ്കിലും പ്രവാചകനെ നിരാകരിക്കുകയും നിഷേധിക്കുകയും ചെയ്തതുകൊണ്ടാണെന്നു കരുതുന്നതും അബദ്ധമാണ്. ഒരു പ്രവാചകന്റെ നിയോഗകാലത്തും നിയോഗത്തിനുശേഷമുള്ള അടുത്തകാലത്തും ആയിരിക്കും ആ ശിക്ഷ ഇറങ്ങുകയെന്നും പ്രസ്തുത ആയത്തുകൾതന്നെ മനസ്സിലാക്കിത്തരുന്നുണ്ട്. ശിക്ഷ അനുഭവപ്പെടുന്നത് നൂറ്റാണ്ടുകൾക്കു മുമ്പ് വെളിപ്പെട്ട ഒരു പ്രവാചകനെ നിഷേധിക്കുകയോ കള്ളനാക്കി തള്ളുകയോ ചെയ്തതുകൊണ്ടാവുമെങ്കിൽ, നബിതിരുമേനിﷺയെ നിഷേധിച്ചതുകൊണ്ടാണ് ഈ കാലത്തു നിഷേധികൾ ശിക്ഷയനുഭവിക്കേണ്ടി വരുന്നതെന്നു മുസ്‌ലിംകൾ പറയുമ്പോലെതന്നെ, ഈസാനബിയെ നിഷേധിച്ചതുകൊണ്ടാണെന്നു ക്രിസ്ത്യാനികൾക്കും, മൂസാനബിയെ നിഷേധിച്ചതുകൊണ്ടാണെന്ന് യഹൂദർക്കും പറയാവുന്നതാണ്. ഇന്ത്യയിൽ പൂർവ്വകാലത്തു പ്രത്യക്ഷരായ പ്രവാചകരെ നിഷേധിച്ചതുകൊണ്ടാണെന്നു ഹിന്ദുക്കൾക്കും, അതുപോലെതന്നെ ഇതര മതാനുയായികൾക്കും അങ്ങനെ വാദിക്കാനവകാശമുണ്ടായിരിക്കും. എന്നാൽ, പ്രസ്തുത വാക്യത്തിൽ അടങ്ങിയിരിക്കുന്ന തത്ത്വത്തിനുതന്നെ നിരക്കാത്തതാണ് ആ വാദമെന്നു മനസ്സിലാക്കാൻ പ്രയാസമില്ല.

ഇക്കാലത്ത് ലോകം പലതരത്തിലുള്ള ദൈവീക ശിക്ഷകൾക്കും ലക്ഷ്യമായിത്തീർന്നിട്ടുണ്ടെന്നു ലോകം മുറവിളികൂട്ടുന്നുണ്ട്. പ്രത്യേകിച്ചു മുസ്‌ലിംലോകം. മുസ്‌ലിംകളുടെ പത്രങ്ങൾ നോക്കുന്നതായാൽ അവയിൽ പ്രസിദ്ധമാകുന്ന ലേഖനങ്ങളുടെ തലക്കെട്ടുകൾതന്നെ ഈ സംഗതി വിളിച്ചോതുന്നുണ്ട്. ഈ അടുത്തകാലത്തായി ലോകത്ത് ഉണ്ടായ ജലപ്രളയങ്ങളെക്കുറിച്ചു ചില മുസ്‌ലിം പത്രങ്ങൾ പ്രസ്താവിച്ചിരിക്കുന്നതു പ്രവാചകന്മാരുടെ കാലത്തുണ്ടായ ദൈവശിക്ഷയെപ്പോലുള്ള സംഭവങ്ങളാണ് അവ

യെന്നത്രെ. ദൈർഘ്യഭയത്താൽ അത്തരം പ്രസ്താവനകൾ ഞാനിവിടെ ഉദ്ധരിക്കുന്നില്ല. ചുരുക്കത്തിൽ വിശുദ്ധ ഖുർആൻ പലരൂപത്തിലും പഠിപ്പിക്കുന്നത് പ്രവാചകനിയോഗത്തെ സംബന്ധിച്ച അല്ലാഹുവിന്റെ നിയമം നിർത്തലായിട്ടില്ലെന്നാണ്.

# ഒമ്പത്

നുബുവ്വത്താകുന്ന അനുഗ്രഹം നിലച്ചുപോയിട്ടില്ലെന്നും അതു അല്ലാഹു ഇച്ഛിക്കുന്നവർക്കു നൽകുന്നതാണെന്നും പ്രവാചകനിയോഗനിയമം നിശ്ചലമായിട്ടില്ലെന്നും വിശുദ്ധഖുർആൻ സൂര്യപ്രകാശംപോലെ വ്യക്തമാക്കിത്തരുന്നുണ്ടെന്നു പല ഖുർആൻ വാക്യങ്ങളും ഉദ്ധരിച്ചുകൊണ്ടു ഞാൻ മുൻ ഖണ്ഡങ്ങളിൽ തെളിയിക്കുകയുണ്ടായി. എന്നാൽ ബഹുജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ അഹ്മദിയ്യത്തിന്റെ വൈരികൾ സാധാരണ അഹ്മദികളെക്കുറിച്ചു പുറപ്പെടുവിക്കാറുള്ള ആക്ഷേപം അവർ വിശുദ്ധഖുർആനെ ദുർവ്യാഖ്യാനം ചെയ്യുകയും ഇഷ്ടാനുസരണം ഖുർആന് അർഥം പറയുകയും ചെയ്യുന്നുവെന്നാണ്. യഥാർഥത്തിൽ ഈ ആക്ഷേപം നൂറുശതമാനം കള്ളവും വിദ്വേഷത്തിന്റെ ഫലവും മാത്രമാണ്. അഹ്മദികൾ ഖുർആനെ ദുർവ്യാഖ്യാനം ചെയ്യുന്നവരാണെങ്കിൽ അതു രേഖാമൂലം തെളിയിക്കേണ്ടത് ആ ആക്ഷേപകന്മാരുടെ ചുമതലയാണ്. പക്ഷേ, അവർക്കതും സാധിക്കുകയില്ല. വിശുദ്ധഖുർആനെ ദുർവ്യാഖ്യാനം ചെയ്യുകയോ സ്വാർത്ഥ താത്പര്യത്തിനൊത്തു അതിനർത്ഥം പറയുകയോ ചെയ്യുന്നതു കുഫ്റും ദൈവശിക്ഷയ്ക്കു പാത്രമാക്കിത്തീർക്കുന്ന കടുത്ത പാതകവുമാണെന്നാണ് അഹ്മദികൾ വിശ്വസിക്കുന്നത്. അവർ ഖുർആനെ വ്യാഖ്യാനിക്കുന്നതാകട്ടെ, അറബിഭാഷയ്ക്കും അറബി വ്യാകരണത്തിനും ഖുർആന്റെ പൊതുഅധ്യാപനത്തിനും വിശുദ്ധ ഖുർആന്റെ മഹിതസ്ഥാനത്തിനും യോജിച്ച വിധത്തിൽ മാത്രമാകുന്നു. പ്രവാചകനിയോഗത്തെക്കുറിച്ചുള്ള അല്ലാഹുവിന്റെ നിയമം നിർത്തൽ ചെയ്യപ്പെട്ടിട്ടില്ല എന്നു തെളിയിക്കാൻ ഞാൻ മുമ്പുദ്ധരിച്ച ഖുർആൻ വാക്യങ്ങൾക്ക് കൊടുത്ത അർഥവും വ്യാഖ്യാനങ്ങളും തന്നെ ഇതിലേക്കു സ്പഷ്ടമായ തെളിവാണ്. ആ വാക്യങ്ങളിൽ ഏതൊന്നിനാണ് ഞാൻ ദുരർത്ഥവും ദുർവ്യാഖ്യാനവും നല്കിയതെന്നു ആരെങ്കിലും തെളിയിച്ചു കാണിക്കട്ടെ! അതു സാധ്യമല്ലെങ്കിൽ

പ്രസ്തുതാക്ഷേപം അഹ്മദികളെക്കുറിച്ചുള്ള ഇതര ആക്ഷേപ ങ്ങളെപ്പോലെതന്നെ വിദ്വേഷത്തിൽനിന്നും കിളിർത്തതാണെന്നു പറയേണ്ടിയിരിക്കുന്നു.

വിശുദ്ധ ഖുർആനിലെ അനവധി ആയത്തുകളിൽനിന്നും വ്യക്ത മായി തെളിയുന്ന ഒരു സിദ്ധാന്തത്തിന് അനുയോജ്യമായതും അറബി സാഹിത്യം ന്യായീകരിക്കുന്നതുമായ അർഥം 'ഖാത്തമു ന്നബിയ്യീൻ' എന്നു തിരുവചനത്തിനു നല്കുമ്പോൾ ഞങ്ങൾ ഖുർ ആനെ ദുർവ്യാഖ്യാനം ചെയ്യുന്നു എന്ന് ഇവരാക്ഷേപിക്കുന്നു. എന്നാൽ, ഖുർആനിലെ അനേകം ആയത്തുകൾക്കു വിപരീതവും അറബിസാഹിത്യത്തിന്നു വിരുദ്ധവുമായ വ്യാഖ്യാനം 'ഖാത്തമു ന്നബിയ്യീൻ' എന്നതിനു ഇവർ നൽകുമ്പോൾ അതു ദുർവ്യാഖ്യാ നമോ ദുരർഥമോ ആകുന്നില്ല. എന്തെന്നാൽ, അഹ്മദികൾ ഒരു ന്യൂനപക്ഷവും ഇവർ ഭൂരിപക്ഷവുമാണല്ലൊ.

ഞാൻ മുമ്പുദ്ധരിച്ച ആയത്തുകളിൽനിന്ന് വ്യക്തമായ മനസ്സി ലാകുന്നത് പ്രവാചകനിയോഗത്തെക്കുറിച്ചുള്ള അല്ലാഹുവിന്റെ നിയമം കാലഹരണപ്പെട്ടുപോയിട്ടില്ലെന്നും അതു ബലത്തിലിരി ക്കുന്നുവെന്നും അവൻ ഇച്ഛിക്കുന്നവരെ അവൻ നബിയായി നിയോഗിക്കുന്നതുമാണെന്നുമത്രെ. എന്നാൽ നുബൂവ്വത്താകുന്ന ഈ അനുഗ്രഹം അവൻ ആർക്കാണ് നല്കുകയെന്നും ഏതു മതാ നുയായികളിൽ നിന്നാണ് അവൻ നബിയെ തിരഞ്ഞെടുക്കുകയെ ന്നുംകൂടി വിശുദ്ധഖുർആൻ നമുക്കു മനസ്സിലാക്കിത്തരുന്നുണ്ട്. ആ വിശുദ്ധഗ്രന്ഥം ഇതു സംബന്ധിച്ചു ഇങ്ങനെ പറയുന്നു:

وَمَنْ يُّطِعِ اللّٰهَ وَالرَّسُوْلَ فَاُولٰٓئِكَ مَعَ الَّذِيْنَ اَنْعَمَ اللّٰهُ عَلَيْهِمْ مِّنَ النَّبِيّٖنَ وَالصِّدِّيْقِيْنَ وَالشُّهَدَآءِ وَالصّٰلِحِيْنَ ۚ وَحَسُنَ اُولٰٓئِكَ رَفِيْقًا ﴿٧٠﴾ ذٰلِكَ الْفَضْلُ مِنَ اللّٰهِ ؕ وَكَفٰى بِاللّٰهِ عَلِيْمًا ﴿٧١﴾

*"അല്ലാഹുവിനേയും റസൂലിനേയും അനുസരിക്കുന്നവരാരോ അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ളവരായ നബിമാർ, സിദ്ദീ*

*ഖുകൾ, ശഹീദുകൾ, സാലിഹുകൾ എന്നിവരുടെ കൂടെയായി രിക്കും. ഇവരത്രെ നല്ല കൂട്ടുകാർ. ഇതു അല്ലാഹുവിൽനിന്നുള്ള വരപ്രസാദമാകുന്നു. അല്ലാഹു വേണ്ടുവോളം അറിവുള്ളവ നാണ്" (4:70, 71)*

ഈ ഖുർആൻ വാക്യം വ്യക്തമായി മനസ്സിലാക്കിത്തരുന്നതു അല്ലാഹുവിനെയും അവന്റെ ദൂതരായ റസൂൽതിരുമേനിﷺയെയും അനുസരിക്കുന്നവർക്കു അല്ലാഹു ആത്മീയമായ നാലു സ്ഥാന ങ്ങൾ നല്കുമെന്നാണ്. അതിൽ ഒന്നാമത്തെ പദവി നബി എന്ന താണ് എന്ന് ഈ വാക്യം വിളിച്ചോതുന്നു. അങ്ങനെ നബിതിരു മേനിﷺക്കുശേഷം പ്രവാചകനിയോഗം സംബന്ധിച്ച അല്ലാഹു വിന്റെ നിയമം നിർത്തൽ ചെയ്യപ്പെട്ടിട്ടില്ലെന്നു ഒരു ഭാഗത്തു ഈ ഖുർആൻ വാക്യം വ്യക്തമാക്കിത്തരുമ്പോൾ മറുഭാഗത്ത് അതു മനസ്സിലാക്കിത്തരുന്നത് ആ അനുഗ്രഹം തിരുമേനിﷺയുടെ ഉമ്മ ത്തിൽപ്പെട്ടവർക്കാണ് അവൻ നൽകുക എന്നും ആണ്. വിശുദ്ധ ഖുർആനിൽ ഈ വാക്യം ശേഷിക്കുന്ന കാലംവരെ - അതെ ന്നെന്നും ശേഷിക്കുന്നതത്രെ - നബിതിരുമേനിﷺക്കുശേഷം തിരു നബിﷺയുടെ ഉമ്മത്തിൽ ഒരാൾക്കും അല്ലാഹു നുബുവ്വത്താകുന്ന അനുഗ്രഹം നല്കുകയില്ല എന്നു പറയാവതല്ല. ഖുർആനിൽ വിശ്വ സിക്കുന്ന ഒരാൾക്ക്, നിഷ്പക്ഷനിലയിൽ ചിന്തിക്കുന്നപക്ഷം അങ്ങനെ പറയുവാൻ തീർച്ചയായും സാധിക്കുകയില്ല. അല്ലാഹു വിനെയും അവന്റെ തിരുദൂതരെയും അനുസരിക്കുന്നവർക്കു നാലു പദവികൾ ലഭിക്കുമെന്നാണ് അല്ലാഹു ഇവിടെ പറഞ്ഞിരിക്കുന്ന ത്. വഴിക്കുവഴിയായി പറഞ്ഞ ഈ നാലു പദവികൾ തിരുനബിﷺ യുടെ അനുയായികൾക്ക് ലഭ്യമാണെങ്കിൽ തീർച്ചയായും അവ നാലും ലഭ്യമാണ്; ലഭിക്കേണ്ടിയുമിരിക്കുന്നു. ലഭ്യമായതുകൊ ണ്ടുതന്നെയാണ് ആ സ്ഥാനം നല്കേണ്ടവനായ അല്ലാഹു അപ്ര കാരം ഖുർആനിൽ പറഞ്ഞിരിക്കുന്നതും. ഇനി ലഭ്യമല്ലെന്നാണെ ങ്കിൽ, നാലും ലഭ്യമാകുന്നതല്ലെന്നു പറയേണ്ടിവരും. അങ്ങനെ പറയുന്നത് ഖുർആന്റെ പാഠം നിരാകരിക്കുന്നതിനു തുല്യമാണ്. ഈ ആയത്തിൽ ചിന്തിക്കുന്ന ഏതൊരാൾക്കും രണ്ടിലൊരു നിഗ

മനത്തിലെത്തുകയേ നിവൃത്തിയുള്ളൂ. അല്ലാതെ ഈ നാലു സ്ഥാന ങ്ങളിൽ ഏതെങ്കിലും ഒന്നു ലഭ്യമല്ലെന്നും മറ്റു മൂന്നു സ്ഥാനങ്ങൾ ലഭ്യമാണെന്നും പറയാൻ നിവൃത്തിയില്ല. ആ അർഥകല്പന ആ ആയത്തിലടങ്ങിയ പാഠത്തിനു കടകവിരുദ്ധമായിട്ടുള്ളതത്രെ. നാലു പവദികൾ ലഭ്യമാണെന്ന് അല്ലാഹു വ്യക്തമായി ഖുർആനിൽ പ്രസ്താവിച്ചിരിക്കെ, അതിലേതെങ്കിലും ഒന്നു ലഭ്യമല്ലെന്നു പറ യുന്നതു ആയത്തിന്റെ വ്യാഖ്യാനമാകുന്നതെങ്ങനെ?

അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിച്ചവർ അല്ലാഹു അനുഗ്രഹിച്ച നബി, സിദ്ദീഖ്, ശഹീദ്, സാലിഹ് ഈ നാലു പദവി ലഭിച്ചവരോടുകൂടിയായിരിക്കുമെന്നു വിശുദ്ധ ഖുർ ആൻ പറയുന്നതിന്റെ അർഥം ഒന്നുകിൽ, തിരുനബിﷺയുടെ ഉമ്മ ത്തിൽ ഈ നാലു സ്ഥാനങ്ങളും ലഭിച്ചവർ ഉണ്ടായിരിക്കുമെന്നു തന്നെയായിരിക്കണം. അപ്പോൾ സിദ്ദീഖ്, ശഹീദ്, സാലിഹ് എന്നി വർ ഉണ്ടാകുമെന്നതുപോലെതന്നെ നബിയും ഉണ്ടാകുന്നതാ ണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ ഈ നാലു സ്ഥാനങ്ങൾ ലഭിച്ചവരും തിരുമേനിﷺയുടെ ഉമ്മത്തിൽ ഉണ്ടാവു കയില്ലെന്നും തിരുനബിയ്ക്ക് മുമ്പ് ഈ നാലു സ്ഥാനങ്ങൾ ലഭി ച്ചിട്ടുള്ള അനുഗ്രഹീതസ്ഥാനികളുടെ കൂടെ യിരിക്കുവാൻ മാത്രം തിരുനബിﷺയുടെ യഥാർഥ അനുയായികൾക്കും സാധിക്കുമെന്നും ആണ് അതിന്റെ വിവക്ഷയെന്നു പറയേണ്ടിവരും. അപ്പോൾ, അല്ലാ ഹുവിനെയും തിരുനബിയെയും അനുസരിച്ചു നടക്കുന്ന സത്യ വിശ്വാസിയായ ഒരു മുസ്‌ലിമിനു ആത്മീയമായ യാതൊരു പദ വിയും ലഭ്യമല്ലെന്നും പൂർവകാലത്ത് അത്തരം സ്ഥാനങ്ങൾ ലഭി ച്ചവരുടെ സാമീപ്യ സമ്പർക്കങ്ങൾമാത്രം അവർക്കും ലഭിക്കുന്ന താണെന്നും പറയേണ്ടിവരുന്നതാണ്. ഇതു തിരുനബിക്കും മുഹ മ്മദിയാ ഉമ്മത്തിനും മാനകരമായ ഒരു ശ്രേഷ്ഠതയാണെന്ന് സമ്മ തിക്കാൻ അഭിമാനമുള്ള ഒരു യഥാർഥ മുസ്‌ലിമിനു സാധ്യമാണോ? അഹ്മദിയ്യാ വിശ്വാസങ്ങളെ എന്തു വിലകൊടുത്തും ഖണ്ഡിക്ക ണമെന്ന അഭിവാഞ്ഛരകൊണ്ടരെങ്കിലും അങ്ങനെ പറയാൻ ധൈ ര്യപ്പെടുന്നെങ്കിൽ അതിനെപ്പറ്റി ഞങ്ങൾക്ക് യാതൊന്നും പറയാനി

ല്ല. എന്നാൽ, ഒരു യഥാർഥ വിശ്വാസിക്ക്, നിഷ്പക്ഷനായ ഒരു സത്യാന്വേഷിക്ക് ഒരിക്കലും അങ്ങനെ പറയാൻ നിവൃത്തിയില്ലതന്നെ.

അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിച്ച് അനുസരണത്തിൽ ജീവിക്കുന്ന സത്യവിശ്വാസികൾക്ക് അല്ലാഹു നല്കുമെന്നു വിശുദ്ധഖുർആനിൽ വാഗ്ദാനം ചെയ്യപ്പെട്ട നാലു സ്ഥാനങ്ങളിൽ നബിത്വപദവിയും ഉൾപ്പെടുന്നുണ്ടെന്നു വ്യക്തമായിരിക്കെ, ആ സ്ഥാനം ആർക്കും ലഭ്യമാകയില്ലെന്നു ആർതന്നെ പറഞ്ഞാലും, എത്രകോടി പണ്ഡിതന്മാർ ഒന്നിച്ചുചേർന്നു പറഞ്ഞാലും അല്ലാഹു അവൻ ഇച്ഛിക്കുന്നവർക്ക് ആ അനുഗ്രഹം നല്കാതിരിക്കയില്ല. ആ പദവി നല്കേണ്ടവർ ഈ പണ്ഡിതന്മാരല്ല. സർവ്വശക്തനും സർവ്വജ്ഞനും ആയ അല്ലാഹു അത്രെ. നാലു പദവികൾ നല്കുമെന്നു നല്കേണ്ടവൻ വ്യക്തമായി പ്രസ്താവിച്ചിരിക്കെ, നാലല്ല മൂന്നു മാത്രമേ ലഭിക്കയുള്ളൂവെന്നു മനുഷ്യർ പറയുന്നതു അല്ലാഹുവിന്റെ വിധിയെ ധിക്കരിക്കൽ മാത്രമാണ്; അല്ലാഹു നല്കാൻ ഒരുക്കമില്ലാത്ത ഒരു പദവിയെക്കുറിച്ചു അനുഗ്രഹമായി നല്കുന്ന പദവികളോടൊപ്പം ചേർത്തു പറയുമെന്നെങ്ങനെ കരുതാം? ലഭ്യമല്ലെങ്കിൽ മൂന്നു പദവികളെക്കുറിച്ചു മാത്രമേ അവൻ പറയുമായിരുന്നുള്ളൂ. നൽകാത്ത നാലാമത്തെ പദവി കൂട്ടിച്ചേർത്തു പറയാൻ അല്ലാഹുവിനെ ആരോ നിർബ്ബന്ധിച്ചിരുന്നുവെന്നാണോ ഇവരുടെ പക്ഷം? നബിത്വപദവി ലഭ്യമാണെന്നു തന്നെയാണ് ഖുർആൻ പഠിപ്പിക്കുന്നതെന്നു സമ്മതിക്കാൻ നിർബ്ബന്ധിതനായ ഒരു മുസല്യാർ മേൽആയത്തിലെ നബിയ്യീന എന്ന പദം 'മൻസൂഖ്' ആണെന്നുകൂടി എന്നോടുതന്നെ പറഞ്ഞിട്ടുണ്ട്. കൊളമ്പോയിൽവെച്ച് കായൽ പട്ടണത്തുകാരനായ ഒരു മാന്യൻ ഒരിക്കൽ ഈ ആയത്തിനെക്കുറിച്ചു ഏറെനേരം സംസാരിച്ചശേഷം 'ഈ ആയത്തു ഖുർആനിൽ ഇല്ലായിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ഈ ആയത്തിനെക്കുറിച്ചു ചിന്തിക്കുമ്പോൾ ഇനി നബി വരികയില്ലെന്നു പറയാൻ ധൈര്യം തോന്നുന്നില്ല' എന്ന് എന്നോടു നിസ്സങ്കോചം പറയുകയുണ്ടായി. യഥാർഥത്തിൽ, പ്രസ്തുത

ആയത്ത് നബിതിരുമേനിﷺക്കുശേഷം നബി വരുമെന്നതിലേക്ക് ഖണ്ഡിതമായ ഒരു രേഖയാണെന്നതിൽ സംശയത്തിനവകാശമില്ല. അഹ്മദിയ്യത്തിനോടുള്ള വിദ്വേഷം നിമിത്തം തിരുനബിയുടെ ഉമ്മത്തിൽ നബി ഉണ്ടാകാവതല്ലെന്നു വരുത്തുവാൻ മേൽആയത്തിൽ പ്രസ്താവിക്കപ്പെട്ട നാലു പദവികളും ലഭിക്കുന്നതല്ലെന്നും, ആ പദവികൾ ലഭിച്ചവരുടെ സാമീപ്യ സമ്പർക്കങ്ങൾ മാത്രമേ ലഭിക്കുകയുള്ളൂവെന്നുപോലും പറയാൻ ഇവർ ധൈര്യപ്പെട്ടു കളയുന്നു! എന്നാൽ ആരെന്തു പറഞ്ഞാലും ശരി, ഈ നാലു പദവികളും തിരുനബിﷺയുടെ ഉമ്മത്തിൽപ്പെട്ടവർക്കു ലഭിക്കുമെന്നു അല്ലാഹു പറഞ്ഞതുതന്നെയാണ് സത്യം.

അല്ലാഹുവിനെയും റസൂൽതിരുമേനിﷺയെയും അനുസരിച്ചവർ അല്ലാഹു അനുഗ്രഹിച്ചവരുടെ 'കൂടെയായിരിക്കും' എന്നുമാത്രം പറയപ്പെട്ടതുകൊണ്ട് ആ അനുഗൃഹീതരായ നാലു സ്ഥാനക്കാരോടൊപ്പമവരുണ്ടായാൽ മതിയെന്നും ആ സ്ഥാനങ്ങൾതന്നെ കിട്ടണമെന്നില്ലെന്നും ആകയാൽ, നബി വരുമെന്നതിനു പ്രസ്തുത ആയത്ത്, രേഖയാകുന്നതല്ലെന്നും ചിലർ പറയാറുണ്ട്. തികച്ചും ബാലിശമായ ഒരു വാദമാണിതെന്നു മനസ്സിലാക്കാൻ വളരെയൊന്നും പ്രയാസപ്പെടേണ്ടതില്ല. ഒന്നാമതായി, ഇപ്പറയുന്നത് ശരിയാണെങ്കിൽ, നബിതിരുമേനിﷺയുടെ അനുയായികൾക്ക് നുബുവ്വത്ത് പദവിയെന്നല്ല, സാലിഹ് പദവിപോലും ലഭ്യമാകുന്നതല്ലെന്നു വരും. തിരുനബിﷺക്കുമുമ്പുള്ളവർക്കു സിദ്ദീഖ് സ്ഥാനം വരെ ലഭ്യമായിരുന്നതായി ഖുർആൻ പറയുന്നു. അപ്പോൾ ആ സ്ഥാനം ലഭിച്ച പൂർവ്വ പ്രവാചകാനുയായികളുടെ കൂടെ അവരുള്ള സ്ഥലത്തു ചെന്നിരിക്കാനല്ലാതെ ആ സ്ഥാനങ്ങൾ ലഭിച്ചവർ തിരുമേനിﷺയുടെ ഉമ്മത്തിൽ ഉണ്ടാവുകയില്ലെന്നാവും അതിനർഥം വരിക. നബിതിരുമേനിﷺയുടെയും തിരുനബിയുടെ ഉമ്മത്തിന്റെയും ശ്രേഷ്ഠതയിൽ വിശ്വസിക്കുന്ന ആരും തിരുമേനിﷺയ്ക്കു മാനകരമായ ഒരു നിലയാണിതെന്നു പറയാൻ ധൈര്യപ്പെടുകയില്ലതന്നെ. ആകയാൽ, പ്രസ്തുത അനുഗൃഹീതപദവികൾ ലഭിച്ചവരുടെ കൂടെ

ആ സ്ഥലത്തു എന്നല്ല, അവരുടെ പദവിയിൽ ആ സ്ഥാനങ്ങളിൽ തന്നെ എത്തുവാൻ അനുഗ്രഹിക്കപ്പെടും എന്നാണ് വാക്യത്തിന്റെ അർഥമെന്നു സിദ്ധിക്കുന്നു.

രണ്ടാമതായി, "അവർ നല്ല കൂട്ടുകാരത്രെ" എന്ന തുടർവാക്യം മനസ്സിലാക്കിത്തരുന്നതും മേൽ സംഗതി തന്നെയാണ്. പൂർവ സമുദായത്തിൽ പ്രസ്തുത നാലു സ്ഥാനങ്ങൾ ലഭിച്ചവരുണ്ടായിരിക്കുമ്പോൾ തിരുനബിﷺയുടെ ഉമ്മത്തിൽ ആ നാലു സ്ഥാനങ്ങൾ ലഭിച്ചവരുണ്ടായിരിക്കുകയില്ലെങ്കിൽ അവർ നല്ല കൂട്ടുകാരായിരിക്കുന്നതെങ്ങനെ? നല്ലകൂട്ടുകാരാവണമെങ്കിൽ ഇവർക്കും ആ സ്ഥാനങ്ങൾ ലഭിച്ചിട്ടുണ്ടായിരിക്കണം. ഒരു ധനവാന്റെ കൂടെ ഒരു ദരിദ്രനും ഒരാരോഗ്യവാന്റെ കൂടെ ഒരു രോഗിയും ഒരുമിച്ചു ചേർന്നാൽ അവർ നാലു നല്ല കൂട്ടുകാരായിരിക്കുന്നതെങ്ങനെ? ഈ നാലു സ്ഥാനങ്ങളും ലഭിച്ച പൂർവികരോടുകൂടി ആ സ്ഥാനങ്ങൾ ലഭിക്കാത്ത മുസ്‌ലിംകൾ ചേർന്നിരിക്കുമ്പോൾ, അവർ അഭിമാനത്തോടുകൂടിയവരായിരിക്കുമോ? അതോ മാനക്ഷയത്താൽ നമ്രമുഖരായിരിക്കുമോ? തീർച്ചയായും തിരുനബിﷺക്കും അദ്ദേഹത്തിന്റെ ഉമ്മത്തിനും മാനഹാനിയുണ്ടാക്കുന്ന ഒരു നിലതന്നെയായിരിക്കും അത്. അപ്പോൾ, അവർ നല്ല കൂട്ടുകാരത്രെ എന്നു പറഞ്ഞതു നിരർഥകമായിത്തീരുന്നതാണ്. ആകയാൽ കൂടെ എന്നു പറഞ്ഞതു ഒരേ സ്ഥലത്തു ഒരുമിച്ചു എന്ന അർഥത്തിലല്ല, ഒരേ സ്ഥാനത്തു ഒരുമിച്ചു എന്ന അർഥത്തിൽ തന്നെയാണെന്നു സ്പഷ്ടമാകുന്നു. തിരുമേനിയുടെ ഉമ്മത്തിന്റെ ശ്രേഷ്ഠതയും ഔന്നത്യവും വെച്ചുനോക്കുമ്പോൾ ഈ നാലു സ്ഥാനങ്ങളും തിരുമേനിയുടെ ഉമ്മത്തിനു ലഭിക്കേണ്ടതുതന്നെയാണെന്നും എന്നാൽ മാത്രമേ ആ ഖുർആൻവാക്യം അർത്ഥപൂർണ്ണമായിത്തീരുകയുള്ളൂവെന്നും കാണാൻ കഴിയും.

മൂന്നാമതായി, مع (കൂടെ) എന്ന പദം ഒരേ സ്ഥാനത്തു ഒരുമിച്ചായിരിക്കുക എന്ന അർത്ഥത്തിൽ വിശുദ്ധഖുർആനിൽതന്നെ പല സ്ഥലങ്ങളിലും പ്രയുക്തമായിട്ടുണ്ട്. ഉദാഹരണമായി

وَتَوَفَّنَا مَعَ الْاَبْرَارِ

*"പുണ്യവാന്മാരോടുകൂടെ നീ ഞങ്ങളെ മരിപ്പിക്കേണ"(3:194)*

സജ്ജനങ്ങളാക്കി മരിപ്പിക്കണം എന്നല്ലാതെ "സജ്ജനങ്ങൾ മരിക്കുമ്പോൾ ഞങ്ങളേ മരിപ്പിക്കണേ! എന്നല്ലല്ലോ ഈ പ്രാർഥനയുടെ സാധ്യാർഥം! ഭക്തിമാർഗത്തെ അവലംബിക്കുകയും അല്ലാഹുവിൽ ദൃഢമായി വിശ്വസിക്കുകയും സാത്വികരായി ദീനിനെ മുറുകെ പിടിക്കുകയും ചെയ്തവരെക്കുറിച്ച് ഖുർആൻ മറ്റൊരു സ്ഥലത്ത്

فَاُولَٰٓئِكَ مَعَ الْمُؤْمِنِيْنَ

*'അവർ മുഅ്മിനീംകളുടെ കൂടെയാണ്' (4:146)* എന്നു പറഞ്ഞിരിക്കുന്നു. ഇവിടെ അവർ സത്യവിശ്വാസികളായി അവരുടെ സ്ഥാനം പ്രാപിച്ചവരായിരിക്കുമെന്ന അർഥത്തിൽ തന്നെയാണല്ലോ പ്രയോഗിച്ചിരിക്കുന്നത്. വേറൊരു സ്ഥലത്ത്

فَاكْتُبْنَا مَعَ الشّٰهِدِيْنَ

*"ഞങ്ങളെ സാക്ഷികളോടുകൂടെ എഴുതണമേ' (5:84)* എന്നു പറഞ്ഞിരിക്കുന്നു. ഇവിടെ സാക്ഷികളായിട്ട് എഴുതേണമേ എന്നല്ലാതെ സാക്ഷികളുടെകൂടെ പേരെഴുതി ചേർക്കണമേ എന്നല്ലല്ലോ അർഥമെടുക്കേണ്ടത്. മറ്റൊരിടത്ത്

نَطْمَعُ اَنْ يُّدْخِلَنَا رَبُّنَا مَعَ الْقَوْمِ الصّٰلِحِيْنَ

*"ഞങ്ങളുടെ ദൈവം ഞങ്ങളെ സജ്ജനങ്ങളോടുകൂടെ പ്രവേശിപ്പിക്കും എന്നു ഞങ്ങൾ ആശിക്കുന്നു" (5:84)* എന്നു പ്രസ്താവിച്ചിരിക്കുന്നു. ഇവിടെയും സജ്ജനങ്ങളോടുകൂടെ എന്നു പറഞ്ഞതിന് സജ്ജനങ്ങളായിട്ട് പ്രവേശിപ്പിക്കുക എന്നുതന്നെയാണർഥം.

വിശുദ്ധഖുർആനിൽ ഒരു സ്ഥലത്ത് ഇബ്‌ലീസിനെപ്പറ്റി

لَمْ يَكُنْ مِّنَ السّٰجِدِيْنَ

*'അവൻ സുജൂദ് ചെയ്യുന്നവരിൽ നിന്നുള്ളവനായില്ല'* (7:11) എന്നു പറഞ്ഞിട്ടുണ്ട്. അതായത്, ഇബ്‌ലീസ് സുജൂദ് ചെയ്തവ നായില്ല എന്ന്. ഇതേ സംഗതിതന്നെ ഖുർആനിൽ മറ്റൊരിടത്ത്

اَبٰٓى اَنْ يَّكُوْنَ مَعَ السّٰجِدِيْنَ

*'സുജൂദ് ചെയ്യുന്നവരുടെ കൂടെയാവുന്നതിനെ അവൻ നിഷേ ധിച്ചു' (15:31).* ഇങ്ങനെ ഒരു സ്ഥലത്തു **من** (മിൻ) എന്ന പദം കൊണ്ടു എന്തൊരർഥം ഉദ്ദേശിക്കപ്പെട്ടുവോ അതേ അർഥത്തെ ഉദ്ദേശിച്ചുതന്നെ മറ്റൊരു സ്ഥലത്ത് **مع** എന്നു പ്രയോഗിക്കപ്പെട്ടി ട്ടുണ്ടെന്നു വ്യക്തമായി. ഇങ്ങനെ 'കൂടെ' എന്ന പദത്തിന്നു സ്ഥല ത്തല്ല പദവിയിൽതന്നെ കൂടെ എന്നർഥം നല്കുകയാണ് ഇവിടെ ശരിയായിരിക്കുകയെന്നു മനസ്സിലാകുന്നു. ആകയാൽ അല്ലാഹു അനുഗ്രഹിച്ചവരുടെ കൂടെ എന്നു പറഞ്ഞത് അല്ലാഹു അനുഗ്ര ഹിച്ചവരുടെ സ്ഥാനം നൽകി ആ കൂട്ടത്തിൽ പെടുത്തും എന്ന അർഥത്തിൽതന്നെയാണെന്ന് വ്യക്തമാകുന്നുണ്ട്. സ്ഥാനത്തെ അല്ല സ്ഥലത്തെ മാത്രമാണ് 'കൂടെ' എന്നതു സൂചിപ്പിക്കുന്നതു എന്നു പറയാൻ നിവൃത്തിയില്ല. എന്തെന്നാൽ, അങ്ങനെ അർഥം കൊടുക്കുമ്പോൾ തിരുമേനിയുടെ ഉമ്മത്തിൽപെട്ട നല്ലവർക്ക് ആത്മീയമായുള്ള ഉയർന്നപദവിയൊന്നുംതന്നെ സിദ്ധിക്കുന്നത ല്ലെന്നു പറയേണ്ടിവരും.

മേൽ ആയത്തിൽ **مع** എന്നതിന്റെ വിവക്ഷ ആ അനുഗ്രഹം ലഭി ച്ചവരുടെ അതേ സ്ഥാനം ലഭിക്കുമെന്നുതന്നെയാണെന്നും അ ല്ലാതെ ആ സ്ഥാനം ലഭിക്കാതെ ലഭിച്ചവരോടൊത്ത് ഒരുമിച്ചായി രിക്കുമെന്നല്ലെന്നും ഇമാം റാഗിബ് തന്റെ 'മുഫാദാത്തുൽ ഖുർ ആനി'ൽ വ്യക്തമാക്കിയിട്ടുണ്ട്; അദ്ദേഹം പറയുന്നു:

**وقوله فاكتبنا مع الشّاهدين اى اجعلنا فى زمرتهم**

**اشرة الى قوله فالٓئک مع الّذين انعم اللّه عليهم**

"ഫക്തുബ്നാമഅശ്ശാഹിദീൻ എന്നു പറഞ്ഞതിന്റെ അർഥം 'നീ

ഞങ്ങളെ ആ സമൂഹത്തിലാക്കിയാലും' എന്നാണ്. 'അല്ലാഹു അനുഗ്രഹിച്ചവരുടെ കൂടെയായിരിക്കും' എന്നതിനെയാണ് ഇതു ചൂണ്ടിക്കാണിക്കുന്നത്. അതായത്, 'അനുഗ്രഹിച്ചവരുടെ കൂടെ എന്നതിന്റെ വിവക്ഷ ആ പദവി സിദ്ധിച്ചവരായിരിക്കുക എന്നാണെന്നതുപോലെ സാക്ഷികളോടുകൂടെയെന്നു പറഞ്ഞതിന്റെ അർത്ഥം സാക്ഷികൾ തന്നെയാക്കി അവരോടുകൂടെ ചേർക്കേണമേ എന്നാണ്.

انّ الابرار لفى نعيم

*"നിശ്ചയമായും സാത്വികർ അനുഗ്രഹത്തിലായിരിക്കും'* എന്ന ഖുർആൻ വാക്യത്തെ വ്യാഖ്യാനിച്ചുകൊണ്ടു അദ്ദേഹം പറയുന്നു:

**ومعناه اَنّ الابرارفى جملة هٰولآء كقوله**

**تعالٰى الٰئک مع الّذين انعم اللّه عليهم**

"ഇതിന്റെ അർഥം നിശ്ചയമായും പുണ്യവാന്മാർ ആ വകുപ്പിൽ ഉൾപ്പെട്ടവരായിരിക്കും എന്നാണ്. അവർ അല്ലാഹു അനുഗ്രഹിച്ചവരുടെ കൂടെയായിരിക്കുമെന്നു അല്ലാഹു പറഞ്ഞതുപോലെ ആ നാലു സ്ഥാനികളുടെ പദവികൾ ലഭിക്കാതെ അവരോടൊപ്പം ചെന്നിരിക്കാൻ മാത്രം സാധിക്കുമെന്നതാണ് അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിച്ചതിന്റെ ഫലമായി സിദ്ധിക്കുന്നത് എന്ന് യഥാർഥ മതഭക്തനായ ഒരു മുസ്‌ലിമിന് വിചാരിക്കുവാൻകൂടി കഴിയില്ല. ഇമാം റാഗിബിന്റെ അഭിപ്രായത്തെ ഉദ്ധരിച്ചുകൊണ്ട് അല്ലാമാ അബൂഹയ്യാൻ തന്റെ 'ബഹ്‌റുൽ മുഹീത്ത്' എന്ന ഖുർആൻ ഭാഷ്യത്തിൽ ഇങ്ങനെ പറയുന്നു:

**قال الرّاغبُ ممّن انعم اللّه عليهم من الفرق**

**الاربع فى المنزلةِ والثّوابِ النّبىُّ بالنّبىّ والصـّدّيقُ**

**بالصّدّيق والشّهيدُ بالشّهيد والصـّالحُ بالصّالِحُ**

"അനുഗ്രഹിച്ചവരോടുകൂടെ എന്നതിന്റെ അർത്ഥം റാഗിബ് പറ

ഞ്ഞിരിക്കുന്നതു സ്ഥാനത്തിലും പ്രതിഫലത്തിലും നാലു വകുപ്പുകളിൽ പെട്ടവരായിരിക്കുമെന്നാണ്. നബിയോടുകൂടി നബി, സിദ്ദീഖോടുകൂടി സിദ്ദീഖ്, ശഹീദോടുകൂടി ശഹീദ്, സാലിഹോടുകൂടി സാലിഹ്' (ബഹ്റുൽമുഹീത്ത്, വാല്യം 3, ഭാ. 387)

അതായത്, കൂടെ എന്നു പറഞ്ഞതിന്റെ വിവക്ഷ ആ സ്ഥാനത്തിൽ അവരോടുകൂടെയായിരിക്കും എന്നു തന്നെ. അങ്ങനെ നബി നബിയോടും സിദ്ദീഖ് സിദ്ദീഖോടും മറ്റു സ്ഥാനക്കാർ മറ്റു സ്ഥാനക്കാരോടും കൂടെയായിരിക്കും. വാസ്തവത്തിൽ അനുഗ്രഹം ലഭിച്ചവരുടെ കൂടെയായിരിക്കുക എന്നതിന്റെ വിവക്ഷ ആ അനുഗ്രഹം ലഭിച്ചവരായിരിക്കുക എന്നതല്ലാതെ മറ്റൊന്നായിരിക്കാൻ യാതൊരു നിവൃത്തിയുമില്ല.

مع എന്നതുകൊണ്ടു കൂടെ സ്ഥാനത്തു എന്നായിരിക്കണമെന്നില്ലെന്നു വരുത്തുവാൻ എതിരാളികൾ ബാലിശങ്ങളായ ചില ന്യായങ്ങൾ ഉന്നയിക്കാറുണ്ട്. ഉദാഹരണമായി 'ക്ഷമിക്കുന്നവരോടുകൂടെയാണ് അല്ലാഹു,' 'മുത്തഖീങ്ങളോടുകൂടെയാണ് അല്ലാഹു' എന്നിങ്ങനെ ഖുർആനിൽ വന്നിട്ടുണ്ട്. ഒരു ഹദീസിൽ സത്യവാനും വിശ്വസ്തനും ആയ ഒരു വ്യാപാരി നബിമാരോടുകൂടെയായിരിക്കുമെന്നും വന്നിട്ടുണ്ട്. അപ്പോൾ ക്ഷമാശീലനും ഭക്തനും സത്യവിശ്വാസിയും അല്ലാഹു ആയിത്തീരുമോ? വിശ്വസ്തനായ കച്ചവടക്കാരൻ നബിയായിത്തീരുമോ? എന്നിങ്ങനെയാണവർ ചോദിക്കുന്നത്.

ഈ ചോദ്യങ്ങൾ വിശുദ്ധ ഖുർആനിൽനിന്നു വ്യക്തമായി തെളിയുന്നതും ഞാൻ വിവരിച്ചതുമായ ന്യായങ്ങൾക്ക് ഒരിക്കലും ഒരു ഖണ്ഡനമായിരിക്കുന്നില്ല. അഹ്മദിയ്യാ വാദങ്ങളെ ഖണ്ഡിച്ചേ തീരൂ എന്ന ദുർവാശികൊണ്ട് അവരിങ്ങനെയെല്ലാം പറയുന്നുവെന്നു വെക്കുകയേ നിവൃത്തിയുള്ളൂ. 'മഅ' എന്ന പദം 'ഒരു സ്ഥാനത്തു ഒരുമിച്ചു' എന്ന അർഥത്തിൽ മാത്രമേ പ്രയോഗിക്കപ്പെടുകയുള്ളൂ എന്നല്ല ഞങ്ങൾ പറയുന്നത്. ആ അർഥത്തിലും ഉപയോഗിക്കപ്പെടുന്നുണ്ടെന്നും ഖുർആനിൽ ഒന്നിലധികം സ്ഥലങ്ങളിൽ അങ്ങനെ

പ്രസ്തുതപദം പ്രയോഗിക്കപ്പെട്ടിട്ടുണ്ടെന്നും മേൽ ഉദ്ധരിച്ച ആയത്തിൽ ആ അർഥത്തിൽ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നതെന്നും അവിടെ മറ്റൊരർഥം കൊടുക്കാൻ നിവൃത്തിയില്ലെന്നുമാണ് ഞങ്ങൾ പറയുന്നത്. 'മഅ' എന്നത് 'സ്ഥലത്തുകൂടെ' എന്ന അർഥത്തിൽ പ്രയോഗിക്കപ്പെടാറേയില്ലെന്നു ഞങ്ങൾ പറയുന്നില്ല.

'അല്ലാഹു ക്ഷമിക്കുന്നവരോടുകൂടെയാണ്' എന്നു പറയുന്നതിന്റെ വിവക്ഷ ക്ഷമിക്കുന്നവർ അല്ലാഹു ആയിത്തീരുമെന്നായിരിക്കണമെന്ന് സങ്കല്പിക്കാൻ സാധിക്കണമെങ്കിൽ പണ്ടെപ്പോഴെങ്കിലും ക്ഷമിക്കുന്നവൻ അല്ലാഹു ആയിത്തീർന്നിരിക്കണം. നുബുവ്വത്താകുന്ന അനുഗ്രഹം മുമ്പ് ലഭിച്ചതു മനുഷ്യർക്കുതന്നെയായിരുന്നു. മനുഷ്യർതന്നെയാണ് നബിയായിത്തീരുന്നതും. എന്നാൽ മുമ്പൊരിക്കലും തന്നെ ക്ഷമിക്കുന്നവനും സത്യവിശ്വാസിയും ഭക്തനും അല്ലാഹുവിന്റെ സ്ഥാനത്തേക്കു ഉയർന്നിട്ടില്ല. ആകയാൽ പ്രസ്തുത ന്യായം നിരർഥകവും ബാലിശവും മാത്രമാണ്. 'അല്ലാഹു നിന്നോടുകൂടെയായിരിക്കട്ടെ എന്നു പറയുന്നതിന്റെ അർഥം നീ അല്ലാഹു ആയിത്തീരട്ടെ എന്നല്ലല്ലോ. അല്ലാഹുവിന്റെ സഹായവും രക്ഷയും നിന്നിലുണ്ടായിരിക്കട്ടെ എന്നു മാത്രമാണതിന്റെ അർഥം. മൂസാനബിﷺ ഇങ്ങനെ പറയുകയുണ്ടായി.

إِنَّ مَعِيَ رَبِّي سَيَهْدِينِ

*'നിശ്ചയമായും എന്നോടുകൂടെ എന്റെ നാഥനുണ്ട്. അവൻ എനിക്കു മാർഗ്ഗദർശനം നല്കും (26:57)*

നബിതിരുമേനിﷺ സൗർഗുഹയിൽ വെച്ചു ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്ﷺനോടു പറഞ്ഞതായി ഖുർആൻ പറയുന്നു:

لا تحزن انّ الله معنا

*"നീ വ്യസനിക്കേണ്ട, അല്ലാഹു നമ്മോടു കൂടെയുണ്ട്"*

ഇവിടെ അല്ലാഹു കൂടെയുണ്ട് എന്നു പറഞ്ഞതു 'അല്ലാഹുവിന്റെ സഹായം ലഭിക്കും' എന്ന അർഥത്തില്ലാതെ അവർ അപ്പോൾ ഉണ്ടായിരുന്ന ആ പ്രത്യേക സ്ഥലത്താണ് അല്ലാഹു ഉണ്ടായിരന്നത്

എന്ന അർഥത്തിലാണെന്ന് ആരും പറയുകയില്ല. സ്ഥാനത്തെന്നല്ല സ്ഥലത്തുതന്നെയും ആർക്കും അല്ലാഹുവിന്റെ കൂടെയിരിക്കാൻ സാധ്യമല്ല. അല്ലാഹു സർവ്വവ്യാപിയാണ്.

وَهُوَ مَعَكُمْ اَيْنَ مَا كُنْتُمْ

*നിങ്ങൾ എവിടെ ആയിരുന്നാലും അവൻ നിങ്ങളോടു കൂടെ യാണ് (57:5)*

هُوَ مَعَهُمْ اَيْنَ مَا كَانُوا

*"അവർ എവിടെയായിരുന്നാലും അല്ലാഹു അവരോടുകൂടെ യാണ്" (58:8)*

എന്നിങ്ങനെ ഖുർആനിൽ അല്ലാഹു പറയുന്നു. സൃഷ്ടിവസ്തു ഒന്നുംതന്നെ സർവവ്യാപിയല്ല. അല്ലാഹു ഏതു നിലയിലും അല്ലാ ഹു തന്നെ. മനുഷ്യർ മനുഷ്യരും. നബിത്വമാകുന്ന അനുഗ്രഹം സിദ്ധിച്ചവരാകട്ടെ, നബിതിരുമേനിﷺക്ക് മുമ്പും ഉണ്ടായിരുന്നിട്ടു ണ്ട്. അപ്പോൾ നബിമാരോട് കൂടെയായിരിക്കും എന്നു പറഞ്ഞ തിനു നബിമാരുടെ സ്ഥാനം ലഭിക്കും എന്നാണർഥമാക്കേണ്ടിയി രിക്കുന്നത്.

ക്ഷമാശീലരും ഭക്തരും വിശ്വാസികളും അല്ലാഹുവിനോടുകൂ ടെയാണ് എന്നല്ല ഖുർആൻ പറഞ്ഞിരിക്കുന്നതെന്ന വസ്തുതയും ഓർക്കേണ്ടതുണ്ട്. 'അല്ലാഹു ക്ഷമാശീലരുടെ കൂടെയാണ് എ ന്നത്രെ ഖുർആൻ പറഞ്ഞിട്ടുള്ളത്. അപ്പോൾ ക്ഷമാശീലൻ അല്ലാ ഹു ആകുമോ എന്നതിനു പകരം അല്ലാഹു ക്ഷമാശീലനാകുമോ? എന്നാണ് ചോദിക്കേണ്ടിയിരിക്കുന്നത്. ان الصّابرين مع الله എന്നല്ല ഖുർആനിൽ ان الله مع الصّابرين എന്നാണല്ലോ വന്നി രിക്കുന്നത്. അല്ലാഹു ക്ഷമാശീലരുടെ കൂടെയായതുകൊണ്ട് ക്ഷമാ ശീലർ അല്ലാഹു ആയിത്തീരുന്നുണ്ടോ എന്നിവർ ചോദിക്കുന്നു. ഇവരുടെ പക്കൽ 'കൂടെ' എന്നതിന്റെ വിവക്ഷ സ്ഥാനത്തുകൂടെ എന്നല്ല സ്ഥലത്തുകൂടെ എന്നു മാത്രമാണെങ്കിൽ, ക്ഷമാശീലനും സത്യവിശ്വാസിയും ഭക്തനും ഒരു സ്ഥലത്തു അല്ലാഹുവിനോടു

കൂടെ ഉണ്ടായിരിക്കും എന്നവർ സമ്മതിക്കേണ്ടിയിരിക്കുന്നു. ഇപ്പ റയപ്പെട്ടവരും അല്ലാഹുവും ഒരു സ്ഥലത്തു ഒരുമിച്ചാണെന്നു ഊഹിക്കാൻകൂടി പാടില്ലെങ്കിൽ സ്ഥലത്തും സ്ഥാനത്തും അല്ലാ ഹുവിന്റെകൂടെ എന്ന അർഥത്തിലല്ല അവിടെ പ്രയുക്തമായിരി ക്കുന്നതെന്നു വ്യക്തമാണല്ലോ. അങ്ങനെയാവുമ്പോൾ അനുഗ്ര ഹം ലഭിച്ചവരുടെ കൂടെ എന്നു പറഞ്ഞതു ഈ അർഥത്തിൽ തന്നെ യാണെന്നും സ്ഥലത്തും സ്ഥാനത്തും കൂടെയായിരിക്കയില്ലെ ന്നാണ് അതിന്റെ സാധ്യമെന്നും സമ്മതിക്കേണ്ടിവരും. 'അല്ലാഹു വിനോടു കൂടെ' എന്ന പ്രയോഗത്തെ ഞങ്ങൾക്കെതിരിൽ ഒരാധാ രമെന്നോണം പൊക്കിപ്പിടിച്ചുകൊണ്ടുവരുന്നതു എത്രമാത്രം നിര ർഥകവും ബാലിശവുമാണെന്നു ഇതിൽനിന്നു തെളിയുന്നുണ്ടല്ലോ.

'സത്യവാനും വിശ്വസ്തനുമായ വ്യാപാരി നബിമാരോടു കൂടി യായിരിക്കും' എന്ന ഹദീസും മേൽവാദഗതികൾക്കു ഒരു ഖണ്ഡ നമായിരിക്കുന്നില്ല. ഈ ഹദീസിനെക്കുറിച്ചു തിർമിദി പറഞ്ഞിരി ക്കുന്നതു هٰذا حديثٌ غريبٌ 'ഇത് ഗരീബ് ആയ ഹദീസ് ആണ്' എന്ന ത്രെ. വിശ്വാസപരമായ ഒരു കാര്യത്തിനു ഗരീബായ ഹദീസിനെ ആധാരമാക്കുന്നത്, അതുതന്നെ വിശുദ്ധ ഖുർആന്റെ സ്പഷ്ട മായ അധ്യാപനത്തിന്നെതിരിൽ ആധാരമാക്കുന്നത്, ഒരിക്ക ലും ന്യായമോ ഖുർആനിൽ വിശ്വാസമുള്ളവർക്കു ചേർന്നതോ അല്ല. ഈ ഹദീസിന്റെ യഥാർഥ താത്പര്യമെന്തെന്നതിനെക്കു റിച്ചു ഞാനിവിടെ പ്രതിപാദിക്കുന്നില്ല. ഈ ഹദീസിനെ സം ബന്ധിച്ചിടത്തോളം അതു സ്വീകാര്യമായിരിക്കുകയാണെ ങ്കിൽ തന്നെ ഇവിടെ പ്രയുക്തമായിരിക്കുന്ന مع എന്ന പദം സ്ഥ ലത്ത് കൂടെ എന്ന അർഥത്തിൽ ആണെന്ന് പറയാം. എന്നാൽ مَعَ الَّذِيْنَ اَنْعَمَ اللّٰهُ عَلَيْهِمْ എന്നു പറഞ്ഞിടത്തു مع എന്നതിനു സ്ഥാനത്തുകൂടെ എന്നർഥം നല്കുകയല്ലാതെ നിർവാഹമില്ല.

മേൽഹദീസിൽ "നബിമാരോടുകൂടെ" എന്നു മാത്രമല്ല പറഞ്ഞി രിക്കുന്നതെന്നും ശ്രദ്ധേയമാണ്.

التّاجر الصدوق الامين مع النّبيّين و الصّدّيقين و الشّهدآء

"സത്യവാനും വിശ്വസ്തനുമായ കച്ചവടക്കാരൻ നബിമാരോടും സിദ്ദീഖ്മാരോടും ശുഹദാക്കളോടും കൂടെയായിരിക്കും" എന്നാണ് ഹദീസ്. ആകയാൽ നബിമാരോടുകൂടെയായിരിക്കും എന്നു പറഞ്ഞതുകൊണ്ട് നബിയുടെ സ്ഥാനം ലഭിക്കുമെന്നർത്ഥമാവുകയില്ലെന്നാണെങ്കിൽ സത്യവാനായ കച്ചവടക്കാരന്, സിദ്ദീഖിന്റെയോ ശഹീദിന്റേയോ സ്ഥാനത്തെത്താനും കഴിയുകയില്ലെന്നു സമ്മതിക്കേണ്ടിവരും. അങ്ങനെ സമ്മതിക്കാൻ തരമില്ലെങ്കിൽ പ്രസ്തുത ഹദീസിനെ ഞങ്ങൾക്കെതിരിൽ ഉന്നയിക്കുന്നതിൽ എന്തർത്ഥമാണുള്ളത്? മാത്രമല്ല, സത്യവാനും വിശ്വസ്തനുമായ ഒരമുസ്‌ലിം കച്ചവടക്കാരനു നബിയോടും സിദ്ദീഖിനോടും ഒപ്പം സ്വർഗത്തിൽ ഇരിക്കാമെന്നു മേൽഹദീസനുസരിച്ച് അർത്ഥം നല്കാമെന്നും സമ്മതിക്കേണ്ടിവരും. ഇന്നു മുസ്‌ലിംകളേക്കാൾ കൂടുതലായി ഈ ഗുണങ്ങൾ പ്രായേണ അമുസ്‌ലിം കച്ചവടക്കാരിലാണ് കാണപ്പെടുന്നത്. അമുസ്‌ലിംകൾ മുസ്‌ലിംകളെ അപേക്ഷിച്ച് കച്ചവടത്തിൽ ദൈനംദിനം അഭിവൃദ്ധിപ്പെട്ടുകൊണ്ടുപോകുന്നതിന്റെ കാരണവും മറ്റൊന്നല്ല. അപ്പോൾ നബിയുടെയും സിദ്ദീഖിന്റെയും ശഹീദിന്റേയും കൂടെയായിരിക്കുന്നതിന്നു അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കേണ്ടതു തന്നെയില്ലെന്നും സത്യവാനും വിശ്വസ്തനുമായിരുന്നാൽ മതിയെന്നും ഈ ഹദീസിനെ ആധാരമാക്കി ഒരാൾക്ക് പറയാം.

മേൽഹദീസിൽ കച്ചവടക്കാരൻ നബിയോടുകൂടെയായിരിക്കുമെന്ന് പറഞ്ഞതുകൊണ്ടു കച്ചവടക്കാരൻ നബിയാകയില്ല എന്നതുപോലെയാണ് തിരുനബിയുടെ യഥാർത്ഥ അനുയായികൾ അനുഗ്രഹം ലഭിച്ചവരുടെ കൂടെയായിരിക്കുമെന്നു പറഞ്ഞതു എന്ന വാദം ശരിയാണെങ്കിൽ ആ ഹദീസിനെക്കാൾ എത്രയും പ്രബലമായ മറ്റൊരു ഹദീസിനെ ആധാരമാക്കി നബിതിരുമേനിﷺക്കുതന്നെയും നബിമാരുടെ സ്ഥാനം ഉണ്ടായിരുന്നില്ലെന്നും പറയേണ്ടിവരുന്നതാണ്. ഹദ്റത്ത് ആയിശ 9 ഇങ്ങനെ പറയുന്നു: "തിരുനബിﷺ തന്റെ അവസാന രോഗത്തിൽ

مَعَ الَّذِيْنَ اَنْعَمَ اللّٰهُ عَلَيْهِمْ مِّنَ النَّبِيّٖنَ وَالصِّدِّيْقِيْنَ وَالشُّهَدَآءِ وَالصّٰلِحِيْنَ

എന്ന ആയത്ത് ഒതുന്നതായി ഞാൻ കേട്ടു. അപ്പോൾ ഞാൻ മനസ്സിലാക്കി തിരുമേനിയുടെ ചരമം അടുത്തിരിക്കുന്നു എന്ന് (ബുഖാരി) മേൽ ആയത്തിന്റെ വ്യാഖ്യാനത്തിലാണ് ഇമാം ബുഖാരി ഹദ്റത്ത് ആയിശ 9 യുടെ നിവേദനം ചേർത്തിരിക്കുന്നത്. 'അനുഗ്രഹം ലഭിച്ചവരുടെ കൂടെ' എന്നു പറഞ്ഞതുകൊണ്ട് ആ അനുഗ്രഹം ലഭിച്ചവർ ആകേണ്ടതില്ലെന്നാണെങ്കിൽ, തിരുനബിﷺ തന്നെക്കുറിച്ചു അനുഗ്രഹം ലഭിച്ചവരുടെകൂടെയാണെന്നു പറഞ്ഞതുകൊണ്ട് തിരുമേനിﷺ താനും ആ അനുഗ്രഹം ലഭിച്ച ആളായിട്ടല്ല, അവരുടെ കൂടെയാകാൻ മാത്രമേ അർഹനായിട്ടുള്ളൂ എന്നു പറയേണ്ടിയിരിക്കുന്നുവല്ലോ. എന്നാൽ ആ ദിവ്യാത്മാവ് ആസന്നമരണനായ വേളയിൽ ഇങ്ങനെ പറഞ്ഞുകൊണ്ട് നമുക്ക് മനസ്സിലാക്കിത്തന്നിരിക്കുന്നത് അനുഗ്രഹം പ്രാപിച്ചവരുടെകൂടെ എന്നു പറഞ്ഞതിന്റെ വിവക്ഷ ആ അനുഗ്രഹം പ്രാപിച്ചുകൊണ്ട് ആ സ്ഥാനത്ത് അവരുടെ കൂടെ ഉണ്ടായിരിക്കും എന്നുതന്നെയാണ് എന്നാണ്. നബിതിരുമേനിﷺയുടെ അന്ത്യഘട്ടത്തിലുള്ള ഈ അരുളപ്പാട്, അഹ്മദിയ്യത്തിന്നെതിരിൽ ഉന്നയിക്കപ്പെടുന്ന മേൽന്യായം കേവലം അടിസ്ഥാനരഹിതമാണെന്നു തെളിയിക്കുന്നു.

പ്രസ്തുത ആയത്തു നബിതിരുമേനിﷺയുടെ ഉമ്മത്തിൽ നബി വരുമെന്നതിലേക്ക് രേഖയാണെങ്കിൽ, അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിച്ചവരെല്ലാം നബിമാരായിരിക്കേണ്ടതല്ലേ എന്നും അങ്ങനെയാണെങ്കിൽ തിരുനബിﷺയുടെ ഉമ്മത്തിൽ എത്രയധികം നബിമാർ ഉണ്ടായിരിക്കേണ്ടതാണ് എന്നും തിരുനബിയുടെ സഖാക്കൾ അല്ലാഹുവിനെയും റസൂലിനെയും അനുസരിച്ചിരുന്നവരായിരുന്നിട്ടും അവരാരും തന്നെ നബിമാരായിരുന്നില്ലല്ലോ എന്നും മറ്റും ചിലർ ചോദിക്കാറുണ്ട്. ഈ ചോദ്യം ചോദിക്കുന്നവർ തിരുനബിﷺയുടെ അനുസരണം വഴി സിദ്ദീഖ് വരെയുള്ള സ്ഥാനങ്ങൾ പ്രാപിക്കുമെന്നു സമ്മതിക്കുന്നുണ്ടല്ലോ. എന്നാൽ, തിരുനബിയെ അനുസരിച്ചവരെല്ലാം സിദ്ദീഖും ശഹീദും ആയിരുന്നുവെന്നു തെളിയിക്കാൻ ഇവർക്കു സാധിക്കുമോ? നബിതിരുമേനിയുടെ ശിഷ്യഗണം മുഴുവനും സിദ്ദീഖ് സ്ഥാനം പ്രാപിച്ചവ

രായിരുന്നില്ല. അവരെല്ലാവരും ശഹീദ്സ്ഥാനം പ്രാപിച്ചവർ തന്നെയും ആയിരുന്നില്ല. മേൽആയത്തിൽ അല്ലാഹുവിനെയും റസൂലിനെയും അനുസരിച്ചവർ നാലുപദവികൾ സിദ്ധിച്ചവരായി രിക്കുമെന്നു പറഞ്ഞിട്ടുള്ളതുതന്നെ, അനുസരിക്കുന്ന ഓരോ ആൾക്കും നബിയോ സിദ്ദീഖോ ശഹീദോ ആയിത്തീരാൻ സാധ്യ മല്ലെന്നും മനസ്സിലാക്കിത്തരുന്നുണ്ട്. എല്ലാവർക്കും നബിയോ സിദ്ദീഖോ ആവാനാകുമെങ്കിൽ നാലു അനുക്രമ സ്ഥാനങ്ങൾ നിശ്ചയിച്ചതു അർത്ഥരഹിതമായിരിക്കുമല്ലോ. അനുസരിക്കുന്ന വർക്ക് അവരുടെ ഹിതമനുസരിച്ച് ഏതെങ്കിലുമൊരു സ്ഥാനം ലഭി ക്കുമെന്നല്ല ആയത്തിന്റെ അർത്ഥം. അങ്ങനെയാണെങ്കിൽ ഏറ്റവും ഉന്നതമായ പദവിയല്ലാതെ താഴ്ന്നൊരു പദവിയാർജ്ജിക്കാനാരും ആഗ്രഹിക്കുകയില്ലല്ലോ. അപ്പോൾ സിദ്ദീഖോ ശഹീദോ സാലിഹോ ആകാൻ ആരും ഉണ്ടാകയില്ല. കുറഞ്ഞപക്ഷം ശഹീദും സാലിഹും ആകാൻ ആരും ഒരുങ്ങുകയില്ല! അല്ലാഹു അവന്റെ ഇച്ഛയനുസ രിച്ച് അർഹതയുള്ളവർക്ക് പദവികൾ നല്കും. അതിനുള്ള നിബ ന്ധനകളിലൊന്നു അല്ലാഹുവിനോടും അവന്റെ റസൂലിനോടും അനുസരണയുള്ളവനായിരിക്കണമെന്നതാണ്. യഥാർത്ഥ നില യിൽ അനുസരിക്കുന്നവരിൽ ബഹുഭൂരിഭാഗവും സാലിഹുകളാ യിരിക്കും. ശഹീദുമാർ അവരിൽ കുറഞ്ഞിരിക്കും. സിദ്ദീഖുമാർ ശഹീദുമാരെക്കാൾ വിരളമായിരിക്കും. നുബുവ്വത്ത് പദവിയിലെ ത്തിയവർ അതിലും അപൂർവമായിരിക്കും. ഇതിനെല്ലാം പുറമെ, നുബുവ്വത്ത് പദവിക്ക് ദൈവിക നിയോഗവും ആവശ്യമാണല്ലോ. അല്ലാഹുവിനോടും അവന്റെ റസൂലിനോടും ഉള്ള അനുസരണം അനുപേക്ഷണീയമായ ഒരുപാധിയാണ്. ആ പദവി ആയിരമോ രണ്ടായിരമോ കൊല്ലങ്ങൾക്കുശേഷമേ ഒരാൾക്കു നൽകുകയുള്ളൂ എന്നിരുന്നാലും അയാൾ തിരുനബിﷺയുടെ ഉമ്മത്തിലും തിരുന ബിയോടനുസരണമുള്ളയാളും ആയിരിക്കേണ്ടതാവശ്യമാണ്. അങ്ങനെയുള്ളവർ തിരുമേനിﷺയുടെ ഉമ്മത്തിൽ ഉണ്ടാവുന്നതാണ് എന്നാണ് മേൽഖുർആൻവാക്യം മനസ്സിലാക്കിത്തരുന്നത്. നബിയെ നിയോഗിക്കുന്നതിനെക്കുറിച്ചു അല്ലാഹു പറഞ്ഞിരിക്കുന്നത്.

اَللّٰهُ اَعْلَمُ حَيْثُ يَجْعَلُ رِسَالَتَهٗ

*"അല്ലാഹു നല്ലപോലെ അറിയുന്നവനാണ് അവന്റെ ദൗത്യം എവിടെയാണ് ആകേണ്ടതെന്ന്" (6:125).*

ഈ ആയത്ത് മനസ്സിലാക്കിത്തരുന്നത് ആരെ എപ്പോൾ നിയോഗിക്കണമെന്നത് അല്ലാഹുവിന്റെ ഇച്ഛയനുസരിച്ചുമാത്രം നടക്കുന്നതാണെന്നാണ്.

ഈ ചോദ്യകർത്താക്കളുടെ പക്കൽ തിരുനബിﷺക്കുമുമ്പ്, നുബുവ്വത്തിന്റെ കവാടം ബന്ധിക്കപ്പെട്ടുപോയിരുന്നില്ലല്ലോ. എന്നാൽ, അക്കാലത്ത് സിദ്ദീഖുമാർ ഉണ്ടായിരുന്നതുപോലെ നബിമാരും ശഹീദുമാർ ഉണ്ടായിരുന്നതുപോലെ സിദ്ദീഖുമാരും സാലിഹുമാരുണ്ടായിരുന്നതുപോലെ ശഹീദുമാരും ഉണ്ടായിരുന്നുവോ? ഇല്ലെങ്കിൽ തിരുനബിﷺക്കുശേഷം തിരുനബിയുടെ ഉമ്മത്തിൽ നബുവ്വത്ത് സ്ഥാനം പ്രാപിച്ചവർ ഉണ്ടാവാമെന്നു ഖുർആൻ മനസ്സിലാക്കിത്തരുന്നുണ്ടെന്നു പറയുമ്പോൾ തിരുനബിﷺയെ അനുസരിച്ചവരെല്ലാം നബിമാരായിരിക്കേണ്ടതല്ലേ എന്നും മറ്റും ചോദിക്കുന്നതു ഖുർആനിൽ നിന്നു തെളിയുന്ന സത്യത്തിനൊരു ഖണ്ഡനമായിരിക്കുന്നതെങ്ങനെ?

തിരുനബിﷺയുടെ സഖാക്കൾ എല്ലാവരും സിദ്ദീഖുമാരായിരുന്നില്ല. ശഹീദുമാരും ആയിരുന്നില്ല. എന്നാൽ അവരെല്ലാം തന്നെ അല്ലാഹുവിനേയും റസൂലിനേയും അനുസരിച്ചവരുമായിരുന്നു. എല്ലാവരും ഒരേ നിലയിൽ അനുസരിച്ചിരുന്നില്ലെന്നു കരുതുന്നതായാൽതന്നെ, യഥാർത്ഥ നിലയിൽ അനുസരിച്ച സഹാബികളെല്ലാം സിദ്ദീഖുമാരും ശഹീദുമാരും ആയിരുന്നുവെന്നു പറയാൻ സാധ്യമല്ലല്ലോ. അവർക്കെല്ലാവർക്കും വെറും അനുസരണം കൊണ്ട് സിദ്ദീഖ് പദവിയിലെത്താൻ കഴിയുമായിരുന്നുവെങ്കിൽ ശഹീദ് പദവി എല്ലാവർക്കും സുപ്രാപ്യമായിരുന്നുവെങ്കിൽ അവരിലാരും തന്നെ സ്വാലിഹ് പദവിയിൽ മാത്രം തൃപ്തിപ്പെട്ടിരിക്കുമായിരുന്നില്ല. ആകയാൽ, സഹാബികൾ തിരുനബിﷺയെ അനുസരിച്ചവരായിരുന്നിട്ടും അവരെന്തുകൊണ്ടു നബിമാരായില്ല എന്നു

ചോദ്യം അസംഗതമാണ്. ഓരോരുത്തർക്കും തങ്ങളുടെ മനോനിലയനുസരിച്ചു മാത്രമേ അനുസരിക്കുവാൻ സാധ്യമാകയുള്ളൂ. ആ അനുസരണത്തിന്റെ ശരിയായ നില അറിയുന്നവനും അതനുസരിച്ച് ആത്മീയപദവി നല്കുന്നവനും അല്ലാഹു മാത്രമാണ്. അത് അവന്റെ അധികാരത്തിൽ മാത്രം ഉൾപ്പെട്ടതുമാണ്.

ആയത്തിൽ വിവരിക്കപ്പെട്ട നാലും സ്ഥാനികളും തിരുനബിﷺയുടെ ഉമ്മത്തിൽ ഉണ്ടാകുമെന്നുതന്നെയാണ് പ്രസ്തുത വാക്യത്തിന്റെ വിവക്ഷിതം എന്നു മറ്റൊരു ഖുർആൻ വാക്യവും വ്യക്തമാക്കിത്തരുന്നുണ്ട്. ഈ ആയത്തിൽ അർറസൂൽ എന്നു പറയപ്പെട്ടിരിക്കുന്നത് വിശുദ്ധഖുർആൻ ഏതു പരിശുദ്ധാത്മാവിന്നിറങ്ങിയോ ആ ദിവ്യാത്മാവായ നബിതിരുമേനിﷺയെക്കുറിച്ചു തന്നെയാണെന്നതിൽ പക്ഷാന്തരമില്ലല്ലോ. അപ്പോൾ ഈ ആയത്തിൽ അല്ലാഹുവിനെയും അവന്റെ തിരുദൂതരായ നബിﷺതിരുമേനിയെയും അനുസരിക്കുന്നവരെക്കുറിച്ചാണ് അവർ നബി, സിദ്ദീഖ്, ശഹീദ്, സ്വാലിഹ് എന്നീ നാലു സ്ഥാനങ്ങളോടുകൂടിയായിരിക്കുക എന്നു പ്രസ്താവിച്ചതെന്നു വ്യക്തമായി. എന്നാൽ, വിശുദ്ധഖുർആനിൽ മറ്റൊരു സ്ഥലത്ത് അല്ലാഹു ഇങ്ങനെ പറയുന്നു

وَالَّذِيْنَ اٰمَنُوْا بِاللّٰهِ وَرُسُلِهٖٓ اُولٰٓئِكَ هُمُ الصِّدِّيْقُوْنَ ۖ وَالشُّهَدَآءُ عِنْدَ رَبِّهِمْ ؕ لَهُمْ اَجْرُهُمْ وَنُوْرُهُمْ ؕ

*"അല്ലാഹുവിനെയും അവന്റെ റസൂൽമാരെയും വിശ്വസിച്ചവർ തങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ സിദ്ദീഖുകളും ശഹീദുകളും ആണ് . അവർക്ക് അവരുടേതായ പ്രതിഫലവും പ്രകാശവും ഉണ്ട്." (57:19)*

ഈ ആയത്തിൽ അല്ലാഹുവിനെയും അവന്റെ റസൂൽമാരെയും വിശ്വസിച്ചവരെക്കുറിച്ചാണ് പൊതുവെ പറയപ്പെട്ടിരിക്കുന്നതെന്നും നബിതിരുമേനിﷺയുടെ ഉമ്മത്തിനെക്കുറിച്ചു പ്രത്യേകമായിട്ടല്ല എന്നുമുള്ളതു എത്രയും വ്യക്തമാണ്. അങ്ങനെ അല്ലാഹുവിനെയും അവന്റെ റസൂൽമാരെയും വിശ്വസിച്ചവർക്കു സിദ്ധിച്ചതായി ഇവിടെ പ്രസ്താവിക്കപ്പെട്ട പദവി സിദ്ദീഖ് എന്നും ശഹീദ് എന്നും

ഉള്ളതാണ്. സാലിഹ് എന്ന പദവി ശഹീദിനു ശേഷമുള്ളതാക യാൽ, അതിനെക്കുറിച്ച് പ്രത്യേകിച്ചു പ്രസ്താവിച്ചിട്ടില്ലെന്നുമാത്രം. എന്തെന്നാൽ, ഉയർന്നപദവിയിൽ താഴ്ന്ന പദവികളും ഉൾക്കൊള്ളുന്നുണ്ട്. അങ്ങനെ റസൂൽമാരെ അനുസരിക്കുന്നവർക്കു ലഭിക്കുന്ന പദവികളെക്കുറിച്ചു പറഞ്ഞേടത്ത് നബിയെന്നു പറയാതെ സിദ്ദീഖ് എന്ന പദവികൊണ്ടാണ് ആരംഭിച്ചിരിക്കുന്നത്. എന്നാൽ നബിതിരുമേനിﷺയെ അനുസരിക്കുന്ന നബിയുടെ ഉമ്മത്തിനു ലഭ്യമാകുന്ന പദവികളെക്കുറിച്ചു പറഞ്ഞപ്പോൾ നബിയെന്ന പദവിയെയും ചേർത്തുകൊണ്ടു നാലു വ്യത്യസ്തങ്ങളായ പദവികളെപ്പറ്റി നബി, സിദ്ദീഖ്, ശഹീദ്, സാലിഹ് എന്നിങ്ങനെ സ്ഥാനക്രമമനുസരിച്ച് വ്യക്തമായി വേർതിരിച്ചു പ്രസ്താവിച്ചു. തിരുനബിﷺക്കുശേഷം അദ്ദേഹത്തിന്റെ അനുയായികളിൽ നുബുവ്വത്ത് ആകുന്ന അനുഗ്രഹം അല്ലാഹു നല്കുന്നതാണെന്നും അതിനു ആവശ്യമായ ഒരു നിബന്ധന നബിതിരുമേനിﷺയുടെ ഉമ്മത്തിയും അനുയായിയും ആയിരക്കണമെന്നുമാണെന്ന് ഇതിൽ നിന്നു നല്ലപോലെ വ്യക്തമാകുന്നു.

പക്ഷേ, എന്തുതന്നെയായാലും അഹ്മദിയ്യാ ജമാഅത്തിന്റെ വാദത്തെ ഖണ്ഡിച്ചേതീരൂ എന്ന പിടിവാദക്കാർ ഈ ആയത്തിനെ നബിതിരുമേനിﷺക്കുശേഷം നബി വരികയില്ലെന്നതിലേക്ക് ഒരു രേഖയായി ഉന്നയിക്കാൻ മടിക്കാറില്ല. അല്ലാഹുവിനെയും അവന്റെ റസൂൽമാരെയും വിശ്വസിച്ചവർ സിദ്ദീഖുമാരും ശഹീദുമാരും ആയിരിക്കുമെന്നു പൂർവ പ്രവാചകന്മാരോടുള്ള അനുസരണത്തെ സംബന്ധിച്ചു പറഞ്ഞതു നബിﷺക്കുശേഷം നബിവരികയില്ലെന്നതിലേക്ക് ഒരു രേഖയാണെന്ന് ഇവർ പറയുന്നു. എന്നാൽ നബിﷺയുടെ ഉമ്മത്തിൽ അല്ലാഹുവിനെയും തിരുനബിയെയും അനുസരിച്ചവർക്ക് നബി, സിദ്ദീഖ്, ശഹീദ്, സ്വാലിഹ് എന്നീ നാലുപദവികൾ നല്കുമെന്നു ഖുർആൻ പറഞ്ഞതു ഈ ഉമ്മത്തിൽ നബിയുടെ സ്ഥാനം ലഭിച്ചവർ വരെ ഉണ്ടാകുമെന്നതിലേക്കു വ്യക്തമായ രേഖയാണെന്നു സമ്മതിക്കാൻ ഇവർ ഒരുക്കമില്ല. എന്നിട്ടും അഹ്മദികൾ ഖുർആനെ ദുർവ്യാഖ്യാനം ചെയ്യുന്നുവെന്നു ഇവർ തന്നെ ആക്ഷേപിക്കുകയും ചെയ്യുന്നു.

അഹ്മദിയ്യത്തിനെ ഖണ്ഡിക്കുവാനെന്നോണം ചിലർ കാണിക്കുന്ന ധാർഷ്ഠ്യം അതീവദുഃഖകരവും ആശ്ചര്യാവഹവുമാണ്. ചിലർ പറയുന്നു, മേൽആയത്തിൽ നാലു പദവികൾ ലഭിക്കുമെന്ന് പറയപ്പെട്ടിട്ടുള്ളത് ഈ ലോകത്ത് ആ പദവികൾ ലഭിക്കുമെന്ന അർത്ഥത്തിലല്ല, പരലോകത്ത് പ്രസ്തുത പദവികൾ ലഭിച്ചവരോട് കൂടിച്ചേരാൻ സാധിക്കുമെന്ന അർത്ഥത്തിൽ മാത്രമാണ് എന്ന്. അപ്പോൾ ഇവരുടെ പക്കൽ നബിതിരുമേനിയോടുള്ള അനുസരണത്തിന്റെ ഫലമായി, നബിയോ പോകട്ടെ, സിദ്ദീഖ്, ശഹീദ്, സാലിഹ് എന്നീ സ്ഥാനങ്ങൾകൂടി തിരുമേനിയുടെ ഉമ്മത്തിൽ ഈ ലോകത്തുവെച്ചു ആർക്കുംതന്നെ ലഭിക്കുകയില്ലെന്നു വന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ വാദത്തെ വിശുദ്ധ ഖുർആൻ വ്യക്തമായി സത്യപ്പെടുത്തുന്ന വാദത്തെ ഖണ്ഡിക്കുവാൻവേണ്ടി തിരുനബിയുടെ ഉമ്മത്തിൽ ഈ പദവി ലഭിച്ചവർ ഉണ്ടായിരിക്കയില്ല എന്നു പറഞ്ഞുകൊണ്ടു വിശുദ്ധഖുർആനെയും നബിതിരുമേനിﷺയെയും കൂടി അപമാനിക്കാൻ ധൈര്യപ്പെടുന്ന ഇവർ അഹ്മദിയ്യത്ത് ഒരു കള്ളപ്രസ്ഥാനമാണെന്നു വരുത്തുവാൻ കൊണ്ടുപിടിച്ച ശ്രമം നടത്തുന്നതിൽ എന്തിന് ആശ്ചര്യപ്പെടണം? എന്നാൽ, ഇവരിപ്പറയുന്നതിൽനിന്നു ഒരു സംഗതി വ്യക്തമാകുന്നുണ്ട്. അതായത്, ഒന്നുകിൽ ഈ നാലു പദവികളും ലഭിച്ചവർ തിരുമേനിയുടെ ഉമ്മത്തിൽ ഇവിടെ ഉണ്ടായിരിക്കുമെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ നാലിൽ ഒരു പദവിയും ഇവിടെവെച്ചു ഈ ഉമ്മത്തിൽ ആർക്കും തന്നെ ലഭിക്കുകയില്ലെന്നും കഴിഞ്ഞുപോയ സമുദായങ്ങളിൽ ഈ പദവികൾ ലഭിച്ചവരോടൊപ്പം സ്വർഗത്തിലിരിക്കാൻ മാത്രമേ അവർക്കു സാധിക്കുകയുള്ളൂ എന്നും പറയേണ്ടിവരും. ആദ്യത്തേതു അഹ്മദിയ്യാ വിശ്വാസമാണ്. സത്യമെന്ന് തെളിയിക്കുന്നതാണ്. രണ്ടാമത്തേത്, അല്ലാഹുവിനോടും നബിﷺയോടും ഉള്ള അനുസരണം വഴി ആത്മീകമായ യാതൊരു പദവിയും ഈ ശ്രേഷ്ഠ സമുദായത്തിലെ അംഗങ്ങൾക്ക് ലഭിക്കയില്ലെന്നും അങ്ങനെ ഖുർആനോടുള്ള അനുസരണം ഫലശൂന്യമാണെന്നും വരുത്തുന്നതാണ്.

ഒരാൾ അല്ലാഹുവിന്റെ പക്കൽ നബിയോ, സിദ്ദീഖോ ശഹീദോ സാലിഹോ ആകണമെങ്കിൽ ഈ ലോകത്തു വെച്ചു തന്നെ അയാൾ ആ പദവിയിലെത്തിയിരിക്കണം. ഈ ലോകത്ത് ആ പദവി ലഭിക്കാതെ ആ പദവി ലഭിച്ച പൂർവികരോടൊപ്പം പരലോകത്തു ഒരു സ്ഥലത്ത് ഒരുമിച്ചിരിക്കുന്നതുകൊണ്ടുമാത്രം ഒരാൾ ആ പദവി സിദ്ധിച്ചയാളാകുന്നില്ല. നബിത്വം പോകട്ടെ, മറ്റുസ്ഥാനങ്ങളും ഈ ലോകത്തുവെച്ചു തന്നെ സിദ്ധിച്ചിരിക്കേണ്ടതാണ്. എന്നാൽ, മാത്രമേ, പരലോകത്തും ആ സ്ഥാനം സിദ്ധിച്ചവരോടുകൂടിയായിരിക്കയുള്ളൂ. ആകയാൽ, മേൽ സ്ഥാനങ്ങൾ പരലോകത്തു മാത്രം ലഭിക്കുന്നവയാണെന്നും, ഈ ലോകത്തുവെച്ചു ലഭിക്കുകയില്ലെന്നും പറയുന്നതു സത്യവിരുദ്ധമായ ഒരു പ്രസ്താവന മാത്രമാണ്.

"അല്ലാഹവുനെയും അവന്റെ റസൂൽമാരെയും വിശ്വസിച്ചവർ സിദ്ദീഖുമാരും ശഹീദുമാരും ആയിരിക്കും തങ്ങളുടെ രക്ഷിതാവിങ്കൽ എന്ന ആയത്തിനു വിപരീതാർത്ഥം കല്പിച്ചുകൊണ്ട് അതിനെ നബിതിരുമേനിﷺക്കുശേഷം സിദ്ദീഖ് പദവിവരെ ലഭിച്ചവർ മാത്രമേ ഉണ്ടായിരിക്കയുള്ളൂ എന്നതിലേക്കു ഒരു രേഖയെന്നോണം ഇവർ എടുത്തു കാണിക്കുന്നു. എന്നാൽ, പ്രസ്തുത വാക്യത്തിൽ "തങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ" എന്നു പറഞ്ഞതിനെ അപ്പോൾ അവർ ഗണ്യമാക്കുന്നില്ല. അല്ലാഹുവിന്റെ അടുക്കൽ മാത്രം അവർ സിദ്ദീഖോ ശഹീദോ ആയിരിക്കുമെന്നാണ് പറയപ്പെട്ടിരിക്കുന്നതെന്നും ഈ ലോകത്ത് അവർക്ക് ആ സ്ഥാനങ്ങൾ ലഭിക്കുമെന്നു പറഞ്ഞിട്ടില്ലെന്നും ഇവരുടെ അതേ ന്യായമനുസരിച്ച് എതിർവാദം ചെയ്താൽ, അതിനെന്തുത്തരം നല്കും? ഇവരുടെ ഈ ന്യായമനുസരിച്ച് തിരുമേനിﷺയുടെ ഉമ്മത്തിൽ മാത്രമല്ല, തിരുമേനിക്കു മുമ്പുള്ള പ്രവാചകന്മാരുടെ ഉമ്മത്തുകളിലും ആരുംതന്നെ ഈ ലോകത്ത് സിദ്ദീഖോ ശഹീദോ ആയിട്ടില്ലെന്നും എല്ലാവരും പരലോകത്ത് അല്ലാഹുവിന്റെ പക്കൽ ആ സ്ഥാനം പ്രാപിച്ചവരായിരിക്കുകയുള്ളൂ എന്നും പറയേണ്ടിവരും. "അല്ലാഹുവിന്റെ പക്കൽ" എന്നു പറഞ്ഞിട്ടുകൂടി ഈ ലോകത്തുതന്നെ സിദ്ദീഖും ശഹീദും ഉണ്ടായിട്ടുണ്ടെന്നു ഇവർ പറയുന്നുണ്ട്.

എന്നാൽ അല്ലാഹുവിനെയും നബിതിരുമേനിﷺയെയും അനുസരിച്ചവർക്ക് നാലു പദവികൾ സിദ്ധിക്കുമെന്നു പറഞ്ഞേടത്ത് "അല്ലാഹുവിന്റെ പക്കൽ" എന്നു പറഞ്ഞിട്ടുമില്ല. എന്നിട്ടും പ്രസ്തുത വാക്യം അഹ്മദിയ്യാ വിശ്വാസത്തിന്നനുകൂലമായ ഒരു രേഖയല്ലെന്നു വരുത്തിയിരിക്കുന്നതിനായി അതിൽ പറയപ്പെട്ട സ്ഥാനങ്ങൾ പരലോകത്തുമാത്രം ലഭിക്കുന്ന സ്ഥാനങ്ങളാണെന്നു പറയാനിവർ ധൈര്യപ്പെടുന്നു. അഹ്മദിയ്യത്തിനുനേരെ ഇവർ കാണിക്കുന്ന വിപരീത മനഃസ്ഥിതിയെന്നല്ലാതെ എന്തു പറയാനാണ്.

ചുരുക്കത്തിൽ മേൽആയത്തിൽ അല്ലാഹുവിനെയും നബിﷺയെയും അനുസരിച്ചവർ അല്ലാഹു അനുഗ്രഹിച്ച നാലു സ്ഥാനക്കാരായിരിക്കുമെന്നു പറഞ്ഞുകൊണ്ട് ഈ നാലു സ്ഥാനങ്ങളും ലഭിച്ചവർ തിരുനബിﷺയുടെ ഉമ്മത്തിൽ ഉണ്ടായിരിക്കുമെന്ന് അല്ലാഹു വ്യക്തമാക്കിത്തന്നിരിക്കുകയാണ്. ആകയാൽ, ആരെന്തുപറഞ്ഞാലും ഖുർആൻ വ്യക്തമാക്കിത്തന്നതു തന്നെയാണു സത്യം. നബിയെന്നതു ഒരു ആത്മീയ പദവിയാണ്. ഭൗതികമായ ഒരു സ്ഥാനമല്ല. അതുപോലെതന്നെ സിദ്ദീഖ്, ശഹീദ്, സ്വാലിഹ് എന്നീ പദവികളും ഭൗതികമായ അവസ്ഥകളോ ശാരീരികമായ സ്ഥിതിവിശേഷങ്ങളോ അല്ല. ആകയാൽ, ഇവിടെ 'ശഹീദ്' എന്നതിനു 'രക്തസാക്ഷി' എന്നർത്ഥം നല്കുന്നത് തെറ്റാണ്. രക്തസാക്ഷികൾക്കും 'ശഹീദ്' എന്നു പറയപ്പെടാറുണ്ട്. പക്ഷേ, വിശുദ്ധ ഖുർആനിൽ 'ശഹീദ്' എന്നും 'ശുഹദാ' എന്നും പറയപ്പെട്ടിരിക്കുന്നത് 'രക്തസാക്ഷികൾ' എന്നർത്ഥത്തിലല്ല. വിശേഷിച്ചും പ്രസ്തുത ആയത്തിൽ 'ശുഹദാ' എന്നു പറഞ്ഞതു 'രക്തസാക്ഷികൾ' എന്ന അർത്ഥത്തിലല്ല തന്നെ. എന്തെന്നാൽ, നബി, സിദ്ദീഖ്, ശഹീദ് ഈ മൂന്നു പദവികൾ സിദ്ധിച്ചവരിലും രക്തസാക്ഷികളുണ്ടാവാം. ശുഹദാ എന്നതിന്നു രക്തസാക്ഷികൾ എന്ന് അർത്ഥം കല്പിക്കുന്നപക്ഷം നബി, സിദ്ദീഖ്, സാലിഹ് എന്നീ പദവിക്കാരായ ആരും തന്നെ ഒരിക്കലും 'ശഹീദ്' ആയിട്ടില്ലെന്നും ആവുകയില്ലെന്നും പറയേണ്ടിവരും. അവർക്കും രക്തസാക്ഷികൾ ആവാമെന്നും അങ്ങനെ ആയിട്ടുണ്ടെന്നും ഉള്ളതാണ് വാസ്തവമെന്നു

വരുമ്പോൾ ഇവിടെ ശുഹദാ എന്നു പറഞ്ഞതു രക്തസാക്ഷികൾ എന്ന അർത്ഥത്തിലല്ലെന്നു സമ്മതിക്കുകയേ നിർവാഹമുള്ളൂ. മറ്റു മൂന്നു പദവികളെപ്പോലെ അതും ആത്മീയമായ ഒരു പദവി മാത്ര മാണ്. അതുകൊണ്ടുതന്നെയാണ് നാലു ആത്മീയ സ്ഥാനങ്ങളുടെ കൂട്ടത്തിൽ മൂന്നാമതായി 'ശുഹദാ' എന്നും പറഞ്ഞിരിക്കുന്നത്.

# പത്ത്

മുഹമ്മദ് മുസ്തഫാﷺ തിരുമേനിയുടെ ആവിർഭാവത്തിനു ശേഷം നുബുവ്വത്ത് ആകുന്ന അനുഗ്രഹം നിലച്ചുപോയിട്ടുണ്ടെന്നും ആ ദിവ്യാത്മാവിനുശേഷം അല്ലാഹു ആർക്കും നുബുവ്വത്ത് പദവി നല്കുകയില്ലെന്നും കരുതുന്നതു അബദ്ധമാണെന്നു വിശുദ്ധഖുർആന്റെ ആരംഭ അധ്യായമായ സൂറാ ഫാത്തിഹ തന്നെ വ്യക്തമാക്കിത്തരുന്നുണ്ട്. വക്രതയും വൈരാഗ്യവും ഉപേക്ഷിച്ച് സത്യബോധത്തോടുകൂടി ചിന്തിക്കുന്നവർക്കു ഈ സംഗതി മനസ്സിലാക്കാൻ പ്രയാസമില്ല. ഈ സൂറത്തിൽ

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝٦ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ

“നീ ഞങ്ങളെ നേരായ മാർഗത്തിൽ നടത്തേണമേ, നീ ആരിൽ അനുഗ്രഹം ചൊരിഞ്ഞുവോ അവരുടെ വഴിയിൽ തന്നെ” എന്നു പ്രാർത്ഥിക്കുവാനാണല്ലോ നിർദേശിച്ചിരിക്കുന്നത്. അല്ലാഹു അനുഗ്രഹിച്ചവരുടെ മാർഗത്തിൽ നടത്താൻ പ്രാർഥിക്കുന്നതിന്റെ താത്പര്യം, ആ അനുഗൃഹീതജനം ഏതു മാർഗത്തിൽ ചരിച്ചതിന്റെ ഫലമായി അവർക്ക് ആ അനുഗ്രഹം സിദ്ധിച്ചുവോ ആ വഴിയിൽ ചരിച്ചുകൊണ്ടു ആ അനുഗ്രഹത്തിനു നാമും പാത്രീഭൂതരാകണം എന്നാകാനെ തരമുള്ളുവല്ലൊ. പൂർവകാലത്തു അല്ലാഹുവിന്റെ അനുഗ്രഹത്തിനു പാത്രീഭൂതരായ ജനങ്ങൾക്ക് ലഭിച്ച അനുഗ്രഹം നമുക്ക് ലഭിക്കേണ്ടതില്ലെന്നും ലഭിക്കുകയില്ലെന്നും, ആകയാൽ അവർ ചരിച്ച ആ മാർഗം മനസ്സിലാക്കുകയോ അഥവാ ആ മാർഗത്തിൽകൂടെ വെറുതെ ചരിക്കുകയോ ചെയ്താൽമതി എന്നുമാണ് അതിന്റെ താത്പര്യമെന്നു വിവേകമുള്ള ആരുംതന്നെ പറയുകയില്ല. മാത്രമല്ല, ആ അനുഗൃഹീതജനം ഏതൊരു മാർഗത്തെ അവലംബിച്ചതിന്റെ ഫലമായി അവർക്കാ അനുഗ്രഹം ലഭിച്ചുവോ അതേ മാർഗത്തിൽ പിന്തുടർന്നവർക്കു ആ അനുഗ്രഹം കിട്ടുമെന്നതിൽ പക്ഷാന്തരത്തിന്നവകാശമില്ല. അപ്പോൾ ഈ പ്രാർഥനയുടെ താത്പര്യം പൂർവകാലത്തെ അനുഗൃഹീതജനം ഏതുമാർഗത്തിൽ

ചരിച്ചതിന്റെ ഫലമായി അവർക്ക് അനുഗ്രഹം ലഭിച്ചുവോ ആ മാർഗത്തെ അനുസരിച്ചുനടന്നു ആ അനുഗ്രഹത്തിന് ഞങ്ങളെയും പാത്രമാക്കേണമേ എന്നായിരിക്കാനേ നിവൃത്തിയുള്ളൂ. അപ്പോൾ പൂർവകാലത്ത് അല്ലാഹുവിന്റെ അനുഗ്രഹത്തിനു പാത്രമായവരെ പ്പോലുള്ളവർ തിരുനബിﷺയുടെ ഉമ്മത്തിലും ഉണ്ടാകുമെന്നു മന സ്സിലാകുന്നു. അല്ലാഹുവിന്റെ അനുഗ്രഹം പ്രാപിച്ചവർ നബി, സിദ്ദീ ഖ്, ശഹീദ്, സാലിഹ് എന്നീ നാലു തരക്കാരാണെന്ന് വ്യക്തമായ ഭാഷയിൽ വിശുദ്ധ ഖുർആൻ 4:70ൽ പ്രസ്താവിച്ചിട്ടുണ്ട്. അപ്പോൾ അല്ലാഹു അനുഗ്രഹിച്ചവരെന്നു സൂറാ ഫാതിഹയിൽ പറഞ്ഞിരി ക്കുന്നത് ഈ നാലു ഇനത്തിൽപ്പെട്ടവരാണെന്നു വ്യക്തമായി. “നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ” എന്നു സൂറാഫാത്തിഹയിൽ പറഞ്ഞിരിക്കുന്നത് ഈ നാല് അനുഗൃഹീത വർഗക്കാരെക്കുറി ച്ചാണെന്നു എല്ലാ വ്യാഖ്യാതാക്കളും സമ്മതിക്കുന്ന ഒരു പരമാർഥ മാണ്. ഈ പ്രാർഥന പഠിപ്പിച്ചുകൊണ്ട് അല്ലാഹു മനസ്സിലാക്കി ത്തരുന്നത് അവന്റെ അനുഗ്രഹത്തിന് പാത്രമായ ആ നാലു തര ക്കാരും തിരുനബിﷺയുടെ ഉമ്മത്തിൽ ഉണ്ടാകുമെന്നാണ്. അനു ഗൃഹീതരായ ഈ നാലു തരക്കാരും തിരുനബിﷺയുടെ ഉമ്മത്തിൽ ഉണ്ടാകുന്നതല്ലെങ്കിൽ അല്ലാഹു അവരുടെ മാർഗത്തിൽ നടത്താൻ അവനോടു പ്രാർഥിക്കണമെന്നു ഒരിക്കലും കല്പിക്കുകയില്ല. അല്ലാഹു അനുഗ്രഹിച്ചവർ, നബിമാർ ഉൾപ്പെടെയുള്ള നാലു സ്ഥാനക്കാരാണെന്ന് വ്യക്തമാക്കിത്തരികയും അവർ നടന്ന മാർഗ ത്തിൽ ചരിച്ചുകൊണ്ട് അവർക്ക് ലഭ്യമായ അനുഗ്രഹത്തിന് പാത്ര മാവാൻ പ്രാർഥിക്കണമെന്നു കല്പിക്കുകയും ചെയ്തുകൊണ്ട് ആ നാലുതരക്കാർക്ക് ലഭിച്ച അനുഗ്രഹവും ഈ ഉമ്മത്തിൽ ഉള്ള വർക്ക് ലഭിക്കുമെന്നുതന്നെയാണ് അല്ലാഹു നമുക്ക് മനസ്സിലാക്കി ത്തരുന്നത്. ഒരിക്കലും നല്കുകയില്ലെന്നു തീരുമാനിച്ച ഒരനുഗ്രഹം ലഭിക്കുന്നതിനുവേണ്ടി പ്രാർഥിക്കുവാൻ അല്ലാഹു കല്പിച്ചുവെന്നു ഊഹിക്കാൻപോലും നിവൃത്തിയില്ല. അനുഗ്രഹദാതാവായ അല്ലാഹു അനുഗ്രഹത്തിനു വേണ്ടി അവനോടു പ്രാർഥിക്കുവാൻ പറയുന്നു. ആ അനുഗ്രഹം നാലുവിധത്തിലുള്ളതാണെന്നും ആ

അനുഗ്രഹദാതാവുതന്നെ വ്യക്തമാക്കിത്തരുന്നു. അപ്പോൾ ഈ പ്രാർഥനയിൽ നുബുവ്വത്താകുന്ന അനുഗ്രഹം ഉൾപ്പെടുന്നില്ലെന്നോ അഥവാ ആ അനുഗ്രഹം ഈ ഉമ്മത്തിൽ ആർക്കുംതന്നെ അവൻ നല്കുകയില്ലെന്നോ പറയുന്നത് ഒരിക്കലും ഖുർആന്റെ നേർക്കുനേരെയുള്ള വ്യാഖ്യാനമോ സൂറാ ഫാത്തിഹ നല്കുന്ന പാഠത്തിനു അനുയോജ്യമായ അർഥമോ ആകയില്ല.

നബിതിരുമേനിﷺക്കുശേഷം നുബുവ്വത്താകുന്ന അനുഗ്രഹം ആർക്കും ലഭ്യമാകയില്ലെന്നു പറയുന്നതു ശരിയായിരിക്കണമെങ്കിൽ രണ്ടിലൊരു സംഗതി സമ്മതിക്കണം. ഒന്നുകിൽ 'നീ അനുഗ്രഹിച്ചവരുടെ ആ നേരായ മാർഗത്തിൽ നീ ഞങ്ങളെ നടത്തേണമേ' എന്ന പ്രാർഥനയുടെ താത്പര്യം നമുക്ക് യാതൊരു അനുഗ്രഹവും ഇനി ലഭിക്കേണ്ടതില്ലെന്നും ലഭിക്കുകയില്ലെന്നും അനുഗൃഹീതർ നടന്നവഴിയിൽ വെറുതെ നടന്നാൽ മതിയെന്നുമാണെന്നു പറയണം. ഇസ്‌ലാം അന്തിമവും പരിപൂർണവും ആയ മതമാണെന്നു വിശ്വസിക്കുന്ന വിവേകമുള്ള ആരുംതന്നെ അങ്ങനെ പറയാൻ ഒരുങ്ങുകയില്ല. എന്തെന്നാൽ, അപ്രകാരം പറയുന്നത്, ഈ പ്രാർഥന അർഥരഹിതമാണെന്നും ഇസ്‌ലാംമതമവലംബിക്കുന്നതു പ്രയോജനരഹിതമാണെന്നും സമ്മതിക്കുന്നതിനു തുല്യമാണ്. അല്ലെങ്കിൽ അനുഗൃഹീത ജനങ്ങളിൽ നബിമാർ ഉൾപ്പെടുന്നില്ലെന്നും നുബുവ്വത്ത് ഒരു അനുഗ്രഹമല്ലെന്നും പറയേണ്ടിവരും. അതാകട്ടെ, വിശുദ്ധ ഖുർആന്റെ പ്രകടനമായ പാഠത്തിനു വിരുദ്ധവുമാണ്. നുബുവ്വത്ത് ഏറ്റവും വലിയ അനുഗ്രഹമാണെന്നും നബി അനുഗൃഹീതജനങ്ങളിൽ പ്രഥമസ്ഥാനീയരാണെന്നുമാണ് ആ പവിത്രഗ്രന്ഥം മനസ്സിലാക്കിത്തരുന്നത്. ആകയാൽ, സൂറാഃ ഫാത്തിഹയിൽ ഉൾക്കൊള്ളുന്ന ഈ പ്രാർഥനയും അനുഗൃഹീതജനം നാലുതരക്കാരാണെന്ന ഖുർആന്റെ പ്രസ്താവനയും ഖുർആനിൽ ശേഷിക്കുന്ന കാലത്തോളം നബിശ്രേഷ്ഠരായ തിരുമേനിﷺക്കുശേഷം ഇനി ആർക്കും നുബുവ്വത്ത് പദവി ലഭിക്കയില്ലെന്നവാദം വിശുദ്ധ ഖുർആനു നിരക്കാത്ത ഒരു വിതണ്ഡവാദമായിരിക്കുകയേ ഉള്ളൂ.

ഈ പ്രാർഥനയിൽനിന്ന് നബിതിരുമേനിﷺയുടെ അനുയായികൾക്കു നുബുവ്വത്താകുന്ന അനുഗ്രഹം ലഭിക്കുമെന്നു സിദ്ധിക്കുന്നേയില്ലെന്നും സത്യമാർഗത്തിൽകൂടി അതായത് നബിﷺ നിർദേശിച്ച മാർഗത്തിൽകൂടി ചരിക്കാൻ സാധിക്കണമെന്നു മാത്രമാണ് ഇതിന്റെ താത്പര്യമെന്നും ചിലർ പറയാറുണ്ട്. അവർ ഇങ്ങനെ പറയുന്നത് മനസ്സാക്ഷിയെ വഞ്ചിച്ചുകൊണ്ടല്ലെങ്കിൽ മേപ്പടി പ്രാർഥനയിടലടങ്ങിയ വാചകങ്ങൾ പഠിക്കാത്തതുകൊണ്ടായിരിക്കണം. അല്ലാഹുവിന്റെ അനുഗ്രഹത്തിനു പാത്രമായവർ നാലു തരക്കാരാണെന്നും അവരിൽ ഒന്നാമത്തെ സ്ഥാനികൾ പ്രവാചകന്മാരാണെന്നും ഖുർആൻ വ്യക്തമാക്കിത്തന്നിരിക്കെ ഈ പ്രാർഥനയുടെ ഫലമായി തിരുമേനിയുടെ ഉമ്മത്തിൽ ആർക്കും നുബുവ്വത്താകുന്ന അനുഗ്രഹം കിട്ടേണ്ടതില്ലെന്നു പറയാമെങ്കിൽ മറ്റു മൂന്നു സ്ഥാനക്കാരും ഈ ഉമ്മത്തിൽ ഉണ്ടാവുകയില്ലെന്നും പറയേണ്ടിവരും. ഇതു ആർക്കും എളുപ്പം ഗ്രഹിക്കാവുന്ന ഒരു സംഗതിയാണ്.

ഈ പ്രാർഥനയുടെ ഫലമായി നുബുവ്വത്ത് ലഭിക്കുമെങ്കിൽ പ്രാർഥിച്ചവരെല്ലാം നബിമാരാകേണ്ടതല്ലേ എന്നു തികച്ചും ബാലിശമായ ഒരു ചോദ്യം ചിലർ ഉന്നയിക്കാറുണ്ട്. അല്ലാഹു അനുഗ്രഹിച്ചവർ നാലു സ്ഥാനികളാണെന്നു ഖുർആൻ തന്നെ മനസ്സിലാക്കിത്തരുന്നു. ആകയാൽ, അല്ലാഹുവിനെയും അവന്റെ റസൂലിനെയും യഥാർഥനിലയിൽ അനുസരിച്ച ഓരോ ആളും നബിയാവണമെന്നില്ല. നാലിലേതെങ്കിലും ഒരു പദവി അവർക്കു സിദ്ധിച്ചാൽ മതി. ഈ പ്രാർഥനയിൽ പറയപ്പെട്ടതനുസരിച്ച് അവരുടെ മാർഗത്തെ അവലംബിക്കുന്നവ നാലിൽ ഏതെങ്കിലും ഒരു പദവി സിദ്ധിക്കുമെന്നെ പറഞ്ഞിട്ടുള്ളൂ. അനുസരണത്തിന്റെ നിലയനുസരിച്ച് സിദ്ദീഖോ ശഹീദോ സാലിഹോ ആകാൻ കഴിയും. ആകയാൽ എന്തുകൊണ്ട് എല്ലാവരും സിദ്ദീഖാവുന്നില്ല എന്നു ചോദിക്കുന്നത് എത്രകണ്ട് അർഥരഹിതമാണോ അതിലേറെ അർഥരഹിതമാണ്, പ്രാർഥിക്കുന്നവരെല്ലാം നബിമാരാകേണ്ടതല്ലേ എന്നു ചോദിക്കുന്നതും, പ്രാർഥിക്കുന്നതു നബിയാകാനല്ലെന്നു മാത്രമല്ല

സിദ്ദീഖോ ശഹീദോ സാലിഹോ ആകാനുമല്ല. മറിച്ച്, അനുഗ്രഹം ലഭിച്ചവരാകാൻവേണ്ടിയാണ്. അവർ നാലുതരക്കാരാണെന്നു ഖുർ ആൻ പറയുന്നതുകൊണ്ട് നാലു സ്ഥാനം ലഭിച്ചവരിൽ ഏതിൽ ഉൾപ്പെടാനുള്ള സ്ഥിതിയാണോ പ്രാർഥകനുള്ളത് ആ സ്ഥാനം രഹസ്യജ്ഞനായ അല്ലാഹു അയാൾക്കു കൊടുക്കും. അനുഗ്രഹം പ്രാപിച്ച നബിമാരിൽ നീ ഞങ്ങളെ പെടുത്തേണമേ എന്നു പ്രാർഥി ക്കാനല്ല സൂറ ഫാത്തിഹായിൽ നിർദേശിച്ചിരിക്കുന്നത്. ആകയാൽ, പ്രാർഥിക്കുന്ന ഓരോരുത്തരും നബിയാകേണ്ടതല്ലേ എന്നു ചോദി ക്കുന്നത് നീതിപൂർവ്വകമായ ഒരു ചോദ്യമാകുന്നില്ല. ഈ പ്രാർഥന ചെയ്യുന്ന ഓരോരുത്തരും സിദ്ദീഖ് ആകുന്നുണ്ടോ? ശഹീദ് ആകു ന്നുണ്ടോ? സാലിഹ് ആകുന്നുണ്ടോ? എന്നെല്ലാം എന്തുകൊണ്ട് ചോദിക്കുന്നില്ല? പിന്നെ ഈ പ്രാർഥന ചെയ്യുന്നവരെല്ലാം നബി യാകേണ്ടതല്ലെ എന്നു ചോദിക്കുന്നതിന്നെന്തർത്ഥമാണുള്ളത്? ഈ പ്രാർഥന ചെയ്യുന്നവരെല്ലാം കുറഞ്ഞപക്ഷം സാലിഹ് എന്ന സ്ഥാനം പ്രാപിച്ചവരാണെന്നു ചോദ്യകർത്താക്കൾക്ക് സത്യബോ ധത്തോടുകൂടി പറയാൻ സാധിക്കുമോ?

ഇതൊരു കൂട്ടപ്രാർത്ഥനയാണ്. 'നീ ഞങ്ങളെ അനുഗ്രഹം സിദ്ധി ച്ചവരുടെ ആ നേർമാർഗത്തിൽ നടത്തേണമേ' എന്നാണ് പ്രാർത്ഥ ന. 'നീ എന്നെ നടത്തേണമേ' എന്ന ഏകവചന രൂപത്തിലല്ല പ്രാർഥന. ഏകനായി പ്രാർത്ഥന ചെയ്യുമ്പോഴും ബഹുവചനരൂപ ത്തിൽ 'ഞങ്ങളെ' എന്നു പറഞ്ഞുകൊണ്ടുതന്നെയാണ് പ്രാർഥി ക്കേണ്ടത്. അപ്പോൾ ഇതൊരു സാമൂഹ്യപ്രാർത്ഥനയാണെന്നുവ ന്നു. ഈ പ്രാർത്ഥനയുടെ ഫലമായി തിരുനബിയുടെ ഉമ്മത്തിൽ ഈ നാലു അനുഗൃഹീതസ്ഥാനികളും ഉണ്ടായിരിക്കണം എന്നേ യുള്ളൂ. പ്രാർഥകൻ ഏതു നിലയിൽ ഏതു സ്ഥാനത്തിൽ ഉൾപ്പെ ടാൻ അർഹനായിരിക്കുമോ, ആ കൂട്ടത്തിൽ ആ പ്രാർഥനയിൽ ഉൾപ്പെടും. ചുരുക്കത്തിൽ ഓരോ പ്രാർത്ഥകനും നബിയോ സിദ്ദീഖോ ശഹീദോ ആകാനല്ല പ്രാർത്ഥിക്കുന്നത്. തിരുനബിയുടെ അനുയായികളിൽ ഈ സ്ഥാനക്കാർ ഉണ്ടാകാൻ വേണ്ടിയാണ്. അതുകൊണ്ട് തീർച്ചയായും ഈ നാലു സ്ഥാനങ്ങളും പ്രാപിച്ച

വർ ഈ ഉമ്മത്തിൽ ഉണ്ടായേ തീരൂ. അല്ലെങ്കിൽ സൂറഃ ഫാത്തിഹയിൽ ഉൾക്കൊള്ളുന്ന പ്രാർഥന അർഥരഹിതവും ഫലശൂന്യവും ആണെന്നു സമ്മതിക്കേണ്ടിവരും.

ഈ പ്രാർഥനയുടെ ഫലമായിട്ട് നുബുവ്വത്ത് ലഭിക്കും എന്നാണെങ്കിൽ തിരുനബിയുടെ ഉമ്മത്തിൽപ്പെട്ട സ്ത്രീകളും നബിയായിരിക്കേണ്ടതല്ലേ എന്ന് ചിലർ ആവേശത്തോടുകൂടി ചോദിക്കാറുണ്ട്. അനുഗ്രഹം സിദ്ധിച്ചവരുടെ പാതയിൽ നടത്താനാണ് പ്രാർഥിക്കുന്നത്. എന്നാൽ, പൂർവികരിൽ എത്ര സ്ത്രീകൾക്കു നുബുവ്വത്ത് പദവി സിദ്ധിച്ചിട്ടുണ്ടായിരുന്നുവെന്ന് ഈ ചോദ്യകർത്താക്കൾ അഹ്മദിയ്യത്തിനോടുള്ള വിദ്വേഷം നിമിത്തം ചിന്തിക്കാറില്ല. പൂർവീകരിൽ സ്ത്രീയായ ആർക്കും തന്നെ ആ സ്ഥാനം ലഭിച്ചിട്ടില്ലെങ്കിൽ, 'നീ അനുഗ്രഹിച്ചിട്ടുള്ളവരുടെ പാതയിൽ നടത്തേണമേ' എന്നു പ്രാർഥിക്കുന്നതുകൊണ്ട് ആ പ്രാർഥന ചെയ്യുന്ന സ്ത്രീകളും നബിമാരാകണമെന്ന് വരുന്നതെന്തിന്? മുമ്പ് സ്ത്രീകൾക്ക് നുബുവ്വത്ത് പദവി സിദ്ധിച്ചിട്ടില്ലാത്തതുകൊണ്ട് ഈ പ്രാർഥനയുടെ ഫലമായി തിരുനബിﷺയുടെ ഉമ്മത്തിൽ ഒരു സ്ത്രീക്കും ഈ പദവി സിദ്ധിക്കയില്ലെന്നും സിദ്ധിക്കേണ്ടതില്ലെന്നും ആ പ്രാർഥനതന്നെ മനസ്സിലാക്കിത്തരുന്നുണ്ട്. ഈ പ്രാർഥനകൊണ്ടുമാത്രം ഒരാൾ നബിയോ സിദ്ദീഖോ ആകുമെന്നു ഞങ്ങൾ പറയുന്നില്ല. മറിച്ച് അല്ലാഹുവിന്റെ അനുഗൃഹീത ജനങ്ങളിൽ നാമും ഉൾപ്പെടാനായി പ്രാർഥിക്കാനാണ് ആജ്ഞാപിക്കപ്പെട്ടിരിക്കുന്നത്. അവരിൽ ഉൾപ്പെടുന്നതാകട്ടെ ദൈവത്തിന്റെ ഒരനുഗ്രഹം മാത്രമാണ്. ആത്മീയപദവികൾ സ്വപ്രയത്നംകൊണ്ട് മാത്രം ആർക്കും പ്രാപ്യവുമല്ല.

നുബുവ്വത്ത് ദൈവീകമായ ഒരു വരദാനമായിരിക്കെ അതു പ്രാർഥനയോ സത്കർമമോ മുഖേന ഇഷ്ടമനുസരിച്ചു പ്രാപിക്കാവുന്നതെങ്ങനെ എന്നും ചിലർ ചോദിക്കാറുണ്ട്. സ്വപ്രയത്നംകൊണ്ട് ഇഷ്ടാനുസരണം പ്രാപിക്കാവുന്നതല്ല ആത്മീയ സ്ഥാനങ്ങൾ ഒന്നുംതന്നെ. അതുകൊണ്ടാണ് നബി, സിദ്ദീഖ്, ശഹീദ്, സാലിഹ് എന്നീ നാലു പദവികൾ നല്കുന്നതിനെക്കുറിച്ച് പ്രസ്താവിച്ചേ

ടത്ത് ഇതു അല്ലാഹുവിൽനിന്നുള്ള അനുഗ്രഹമാണ് എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നത് (4:71). അപ്പോൾ ഒരാളുടെ പ്രാർഥനകൊണ്ടുമാത്രം അയാളെ അല്ലാഹു നബിയാക്കുകയില്ലെന്നു വന്നു. മാത്രമല്ല, തന്നെ നബിയാക്കണമെന്ന് ഒരു യഥാർഥ ഭക്തൻ ഒരിക്കലും പ്രാർഥിക്കുകയുമില്ല. എന്നാൽ, ഒരാളുടേയോ അനവധി ആളുകളുടേയോ പ്രാർഥനാഫലമായി അല്ലാഹു ആർക്കെങ്കിലും നുബുവ്വത്ത് ആകുന്ന അനുഗ്രഹം നല്കുന്നുവെങ്കിൽ അതു ഖുർആന്റെ അധ്യാപനത്തിനു വിപരീതവുമല്ല.

رَبَّنَا وَابْعَثْ فِيهِمْ رَسُولًا مِّنْهُمْ

*"ഞങ്ങളുടെ നാഥാ നീ അവരിൽനിന്നു അവർക്കായി ഒരു ദൂതനെ എഴുന്നേല്പിച്ചാലും" (2:130)*

എന്ന ഇബ്രാഹീം നബിﷺയുടെ പ്രാർഥനയുടെ ഫലമായിട്ടാണ് നബിതിരുമേനിﷺ നിയുക്തനായത്. ഇതു എല്ലാവരും സമ്മതിക്കുന്ന ഒരു പരമാർത്ഥമാണ്. **انا دعوة ابى ابراهيم** "ഞാൻ എന്റെ പിതാവായ ഇബ്രാഹീമിന്റെ പ്രാർഥനയാണ്' എന്ന് നബിതിരുമേനിﷺ തന്നെ അരുളിയിട്ടുണ്ട്. അതായത്, ഹദ്റത്ത് ഇബ്രാഹീം നബിﷺന്റെ പ്രാർഥനയുടെ ഫലമാണ് താനെന്നു തന്നെ ഹാറൂൻﷺനെ നബിയായി നിയോഗിക്കാൻ മൂസാനബിﷺ അല്ലാഹുവിനോട് ഇങ്ങനെ പ്രാർഥിച്ചതായി ഖുർആൻ പറയുന്നു:

وَاجْعَل لِّي وَزِيرًا مِّنْ أَهْلِي ﴿٣٠﴾ هَارُونَ أَخِي ﴿٣١﴾
اشْدُدْ بِهِ أَزْرِي ﴿٣٢﴾ وَأَشْرِكْهُ فِي أَمْرِي ﴿٣٣﴾

*"നീ എനിക്കുവേണ്ടി എന്റെ കുടുംബത്തിൽനിന്നു ഒരു സഹായകനെ നല്കിയാലും. എന്റെ സഹോദരനായ ഹാറൂനെതന്നെ. അദ്ദേഹം മുഖേന എന്റെ ശക്തിയെ ദൃഢതരമാക്കുകയും എന്റെ കാര്യത്തിൽ അദ്ദേഹത്തെ പങ്കുകാരനാക്കുകയും ചെയ്യുക" (20:30–33)*

ഈ പ്രാർഥന സ്വീകരിക്കപ്പെട്ടുവെന്ന് അല്ലാഹു പറയുന്നു.

قَالَ قَدْ أُوتِيتَ سُؤْلَكَ يَا مُوسَىٰ ﴿٣٦﴾

*"അല്ലയോ മൂസാ, നിശ്ചയമായും നിന്റെ അപേക്ഷ നല്കപ്പെട്ടിരിക്കുന്നു" (20:37).*

അതായത്, മൂസാ നബിയുടെ പ്രാർഥന അല്ലാഹു സ്വീകരിച്ചുവെന്നുതന്നെ. നുബുവ്വത്ത് കേവലം ദാനമാണെന്നും അത് പ്രാർഥനയുടെ ഫലമായി ഒരു പ്രകാരത്തിലും ആർക്കും ലഭിക്കാവുന്നതല്ലെന്നും സിദ്ധാന്തിക്കുന്നവർക്ക് വേണമെങ്കിൽ ഇബ്രാഹീം നബിﷺന്റെ പ്രാർഥനക്ക് നബിതിരുമേനിﷺയുടെ റിസാലയത്തുമായും അതുപോലെതന്നെ മൂസാനബിയുടെ പ്രാർഥനയ്ക്ക് ഹാറൂൻ നബിയുടെ റിസാലത്തുമായും യാതൊരു ബന്ധവുമില്ലെന്നും ആകയാൽ ഖുർആന്റെ പ്രസ്താവന സ്വീകാര്യമല്ലെന്നും വേണമെങ്കിൽ പറയാം. ഇബ്രാഹീം നബിയുടെ പ്രാർഥനാഫലമായി നബിതിരുമേനിﷺ നിയോഗിക്കപ്പെടുകയും മൂസാനബിﷺയുടെ പ്രാർഥനാഫലമായി ഹാറൂൻനബിﷺ നിയോഗിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ നബിതിരുമേനിയുടെ ഉമ്മത്തിൽനിന്നുള്ള ലക്ഷക്കണക്കായ സത്യാത്മാക്കളുടെ പ്രാർഥനാഫലമായി തിരുമേനിയുടെ വാഗ്ദാനമനുസരിച്ച് ഇസ്‌ലാം ദീനിനെ ഉദ്ധരിക്കാൻവേണ്ടി തിരുമേനിയുടെ ഉമ്മത്തിൽ നിന്ന് ഒരാൾക്ക് അല്ലാഹു നുബുവ്വത്ത് പദവി നല്കിയിട്ടുണ്ടെങ്കിൽ അത് ഖുർആന്റെ അധ്യാപനത്തിനു അനുയോജ്യമാകുന്നതല്ലാതെ വിപരീതമാകുന്നതല്ല.

സൂറഃ ഫാത്തിഹയിൽനിന്നു നബിതിരുമേനിﷺയുടെ ഉമ്മത്തിൽ നുബുവ്വത്താകുന്ന അനുഗ്രഹം ലഭിക്കുന്നവർ ഉണ്ടാകും എന്നു തെളിയുന്നുവെന്ന അഹ്‌മദിയ്യാ ജമാഅത്തിന്റെ ന്യായത്തെ ഖണ്ഡിക്കുവാനെന്നോണം ചിലർ എത്രയും രസാവഹമായ മറ്റൊരു സംഗതികൂടി പറയാറുണ്ട്. അനുഗൃഹീതരുടെ പാതയായ 'സിറാത്തൽ മുസ്തഖീമിൽ നടക്കുന്നതു കൊണ്ട് അനുഗ്രഹം പ്രാപിച്ചവരാകുമെങ്കിൽ അങ്ങനെ നടക്കുന്നതുകൊണ്ടു ദൈവവും ആകാവുന്നതാണെന്നു പറയേണ്ടിവരുമെന്നും വിശുദ്ധ ഖുർആനിൽ സിറാത്തുൽ മുസ്തഖീമിനെ കുറിച്ച് ചിലേടത്ത് 'സിറാത്തില്ലാഹി' صراط الله 'അല്ലാഹുവിന്റെ വഴി' എന്നു പ്രസ്താവിക്കപ്പെട്ടിട്ടുണ്ട് എന്നും ആണ് അവർ പറയുന്നത്. എന്തു വിലകൊടുത്തിട്ടും – ഖുർആനെ

കളിപ്പാട്ടമാക്കിയിട്ടുപോലും – അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസങ്ങളെ ഖണ്ഡിക്കണമെന്ന വ്യഗ്രതയിൽ നീതിയെ മറന്നും മനസ്സാക്ഷിയെ അറുകൊല ചെയ്തുമാണോ ഇവർ ഇത്തരം ചോദ്യങ്ങളുന്നയിക്കുന്നതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. "അല്ലാഹുവിന്റെ വഴി" ആയതുകൊണ്ടു ആ വഴിയിൽ ചരിക്കുന്നവർക്കാർക്കും അല്ലാഹു ആകാൻ സാധ്യമല്ല എന്നതുപോലെ, അനുഗൃഹീതരുടെ വഴിയിൽ ചരിച്ചതിന്റെ ഫലമായി ആരും നബിയാകയില്ല എന്നാണിപ്പറഞ്ഞതിന്റെ അർഥമെങ്കിൽ അതോടൊപ്പം തന്നെ ആ അനുഗൃഹീതരുടെ വഴിയിൽ ചരിച്ചതുകൊണ്ട് ആരും തന്നെ സിദ്ദീഖോ ശഹീദോ സ്വാലിഹോ ആവുകയില്ലെന്നും ഇവർ സമ്മതിക്കേണ്ടിവരും. ഈ ചോദ്യകർത്താക്കൾ അങ്ങനെ 'സിറാത്തൽ മുസ്തഖീമി'ൽ നടക്കുന്നതുകൊണ്ട് യാതൊരനുഗ്രഹവും തിരുനബിയുടെ അനുയായികൾക്കു കിട്ടുകയില്ലെന്നാണോ ഭംഗ്യന്തരേണ സമർഥിക്കുന്നത്? അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കുകയും സൂറഃ ഫാത്തിഹയിൽ നിർദേശിക്കപ്പെട്ട പ്രാർഥന ചെയ്യുകയും ചെയ്യുന്നതിന്റെ ഫലമായി യാതൊരു അനുഗ്രഹവും ലഭിക്കുവാനില്ലെന്നു വരുത്തുമാറ് ഇവർ ഇങ്ങനെയെല്ലാം പറഞ്ഞുകളയുന്നുവല്ലോ.

അല്ലാഹുവിന്റെ വഴി എന്നു പറയുന്നതിന്റെ വിവക്ഷ അല്ലാഹു അവന്റെ തിരുദൂതർ മുഖേന നിർദേശിച്ച വഴി എന്നാണ്. അല്ലാതെ, ഏതുവഴിയെ പിന്തുടർന്നതിന്റെ ഫലമായി അല്ലാഹു അല്ലാഹുവായിത്തീർന്നുവോ ആ വഴി എന്നല്ല. ഇത് ആർക്കാണ് മനസ്സിലാക്കാൻ സാധിക്കാത്തത്? അതുപോലെതന്നെ 'അല്ലാഹു അനുഗ്രഹിച്ചവരുടെ വഴിയിൽ ഞങ്ങളെ നടത്തേണമേ' എന്നു പ്രാർഥിക്കുന്നതിന്റെ താല്പര്യം അനുഗൃഹീതജനം ഏതുവഴിയിൽ ചരിച്ചതിന്റെ ഫലമായി അവർക്ക് ആ അനുഗ്രഹം ലഭിച്ചുവോ ആ വഴിയിൽ നടത്തി ആ അനുഗ്രഹങ്ങൾക്ക് ഞങ്ങളെ അവകാശികളാക്കേണമേ എന്നാണെന്നു ആർക്കും നിഷ്പ്രയാസം മനസ്സിലാക്കാം. 'ഇസ്ലാം നമ്മുടെ ദീനാണ്' എന്നും 'ഇസ്ലാം അല്ലാഹുവിന്റെ ദീനാണ്' എന്നും പറയപ്പെടുന്നുവല്ലോ. നമ്മുടെ ദീനാണ്

എന്നു പറയുമ്പോൾ, നാം നിർദേശിക്കുകയും ഉപദേശിക്കുകയും ചെയ്ത ദീൻ എന്നല്ല അതിന്റെ അർഥം. മറിച്ച്, നാം ഏതു ദീൻ അനുസരിച്ചു ജീവിക്കണമോ ആ ദീൻ എന്നാണർഥം. ഇസ്‌ലാം അല്ലാഹുവിന്റെ ദീൻ ആണ് എന്നു പറയുമ്പോൾ അതിന്റെ അർഥം അല്ലാഹു ഏതു ദീൻ അനുസരിച്ച് ജീവിക്കേണമോ ആ ദീൻ ആണ് ഇസ്‌ലാം എന്നാണെന്ന് ബുദ്ധിയും നീതിയുമുള്ള ആരുംതന്നെ പറയുകയില്ല. നബിതിരുമേനിﷺയെപറ്റി رسولنا 'നമ്മുടെ റസൂൽ' എന്നും رسول الله 'അല്ലാഹുവിന്റെ റസൂൽ എന്നും പറയപ്പെടുന്നു. നമ്മുടെ റസൂൽ എന്നു പറയുമ്പോൾ അതിന്റെ അർഥം നമുക്ക് ഇസ്‌ലാംമതം പ്രബോധിക്കുവാൻ വേണ്ടി വന്ന റസൂൽ എന്നാണ്. 'അല്ലാഹുവിന്റെ റസൂൽ' എന്നു പറയുമ്പോൾ അല്ലാഹുവിന്ന് സന്മാർഗോപദേശം ചെയ്യാനും സ്വമാതൃക മുഖേന അല്ലാഹുവിനെ നന്നാക്കാനും വേണ്ടിയുള്ള റസൂൽ എന്നാണ് വിവക്ഷയെന്നു ബുദ്ധിയുള്ളവരാരെങ്കിലും പറയുമോ? ഇല്ല! ഒരിക്കലും ഇല്ല! അല്ലാഹുവിന്റെ റസൂൽ എന്നതിന്റെ വിവക്ഷ അല്ലാഹു മനുഷ്യർക്കു വേണ്ടി നിയോഗിച്ചയച്ച അവന്റെ റസൂൽ എന്നുമാത്രമാണ്. ഇതേ പ്രകാരം തന്നെ അല്ലാഹുവിന്റെ നേർവഴി എന്നു പറഞ്ഞാൽ അല്ലാഹു നിർദേശിച്ചവഴി എന്നേ അർഥം ഗ്രഹിക്കുകയുള്ളൂ. അല്ലാഹു നിർദേശിച്ച വഴി അവലംബിക്കുന്നതുകൊണ്ട് ആരും അല്ലാഹു ആവുകയില്ല. മറിച്ച്, അതിന്റെ ഫലമായി മനുഷ്യർക്ക് എന്തനുഗ്രഹം ലഭിക്കുമെന്നാണോ പറഞ്ഞിരിക്കുന്നത് ആ അനുഗ്രഹം ആ വഴി അവലംബിച്ചതുകൊണ്ടു ലഭിക്കുമെന്നേ വരികയുള്ളൂ. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹം പ്രാപിച്ചവരുടെ വഴി എന്നു പറയുന്നതിന്റെ അർഥം, ഏതു വഴി അവലംബിച്ചതുകൊണ്ട് അവർ ദൈവാനുഗ്രഹത്തിനു അവകാശികളായോ ആ വഴി എന്നു മാത്രമാണ്. അപ്പോൾ ആ വഴി അവലംബിക്കുന്നവർക്കു ആ അനുഗ്രഹം ലഭിക്കുമെന്നായി. അവർ അല്ലാഹു ആകുമെന്നല്ല. അനുഗൃഹീതജനം നാലു സ്ഥാനം ലഭിച്ചവരാണെന്നു ഖുർആൻ പറയുന്നു. നബി, സിദ്ദീഖ്, ശഹീദ്, സ്വാലിഹ് ഈ അനുഗൃഹീതസ്ഥാനം ലഭിച്ചവരുടെ വഴിയിൽ നമ്മെ നടത്താൻ പ്രാർഥിക്കണമെന്നാണ് സൂറഃ ഫാത്തിഹയിൽ നിർദേശിക്കപ്പെട്ടിരിക്കുന്ന

ത്. ഇങ്ങനെയിരിക്കെ നബിയാകുമെങ്കിൽ സിറാത്തൽ മുസ്തഖീമിൽ നടന്നതുകൊണ്ടു അല്ലാഹു ആകേണ്ടതുമല്ലേ എന്നും മറ്റും ഇവർ ചോദിക്കുന്നത് ധിക്കാരം മാത്രമല്ലേ? ഇങ്ങനെ സൂറഃ ഫാത്തിഹയിലെ പ്രാർഥനയെ നിരർഥകമാക്കിത്തീർക്കുകയും അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസങ്ങളെ ഖണ്ഡിക്കുവാനെന്നോണം വിശുദ്ധ ഖുർആനെ കളിപ്പാട്ടമാക്കുകയും ചെയ്യാൻ മടിക്കാത്ത ഇവരാണ് അഹ്മദികളെപ്പറ്റി ഖുർആനെ ദുർവ്യാഖ്യാനം ചെയ്യുന്നവരും, ഖുർആന്റെ പാഠത്തിന്നെതിരായി വിശ്വസിക്കുന്നവരും ആണെന്നാക്ഷേപിക്കുന്നത്.

'സിറാത്തൻ മുസ്തഖീമി'ൽ ചരിക്കുന്നവർക്ക് നുബുവ്വത്ത് പദവി സിദ്ധിക്കാവുന്നതാണെങ്കിൽ അല്ലാഹുവിന്റെ വഴി' എന്നുകൂടി പറയപ്പെട്ടിരിക്കുന്നതിനാൽ ആ വഴിയിൽ ചരിക്കുന്നവർക്കു അല്ലാഹുവും ആകാവുന്നതാണല്ലോ എന്നു ചോദിക്കുന്നവർ ഒരു സംഗതി ആലോചിക്കാറില്ല. തിരുനബിﷺനുശേഷമാണല്ലോ നുബുവ്വത്ത് ആർക്കും ലഭിക്കുകയില്ലെന്നു ഇവർ പറയുന്നത്! ആ ദിവ്യാത്മാവിനു മുമ്പ് ഈ അനുഗ്രഹത്തിന്റെ കവാടം ബന്ധിക്കപ്പെട്ടു പോയിട്ടില്ലല്ലോ. അനവധി സൽപുരുഷന്മാർക്ക് ഈ അനുഗ്രഹം സിദ്ധിച്ചിട്ടുണ്ട്. അവരെല്ലാവരും അല്ലാഹുവിന്റെ 'മുസ്തഖീം' ആയ പാതയിൽ ചരിച്ചവരാണ്. എന്നാൽ, അക്കാലത്ത് അങ്ങനെ ചരിച്ചവരിൽ ആരെങ്കിലും അല്ലാഹു ആയിട്ടുണ്ടോ? ആയിട്ടില്ലെന്നാണെങ്കിൽ ഇന്നു സിറാത്തൽ മുസ്തഖീമിൽ ചരിക്കുന്നവർ അത് അല്ലാഹുവിന്റെ പാതയാണെന്നു പറയപ്പെട്ടതുകൊണ്ടുമാത്രം, എന്തിന് അല്ലാഹു ആയിത്തീരണം? മുൻപ് ആ പാതയെ അവലംബിച്ചു ജീവിച്ചവർ നാലു ആത്മീയപദവി സിദ്ധിച്ചവർ മാത്രമായിരുന്നുവെങ്കിൽ ആ മാർഗത്തിൽ ചരിക്കുന്നവരാകാനാണ് പ്രാർഥനയെങ്കിൽ- ഇന്നു ആ മാർഗത്തിൽ ചരിക്കുന്നവർ എന്തുകൊണ്ട് അല്ലാഹു ആകുന്നില്ല എന്ന ചോദ്യത്തിന് ബുദ്ധിയും നീതിയും ആയിട്ട് വല്ല ബന്ധവുമുണ്ടോ എന്നു സത്യബോധമുള്ളവർ ചിന്തിക്കേണ്ടതാണ്.

# പതിനൊന്ന്

നുബുവ്വത്താകുന്ന അനുഗ്രഹം അല്ലാഹു നല്കുക തിരുനബിﷺയുടെ ഉമ്മത്തിനാണ്. അതായത് തിരുനബിﷺയുടെ അനുയായികളിൽപെട്ടവർക്ക്. ഇതിലേക്ക് ഖുർആനിൽ നിന്നുള്ള മറ്റൊരു തെളിവ് ചുവടെ ഉദ്ധരിക്കുന്ന വാക്യമാണ്.

أَلَمْ يَأْنِ لِلَّذِينَ آمَنُوٓا أَن تَخْشَعَ قُلُوبُهُمْ لِذِكْرِ ٱللَّهِ وَمَا نَزَلَ مِنَ ٱلْحَقِّ ۙ وَلَا يَكُونُوا كَٱلَّذِينَ أُوتُوا ٱلْكِتَٰبَ مِن قَبْلُ فَطَالَ عَلَيْهِمُ ٱلْأَمَدُ فَقَسَتْ قُلُوبُهُمْ ۖ وَكَثِيرٌ مِّنْهُمْ فَٰسِقُونَ ﴿١٧﴾ ٱعْلَمُوٓا أَنَّ ٱللَّهَ يُحْىِ ٱلْأَرْضَ بَعْدَ مَوْتِهَا ۚ قَدْ بَيَّنَّا لَكُمُ ٱلْءَايَٰتِ لَعَلَّكُمْ تَعْقِلُونَ ﴿١٨﴾

*"വിശ്വസിച്ചവർക്ക് ഇനിയും സമയമായിട്ടില്ലേ, അല്ലാഹുവിന്റെ സ്മരണയ്ക്കായി അവരുടെ ഹൃദയങ്ങൾ അലിവുള്ളതായിത്തീരാൻ. മുമ്പ് ഗ്രന്ഥം നൽകപ്പെട്ടവരെപ്പോലെ ആകാതിരിക്കാനും. അവർക്ക് നീണ്ടകാലം കഴിയുകയും അങ്ങനെ അവരുടെ ഹൃദയങ്ങൾ കടുത്തുപോകുകയും ചെയ്തു. അവരിൽ അധികം ആളുകളും ആജ്ഞാലംഘകരത്രെ. നിങ്ങളറിയുവിൻ, നിശ്ചയമായും അല്ലാഹു ഭൂമിയെ അതിന്റെ മരണശേഷം ജീവിപ്പിക്കും. നാം നിങ്ങൾക്കായി അടയാളങ്ങൾ വിവരിച്ചുതന്നിരിക്കുന്നു നിങ്ങൾ മനസ്സിലാക്കുവാൻവേണ്ടി" (57:17,18)*

ഈ രണ്ടു ഖുർആൻ വാക്യങ്ങളിൽ ആദ്യത്തേതിൽ വിശുദ്ധ ഖുർആന്റെ അവതരണത്തിനുശേഷം ദീർഘകാലം കഴിഞ്ഞാൽ, മുസ്ലിംകൾ അതിന്റെ യഥാർഥ അധ്യാപനങ്ങളിൽനിന്നു അകന്നുപോവുകയും അവരുടെ ഹൃദയങ്ങളിൽ ദൈവത്തോടുള്ള ഭയഭക്തി ശൂന്യമായിത്തീരുകയും ഗ്രന്ഥം നല്കപ്പെട്ടു ദീർഘകാലം

കഴിഞ്ഞതിൽപിന്നെ യഹൂദിനസാറാക്കൾ ശിലാഹൃദയരും ആ ജ്ഞാലംഘകരും ആയിത്തീർന്നതുപോലെ, ആയിത്തീരുകയും ചെയ്യുമെന്നാണ് പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്. രണ്ടാമത്തെ ആയത്തിൽ പറയുന്നത് ആ നില വരികയും മനുഷ്യഹൃദയങ്ങൾ ആത്മീയനിലയിൽ നിർജീവമായി പരിണമിക്കുകയും ചെയ്യുമ്പോൾ ആകാശത്തിൽനിന്നു വെള്ളമിറക്കി നിർജീവമായ ഭൂമിക്കു ജീവചൈതന്യം നല്കുന്നതുപോലെ അല്ലാഹു അവന്റെ മധുരഭാഷണമായ ആത്മീയജലമിറക്കി മനുഷ്യഹൃദയങ്ങളെ ജീവിപ്പിക്കുമെന്നാണ്.

വിശുദ്ധഖുർആൻ പല സ്ഥലങ്ങളിലും അല്ലാഹു നിയോഗിച്ചയക്കുന്ന അവന്റെ സൽപുരുഷന്മാർക്ക് അവൻ നല്കുന്ന ദിവ്യവെളിപാടിനെ മഴയോടുപമിച്ചു പറഞ്ഞുകൊണ്ട്, നിർജീവാവസ്ഥയെ പ്രാപിച്ച ഭൂമിക്ക് വൃഷ്ടിമുഖേന ജീവചൈതന്യം നല്കുന്നതുപോലെ ആത്മീയ ജലം മുഖേന നിർജീവാവസ്ഥയെ പ്രാപിച്ച ഹൃദയങ്ങളെ ഉജ്ജീവിപ്പിക്കുന്നു എന്ന് പ്രസ്താവിച്ചിട്ടുണ്ട്. ഈ സംഗതി ഈ മുമ്പൊരിടത്തു ഞാൻ പ്രസ്താവിച്ചിട്ടുള്ളതാണ്. ആ നിയമം തന്നെയാണ് അല്ലാഹു ഇവിടെയും പറയുന്നത്. അതായത്, മുസ്ലിംകളുടെ ഹൃദയം മരവിച്ചുപോകയും ദൈവഭയവും ഈശ്വരഭക്തിയും അവരിൽനിന്നു ഒഴിഞ്ഞുപോകുകയും അങ്ങനെ അവർ, മുമ്പ് ഗ്രന്ഥം നല്കപ്പെട്ട യഹൂദി നസാറാക്കളെപ്പോലെ ശിലാഹൃദയരും ആജ്ഞാലംഘകരുമായിത്തീരുകയും ചെയ്യുന്ന കാലം വരുമെന്നും അപ്പോൾ അല്ലാഹു അവരെ ഉജ്ജീവിപ്പിക്കാനായി അവന്റെ അമൃതഭാഷണമാകുന്ന വൃഷ്ടിയിറക്കുന്നതാണെന്നുംതന്നെ. ഈ ആത്മീയവൃഷ്ടി മുമ്പ് അവൻ ഇറക്കിയതെല്ലാം അവൻ തിരഞ്ഞെടുക്കുന്ന അവന്റെ ചില വരിഷ്ഠദാസന്മാരിലായിരുന്നുവല്ലോ. അതുപോലെതന്നെയായിരിക്കും മുസ്ലിംകൾ ഇസ്ലാമിൽ നിന്നകന്നുപോകുമ്പോൾ അവൻ ഇറക്കുന്നതായിട്ട് ഇവിടെ പറഞ്ഞ ആ ആത്മീയ ജലവും. ഇവിടെ ആത്മീയനിലയിൽ നിർജീവാവസ്ഥയെ പ്രാപിക്കുന്നതായിട്ടു പറയപ്പെട്ടിരിക്കുന്നത് മുസ്ലിംകളെക്കുറിച്ചാണല്ലോ. അതായത്, വിശ്വസിച്ചവരാണെന്ന് അവകാശപ്പെടുന്നവരെക്കുറിച്ച്, ആകയാൽ അവരെ ജീവി

പ്പിക്കാൻ ആത്മീയജലം ഇറക്കുമെന്നു പറഞ്ഞതിൽനിന്നു മന സ്സിലാകുന്നത് അവരിൽനിന്ന്, അതായത് പ്രവാചക ചക്രവർത്തി യായ തിരുനബിﷺയുടെ അനുയായികളിൽ നിന്നുള്ള ഏ തെങ്കിലും ഒരു വ്യക്തിയിൽ കൂടിയായിരിക്കും അവൻ ആ അമൃത ജലം ഇറ ക്കുകയെന്നാണ്. അങ്ങനെ നബിതിരുമേനിﷺക്കു ശേഷം നുബു വ്വത്താകുന്ന അനുഗ്രഹം ലഭിക്കുമെന്നത് തിരുനബിയുടെ ഉമ്മ ത്തിൽപെട്ട ആൾക്കായിരിക്കുമെന്ന് വിശുദ്ധ ഖുർആൻ നാലാം സൂറഃ 70-ാം വാക്യവും സൂറഃ ഫാത്തിഹയും മനസ്സിലാക്കിത്തരു ന്നതുപോലെ ഈ വാക്യവും മനസ്സിലാക്കിത്തന്നിരിക്കുകയാണ്.

അല്ലാഹുവിനും അവനിൽനിന്നു അവതരിച്ച സത്യത്തിനും വേണ്ടി ഹൃദയത്തിൽ അലിവും ഭയഭക്തിയും ഉണ്ടാവാനും, ഗ്രന്ഥം നൽകപ്പെട്ടതിനുശേഷം ദീർഘകാലം കഴിഞ്ഞതിൽ പിന്നെ ശിലാ ഹൃദയരും ആജ്ഞാലംഘകരും ആയിത്തീർന്ന യഹൂദി നസാറാ ക്കളെപ്പോലെ ആകാതിരിക്കാനും മുഅ്മിനീംകൾക്ക് ഇനിയും സമ യമായിട്ടില്ലേ? എന്ന് മേൽ ആയത്തിൽ പ്രസ്താവിച്ചിരിക്കുന്നത് തിരുനബിയുടെ സഹാബികളെക്കുറിച്ചോ അനന്തരഗാമികളെക്കു റിച്ചോ അക്കാലത്തെ മുനാഫിഖുകളെക്കുറിച്ചോ ആണെന്നു കരു താൻ നിർവ്വാഹകമില്ല. നബിതിരുമേനിﷺയുടെ ശിഷ്യന്മാരും അന ന്തരഗാമികളുമെല്ലാം യഥാർഥ ദൈവഭക്തന്മാരായിരുന്നു. അവർക്കു ദൈവഭയവും ഭക്തിയും ഉണ്ടായിരുന്നില്ല എന്നു പറയാവതല്ലല്ലോ. നബിതിരുമേനിﷺ മുഖേന അല്ലാഹു ഇറക്കിയ ജീവാമൃതം മുഖേന അവർ ശരിയായ നിലയിൽ ആത്മീയ ജീവിതം പ്രാപിച്ചവരായി ത്തീർന്നിരുന്നു. അവരെക്കുറിച്ച് ദൈവഭയവും ഭക്തിയും ഉണ്ടാ വാനുള്ള സമയം ആയിട്ടില്ലേ? എന്ന് ഒരിക്കലും പറയാവതല്ല. രണ്ടാ മത്, ഇവിടെ പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്, ഗ്രന്ഥം നല്കപ്പെട്ട തിന്നുശേഷം ദീർഘകാലം കഴിഞ്ഞുപോയതിൽ പിന്നെ യഹൂദി നസാറാക്കൾ ശിലാഹൃദയരും ആജ്ഞാലംഘകരും ആയിത്തീർന്ന തുപോലെ ആകാതിരിക്കാൻ ഇനിയും സമയമായില്ലേ എന്നാണ്. ഈ അവസ്ഥകളൊന്നും തന്നെ ആദിമ മുസ്ലിംകൾക്കുണ്ടായിട്ടി ല്ല. അവരെ സംബന്ധിച്ചേടത്തോളം വിശുദ്ധ ഖുർആൻ ഇറങ്ങി

യിട്ട് ദീർഘകാലം കഴിഞ്ഞിട്ടുമില്ലായിരുന്നു. അവർ ശിലാഹൃദയരോ ആജ്ഞാലംഘകരോ ആയിരുന്നില്ലതാനും. ഇവിടെ അക്കാലത്തെ മുനാഫിഖീങ്ങളെക്കുറിച്ചാണിത് പറഞ്ഞതെന്നും കരുതാൻ നിർവാഹമില്ല. എന്തെന്നാൽ, യഥാർഥത്തിൽ മുനാഫിഖുകൾ നബി തിരുമേനിﷺയിൽ വിശ്വസിച്ചവരായിരുന്നില്ലെന്നാണ് ഖുർആൻ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിരിക്കുന്നത്. മുനാഫിഖുകൾ ഖുർആൻ ഇറങ്ങി നൂറ്റാണ്ടുകൾ കഴിഞ്ഞതിൽ പിന്നെ മാത്രം ഉണ്ടായവരുമല്ല. ആകയാൽ, വിശ്വസിച്ചവർ എന്നിവിടെ പറഞ്ഞിരിക്കുന്നത് വിശ്വാസികളാണെന്നവകാശപ്പെടുന്ന പില്ക്കാല മുസ്‌ലിംകളെക്കുറിച്ച് തന്നെയാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. അവർക്ക് അല്ലാഹുവിനെക്കുറിച്ചുള്ള ചിന്തയും അവനോടുള്ള ഭയഭക്തിയും കുറഞ്ഞിരിക്കും. അല്ലാഹുവിൽ നിന്ന് ഇറങ്ങിയതിനെക്കുറിച്ച് ചിന്തിക്കുകയും അതു സ്വീകരിക്കുകയും വേണ്ടതാണെന്ന ബോധം അവർക്ക് നശിച്ചിരിക്കും എന്നാൽ, അധികം പേരും ഇസ്‌ലാമിന്റെ ആജ്ഞകളെ ലംഘിച്ചു ജീവിക്കുന്നവരുമായിരിക്കും. ഈ നിലകളെല്ലാം തന്നെ അവസാനകാല മുസ്‌ലിംകൾക്കുണ്ടായിത്തീരുമെന്നുതന്നെയാണ് വിശുദ്ധ ഖുർആന്റെ പ്രസ്താവനകൾ സൂക്ഷ്മരൂപത്തിലും തിരുനബിﷺയുടെ തിരുമൊഴികൾ വ്യക്തമായ വിധത്തിലും മനസ്സിലാക്കിത്തരുന്നത്. ഈ നിലയ്ക്കുള്ള പരിഹാരമായി അല്ലാഹു അവന്റെ ഒരു വരിഷ്ഠദാസനിൽ ആത്മീയ വചോവൃഷ്ടി ഇറക്കി അതുമുഖേന വരണ്ടുപോയ മനുഷ്യഹൃദയങ്ങളെ ജീവിപ്പിക്കുന്നതിനുള്ള ഏർപ്പാട് ചെയ്യുന്നതാണ്. ഇതാണ് രണ്ടാമത്തെ വാക്യത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്. ചുരുക്കത്തിൽ ഈ ഖുർആൻ വാക്യം നമ്മുടെ മുമ്പിൽ പല സത്യതത്ത്വങ്ങളും വെച്ചുതന്നിരിക്കുന്നു. ഒന്ന്, വിശുദ്ധ ഖുർആൻ ഇറങ്ങി നൂറ്റാണ്ടുകൾ കഴിയുമ്പോൾ മുസ്‌ലിംകൾ ഇസ്‌ലാമിൽനിന്ന് അകന്ന് യഹൂദി നസാറാക്കൾക്ക് തുല്യരായിത്തീരും. രണ്ട്, ആ അവസരത്തിൽ അല്ലാഹു അവന്റെ സനാതന നിയമമനുസരിച്ച്, വൃഷ്ടിമുഖേന വരണ്ട ഭൂമിയെ ജീവിപ്പിക്കുന്നതുപോലെ, അവൻ തിരഞ്ഞെടുക്കുന്ന ഒരു ഭക്തദാസനിൽ ദിവ്യ

വചനമാകുന്ന ജീവാധാരജലത്തെ ഇറക്കി നിർജീവാവസ്ഥയെ പ്രാപിച്ച മനുഷ്യാത്മാക്കളെ ജീവിപ്പിക്കുന്നതിന്നുള്ള ഏർപ്പാടു ചെയ്യും. മൂന്ന്, അങ്ങനെ അവൻ തിരഞ്ഞെടുക്കുന്ന ആ ദാസൻ തിരുനബിﷺയുടെ ശിഷ്യനും ഉമ്മത്തിയും ആയ ഒരാളായിരിക്കും. എന്തെന്നാൽ, അല്ലാഹുവിന്റെ ഈ നിയമം പ്രവർത്തിക്കുന്നത് തിരുനബിﷺയുടെ അനുയായികളിലാണെന്നാണ് മേൽ ആയത്തിൽ സൂചിതമായിരിക്കുന്നത്. ഇങ്ങനെ പറഞ്ഞതിനുശേഷം അല്ലാഹു പറയുന്നത് ബുദ്ധികൊണ്ട് ചിന്തിച്ചു മനസ്സിലാക്കാൻവേണ്ടിയാണ് ഈ ദൃഷ്ടാന്തങ്ങൾ അവൻ വിവരിച്ചിരിക്കുന്നത് എന്നത്രെ. ഈ ഖുർആൻ വാക്യങ്ങളിൽ ചിന്തിക്കുന്നപക്ഷം, അല്ലാഹു പറഞ്ഞതുപോലെ മുസ്‌ലിംകളുടെ ഇന്നത്തെ നിലയേയും അല്ലാഹുവിന്റെ സനാതനമായ നിയമത്തിന്റെ പ്രവർത്തനത്തേയും മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്.

പ്രവാചകന്മാരെ നിയോഗിക്കുന്നതിനേയും അവർക്ക് വെളിപാട് നൽകുന്നതിനേയും മഴയോടുപമിച്ചുകൊണ്ട് ഖുർആനിൽ പലേടത്തും പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. ആ നിയമത്തെ കുറിച്ചുതന്നെയാണ് ഇവിടെ വ്യക്തമായ രൂപത്തിൽ, അവസാനകാല മുസ്‌ലിംകളിലും പ്രവർത്തിക്കുന്നതാണെന്നു പറഞ്ഞിരിക്കുന്നത്. ആകയാൽ, തിരുനബിﷺക്കുശേഷം അല്ലാഹു ആത്മീയവൃഷ്ടി തന്റെ ഒരു ദാസനിൽ ഇറക്കി അതുമുഖേന നിർജീവമായ ഹൃദയങ്ങളെ ജീവിപ്പിക്കുകയില്ല എന്നു പറയുന്നത് അഥവാ ആ പ്രവാചകവര്യനുശേഷം നുബുവ്വത്താകുന്ന അനുഗ്രഹം തിരുനബിയുടെ ഉമ്മത്തിൽപെട്ട ഒരാൾക്കുപോലും അല്ലാഹു നൽകുകയില്ല എന്നു കരുതുന്നത് ഒരിക്കലും ഖുർആന്റെ അധ്യാപനത്തിനു അനുയോജ്യമല്ല എന്നു സിദ്ധിക്കുന്നു.

# പന്ത്രണ്ട്

വിശുദ്ധ ഖുർആനിൽ ഹദ്റത്ത് ഇബ്രാഹീം നബി عليه السلام നെക്കുറിച്ച് അല്ലാഹു ഇങ്ങനെ പറയുന്നു:

وَاِذِ ابْتَلٰٓى اِبْرٰهٖمَ رَبُّهٗ بِكَلِمٰتٍ فَاَتَمَّهُنَّ ؕ قَالَ اِنِّىْ جَاعِلُكَ لِلنَّاسِ اِمَامًا ؕ قَالَ وَمِنْ ذُرِّيَّتِىْ ؕ قَالَ لَا يَنَالُ عَهْدِى الظّٰلِمِيْنَ ﴿١٢٥﴾

*"ഓർക്കുക! ഇബ്രാഹീമിനെ അദ്ദേഹത്തിന്റെ റബ്ബ് ചില വചനങ്ങൾമുഖേന പരീക്ഷിച്ചു. അദ്ദേഹം അവ പൂർത്തിയാക്കി. അവൻ പറഞ്ഞു: നിശ്ചയമായും ഞാൻ നിന്നെ മനുഷ്യർക്കു വേണ്ടി ഇമാം (നേതാവ്) ആക്കുന്നതാണ്. അദ്ദേഹം പറഞ്ഞു: എന്റെ സന്തതികളിൽനിന്നും (ആക്കേണമേ). അവൻ പറഞ്ഞു: എന്റെ ഉടമ്പടിയെ അക്രമികൾ പ്രാപിക്കുന്നതല്ല" (2:125)*

അല്ലാഹു നടത്തിയ ഒരു പരീക്ഷയിൽ ഇബ്രാഹീം നബി عليه السلام വിജയിയായപ്പോൾ അദ്ദേഹത്തോട് അല്ലാഹു പറഞ്ഞത് ഞാൻ നിന്നെ മനുഷ്യർക്കു വേണ്ടി ഇമാം (നേതാവ്) ആക്കും എന്നാണ്. ഇമാം എന്ന പദം നബിക്കും നബി അല്ലാത്തവർക്കും ഉപയോഗിക്കപ്പെടാവുന്നതാണെങ്കിലും ഇവിടെ അതിന്റെ വിവക്ഷ നബി എന്നാണെന്നതു വ്യക്തമാണ്. എന്തെന്നാൽ ഇബ്രാഹീം നബിയെ അല്ലാഹു നബിയായ ഇമാം ആക്കുകയാണ് ചെയ്തത്. ഇങ്ങനെ അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിച്ചപ്പോൾ, തന്റെ സന്താനപരമ്പരയിലും ആ അനുഗ്രഹം നല്കണമേ എന്ന് അദ്ദേഹം അല്ലാഹുവിനോടപേക്ഷിച്ചു. അതിന്നുത്തരമായി അല്ലാഹു പറഞ്ഞത് ഇബ്രാഹീം നബിയുടെ സന്താനപരമ്പരയിൽ അക്രമികളും ദ്രോഹികളും ആയവർക്ക് ഈ അനുഗ്രഹം ലഭിക്കുകയില്ലെന്നാണ്. ഇതിൽനിന്ന് മനസ്സിലാകുന്നത് ഇബ്രാഹീം നബിയുടെ സന്താനപരമ്പരയിൽ അക്രമികളും ദ്രോഹികളും ആയവരുടെ ഇടയിൽ അല്ലാഹു നബിമാരെ നിയോഗിക്കുകയില്ലെന്നും അങ്ങനെ അല്ലാത്തവരിൽ മാത്രമേ ഈ അനുഗ്രഹത്തിനു പാത്രീ

ഭവിച്ചവർ ഉണ്ടാകുകയുള്ളൂവെന്നും ആണല്ലോ. ഈ വാഗ്ദാനമനുസരിച്ച് അദ്ദേഹത്തിന്റെ സന്താന പരമ്പരയിൽ നുബുവ്വത്താകുന്ന അനുഗ്രഹം അവൻ നല്കിക്കൊണ്ടിരിക്കുകയും ചെയ്തു. ഈ സംഗതി ഖുർആനിൽ മറ്റൊരിടത്തു ഇപ്രകാരം വ്യക്തമാക്കിത്തന്നിരിക്കുന്നു:

وَجَعَلْنَا فِي ذُرِّيَّتِهِ النُّبُوَّةَ

*“നാം അദ്ദേഹത്തിന്റെ സന്താന പരമ്പരയിൽ നുബുവ്വത്ത് നല്കി’ (29:28)*

ഇബ്രാഹീംനബിﷺന്റെ സന്താനപരമ്പരയുടെ പ്രധാനഭാഗം രണ്ടായിരുന്നു. ഒന്ന് ഇസ്രായീല്യരും രണ്ട് ഇസ്മായീല്യരും. യഹൂദിനസാറാക്കൾ ഇസ്രായീൽ സന്തതികളുടെ തുടർച്ചക്കാരാണ്. മുസ്ലിംകൾ ഇസ്മായീല്യരുടേയും. ഈസാനബിﷺ വരെ ഇസ്രായീല്യരിൽ പ്രവാചകന്മാർ വന്നുകൊണ്ടിരുന്നു. എന്നാൽ അദ്ദേഹത്തിനുശേഷം രണ്ടായിരം കൊല്ലം കഴിഞ്ഞിട്ടും യഹൂദികളിലോ നസ്രാണികളിലോ ഒരു നബിയും വന്നില്ല. യഹൂദികൾ ഈസാ നബിയെ കള്ളവാദിയെന്നു വിധിക്കുകയും കടുത്തനിലയിൽ ദ്രോഹിക്കുകയുമുണ്ടായി. എന്റെ ഉടമ്പടി അക്രമികൾക്കു പ്രാപ്യമാകുന്നതല്ല എന്ന ദൈവവിധിയനുസരിച്ച് അവർ നുബുവ്വത്തിന്റെ അനുഗ്രഹത്തിൽ നിന്നു അകറ്റപ്പെട്ടു. ക്രിസ്ത്യാനികൾ ഈസാ നബിﷺയെ ദൈവമാക്കുകയും നബിതിരുമേനിﷺയെ നിരാകരിക്കുകയും ചെയ്തുകൊണ്ട് അതേവിധിക്ക് പാത്രീഭൂതരായിത്തീരുകയാൽ അവരും ആ അനുഗ്രഹത്തിൽനിന്നു ദൂരത്തായി. ഇബ്രാഹീംനബിയ്ക്കുശേഷം ഒരു നീണ്ടകാലം കഴിഞ്ഞതിൽപിന്നെ അദ്ദേഹത്തിന്റെ സന്താനമായ ഇസ്മായീലിന്റെ വംശപരമ്പരയെ നുബുവ്വത്തിന്റെ അത്യുൽകൃഷ്ട സ്ഥാനംകൊണ്ട് അല്ലാഹു അനുഗ്രഹിച്ചു. അങ്ങനെ തിരുനബിﷺ നുബുവ്വത്താകുന്ന നഭോമണ്ഡലത്തിലെ സൂര്യനായി ഉദയം ചെയ്തു. ഈസാനബിﷺക്കുശേഷം ഇബ്രാഹീം നബിയുടെ സന്താനങ്ങളായ ഇസ്രായീൽ വംശപരമ്പരയിൽപെട്ട യഹൂദിനസാറാക്കളിൽ നുബുവ്വത്തിന്റെ അനുഗ്രഹം അവസാനിച്ചുപോയതു പോലെ നബി തിരുമേനിക്കു ശേഷം

ഇസ്മായീൽ വംശപരമ്പരയിൽപെട്ട മുസ്‌ലിംകളിലും ആ അനുഗ്രഹം അവസാനിച്ചുപോയെന്നാണെങ്കിൽ, 'എന്റെ ഉടമ്പടി അക്രമികൾക്കു ബാധകമാകുന്നതല്ല' എന്ന് അല്ലാഹു ഇബ്രാഹീംനബിയെ അറിയിച്ചതുപോലെ മുസ്‌ലിം സമുദായമാകമാനം നുബുവ്വത്താകുന്ന അനുഗ്രഹത്തിനു അനർഹരായിക്കുമാറ് അക്രമികളും ദ്രോഹികളുമായിത്തീർന്നിട്ടുണ്ടെന്ന് സമ്മതിക്കേണ്ടിവരും. അങ്ങനെ കരുതാൻ നിവൃത്തിയില്ലെന്നും മുസ്‌ലിം ഉമ്മത്ത് ദൈവദൃഷ്ടിയിൽ അനുഗ്രഹത്തിനു അർഹരായിത്തന്നെയിരിക്കുന്നു എന്നുമാണെങ്കിൽ തീർച്ചയായും 'എന്റെ സന്താനങ്ങളിൽ നിന്നും നീ നബിമാരെ നിശ്ചയിക്കേണമേ' എന്ന ഇബ്രാഹീം നബിعليه السلام യുടെ തേട്ടമനുസരിച്ച് മുസ്‌ലിംകളിലും അല്ലാഹു ആ അനുഗ്രഹം തുടർന്നുകൊണ്ടിരിക്കേണ്ടതാണ്. നബിമാർ നിയോഗിക്കപ്പെടുമെന്ന അനുഗ്രഹവാഗ്ദാനം അക്രമികളായ സന്താനങ്ങളിൽ നിറവേറുകയില്ലെന്ന ആ ശാപം മുസ്‌ലിം ഉമ്മത്തിന് ബാധകമാകാൻ ഒരിക്കലും നിവൃത്തിയില്ലല്ലോ. ചുരുക്കത്തിൽ, ഹദ്റത്ത് ഇബ്രാഹീം നബിعليه السلام യുടെ ആത്മീയവും ശാരീരികവുമായ യഥാർഥ സന്താനങ്ങളായിരിക്കുന്ന മുസ്‌ലിംകളിൽ ഒരു നബിയും വരികയില്ലെന്നു പറയുന്നപക്ഷം അവർ അല്ലാഹുവിന്റെ ദൃഷ്ടിയിൽ അക്രമികളും ദ്രോഹികളുമായിരിക്കുന്നുവെന്നും തന്നിമിത്തം നബിത്വപദവിക്കർഹരാകയില്ലെന്ന ശാപത്തിന്നു പാത്രീഭവിച്ചിരിക്കുന്നുവെന്നും സമ്മതിക്കേണ്ടിവരും. അങ്ങനെ സമ്മതിക്കാവതല്ലെങ്കിൽ തീർച്ചയായും നബിയുടെ അനുയായികളിൽ നുബുവ്വത്ത് പദവി ലഭിച്ചവർ ഉണ്ടായിരിക്കേണ്ടതുതന്നെയാണ്. നബിതിരുമേനിക്കുശേഷം ആർക്കും അല്ലാഹു നുബുവ്വത്ത് നൽകുകയില്ലെന്നു പറയുന്നത് മേലുദ്ധരിച്ച ഖുർആൻ വാക്യത്തിൽനിന്നു മനസ്സിലാകുന്ന സിദ്ധാന്തത്തിനു നിരക്കാത്തതും മുസ്‌ലിംകൾ ആകമാനം അക്രമികളായിത്തീരുകയും ദൈവത്തിന്റെ കോപത്തിനും ശാപത്തിനും ഇരയായിത്തീരുകയും ചെയ്തിട്ടുണ്ടെന്ന് പറയുന്നതിനു തുല്യവുമാണ്.

# പതിമൂന്ന്

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

قُلْ أَرَءَيْتُمْ إِن كَانَ مِنْ عِندِ ٱللَّهِ وَكَفَرْتُم بِهِۦ
وَشَهِدَ شَاهِدٌ مِّنۢ بَنِىٓ إِسْرَٰٓءِيلَ عَلَىٰ مِثْلِهِۦ فَـَٔامَنَ
وَٱسْتَكْبَرْتُمْ ۖ إِنَّ ٱللَّهَ لَا يَهْدِى ٱلْقَوْمَ ٱلظَّٰلِمِينَ ﴿١١﴾

*"പറയുക, നിങ്ങൾ എന്ത് പറയുന്നു? ഇദ്ദേഹം അല്ലാഹുവിൽനിന്നുള്ള ആളായിരിക്കുകയും നിങ്ങൾ ഇദ്ദേഹത്തെ നിഷേധിക്കുകയും ചെയ്യുന്നതായാൽ (അതിന്റെ ഫലം എന്തായിരിക്കും)? ഇസ്രായീല്യരിൽനിന്നുള്ള ഒരു സാക്ഷി തന്നെപ്പോലെയുള്ള ഒരാളുടെ (ആവിർഭാവത്തെക്കുറിച്ചു) സാക്ഷി പറഞ്ഞു. അങ്ങനെ അദ്ദേഹം വിശ്വസിച്ചു. നിങ്ങളോ അഹങ്കരിക്കുകയും ചെയ്തു. നിശ്ചയമായും അക്രമികൾക്ക് അല്ലാഹു നേർമാർഗ്ഗം കാണിക്കുകയില്ല" (46:11)*

തന്നെപ്പോലെയുള്ള ഒരു പ്രവാചകനെ ഇസ്രായീല്യരുടെ സഹോദരിൽനിന്നു അല്ലാഹു നിയോഗിച്ചയക്കുമെന്ന് മൂസാ നബി(عليه السلام) പ്രവചിച്ചിട്ടുണ്ടായിരുന്നു (ആവർത്തനം, 18:18). ആ പ്രവചനത്തെ കുറിച്ചാണ് മേൽ ഖുർആൻ ആയത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. അപ്പോൾ ഇവിടെ 'ശാഹിദ്' എന്നു പറഞ്ഞത് മൂസാ നബി(عليه السلام)യെക്കുറിച്ചാണ്. തന്നെപ്പോലുള്ള ഒരു പ്രവാചകൻ വരുമെന്ന് പ്രവചിച്ചതു അദ്ദേഹം തന്നെയാണല്ലോ, ഇങ്ങനെ മൂസാ നബി(عليه السلام) തിരുനബി(ﷺ)യെക്കുറിച്ച് പ്രവചനം ചെയ്തിരുന്നിട്ടും ഈ പ്രവചനം ഉൾക്കൊള്ളുന്ന ബൈബിളിന്റെ അനുയായികളെന്നവകാശപ്പെടുന്ന യഹൂദിന്നസാറാക്കൾ ആ ദിവ്യാത്മാവിനെ വിശ്വസിക്കുന്നതിന്നു പകരം അഹങ്കാരികളായി ചമഞ്ഞുകൊണ്ട് തങ്ങൾക്കൊരു നബിയും വേണ്ടാ എന്നുപറഞ്ഞു ആ സത്യാത്മാവിനെ നിഷേധിച്ചുകളകയാണ് ചെയ്തത്.

ഇങ്ങനെ നബിതിരുമേനിﷺക്ക് മുമ്പ് ആ ദിവ്യാത്മാവിനെക്കുറിച്ച് സാക്ഷ്യം പറയുന്ന ഒരാൾ ആവിർഭവിച്ചിട്ടുണ്ടായിരുന്നുവെന്നും ആ സാക്ഷി ഒരു നബിയായിരുന്നുവെന്നും ഖുർആൻ മനസ്സിലാക്കിത്തരുന്നതുപോലെതന്നെ ആ ദിവ്യാത്മാവിനുശേഷം അല്ലാഹുവിൽ നിന്നുള്ള ഒരു സാക്ഷി അദ്ദേഹത്തെക്കുറിച്ച സാക്ഷ്യം പറയുന്നതിന്നു വേണ്ടി ആഗതനാകുമെന്നും ആ വിശുദ്ധ ഗ്രന്ഥം പ്രസ്താവിക്കുന്നു. നോക്കുക.

أَفَمَن كَانَ عَلَىٰ بَيِّنَةٍ مِّن رَّبِّهِۦ وَيَتْلُوهُ شَاهِدٌ مِّنْهُ وَمِن
قَبْلِهِۦ كِتَٰبُ مُوسَىٰٓ إِمَامًا وَرَحْمَةً ۚ

*"(ഒരാൾ) തന്റെ ദൈവത്തിങ്കൽനിന്ന് വ്യക്തമായ തെളിവിന്മേൽ ആയിരിക്കുകയും അവനിൽനിന്നുള്ള ഒരു സാക്ഷി അദ്ദേഹത്തെ പിന്തുടർന്നുവരികയും അദ്ദേഹത്തിന്നുമുമ്പ് ഇമാമും റഹ്മത്തും ആയി മൂസായുടെ ഗ്രന്ഥമുണ്ടായിരിക്കുകയും ചെയ്യവെ (അയാൾ) കള്ളവാദിയാകുമോ" (11:18)*

ഈ ആയത്തിൽ നബി തിരുമേനിﷺ സത്യവാദിയാണെന്നതിലേക്ക് വർത്തമാനം, ഭൂതം, ഭാവി എന്നീ മൂന്നു കാലങ്ങളിലുള്ള സാക്ഷ്യങ്ങളെയാണ് അല്ലാഹു നൽകിയിരിക്കുന്നത്, 'തന്റെ നാഥങ്കൽനിന്നുള്ള വ്യക്തമായ ദൃഷ്ടാന്തത്തിന്മേൽ' എന്നു പറഞ്ഞുകൊണ്ട് നബിതിരുമേനിﷺയുടെ ജീവിതത്തിൽ തന്നെയുള്ള ഒരു ദൃഷ്ടാന്തത്തെയാണ് അല്ലാഹു എടുത്തുകാണിച്ചിരിക്കുന്നത്. അതായത് നബിതിരുമേനിﷺയുടെ ജീവിതവും പ്രവൃത്തികളും ആ മഹാത്മാവിനു ദൈവത്തോടുള്ള ബന്ധവും എല്ലാം അദ്ദേഹം ഒരു സത്യദൂതനാണെന്ന് തെളിയിക്കുന്നുണ്ട്. തിരുനബിﷺക്ക് മുമ്പ് ഇമാമും റഹ്മത്തും ആയ മൂസാനബിയുടെ ഗ്രന്ഥം അദ്ദേഹം സത്യവാദിയാണെന്ന് തെളിയിക്കുന്ന ഒരു ഭൂതകാല സാക്ഷ്യമത്രെ. ആ ഗ്രന്ഥത്തിൽ തിരുനബിﷺയെക്കുറിച്ച് ഒന്നിലധികം സ്ഥലങ്ങളിൽ പ്രവചനങ്ങളുണ്ട്. തിരുനബിﷺ സത്യവാദിയാണെന്നു ഭാവികാലത്തു തെളിയിക്കുന്ന മറ്റൊരാൾ അല്ലാഹുവിൽ നിന്നുള്ള ഒരു സാക്ഷി

യായി ആ പുണ്യാത്മാവിനെ പിന്തുടരുന്നതാണെന്നും അല്ലാഹു ഈ ആയത്തിൽ തന്നെ പ്രസ്താവിച്ചിരിക്കുന്നു.

നബിതിരുമേനിﷺയുടെ സത്യത്തെക്കുറിച്ച് പ്രവചിച്ച മൂസാനബിعليه السلامയെപ്പറ്റി തിരുമേനിക്കുവേണ്ടി സാക്ഷ്യംനല്കുന്ന ആളാണെന്നാണ് ഖുർആൻ പറഞ്ഞിരിക്കുന്നത്. അതുപോലെതന്നെ ഈ രണ്ടാമത്തെ വാക്യത്തിൽ നബിതിരുമേനിﷺക്കുശേഷം ആ സത്യാത്മാവിനെക്കുറിച്ച് സാക്ഷ്യം പറയുന്ന ഒരാൾ അല്ലാഹുവിങ്കൽനിന്ന് പ്രത്യക്ഷനാകുമെന്നു പ്രസ്താവിച്ചിരിക്കുന്നു. തിരുനബിﷺയുടെ അനുയായികളെല്ലാം പ്രത്യേകിച്ച് സൽപുരുഷന്മാരും പുണ്യാത്മാക്കളുമായ മുസ്ലിംകൾ തിരുമേനിക്കുവേണ്ടി സാക്ഷ്യം പറയുന്നവർ തന്നെയാണെങ്കിലും അല്ലാഹുവിൽ നിന്നുള്ള സാക്ഷിയായിരിക്കുന്ന ഒരു പ്രത്യേക വ്യക്തിയെക്കുറിച്ചാണ് ഇവിടെ സവിശേഷനിലയിൽ പ്രസ്താവിച്ചിരിക്കുന്നതെന്ന് കാണാൻ പ്രയാസമില്ല. ആകയാൽ, ആ ആൾ അല്ലാഹു നിയോഗിച്ചയക്കുന്ന വ്യക്തിയും അതേസമയത്തുതന്നെ തിരുനബിﷺയുടെ സത്യത്തെക്കുറിച്ച് ഒരു സവിശേഷ സാക്ഷ്യം നല്കുന്ന ഒരാളും ആയിരിക്കുമെന്നാണ് ആയത്ത് മനസ്സിലാക്കിത്തരുന്നത്. അദ്ദേഹത്തെപ്പോലുള്ള സാക്ഷ്യം പറയുന്ന ഒരാൾ തിരുനബിﷺയുടെ ഉമ്മത്തിൽ ഉണ്ടായിരിക്കുകയില്ല. ആ നിലയ്ക്ക്, അദ്ദേഹം പ്രസ്താവയോഗ്യനായ ഒരു സാക്ഷി തന്നെയായിരിക്കുന്നതാണ്. ആ സാക്ഷി നുബുവ്വത്ത് പദവികൊണ്ട് അനുഗ്രഹീതനായിരിക്കുമെന്നാണ് ആയത്തിൽനിന്ന് മനസ്സിലാകുന്നത്. അദ്ദേഹം അല്ലാഹുവിൽനിന്നുള്ള സാക്ഷിയായിരിക്കുമെന്നും, നബിതിരുമേനിﷺക്ക് മൂസാനബിعليه السلام സാക്ഷ്യം പറഞ്ഞതുപോലെ സാക്ഷ്യം നല്കുന്ന ഒരാളായിരിക്കുമെന്നും ഖുർആൻ പ്രസ്താവിച്ചിട്ടുള്ളതിൽനിന്നും ഇതു വ്യക്തമാകുന്നു. ആകയാൽ, ഇവിടെ തിരുനബിعليه السلامയെ അനുസരിക്കുന്ന ഒരു സാക്ഷി തിരുമേനിയ്ക്കുശേഷം വരുമെന്ന് പറഞ്ഞത് തിരുമേനിയുടെ ഉമ്മത്തിൽനിന്ന് ആഗതനാകുന്ന ഒരു പ്രവാചകനെക്കുറിച്ചാണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

മസീഹ്ബ്നു മർയം അവതരിക്കുമെന്ന് തിരുനബിﷺ ദൈവനാ

മത്തിൽ ആണയിട്ടുകൊണ്ട് പ്രവചിച്ചതും, അദ്ദേഹം നബിയും മുസ്‌ലിംകൾക്ക് അവരിൽ നിന്നുള്ള ഇമാമും ആയിരിക്കുമെന്നും ഞാനാദ്യവും മസീഹ് അവസാനത്തിലുമുള്ള ഒരു സമുദായം നശിക്കുകയില്ല എന്നും, എന്റെ സമുദായത്തിന്റെ ശ്രേഷ്ഠഭാഗം ആദ്യത്തേതോ അവസാനത്തേതോ എന്നു പറയാവതല്ല; ആദ്യത്തിൽ ഞാനും അവസാനത്തിൽ മസീഹും ആണ്' എന്നും മറ്റും തിരുനബിﷺ അരുളിയിട്ടുള്ളതും മേൽഖുർആൻ വാക്യത്തിന്റെ വ്യാഖ്യാനം തന്നെയാണ്.

# പതിനാല്

മറ്റൊരിടത്ത് അല്ലാഹു ഇപ്രകാരം പറയുന്നു:

وَإِذْ أَخَذَ اللَّهُ مِيثَاقَ النَّبِيِّينَ لَمَا آتَيْتُكُم مِّن كِتَابٍ وَحِكْمَةٍ ثُمَّ جَاءَكُمْ رَسُولٌ مُّصَدِّقٌ لِّمَا مَعَكُمْ لَتُؤْمِنُنَّ بِهِ وَلَتَنصُرُنَّهُ ۚ قَالَ أَأَقْرَرْتُمْ وَأَخَذْتُمْ عَلَىٰ ذَٰلِكُمْ إِصْرِي ۖ قَالُوا أَقْرَرْنَا ۚ قَالَ فَاشْهَدُوا وَأَنَا مَعَكُم مِّنَ الشَّاهِدِينَ ﴿٨٢﴾

*"ഓർക്കുക, അല്ലാഹു പ്രവാചകന്മാരോടു ഉടമ്പടി വാങ്ങി: ഞാൻ നിങ്ങൾക്ക് ഗ്രന്ഥവും ജ്ഞാനവും നല്കിയിരിക്കുന്നു. പിന്നെ, നിങ്ങളുടെ പക്കലുള്ളതിനെ സത്യപ്പെടുത്തുന്ന ഒരു ദൂതൻ നിങ്ങളുടെയടുക്കൽ വരുന്നതായാൽ നിങ്ങൾ നിശ്ചയമായും അദ്ദേഹത്തെ വിശ്വസിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതാണ്. അവൻ (അല്ലാഹു) പറഞ്ഞു: നിങ്ങൾ സമ്മതിക്കുകയും അതു സംബന്ധിച്ച് ഞാൻ ഏല്പിച്ച ചുമതല കയ്യേൽക്കുകയും ചെയ്തുവോ? അവർ പറഞ്ഞു: ഞങ്ങൾ സമ്മതിച്ചു. അവൻ (അല്ലാഹു) പറഞ്ഞു: നിങ്ങൾ സാക്ഷ്യം വഹിക്കുവിൻ. നിങ്ങളോടുകൂടെ ഞാനും ഒരു സാക്ഷിയാണ്" (3:82)*

ഈ ഖുർആൻ വാക്യത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നത് മുമ്പു കഴിഞ്ഞുപോയ പ്രവാചകന്മാരോട് അല്ലാഹു ഒരു പ്രതിജ്ഞ വാങ്ങിയിട്ടുണ്ടായിരുന്നുവെന്നാണ്. അതായത്, അവർക്ക് ഗ്രന്ഥവും ജ്ഞാനവും അല്ലാഹു നൽകിയിട്ടുണ്ടെങ്കിലും അവയെ സത്യപ്പെടുത്തുന്ന ഒരു പ്രവാചകൻ പിന്നീട് വരുന്നതായാൽ, അവർ ആ പ്രവാചകനെ വിശ്വസിക്കുകയും സഹായിക്കുകയും ചെയ്യേണ്ട

താണ് എന്ന്. 'തങ്ങളുടെ കയ്യിൽ ഗ്രന്ഥവും ജ്ഞാനവും ഉള്ളതു കൊണ്ട് പിന്നീട് വരുന്ന പ്രവാചകന്മാരെ വിശ്വസിക്കുകയും സഹാ യിക്കുകയും ചെയ്യണ്ടതില്ല എന്ന് ആരുംതന്നെ ധരിച്ചുപോകരുത്. അല്ലാഹു പ്രവാചകന്മാരോട് ഇങ്ങനെ ഒരു ഉടമ്പടി വാങ്ങിയിട്ടു ണ്ടായിരുന്നു എന്നു പറയുന്നതിന്റെ അർഥം ആ പ്രവാചകന്മാർ മുഖാന്തരം അവരുടെ ജനതയോട് ഒരു ഉടമ്പടി വാങ്ങിയിട്ടുണ്ടെ ന്നായിരിക്കാനേ തരമുള്ളൂ. എന്തെന്നാൽ, പിന്നീട് വരുന്ന പ്രവാ ചകന്റെ ആവിർഭാവകാലത്ത് മിക്കവാറും മുമ്പുവന്ന പ്രവാചകന്മാ രല്ല അവരുടെ ജനതകളാണ് ശേഷിച്ചിരിക്കുക. അതുകൊണ്ട് ആ പിന്നീടുവരുന്ന പ്രവാചകനെ വിശ്വസിക്കുകയും അദ്ദേഹത്തിന്റെ അനുയായികളിൽ ചേർന്നുകൊണ്ട് അദ്ദേഹത്തെ സഹായിക്കു കയും ചെയ്യേണ്ടത് ആ ജനതയാണ്. മുമ്പു വന്ന പ്രവാചകന്മാർ അല്ലാഹുവിന്റെ ആജ്ഞയനുസരിച്ച് തങ്ങളുടെ അനുയായികളോട്; പിറകെ വരുന്ന പ്രവാചകനെ വിശ്വസിക്കേണ്ടത് ആവശ്യമാ ണന്നും അവരെ വിശ്വസിക്കേണ്ടതില്ലെന്ന പിഴച്ച ധാരണ അവർ ക്കുണ്ടാകരുതെന്നും ഉൽബോധിപ്പിക്കുകയുണ്ടായിട്ടുണ്ടെന്ന് ഇതിൽനിന്നു വ്യക്തമാകുന്നു.

യഹൂദിനസാറാക്കളെ കുറിച്ചുള്ള വൃത്താന്തങ്ങളെ തുടർന്നുകൊ ണ്ടാണ് ഖുർആൻ മേൽപ്രകാരം പറഞ്ഞതെന്നിരുന്നാലും, പൊതു നിലയിലാണ് ഉടമ്പടിയെക്കുറിച്ച് പ്രസ്താവിച്ചിട്ടുള്ളതെന്ന് മനസ്സി ലാക്കാം. ٱلنَّبِيِّـۧنَ എന്നു പറഞ്ഞുകൊണ്ട് എല്ലാ ഓരോ പ്രവാചക നോടും ഉടമ്പടി വാങ്ങിയിട്ടുണ്ടെന്ന് അർഥം കല്പിച്ചേ തീരൂ എന്നില്ല. പ്രധാന പ്രചാചകന്മാരോടായാലും പ്രവാചകന്മാരോടു ഉടമ്പടി വാങ്ങിയിട്ടുണ്ടെന്ന് പറയാവുന്നതാണ്. ഈ അർഥത്തിൽ 'നബിയ്യീൻ എന്ന പദം ഖുർആനിൽ പ്രയുക്തമായിട്ടുണ്ട്.

മേൽ ആയത്തിൽ ثُمَّ جَآءَكُمْ رَسُولٌ "പിന്നെ നിങ്ങളുടെ അടു ക്കൽ ഒരു റസൂൽ വന്നുവെങ്കിൽ" എന്നത്രെ പറഞ്ഞിട്ടുള്ളത്. ഒരു പ്രത്യേക റസൂലിനെക്കുറിച്ചല്ല ഇവിടെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന തെന്ന് ആ പദപ്രയോഗം തന്നെ മനസ്സിലാക്കിത്തരുന്നുണ്ട്. ആക യാൽ ഈ ആയത്തിന്റെ ഒന്നാമത്തെ വിവക്ഷ, ഒരു റസൂൽ മുഖേന

ആ റസൂലിന്റെ ജനത്തിനു പിന്നീട് വരുന്ന റസൂലിന്റെ ആവിർഭാവത്തെക്കുറിച്ച് അല്ലാഹു മുന്നറിയിപ്പു നൽകിയിട്ടുണ്ടെങ്കിൽ, ആ റസൂൽ വന്നാൽ, അദ്ദേഹത്തെ വിശ്വസിക്കുകയും സഹായിക്കുകയും വേണ്ടത് ആ ജനതയുടെ കടമയാണെന്നാകുന്നു. അതിന്നായിട്ടു തന്നെയാണല്ലോ ഒരു റസൂൽ മുഖേന ശേഷം വരുന്ന മറ്റൊരു റസൂലിനെക്കുറിച്ച് മുന്നറിവ് നൽകുന്നത്. അങ്ങനെ ഒരു നബിയെ സത്യവാദിയായി സ്വീകരിച്ച് ജനം മറ്റൊരു നബിയെക്കുറിച്ചുള്ള ആ റസൂലിന്റെ പ്രവചനത്തിന്റെ സത്യതയിലും സുദൃഢമായി വിശ്വസിക്കുകയും പ്രവചനപ്രകാരം പിന്നീട് പ്രത്യക്ഷനാകുന്ന പ്രവാചകനെ സ്വീകരിക്കുന്നതാണെന്ന് ഏറ്റുപറയുകയും ചെയ്യുന്നു. ഇതുതന്നെയാണ് യഥാർഥത്തിൽ ഉടമ്പടി.

മേൽ ആയത്തിൽ "പിന്നെ നിങ്ങളുടെ അടുക്കൽ ഒരു റസൂൽ വന്നു എങ്കിൽ" എന്നു പറഞ്ഞിട്ടുള്ളതിന്റെ താല്പര്യം തിരുനബിﷺ ആണെന്നത്രെ പൊതുവെ ഖുർആൻ ഭാഷ്യകാരന്മാർ പറഞ്ഞിട്ടുള്ളത്. അറബിഭാഷാ നിയമപ്രകാരം ചിലപ്പോൾ ഒരാളുടെ സ്ഥാനമാഹാത്മ്യത്തെ കുറിക്കാൻവേണ്ടി ആ ആളെപ്പറ്റി പ്രത്യേകനാമം ഉപയോഗിക്കുന്നതിനുപകരം പൊതുനാമം ഉപയോഗിക്കാറുണ്ട്. അതനുസരിച്ച്, ഇവിടെ "ഒരു റസൂൽ വരുന്നതാകയാൽ" എന്നു പൊതുനിലയിൽ പ്രസ്താവിച്ചിരിക്കുകയാണെങ്കിലും, അതിന്റെ വിവക്ഷ തിരുനബിﷺ ആണെന്നാണ് അവർ പറയുന്നത്. അപ്പോൾ മേൽ ആയത്തിന്റെ അർഥം മുൻകഴിഞ്ഞ പ്രവാചകന്മാർ മുഖേന അല്ലാഹു അവരുടെ ജനതകളോട് തിരുനബിﷺയെക്കുറിച്ച് ഒരു ഉടമ്പടി വാങ്ങിയിട്ടുണ്ടായിരുന്നു എന്നായി. അതായത്, തിരുനബിﷺ വന്നാൽ, ആ ജനതകൾ തങ്ങളുടെ കൈയിൽ ഗ്രന്ഥമുള്ളതുകൊണ്ട് തങ്ങൾക്കു മറ്റൊരു പ്രവാചകനെ വിശ്വസിക്കേണ്ട ആവശ്യമില്ലെന്നു ധരിച്ചു തിരുമേനിയെ നിഷേധിച്ചുകളയരുതെന്നും ആ ദിവ്യത്മാവ് അവരുടെ ഗ്രന്ഥങ്ങളിലുള്ള പ്രവചനങ്ങളേയും സത്യസിദ്ധാന്തങ്ങളേയും സത്യപ്പെടുത്തുന്നതിനും സാക്ഷീകരിക്കുന്നതിനും വേണ്ടിയുള്ള ആളായിരിക്കുന്നതിനാൽ തിരുനബിﷺയെ വിശ്വസിക്കേണ്ടത് അവരുടെ ചുമതലയാണെന്നും

ഖുർആൻ ഓർമ്മപ്പെടുത്തിയിരിക്കുകയാണ്. മൂസാﷺ ഈസാﷺ മുതലായ പ്രവാചകന്മാർ ചെയ്ത പ്രവചനങ്ങളനുസരിച്ച് തൗറാത്ത്, ഇഞ്ചീൽ മുതലായ ഗ്രന്ഥങ്ങളിലുള്ള സത്യസിദ്ധാന്തങ്ങളെ സത്യപ്പെടുത്തിയ തിരുനബിയെ യഹൂദിനസാറാക്കൾ, തങ്ങൾക്കൊരാളെയും ആവശ്യമില്ലെന്നും തങ്ങളുടെ പക്കൽ ദിവ്യഗ്രന്ഥങ്ങളുണ്ടെന്നും പറഞ്ഞുകൊണ്ട് നിഷേധിച്ചുകളയുകയാണല്ലോ ചെയ്തത്. അങ്ങനെ അവർ നിഷേധിച്ചപ്പോൾ തങ്ങളുടെ പ്രവാചകന്മാരിൽ വിശ്വസിക്കവെ അവർ ചെയ്തിട്ടുള്ള ഉടമ്പടിയെ ലംഘിക്കുകയാണ് ചെയ്തിരിക്കുന്നതെന്ന് അവർ ചിന്തിക്കുകയുണ്ടായില്ല.

മേലുദ്ധരിച്ച ഖുർആൻ വാക്യത്തിൽ തിരുനബിക്കു മുമ്പു വന്ന പ്രവാചകന്മാരോട് അല്ലാഹു വാങ്ങിയ ഉടമ്പടിയെക്കുറിച്ചാണല്ലോ പ്രസ്താവിച്ചിരിക്കുന്നത്. ഇതേപ്രകാരം നബിതിരുമേനിയോടും അല്ലാഹു ഇപ്രകാരമുള്ള ഉടമ്പടി വാങ്ങിയിട്ടുണ്ടെന്ന് ഖുർആൻ പറഞ്ഞുതരുന്നുണ്ടോ എന്നാണ് നാമിനി നോക്കേണ്ടത്. ഉണ്ടെങ്കിൽ ആ പിറകെവരുന്ന നബിയെ, വിശേഷിച്ചും അദ്ദേഹം തിരുനബിയുടെ ന്യായപ്രമാണത്തെ വരവണ്ണം സത്യപ്പെടുത്തുകയും, സാക്ഷീകരിക്കുകയും ചെയ്യാനുള്ള ആണെന്നു വരുമ്പോൾ വിശ്വസിക്കേണ്ടതും അദ്ദേഹത്തെ സഹായിക്കേണ്ടതും തിരുനബിയിൽ വിശ്വസിക്കുന്നവർക്കു നിർബന്ധമായിത്തീരുന്നു. അല്ലാഹു ഖുർആനിൽ മറ്റൊരിടത്തു പറയുകയാണ്:

وَإِذْ أَخَذْنَا مِنَ النَّبِيِّينَ مِيثَاقَهُمْ وَمِنكَ وَمِن نُّوحٍ وَإِبْرَٰهِيمَ
وَمُوسَىٰ وَعِيسَى ابْنِ مَرْيَمَ ۖ وَأَخَذْنَا مِنْهُم مِّيثَاقًا غَلِيظًا ﴿٨﴾

*"ഓർക്കുക, നാം പ്രവാചകന്മാരോട് അവരുടെ ഉടമ്പടി വാങ്ങി; നിന്നോടും, നൂഹ്, ഇബ്രാഹീം, മൂസാ, ഈസബ്നു മർയം എന്നിവരോടും നാം ഉറച്ച പ്രതിജ്ഞ വാങ്ങി" (33:8)*

ഈ വാക്യത്തിൽ പ്രവാചകന്മാരോട് പ്രതിജ്ഞ വാങ്ങിയെന്നുള്ള പൊതുപ്രസ്താവനക്കുശേഷം അഞ്ചു പ്രവാചകന്മാരോടു ഉടമ്പടി വാങ്ങിയതിനെപ്പറ്റി പ്രത്യേക നിലയിൽ എടുത്തുപറഞ്ഞിരി

ക്കുകയാണ്. ഇതിൽ തിരുനബിﷺയോടു വാങ്ങിയിട്ടുള്ള ഉടമ്പടി യെക്കുറിച്ചാണ് ഒന്നാമതായിത്തന്നെ പറഞ്ഞിട്ടുള്ളതും! പ്രവാച കന്മാരോടു പൊതുവായും നാലു പ്രധാന പ്രവാചകന്മാരോടു പ്ര ത്യേകിച്ചും വാങ്ങിയതായി പറയുന്ന ഉടമ്പടി ഏതൊന്നിനെ കുറി ച്ചാണോ അതിനെ സംബന്ധിച്ചതു തന്നെയായിരിക്കണം തിരു നബിﷺയോടു വാങ്ങിയ ഉടമ്പടിയും. മറ്റു പ്രവാചകന്മാരോടു വാ ങ്ങിയ ഉടമ്പടി അവർക്കു ശേഷം വരുന്ന പ്രവാചകനെ അവരുടെ ജനത സ്വീകരിക്കേണ്ടതാണ് എന്നായിരുന്നുവെങ്കിൽ അതേപോ ലുള്ള ഉടമ്പടി തന്നെയായിരിക്കണം തിരുനബിﷺ മുഖേന തിരു നബിയുടെ ഉമ്മത്തിൽ നിന്നും വാങ്ങിയിട്ടുണ്ടായിരിക്കുക. അപ്പോൾ, തിരുനബിﷺക്കുശേഷം നബി വരുന്നതാണെന്നും ആ നബിയെ സ്വീകരിക്കേണ്ടത് തിരുനബിയുടെ ഉമ്മത്തിന്റെ ധർമ്മ മാണെന്നും തെളിയുന്നു. ചുരുക്കത്തിൽ അല്ലാഹു ചെയ്ത ഉടമ്പ ടിയെക്കുറിച്ചു പ്രസ്താവിച്ച മേൽ രണ്ട് ആയത്തുകൾ അർഥവ ത്തായിത്തീരണമെങ്കിൽ നബിതിരുമേനിﷺയോടു വാങ്ങിയ ഉട മ്പടിയനുസരിച്ച് തിരുനബിﷺക്കുശേഷം വരുന്ന പ്രവാചകനേയും വിശ്വസിക്കേണ്ടതാണെന്നു സിദ്ധിക്കുന്നു.

മറ്റു പ്രവാചകന്മാരോട് വാങ്ങിയ ഉടമ്പടി അവർക്കുശേഷം വരുന്ന പ്രവാചകനെ വിശ്വസിക്കണമെന്നതാണെന്നും എന്നാൽ, തിരുനബിﷺയോടു വാങ്ങിയിട്ടുള്ളതാകട്ടെ. ആ ദിവ്യാത്മാവിനു ശേഷം ഒരു നബിയും വരികയില്ലെന്നതാണെന്നും ആരെങ്കിലും പറയുന്നുവെങ്കിൽ അത് കേവലം നിരർഥകമാണെന്നതു വ്യക്ത മാണ്. അങ്ങനെയാണെങ്കിൽ ഇതേ സംഗതി ക്രിസ്ത്യാനികൾക്കും യഹൂദികൾക്കുമെല്ലാം എന്തുകൊണ്ട് പറഞ്ഞുകൂടാ? മറ്റു പ്രവാ ചകന്മാരോടു വാങ്ങിയ ഉടമ്പടി എന്തായിരുന്നുവോ അതേ പ്രകാ രത്തിലുള്ള ഒരുടമ്പടിയാണ് തിരുനബിയിൽ നിന്നു വാങ്ങിയിട്ടു ള്ളതെന്നാണ് മേൽ ഖുർആൻ വാക്യത്തിൽ നിന്നു സ്പഷ്ടമായി മനസ്സിലാക്കാൻ കഴിയുന്നത്. ആകയാൽ, തിരുനബിﷺയിൽ നിന്നു വാങ്ങിയ കരാറ് ഇനിയൊരു നബിയും വരികയില്ലെന്നതാണെന്ന് പറയുന്നത് പ്രസ്തുത ദൈവവാക്യത്തിന്റെ താല്പര്യത്തിന് കട കവിരുദ്ധമായ ഒരഭ്യൂഹം മാത്രമാണ്.

ഇനി നാം നോക്കേണ്ടത് തിരുമേനിയോടു അല്ലാഹു ഇപ്രകാരം ഒരു ഉടമ്പടി വാങ്ങിയിട്ടുണ്ടോ എന്നാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നതെല്ലാം ഒന്നാമതായിത്തന്നെ തിരു നബിﷺയോടാണല്ലോ. തിരുനബിﷺ മുഖേന ആ പുണ്യാത്മാ വിന്റെ അനുയായികളോടും. വിശുദ്ധ ഖുർആനിൽ ഒന്നോ രണ്ടോ നാലോ സ്ഥലങ്ങളിലല്ല അതിലധികം സ്ഥലങ്ങളിൽ തിരുനബിﷺ ക്കുശേഷം പ്രവാചകന്മാരുടെ ആവിർഭാവം നിലച്ചുപോയിട്ടില്ലെന്ന് വ്യക്തമാപ്പെട്ടിട്ടുണ്ട്. അങ്ങനെ ആവിർഭവിക്കുന്ന പ്രവാചകന്മാർ തിരുനബിﷺയുടെ അനുയായികളിൽ നിന്നുള്ളവരായിരിക്കു മെന്നും ഖുർആൻ വ്യക്തമാക്കിത്തരുന്നു. ആ ഖുർആൻ വാക്യ ങ്ങൾ ഞാൻ ഉദ്ധരിച്ചുകഴിഞ്ഞിട്ടുണ്ട്. ആ ഓരോ ആയത്തും നബി തിരുമേനിﷺ മുഖേന അല്ലാഹു വാങ്ങിയിട്ടുള്ളതായി ഖുർആൻ 33:8ൽ പറഞ്ഞ ആ ഉടമ്പടിയെ തന്നെയാണ് ചൂണ്ടിക്കാട്ടുന്നത്. അതിന്നുപുറമെ, മസീഹിന്റെ ആവിർഭാവത്തെക്കുറിച്ച് അല്ലാഹു വിന്റെ പേരിൽ ആണയിട്ടുകൊണ്ട് പലരൂപത്തിലും തിരുനബിﷺ പ്രവചിച്ചിട്ടുണ്ടല്ലോ. ആ പ്രവചനങ്ങൾ ഖുർആന്റെ സൂക്ഷ്മരൂപ ത്തിലുള്ള പ്രസ്താവനയുടെ വ്യാഖ്യാനം തന്നെയാണ്. ഇങ്ങനെ ഖുർആൻ മുഖേനയും സ്വന്തം തിരുമൊഴികൾ മുഖേനയും തനി ക്കുശേഷം പ്രവാചകൻ വരുമെന്ന് പ്രവചിക്കുകയും ഒരാളെപ്പറ്റി പ്രത്യേകം ഊന്നിപ്പറയുകയും ചെയ്തുകൊണ്ട് ആ ഉടമ്പടിയെ ക്കുറിച്ച് തിരുനബിﷺ തന്നെ വ്യക്തമാക്കിത്തന്നിരിക്കുകയുമാണ്. ആകയാൽ, തിരുനബിﷺക്കുശേഷം തങ്ങളുടെ പക്കലുള്ളതിനെ ന്യായീകരിക്കുകയും സത്യപ്പെടുത്തുകയും ചെയ്യുന്ന ഒരു നബി യും വരികയില്ലെന്നും തങ്ങളുടെ പക്കൽ പരിപൂർണ ന്യായപ്രമാ ണഗ്രന്ഥമുള്ളതുകൊണ്ട് ഒരാളും വരേണ്ട ആവശ്യമില്ലെന്നും പറ യുന്നത് മേലുദ്ധരിച്ച രണ്ട് ഖർആൻ വാക്യങ്ങളുടെ വെളിച്ചത്തിൽ തികച്ചും തെറ്റാണെന്ന് സൂക്ഷ്മമായി ചിന്തിക്കുന്ന ആർക്കും നിഷ്പ്രയാസം മനസ്സിലാക്കാം.

# പതിനഞ്ച്

ഇനി നമുക്ക് അഹ്മദികളുടെ വിശ്വാസം തെറ്റാണെന്ന് വരുത്താനായി എതിരാളികൾ എടുത്തുകാട്ടാറുള്ള രേഖയെക്കുറിച്ച് അതായത്, 'ഖാത്തമുന്നബിയ്യീൻ' എന്ന ആയത്തിനെക്കുറിച്ച് പരിചിന്തനം ചെയ്യാം. പ്രസ്തുത ആയത്ത്, തിരുനബിക്കുശേഷം നബി വരുമെന്നതിലേക്ക് പ്രബലമായ ഒരു പ്രമാണമായിട്ടാണ് ഞങ്ങൾ ഉന്നയിക്കുന്നത്. ആയത്ത് ഇപ്രകാരമാണ്:

مَا كَانَ مُحَمَّدٌ اَبَآ اَحَدٍ مِّنْ رِّجَالِكُمْ وَلٰكِنْ رَّسُوْلَ اللّٰهِ
وَخَاتَمَ النَّبِيّٖنَ ؕ وَكَانَ اللّٰهُ بِكُلِّ شَیْءٍ عَلِيْمًا ﴿٤١﴾

*"മുഹമ്മദ് നിങ്ങളിൽ നിന്നുള്ള ഒരു പുരുഷന്റെയും പിതാവല്ല; പക്ഷേ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകന്മാരുടെ മുദ്രയും ആണ്. അല്ലാഹു എല്ലാ കാര്യവും അറിയുന്നവനാകുന്നു" (33:41)*

ഇതു ഖുർആൻ വാക്യത്തിന്റെ അനുപദമായ അർഥമാണ്. ഇതിൽ ആർക്കും തന്നെ അഭിപ്രായത്തർക്കമുണ്ടാകാൻ തരമില്ല. 'ഖാത്തം' എന്ന പദത്തിന്റെ അർഥം മുദ്ര എന്നാണെന്ന് അറബി ഭാഷയുമായി അല്പമെങ്കിലും ബന്ധമുള്ളവരോട് പറയേണ്ടതില്ല. അറബിഭാഷയിൽ മോതിരത്തിനും 'ഖാത്തം' എന്നു പറയാറുണ്ട്. മോതിരത്തിന്റെ പീഠത്തിന്മേൽ അക്ഷരങ്ങൾ കൊത്തിച്ചു അതു മുദ്രയാക്കി ഉപയോഗിക്കാറുള്ളതിനാലാണ് മോതിരത്തിന് ഈ പേർ വന്നത്.

നബിതിരുമേനിﷺ രാജാക്കന്മാർക്കും മറ്റും അവരെ ഇസ്‌ലാമിലേക്കു ക്ഷണിച്ചുകൊണ്ട് കത്തെഴുതാനുദ്ദേശിച്ചപ്പോൾ ശിഷ്യരിൽ ചിലർ തിരുമേനിയോടു പറഞ്ഞു:

انّهم لا يقبلون كتاب الّا عليه خاتم فاتّخذ النّبى ﷺ

خاتمًامن فضة نقشه محمّد رّسول اللّه

“അവർ കത്തു സ്വീകരിക്കില്ല. അതിന്മേൽ മുദ്രയില്ലെങ്കിൽ. അങ്ങനെ നബിതിരുമേനിﷺ വെള്ളികൊണ്ടു ഒരു മോതിരം ഉണ്ടാക്കി. അതിന്മേൽ ‘മുഹമ്മദുർറസൂലുല്ലാഹി’ എന്നു കൊത്തിച്ചു’ (ബുഖാരി).

‘ഖാത്തം’ എന്നതിന്റെ അർഥം മുദ്ര എന്നാണെന്നും എന്നാൽ മോതിരം കൊണ്ടു മുദ്രവെക്കാറുള്ളതിനാൽ മോതിരത്തിനും ഖാത്തം എന്നു പറയപ്പെടുന്നുവെന്നുമുള്ള സംഗതി സഹീഹ് ബുഖാരിയിലും സഹീഹ് മുസ്‌ലിമിലും വന്നിട്ടുള്ള നിരവധി ഹദീസുകളിൽ നിന്ന് സംശയരഹിതമായി മനസ്സിലാക്കാൻ കഴിയുന്നതാണ്. മാത്രമല്ല തിരുനബിﷺ യുടെ മുതുകിൽ خاتم النّبوّة (ഖാതമുന്നുബ്വുവ്വത്ത്) അഥവാ ‘പ്രവാചകത്വ മുദ്ര’ ഉണ്ടായിരുന്നു എന്നു സഹീഹു ബുഖാരിയിലും മുസ്‌ലിമിലും മറ്റു ഹദീസുഗ്രന്ഥങ്ങളിലും വന്നിട്ടുണ്ട്. ഖാത്തം എന്നതിനു മുദ്ര എന്നാണർഥമെന്നതിലേക്ക് തിരുമേനിയുടെ മുതുകിൽ കാണപ്പെട്ട അടയാളത്തിനു ‘ഖാത്തമുന്നുബുവ്വത്ത്’ എന്നു പറയപ്പെട്ടതു തന്നെ മതിയായ തെളിവാണല്ലോ. ചുരുക്കത്തിൽ, ‘ഖാത്തം’ എന്നതിന്റെ ശരിയായ അർഥം മുദ്ര എന്നാണ്. മുദ്രവെക്കുന്നതിനുള്ള ഉപകരണമോ മുദ്രകൊണ്ടുള്ള അടയാളമോ എന്തായാലും ശരി.

ഇനി നമുക്ക് നോക്കേണ്ടത് ‘ഖാത്തം’ എന്ന ഈ പദം ഒരു സമൂഹ നാമപദത്തോടു ചേർത്തു പറയുന്നതായാൽ അതിന് എന്തർഥമാണ് ലഭിക്കുന്നതെന്നാണ്. സമൂഹത്തിലെ അവസാനത്തെ വ്യക്തി എന്നാണർഥമാകുകയെന്നു അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ എതിരാളികൾ പറയുകയും അങ്ങനെ ഖാത്തമുന്നബിയ്യീൻ എന്നതിനു പ്രവാചകന്മാരിൽ അവസാനത്തെ ആൾ എന്നാണർഥമെന്നു സിദ്ധാന്തിക്കുകയും ചെയ്യുന്നു.

خاتم النّبوّة എന്ന വാക്കിനു മുദ്രണം ചെയ്യുക എന്നതിനു പുറമെ അവസാനിപ്പിക്കുക എന്നുകൂടി അർഥമുണ്ടെന്നത്രെ അവർ വാദിക്കുന്നത്. ‘ഖാത്തം’ എന്ന പദം ഒരു സമൂഹനാമത്തോടു ചേർത്തു

ഒരാളുടെ ശ്രേഷ്ഠതയെ കാണിക്കുവാൻ പ്രയുക്തമായാൽ ആ സമൂഹത്തിലെ അവസാനത്തെ വ്യക്തി എന്നല്ല, ശ്രേഷ്ഠനും പരിപൂർണനും എന്നാണർഥം ലഭിക്കുകയെന്ന് അഹ്മദികൾ വാദിക്കുന്നു. അങ്ങനെ അർഥം ലഭിക്കുന്നതുകൊണ്ടു തന്നെയാണ് മുസ്‌ലിം പണ്ഡിതന്മാർ ആദികാലം മുതല്ക്കെ ശ്രേഷ്ഠത്വം കുറിക്കാൻ ഖാത്തമുൽ മുഹഖ്ഖിഖീൻ, ഖാത്തമുശുഅറാ, ഖാത്തമുൽ ഔലിയാ എന്നും മറ്റും ഉപയോഗിച്ചുപോന്നിട്ടുള്ളത്. 'ഖത്മുൻ' എന്ന പദത്തിന് അവസാനിപ്പിക്കുക എന്ന അർഥം ഉണ്ടെങ്കിൽ തന്നെ അത് ആ പദത്തിന്റെ സാക്ഷാർഥമല്ല ആലങ്കാരികാർഥം മാത്രമാണ്. ആ അർഥമാകട്ടെ മേൽ ആയത്തിലുപയുക്തമായ خاتم എന്ന പദത്തിനു നൽകാവതുമല്ല. ഖാത്തമുന്നബിയ്യീൻ എന്നതിന്റെ ശരിയായ വിവക്ഷ പ്രവാചകന്മാരിൽ അവസാനത്തെ ആൾ എന്നോ, പ്രവാചകത്വത്തിന്റെ എല്ലാ ഉത്കൃഷ്ടിതകളും പൂർത്തിയായ സമുന്നതനും സർവ്വശ്രേഷ്ഠനുമായ പ്രവാചകൻ എന്നോ ഏതാണെന്നു നമുക്കിനി നിഷ്പക്ഷമായ നിലയിൽ സത്യാന്വേഷണബുദ്ധ്യാ ചിന്തിക്കാം. അങ്ങനെ ചിന്തിക്കുമ്പോൾ 'അന്ത്യപ്രവാചകൻ' എന്നല്ല അതിന്റെ അർഥമെന്നു മനസ്സിലാക്കാൻ പ്രയാസമുണ്ടാകയില്ല.

നബിതിരുമേനിﷺ അവസാനത്തെ പ്രവാചകനാണെന്നും തിരുനബിയ്ക്കുശേഷം ഒരു പ്രവാചകനും വരുന്നതല്ലെന്നുമല്ല 'ഖത്തമുന്നബിയ്യീൻ' എന്നതിന്റെ വിവക്ഷ. അതിലേക്ക് "തെളിവായി ഒന്നാമതായി പറയാനുള്ളത് പ്രവാചകത്വത്തെക്കുറിച്ചുള്ള ഖുർആന്റെ പൊതു അധ്യാപനം ഖാത്തമുന്നബിയ്യീൻ എന്നതിന്റെ അർഥം അവസാനത്തെ പ്രവാചകൻ എന്നല്ലെന്നു മനസ്സിലാക്കിത്തരുന്നുണ്ടെന്നാണ്. അതിന്നു മുകളിൽ നല്കിയിട്ടുള്ള ഖുർആൻ ആയത്തുകൾതന്നെ മതിയായ രേഖയാണല്ലോ. ഖുർആൻ പല സ്ഥലങ്ങളിലും പല രൂപത്തിലും നുബുവ്വത്താകുന്ന അനുഗ്രഹം അവൻ നിർത്തൽ ചെയ്തിട്ടില്ലെന്നും അതു അനുസ്യൂതം തുടർന്നുകൊണ്ടിരിക്കുന്നതാണെന്നും വ്യക്തമാക്കിത്തരുമ്പോൾ അതിനെതിരായ ഒരർഥം ഖാത്തമുന്നബിയ്യീൻ എന്ന പദത്തിനു ഒരിക്കലും

നൽകാവതല്ല. അങ്ങനെ നൽകുമ്പോൾ ഖുർആനിൽ പരസ്പര വൈരുദ്ധ്യമുണ്ടെന്നാണ് സ്ഥാപിക്കപ്പെടുക. രണ്ടാമതായി ഉന്നയിക്കാനുള്ള തെളിവ് പ്രസ്തുത ആയത്തു തന്നെയാണ്. തിരുനബിﷺയുടെ ആദ്യജാതനായ ഖാസിം നിര്യാതനായപ്പോൾ മക്കത്തെ ചില ഖുറൈഷി മുഖ്യന്മാർ നബി തിരുമേനിﷺ 'അബ്തർ' അഥവാ സന്താന രഹിതൻ ആണെന്നു ആക്ഷേപിക്കുകയുണ്ടായി. അതിനു മറുപടിയായി إِنَّ شَانِئَكَ هُوَ الْأَبْتَرُ "നിശ്ചയമായും നിന്റെ ശത്രുതന്നെയാണ് സന്താന രഹിതൻ" എന്നു അല്ലാഹു പറഞ്ഞു. (108:4) ഇതിൽനിന്നു വ്യക്തമാകുന്നത് തിരുനബിﷺ സന്താന രഹിതനല്ലെന്നും തിരുമേനിയുടെ ശത്രുക്കളായിരിക്കും നിസ്സന്താനരായിരിക്കുകയെന്നുമാണല്ലോ. ഇതിനുപുറമെ 'ഖാത്തമുന്നിബിയ്യീൻ' എന്ന വാക്കുൾക്കൊള്ളുന്ന അതേ സൂറത്തിൽ തന്നെ തിരുനബിയേയും വിശുദ്ധ പത്നിമാരേയും കുറിച്ചു ഇപ്രകാരം പ്രസ്താവിക്കപ്പെട്ടിട്ടുമുണ്ട്.

اَلنَّبِيُّ اَوْلٰى بِالْمُؤْمِنِيْنَ مِنْ اَنْفُسِهِمْ وَاَزْوَاجُهٗٓ اُمَّهٰتُهُمْ ؕ

*"നബിതിരുമേനി സത്യവിശ്വാസികൾക്ക് തങ്ങളേക്കാളും അടുത്തയാളത്രെ. അദ്ദേഹത്തിന്റെ സഹധർമിണിമാർ അവരുടെ മാതാക്കളുമാകുന്നു" (33:7)*

തിരുനബിﷺയുടെ ഭാര്യമാർ വിശ്വാസികളുടെ മാതാക്കളായിരിക്കുമ്പോൾ തിരുനബിﷺ വിശ്വാസികളുടെ പിതാവായിത്തീരുന്നു. എന്നാൽ, مَا كَانَ مُحَمَّدٌ اَبَآ اَحَدٍ مِّنْ رِّجَالِكُمْ 'മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റെയും പിതാവല്ല' എന്നു ഖുർആൻ പറയുമ്പോൾ സ്വാഭാവികമായും ഒരു സംശയത്തിനിടനല്കുന്നുണ്ട്. മുഹമ്മദ്ﷺന് ഒരു പുരുഷ സന്താനവും ഇല്ലെന്നു വരുമ്പോൾ അദ്ദേഹം പുത്രഹീനനാണെന്ന ശത്രുക്കളുടെ ആക്ഷേപം ശരിയാണെന്നു വരുന്നില്ലേ എന്നതാണാ സംശയം. കൂടാതെ, തിരുനബിﷺയുടെ ധർമപത്നിമാർ വിശ്വാസികളുടെ മാതാക്കളാണ് എന്ന പ്രസ്താവന അദ്ദേഹം ഒരു പുരുഷന്റേയും പിതാവല്ല എന്ന പ്രസ്താവനയ്ക്ക് വിപരീതമായിരിക്കുകയും ചെയ്യുന്നു. ഈ സംശയത്തിനു

ള്ള മറുപടിയെന്നോണമാണ് അതിനെ തുടർന്നു وَلَٰكِن رَّسُولَ ٱللَّهِ وَخَاتَمَ ٱلنَّبِيِّـۧنَ "പക്ഷേ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകന്മാരുടെ മുദ്രയും" ആണ് എന്ന് അല്ലാഹു ഖുർആനിൽ പ്രസ്താവിച്ചിരിക്കുന്നത്. لَٰكِن 'പക്ഷേ' എന്ന പദം അറബി ഭാഷയിൽ പ്രയോഗിക്കപ്പെടാറുള്ളത് മുൻപ്രസ്താവിതമായ ഒരു സംഗതിയെക്കുറിച്ചുള്ള സംശയത്തെ ദൂരീകരിക്കാനാണെന്നതു സർവവിദിതമാണല്ലോ. മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റെയും പിതാവല്ല എന്ന പ്രസ്താവനയിൽ നിന്നുണ്ടാകുന്ന സംശയം മേൽപറഞ്ഞതു തന്നെയാണെന്നത് വ്യക്തമാണ്. ഈ സംശയദൂരീകരണാർഥം തന്നെയാണ്, "പക്ഷെ അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകന്മാരുടെ മുദ്രയുമാണ്" എന്നു തുടർന്നു പറഞ്ഞിരിക്കുന്നത്. തിരുനബിﷺക്ക് ഔരസപുത്രന്മാരില്ലെങ്കിലും അദ്ദേഹം ഒരു പ്രവാചകനായിരിക്കയാൽ ധാരാളം ആത്മീയ പുത്രന്മാരുണ്ടെന്നും ആകയാൽ, പുത്രഹീനൻ എന്നു അദ്ദേഹത്തെപ്പറ്റി പറയുന്നത് ശരിയല്ലെന്നും ആണ് ഖുർആൻ പ്രസ്താവിച്ചതിന്റെ അർഥം. അതുപോലെ തന്നെ തിരുനബിﷺയുടെ വിശുദ്ധ പത്നിമാർ വിശ്വാസികളുടെ മാതാക്കളാണെന്ന് പറഞ്ഞതിലും യാതൊരു പൊരുത്തക്കേടുമില്ല. എന്തെന്നാൽ തിരുനബിﷺ സത്യവിശ്വാസികളുടെ ആത്മീയ പിതാവായിരിക്കുമ്പോൾ അദ്ദേഹത്തിന്റെ സഹധർമിണിമാർ സത്യവിശ്വാസികളുടെ മാതാക്കൾ തന്നെയാണല്ലോ. ചുരുക്കത്തിൽ ആ മഹാത്മാവിന്റെ ഔന്നത്യം ഒരു ഭർത്താവ് എന്നതിലോ ഒരു പിതാവ് എന്നതിലോ അല്ല സ്ഥിതി ചെയ്യുന്നത്. മറിച്ച്, അല്ലാഹുവിന്റെ ദൂതൻ ആയിരിക്കുന്നതിലത്രെ. അല്ലാഹുവിന്റെ ദൂതൻ എന്ന നിലയിൽ ലക്ഷക്കണക്കിൽ ആത്മീയ സന്താനങ്ങൾ അദ്ദേഹത്തിനുണ്ടായിരിക്കുമ്പോൾ അദ്ദേഹം ഒരു പുരുഷന്റെയും ശാരീരിക പിതാവല്ല എന്നുവന്നാലും യാതൊരു തരക്കേടുമില്ല.

എല്ലാ ദൈവദൂതന്മാർക്കും ഇത്തരത്തിലുള്ള ആത്മീയ സന്താനങ്ങളുള്ളതിനാൽ അവരെയപേക്ഷിച്ചു തിരുനബിﷺക്കുള്ള ശ്രേഷ്ഠതയെ തെളിയിക്കുവാനായിട്ടത്രെ തിരുനബിﷺ മറ്റു പ്രവാചകന്മാരെപോലെ സത്യവിശ്വാസികളുടെ ആത്മീയ പിതാവ് മാത്രമല്ല,

അദ്ദേഹം 'ഖാത്തമുന്നബിയ്യീൻ' (നബിമാരുടെ മുദ്ര) കൂടിയാണ് എന്ന് ഖുർആൻ തുടർന്ന് പറഞ്ഞിരിക്കുന്നത്. അതായത്, തിരുനബിﷺ പ്രവാചകത്വത്തിന്റേതായ സകല പരിപൂർണതകളും തികഞ്ഞിരിക്കുന്ന പ്രവാചക നേതാവും പ്രവാചകന്മാർക്കു മുദ്രയായിരിക്കുന്ന ആളുമത്രെ. ആ മഹാത്മാവിന്റെ സാക്ഷ്യമുദ്രയില്ലാതെ ഒരാൾക്കും പ്രവാചകത്വം ലഭിക്കുന്നതല്ല. തിരുനബിﷺ സാധാരണനിലയിലുള്ള സത്യവിശ്വാസികൾക്കു മാത്രമല്ല നബിമാർക്കു തന്നെയും ആത്മീയ പിതാവായി വിരാജിക്കുന്ന പ്രവാചക ചക്രവർത്തിയായിരിക്കുകയാൽ ആ ദിവ്യാത്മാവിനെ സന്താന രഹിതൻ എന്നു പറയുന്നത് ഒരിക്കലും ശരിയല്ലെന്നാണ് ചുരുക്കത്തിൽ പ്രസ്തുത ആയത്ത് നമുക്ക് മനസ്സിലാക്കിത്തരുന്നത്.

നബിതിരുമേനിയുടെ സർവ്വോത്തമമായ സ്ഥാനത്തെ വ്യക്തമാക്കിത്തരുന്നതും ശത്രുക്കളുടെ ആക്ഷേപങ്ങൾക്ക് മറുപടിയായിരിക്കുന്നതും തിരുനബിﷺയുടെ വിശുദ്ധ പത്നിമാരുടെ സ്ഥാനത്തെ ഉയർത്തിക്കാട്ടുന്നതും, അവർ വിശ്വാസികളുടെ മാതാക്കളാണെന്ന ഖുർആന്റെ പ്രസ്താവനയെ സത്യപ്പെടുത്തുന്നതും ആയ വ്യാഖ്യാനവും വിശദീകരണവും ഇതുതന്നെയാണെന്ന് നിഷ്പക്ഷചിന്തകർക്ക് ഗ്രഹിക്കാൻ പ്രയാസമില്ല.

തിരുനബിﷺയുടെ ആത്മീയ പിതൃത്വത്തെപ്പറ്റി, ഇന്ത്യയിലെ ഏറ്റവും വലിയ ഇസ്‌ലാമിക വിദ്യാലയമായ ദേവ്ബന്ദ് ദാറുൽ ഉലൂമിന്റെ സ്ഥാപകനായ ഹദ്റത്ത് മൗലാനാ മുഹമ്മദ് ഖാസിം നാനൂത്തവി(റഹ്) ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നത്."നബി തിരുമേനിﷺക്ക് ഒരു പുരുഷനോടും ശാരീരികമായുള്ള പൈതൃക ബന്ധമില്ല എന്നാൽ, ആത്മീകമായ പിതൃബന്ധം പ്രവാചകന്മാരോടു തന്നെയും ഉണ്ടെന്നാണ് പ്രസ്തുത ഖുർആൻ വാക്യത്തിന്റെ താത്പര്യം. ഈ ബന്ധുത്വമുണ്ടെന്നതിന്ന് 'ഖാത്തമുന്നബിയ്യീൻ' എന്ന വചനം മാത്രമാണ് സാക്ഷിയായിരിക്കുന്നത്"

(തഹ്ദീറുന്നാസ്, ഭാ. 10)

മൂന്നാമത്തെ തെളിവായി പറയുവാനുള്ളത് അറബി ഭാഷാശൈലിയനുസരിച്ച് 'ഖാത്തമുന്നബിയ്യീൻ' എന്നതിന്റെ അർഥം 'പ്രവാ

ചകന്മാകിൽ അന്ത്യൻ' എന്നല്ല എന്നത്രെ. ختم എന്നതിനു അവസാനിപ്പിക്കുക എന്ന അർഥം ആലങ്കാരികമാണെന്നു ഭാഷാജ്ഞാനികൾതന്നെ പ്രസ്താവിച്ചിട്ടുണ്ട്. മാത്രമല്ല, ختمت الكتاب "ഞാൻ ആ പുസ്തകം വായിച്ചു അവസാനിപ്പിച്ചു" ختمت شيئًا 'ഞാൻ ഒരു സാധനത്തെ അവസാനിപ്പിച്ച് എന്നെല്ലാം പറയുന്നത് ആ പുസ്തകത്തിന്റേയോ വസ്തുവിന്റേയോ ശ്രേഷ്ഠതയെ വിവരിക്കാനല്ല. ഖാത്തമുന്നബിയ്യീൻ എന്ന പദം പ്രയുക്തമായിരിക്കുന്നതാകട്ടെ തിരുനബിﷺയുടെ ശ്രേഷ്ഠതയെ വിവരിക്കുവാൻ വേണ്ടിയാണ്. ആകയാൽ ഒരു പുസ്തകം വായിച്ചവസാനിപ്പിച്ചു എന്നു പറയുന്നതുപോലുള്ള ഒരർഥം ഇവിടെ നല്കാവതല്ല. മാത്രമല്ല, അവസാനിപ്പിച്ചു എന്നു പറയുന്നതു നിലവിലുള്ള ഒന്നിനെക്കുറിച്ചായിരിക്കാനേ നിവൃത്തിയുള്ളുതാനും. വരാനിരിക്കുന്നതിനെ അവസാനിപ്പിച്ചു എന്നു പറയുന്നതു നിരർഥകമാണ്. ആകയാൽ, തിരുനബിﷺ പ്രവാചകന്മാരെ അവസാനിപ്പിച്ചു എന്നാണ് ഖാത്തമുന്നബിയ്യീൻ എന്നതിന്റെ അർഥമെങ്കിൽ മുൻകഴിഞ്ഞ പ്രവാചകന്മാരെ അവസാനിപ്പിച്ചു എന്നാണ് അതിന്റെ താത്പര്യമെന്ന് കരുതാനേ തരമുള്ളൂ. അതായത്, മുൻകഴിഞ്ഞ പ്രവാചകന്മാരുടെ പ്രവാചകത്വാധികാരങ്ങളെയും അവരുടെ ന്യായപ്രമാണങ്ങളുടെ പ്രാബല്യത്തെയും തിരുനബിﷺ അവസാനിപ്പിച്ചുവെന്ന്. ഈ അർഥമാണെങ്കിൽ, അഹ്മദികൾക്കും സ്വീകാര്യമാണ്. ഇതു തിരുനബിയുടെ ശ്രേഷ്ഠതയെ തെളിയിക്കുന്നതു തന്നെ. അങ്ങനെയല്ലാതെ പിറകെ വരാനിരിക്കുന്ന പ്രവാചകന്മാരെയും തിരുനബിﷺ അവസാനിപ്പിച്ചു എന്നു അർഥകല്പന ചെയ്യുന്നതു തികച്ചും അബദ്ധമാണ്. പിറകെ പ്രവാചകന്മാർ വരുന്നുണ്ടെങ്കിൽ അവരെ അവസാനിപ്പിക്കാവതല്ലല്ലോ! വരാനില്ലെങ്കിൽ ഇല്ലാത്തതിനെ അവസാനിപ്പിച്ചു എന്നു പറയുന്നത് അർഥരഹിതവുമാണ്.

جاء خاتم القوم എന്നു പറഞ്ഞാൽ 'ഒരു സമുദായത്തിലെ അവസാനത്തെ ആൾ വന്നു' എന്നാണ് അർഥമെന്നും അതേപോലെ തന്നെയാണ് 'ഖാത്തമുന്നബിയ്യീൻ' എന്നതിന്റെയും അർഥമെന്നു പറയുന്നതും അടിസ്ഥാന രഹിതമായ ഒരു വാദമാണ്. ഒന്നാമതായി,

ഈ ഉപയോഗം തന്നെ തെറ്റാണ്. ഒരു ജനതയിലെ യാതൊരു വ്യക്തിയെക്കുറിച്ചും 'ഖാത്തമുൽ ഖൗം' (ആ ജനത്തിലെ അവസാനത്തെ വ്യക്തി) എന്നു പറയാൻ സാധ്യമല്ല. 'ഖാത്തമുന്നബിയ്യീൻ' എന്നതിനു അവസാനത്തെ പ്രവാചകൻ എന്നാണ് അർഥമെന്നു വരുത്താൻവേണ്ടി എന്തും പറയാൻ ഒരുങ്ങുന്നുവെന്നു മാത്രമേയുള്ളൂ. അവസാനത്തെ ആൾ എന്നു പറയപ്പെടുന്നതു കൊണ്ട് ഒരു സമുദായത്തിലെ ശ്രേഷ്ഠൻ ആണെന്നു വരികയുമില്ല. 'ഖാത്തമുൽ ഖൗം' എന്ന് ആരെക്കുറിച്ചെങ്കിലും പറയുന്നുവെങ്കിൽ അതു സമുദായത്തിലെ ശ്രേഷ്ഠവ്യക്തി എന്ന അർഥത്തിലേ ആയിരിക്കയുള്ളൂ. മാത്രമല്ല, 'ആഖിറുൽ ഖൗം' എന്നു ഉപയോഗിച്ചാൽതന്നെയും 'സമുദായത്തിലെ ശ്രേഷ്ഠവ്യക്തി' എന്നല്ലാതെ 'സമുദായത്തിൽ അന്ത്യൻ' എന്നു അർഥമെടുക്കാൻ നിവൃത്തിയില്ല. ചുരുക്കത്തിൽ 'ഖാത്തം' എന്ന പദം ഒരു സമൂഹനാമപദത്തോടു ചേർത്തു ഒരാളുടെ ബഹുമാനസൂചകമായും വിശേഷണമായും പ്രയോഗിക്കപ്പെട്ടാൽ അതിന്റെ അർഥം ആ സമൂഹത്തിൽ ശ്രേഷ്ഠൻ എന്നുമാത്രമാണ്. മുസ്‌ലിം സമുദായത്തിൽ ആദ്യകാലം മുതല്ക്കേ ഈ അർഥത്തിൽ തന്നെയാണ് ഈ പദം പ്രയോഗഗിക്കപ്പെട്ടുവന്നതും. ആർ എന്തുതന്നെ പറഞ്ഞാലും ഈ യാഥാർഥ്യത്തെ നിഷേധിക്കുവാൻ സാധ്യമേ അല്ല.

ഖാത്തമുൽ ഔലിയാ, ഖാത്തമുശുഅറാ, ഖാത്തമുൽ മുഫസ്സിരീൻ, ഖാത്തമുൽ മുഹഖ്ഖിഖീൻ, ഖാത്തമുൽ മുജ്തഹിദീൻ എന്നിങ്ങനെ നിരവധി ഗ്രന്ഥങ്ങളിൽ ഉപയോഗിക്കപ്പെട്ടുകാണാം. അവിടെയെല്ലാം ആ സമൂഹത്തിലെ 'അന്ത്യൻ' എന്നു ആരും അർഥകല്പന ചെയ്യാറില്ല. മറിച്ച്, ആ സമൂഹത്തിലെ ശ്രേഷ്ഠവ്യക്തിയെന്നേ അർഥം നല്കാറുള്ളൂ. ഇതിലേക്ക് എത്രയോ ഉദാഹരണങ്ങൾ കാണിക്കാൻ സാധിക്കും. ദൈർഘ്യഭയത്താൽ ചിലതുമാത്രം ചേർത്തുകൊള്ളാം.

1. ഖാത്തമുൽ മുഹാജിരീൻ എന്നു ഹദ്റത്ത് അബ്ബാസിനെക്കുറിച്ച് നബിതിരുമേനിﷺ പറഞ്ഞിട്ടുണ്ട്. (ത്വബ്രാനി).

2. 'ഖാത്തമുൽ ഔലിയാ' എന്നു ഹദ്റത്ത് അലിﷺയെക്കുറിച്ച് നബിതിരുമേനിﷺ പറഞ്ഞു. (തഫ്സീർ സാഫി).

3. 'ഖാത്തമുശുഅറ' (കവികളിൽ ശ്രേഷ്ഠൻ) എന്നു അബൂതമ്മാം എന്ന കവിയെക്കുറിച്ചു മറ്റൊരു പ്രസിദ്ധ കവി പറഞ്ഞു. (ഒഫയാത്തുൽ അഅ്യാൻ)

4. 'ഖാത്തമുൽ ഔലിയാ' എന്നു ഇമാം ശാഫിഈയെക്കുറിച്ച് പറയപ്പെട്ടിരിക്കുന്നു. (അത്തുഹ്ഫത്തുസ്സനിയ്യ)

5. 'ഖാത്തമുൽ ഔലിയാ' എന്നു ശേഖ്ഇബ്നു അറബിയെക്കുറിച്ച് പറയപ്പെട്ടിരിക്കുന്നു. (അൽഫുതൂഹാത്തുൽ മക്കിയ്യ, കവർപേജ്)

6. 'ഖാത്തമുൽ മുഫസ്സിരീൻ' എന്നു ഇമാം സുയൂത്തിയെക്കുറിച്ചു പറയപ്പെട്ടിരിക്കുന്നു. (തഫ്സീർ ഇത്ഖാൻ, കവർപേജ്)

7. 'ഖാത്തമുൽ മുഹദ്ദിസീൻ' എന്ന് ശാഹ് വലിയുല്ലാഹ് ദഹ്ലവിയെക്കുറിച്ച് പറയപ്പെട്ടിരിക്കുന്നു. (ഉജാലാ നാഫിഅ)

8. 'ഖാത്തമുൽ മുഹദ്ദിസീൻ വൽ മുഫസ്സിരീൻ' എന്നു ശാഹ് അബ്ദുൽ അസീസ് ദഹ്ലവിയെപ്പറ്റി പറയപ്പെട്ടിരിക്കുന്നു. (ഹദിയത്തുശ്ശീഅ)

ഇത്രയുമല്ല, ഒരാളുടെ സ്ഥാനമാഹാത്മ്യത്തെ വിവരിക്കാൻ 'ആഖിർ' (അവസാനത്തെ) എന്ന പദം ഉപയോഗിച്ചാൽപോലും സമൂഹത്തിൽ ശ്രേഷ്ഠൻ എന്ന അർഥം മാത്രമേ നൽകപ്പെടുകയുള്ളൂ. ഗാലിബ് ഗോത്രക്കാരനായ റബീഅ് എന്ന ആളെക്കുറിച്ച് اٰخر غالب (ഗാലിബ് ഗോത്രത്തിലെ അവസാനത്തെ ആൾ) എന്നു പറയപ്പെട്ടിരിക്കുന്നതും, ഇമാം ഇബ്നു തീമിയ്യായെ കുറിച്ച് اٰخر المجتهدين എന്ന് ഇമാം സുയൂത്തി പറഞ്ഞതും داغ എന്ന കവിശ്രേഷ്ഠനെക്കുറിച്ച് اٰخری شاعر എന്ന് ഇഖ്ബാൽ ഉപയോഗിച്ചതും ഇതിലേക്കു പ്രബലമായ തെളിവാണ്. ചുരുക്കത്തിൽ, അറബി ഭാഷാശൈലിയനുസരിച്ച് ഒരു സമൂഹനാമപദത്തോടും 'ഖാത്തം' എന്ന പദം ചേർത്തുകൊണ്ട് ഒരാളുടെ ശ്രേഷ്ഠതയെ കുറിക്കാൻ പ്രയുക്തമായാൽ അതിന്റെ അർഥം, ആ സമൂഹത്തിൽപെട്ടവരിൽ ഉണ്ടായിരിക്കേണ്ട എല്ലാ ഉൽകൃഷ്ടഗുണങ്ങളും

സമ്മേളിച്ച ശ്രേഷ്ഠവ്യക്തി എന്നുമാത്രമാണ്. ഇതിനെതിരായ ഒരൊറ്റ ഉദാഹരണവും ആർക്കും നല്കുവാൻ സാധ്യമല്ല.

എന്നാൽ, 'ഖാത്തം' എന്ന വാക്കിന്റെ അർഥം 'മുദ്ര' എന്നായതു കൊണ്ട് മേൽപ്രകാരം വിശേഷിപ്പിക്കപ്പെടുന്ന ആൾ മറ്റുള്ളവർക്ക് സാക്ഷ്യമുദ്രയായ ആളായിരിക്കുമെന്നും സിദ്ധിക്കുന്നതാണ്. അപ്പോൾ, നബി തിരുമേനിﷺയെപ്പറ്റി 'ഖാത്തമുന്നബിയ്യീൻ' എന്ന് പറയപ്പെട്ടതിന് തിരുനബിﷺ സർവശ്രേഷ്ഠനായ പ്രവാചകനാണെന്നും ആ ദിവ്യാത്മാവിന്റെ സാക്ഷിമുദ്ര കൂടാതെ ആർക്കും തന്നെ നബിപ്പട്ടം ലഭിക്കുകയില്ലെന്നുമാണർഥമെന്നു സിദ്ധിച്ചു. മുൻകഴിഞ്ഞ എല്ലാ പ്രവാചകന്മാരുടെയും ന്യായപ്രമാണങ്ങളെ തിരുനബിﷺ മുഖേന അല്ലാഹു ദുർബലപ്പെടുത്തി എന്ന അർഥവും അതിൽനിന്നു തന്നെ ലഭിക്കുന്നുണ്ട്. എന്തെന്നാൽ, അങ്ങനെയല്ലാത്തപക്ഷം ആ മഹാത്മാവ് സർവശ്രേഷ്ഠനായ പ്ര വാചകനാണെന്നു വരികയില്ല.

നാലാമതായി പറയാനുള്ളത് മുസ്‌ലിം ലോകത്തെ പൂർവികരും ആധുനികരുമായ സുപ്രസിദ്ധ വ്യക്തികളും പണ്ഡിതന്മാരും അഹ്മദികൾ നല്കുന്ന ഈ അർഥം ശരിയാണെന്നതിനെ ന്യായീകരിക്കുന്നു എന്നാണ്. ഉദാഹരണാർഥം ചിലരുടെ പ്രസ്താവനകൾ മാത്രം ഉദ്ധരിക്കാം.

(1) ഹദ്റത്ത് ആയിഷ സിദ്ദീഖﷺ ഇപ്രകാരം പറഞ്ഞിരിക്കുന്നു:

قولوا انّه خاتم الانبيآء ولاتقولوا لا نبىّ بعدهٗ

"തിരുനബിﷺ ഖാത്തമുന്നബിയ്യീൻ ആണെന്ന് നിങ്ങൾ പറഞ്ഞു കൊൾവിൻ; എന്നാൽ, അദ്ദേഹത്തിന്നുശേഷം നബിയില്ലെന്ന് നിങ്ങൾ പറയരുത്."

ഹദ്റത്ത് ആയിശ സിദ്ദീഖﷺയുടെ ഈ പ്രസ്താവനയിൽ നിന്ന് വ്യക്തമാകുന്നത് 'ഖാത്തമുന്നബിയ്യീൻ' എന്നതിന്റെ അർഥം 'അന്ത്യപ്രവാചകൻ' എന്നല്ലെന്നാണല്ലോ. 'ലാ നബിയ്യ ബഅ്ദീ' എന്ന ഹദീസ് ഹദ്റത്ത് ആയിശﷺ കേട്ടിട്ടുണ്ടായിരിക്കണമെന്നും

അതിന്റെ അർഥം തെറ്റിദ്ധരിക്കപ്പെടരുതെന്നു കരുതി അവർ ഇപ്രകാരം പറഞ്ഞതാണെന്നും ആണ് മനസ്സിലാകുന്നത്. 'ലാ നബിയ്യ ബഅ്ദീ' എന്നതിന് 'എനിക്കുശേഷം ഒരുതരത്തിലുള്ള നബിയും ഉണ്ടായിരിക്കുന്നതല്ല' എന്നും, 'എനിക്കുശേഷം ഒരു പ്ര ത്യേക തരത്തിലുള്ള നബി ഉണ്ടായിരിക്കുന്നതല്ല' എന്നും രണ്ടു വിധത്തിൽ അർഥമെടുക്കാവുന്നതാണ്. ആദ്യത്തെ അർഥം നബിതിരുമേനിﷺയുടെ പ്രസ്താവനകൾക്കും വിശുദ്ധ ഖുർആനു തന്നെയും എതിരായിരിക്കുന്നതിനാൽ, ആ അർഥം സ്വീകരിക്കാൻ നിവൃത്തിയില്ല. എന്നാൽ 'ലാ നബിയ്യ ബഅ്ദീ' എന്നു പറയുമ്പോൾ അങ്ങനെയും അർഥമെടുക്കാനിടയുള്ളതിനാലാണ് ഹദ്റത്ത് ആയിശ رضي الله عنها 'ലാ നബിയ്യ ബഅ്ദഹു' എന്നു പറയരുതെന്നും 'ഖാത്തമുന്നബിയ്യീൻ' എന്നു പറഞ്ഞാൽ മതിയെന്നും ഉപദേശിക്കുകയുണ്ടായത്. ഹദ്റത്ത് ആയിശ സിദ്ദീഖ رضي الله عنها യുടെ പക്കൽ 'ഖാത്തമുന്നബിയ്യീൻ' എന്നതിന് അവസാനത്തെ പ്രവാചകൻ എന്നാണ് അർഥമെങ്കിൽ 'ലാ നബിയ്യ ബഅദഹു' എന്നു പറയരുതെന്ന് അവർ ഉപദേശിച്ചത് അർഥരഹിതമായിത്തീരുന്നതാണ്.

(2) ഹനഫീ മദ്ഹബിലെ പ്രസിദ്ധ ഇമാമായ മുല്ലാ അലിയുൽഖാരി (1014 ഹി:ചരമം) ഇപ്രകാരം പറയുന്നു:

لو عاش ابراهيم وصار نبيًّا وكذا لو صار عمرؓ
نبيًّا لكان من اتباعهٖ عليه السّلام فلا يناقض
قولهٗ تعالٰى خاتم النّبيّين اذ المعنٰى انّهٗ لا ياتى
نبىٌّ بعدهٗ ينسخُ ملّتهٗ ولم يكن من امّتهٖ

'നബി തിരുമേനിﷺയുടെ പുത്രൻ ഇബ്രാഹീം ജീവിച്ചിരിക്കുകയും നബിയാവുകയും ചെയ്യുന്നതായാലും ഉമർ നബിയാവുന്നതായാലും അവർ ഇരുവരും നബി തിരുമേനിﷺയുടെ അനുയായികളായിരിക്കുന്നതാണ്. അങ്ങനെയാവുന്നത് 'ഖാത്തമുന്നബിയ്യീൻ' എന്നു അല്ലാഹു പറഞ്ഞതിനു എതിരായിരിക്കുന്നതല്ല.

എന്തെന്നാൽ അതിന്റെ അർഥം നബി തിരുമേനിﷺക്കുശേഷം അദ്ദേഹത്തിന്റെ ദീൻ ദുർബലപ്പെടുത്തുകയും അദ്ദേഹത്തിന്റെ ഉമ്മത്തി അല്ലാതിരിക്കുകയും ചെയ്യുന്ന ഒരു നബി വരികയില്ല എന്നത്രെ” (അൽമൗസൂആത്ത് ഭാ. 59)

(3) ശാഹ്‌വാലിയുല്ലാഹ് മുഹദ്ദിസ്‌ദഹ്‌ലവി (1776 ഹി. ചരമം) ഇപ്രകാരം പറയുന്നു:

خُتم به النّبيّون اَى لا يُوجدُ من يّامره اللّه

سبحانهٗ بِاالتّشُريع على النّاس

“നബി തിരുമേനിﷺ മുഖേന പ്രവാചകന്മാർ മുദ്രണം ചെയ്യപ്പെട്ടു എന്നു പറഞ്ഞതിന്റെ അർഥം അല്ലാഹു മനുഷ്യർക്കുവേണ്ടി പ്രത്യേക ന്യായപ്രമാണത്തോടുകൂടി കല്പ്പിച്ചയക്കുന്ന ഒരാളും ഉണ്ടായിരിക്കുന്നതല്ല എന്നാണ്”

(തഫ്ഹീമാത്തെ ഇലാഹിയ്യ, വാ. 2, ഭാ. 72)

(4) സയ്യിദ്, അബ്ദുൽകരീം ജീലാനി (767 ഹി. ജനനം) ഇങ്ങനെ പറയുന്നു:

فانقطع حكم نبوّة التّشريع بعدهٗ كان محمّد ﷺ

خاتم النّبيّين لِاَنّهٗ جاء بالكمال ولم يجئ احد بذالك

“നബി തിരുമേനിﷺക്കുശേഷം ന്യായപ്രമാണത്തോടു കൂടിയ നുബൂവ്വത്ത് അവസാനിച്ചു. അങ്ങനെ നബി തിരുമേനിﷺ ഖാത്തമുന്നബിയ്യീൻ ആയി. എന്തെന്നാൽ പരിപൂർണതയെ കൊണ്ടുവന്നിരിക്കുന്നത് അദ്ദേഹമത്രെ മറ്റൊരാളും അതു കൊണ്ടുവന്നിട്ടില്ല” (അൽ ഇൻസാനുൽ കാമിൽ, 1 ഭാഗം 98)

(5) അല്ലാഹു മനുഷ്യർക്കു നല്കിയ പ്രധാന അനുഗ്രഹങ്ങൾ നാലാണെന്നും നാലാമത്തേത് ‘അഖൽ’ അഥവാ ബുദ്ധി ആണെന്നും പറഞ്ഞുകൊണ്ട് ഇമാം റാസി (606 ഹി. ചരമം) ഇപ്രകാരം തുടരുന്നു:

فالعقل خاتم لكل والخاتم يجب ان يكون افضل الآ

ترى انّ رسولنا صلعم لمّا كان خاتـــــم النّبيّين كان

افضل الانبيآء عليهم الصّلاة والسّـلام والانسان لمّا

كان خاتـــــم المخلوقـات الجسمانية كان افضلها

فذالك العقـل لمّا كان خاتـــم الخلع الفائضة من

حضـــرة ذى الجلال كان افضــــل الخلع واكملها

"ബുദ്ധി എല്ലാറ്റിന്റേയും 'ഖാത്തം' ആണ്. ഖാത്തം - ശ്രേഷ്ഠമായിരിക്കേണ്ടതാണ്. നീ കാണുന്നില്ലേ, നമ്മുടെ റസൂൽﷺ ഖാത്തമുന്നബിയ്യീൻ ആയപ്പോൾ എല്ലാ പ്രവാചകന്മാരേക്കാളും ശ്രേഷ്ഠനായി. മനുഷ്യൻ സ്ഥൂലസൃഷ്ടികൾക്ക് ഖാത്തം ആയപ്പോൾ അവയിൽവെച്ചു ശ്രേഷ്ഠനായി. അതുപോലെതന്നെ ബുദ്ധി അല്ലാഹുവിങ്കൽനിന്നു മനുഷ്യർക്കു ലഭിക്കുന്ന അനുഗ്രങ്ങളിൽ ഖാത്തം ആയപ്പോൾ അതു എല്ലാ അനുഗ്രഹങ്ങളേക്കാളും ശ്രേഷ്ഠവും പരിപൂർണവും ആയിത്തീർന്നു" (തഫ്സീർ കബീർ, ജി. 6 ഭാ. 31)

(6) അല്ലാമാ ഇബ്നുഖുൽദൂൻ (809 ഹി. ചരമം) ഇപ്രകാരം പറയുന്നു:

ويمثّلون الــولاية فى تفاوت مراتبهـــا بالنّبوّة

ويجعلون صاحب الكـــمال فيها خاتم الاوليآء

حائزا للمرتبة الّتى هى خاتمة الولاية كما كان

خاتم الاوليآء حائزاللمرتبة الّتى خاتــمة النّبوّة

"അവർ വലിമാർ വിലായത്തിനെ അതിന്റെ സ്ഥാനവ്യത്യാസത്തെ അടിസ്ഥാനമാക്കി നുബുവ്വത്തിനോടു സാദൃശ്യപ്പെടുത്തു

ന്നു. വിലായത്തിൽ പൂർണസ്ഥാനം പ്രാപിച്ചവരെ ഖാത്തമുൽ ഔലിയാ എന്ന് അവർ പറയുന്നു. അതായത്, വിലായത്തിന്റെ അവസാനത്തെ പദവി പ്രാപിച്ച ആൾ എന്ന്. ഖാത്തമുൽ അമ്പിയാ നുബുവ്വത്തിന്റെ അവസാനത്തെ പദവി പ്രാപിച്ച ആളെ പോലെ"

(മുഖദ്ദിമ ഇബ്നുഖുൽദൂൻ, ഭാ. 271)

(7) വലിമാർ സ്ഥാനവ്യത്യാസമുള്ളവരാണെന്ന് പ്രസ്താവിച്ചുകൊണ്ട് വിശ്രുത'വലി'യായ ഹദ്റത്ത് ശേഖ്ഫരീദുദ്ദീൻ അത്താർ(റഹ്) (ഹിജ്റ 620 ചരമം) ഇങ്ങനെ പറയുന്നു:

"ഏറ്റവും ഉയർന്നപദവിയിൽ എത്തിക്കഴിഞ്ഞാൽ നുബൂവ്വത്തിന്റെ അംശം ഒരാൾക്ക് ലഭ്യമാകുന്നതുകൊണ്ട് അദ്ദേഹം 'ഖാത്തമുൽ ഔലിയാവും' എല്ലാ വലിമാരുടെയും നേതാവും ആയിത്തീരുന്നു. നമ്മുടെ പ്രവാചകർ ഹ. മുഹമ്മദ് മുസ്തഫാﷺ ഖാത്തമുൽഅമ്പിയാ ആയതുപോലെ"

(തർജമ തദ്കിറത്തുൽ ഔലിയാ, ഭാ. 537).

(8) ഹദ്റത്ത് മുജദ്ദിദ് അൽഫൈസാനീ ശേഖ് അഹ്മദ് സർഹിന്ദി(റഹ്) (ഹി: 1034-ൽ ചരമം) ഇപ്രകാരം പറഞ്ഞിരിക്കുന്നു:

"നബി തിരുമേനിﷺയുടെ നിയോഗാനന്തരം ആ മഹാത്മാവിന്റെ അനുയായികളിൽ പെട്ടവർക്ക് തിരുനബിﷺയുടെ പിൻതുടർച്ചാവകാശമെന്ന നിലയിൽ നുബുവ്വത്തിന്റെ ശ്രേഷ്ഠതകൾ ലഭിക്കുന്നത് ആ മഹാത്മാവ് ഖാത്തമുൽ റുസുൽ ആണ് എന്നതിന് എതിരല്ല. നീ ഈ വിഷയത്തിൽ സംശയാലു ആവരുത്'

(മഖ്തൂബാത്തെ ഇമാംറബ്ബാനീ, 1-ാം വാല്യം മക്തൂബ് നമ്പ്ര് 301)

(9) ഹദ്റത്ത് മൗലാനാ റൂമി (ചരമം ഹി. 672) ഇങ്ങനെ പറഞ്ഞിരിക്കുന്നു:

"നബിതിരുമേനിﷺ ഖാത്തമുന്നബിയ്യീൻ ആയതു ആത്മീയാനുഗ്രഹം നല്കുന്നതിൽ അദ്ദേഹത്തിനു സമനനായ ഒരാൾ മുമ്പുണ്ടായിട്ടുമില്ല ഇനി ഉണ്ടാവുകയുമില്ല എന്നതുകൊണ്ടാണ്. ഒരു കരകൗശലവിദഗ്ദ്ധൻ തന്റെ സാമർഥ്യത്തിൽ പൂർണസ്ഥാനം പ്രാപിച്ചാൽ നമ്മൾ അദ്ദേഹത്തോടു പറയാറില്ലേ, നിന്നിൽ കര

കൗശലവും സാമർഥ്യവും അവസാനിച്ചിരിക്കുന്നു എന്ന്. എപ്രകാരം ഉന്നതനായ ഒരു കലാകാരനെക്കുറിച്ച് ആ കല അയാളിൽ അവസാനിച്ചു എന്നു നീ പറയുന്നുവോ അതുപോലെതന്നെ തിരുനബിﷺയെക്കുറിച്ചു നിനക്കു പറയാം. ആത്മീയമായ എല്ലാ ബന്ധങ്ങളേയും നീക്കുന്ന വിഷയത്തിലും എല്ലാ കാര്യങ്ങളിലും പരിഹാരം കാണുന്ന വിഷയത്തിലും അങ്ങ് ഖാത്തം ആണ്. നിസ്തുല്യനാണ്. ആത്മീയപദവി നൽകുന്നവർക്ക് നീ 'ഹാത്തം' (ഹാത്തംതായി) ആണ്" (മസ്നവി, മൗലാനാ റൂം 1-ാം സർഗ്ഗം ഭാ 53)

(10) അശ്ശേഖ് അബ്ദുൽഖാദിർ കർദിസ്താനി ഇങ്ങനെ പറഞ്ഞിരിക്കുന്നു:

انّ معنى كونه خاتم النّبيّين هو انّه لايبعث بعده نبى اٰخربشريعة اٰخرى

"നബിതിരുമേനിﷺ ഖാത്തമുന്നബിയ്യീൻ" ആണെന്നതിന്റെ അർഥം അദ്ദേഹത്തിനുശേഷം വേറൊരു ശരീഅത്തോടുകൂടിയ ഒരു നബിയും നിയോഗിക്കപ്പെടുകയില്ല എന്നാണ്"

(തഖ്രീബുൽമറാം, വാ. 2, ഭാ. 233).

(11) പാക്കിസ്താനിൽ 'ശേഖുൽ ഇസ്ലാം' എന്ന അഭിധാനത്തിൽ അറിയപ്പെട്ട മൗലവി ശബ്ബീർ അഹ്മദ് ഉസ്മാനി (ചരമം 1949) ഇപ്രകാരം പറയുന്നു:

"നബിതിരുമേനിﷺ എപ്രകാരം തന്റെ സ്വഭാവങ്ങളിലും പെരുമാറ്റത്തിലും മറ്റെല്ലാ പ്രവാചകന്മാരേക്കാളും ഉന്നതനായിരുന്നുവോ അതുപോലെതന്നെ അറിവിലും എല്ലാ പദവികളും അദ്ദേഹത്തിൽ പൂർത്തിയായിരിക്കുന്നു. എന്തെന്നാൽ, മുൻകഴിഞ്ഞ പ്രവാചകന്മാർക്കു ആർക്കുംതന്നെ ജ്ഞാനത്തിന്റെ അത്ഭുത ദൃഷ്ടാന്തം നൽകപ്പെട്ടിരുന്നില്ല. അവരുടെ അനുയായികളിൽ ആരുംതന്നെ ഇസ്ലാമിന്റെ അനുയായികൾ ഒഴുക്കിയതുപോലെ വിജ്ഞാനത്തിന്റെ നദികൾ ഒഴുക്കുകയുണ്ടായിട്ടില്ല. ജ്ഞാനം, ലോകത്തെ പരിഷ്കരിപ്പിക്കുന്ന ആളിലുണ്ടാകേണ്ട ഗുണങ്ങളുടെ ഖാത്തം ആണ്. അപ്പോൾ ആരുടെ അദ്ഭുതദൃഷ്ടാന്തം ജ്ഞാനസംബന്ധിയായിരിക്കുന്നുവോ ആ ആളിൽ ജ്ഞാനസംബന്ധമായ എല്ലാ

പരിപൂർണതകളും അസാനിച്ചുപോകും. എന്റെ പക്കൽ ആ ആളെ ത്തന്നെയാണ് 'ഖാത്തമുൽ അമ്പിയാ' എന്നു പറയേണ്ടത്"

(ഇഅ്ജാസുൽ ഖുർആൻ ഭാ, 61)

(12) ദേവ്ബന്ത് ദാറുൽ ഉലൂമിന്റെ മേലധികാരിയും പ്രശസ്ത പണ്ഡിതനുമായ മൗലാനാ മുഹമ്മദ് തയ്യിബ് സാഹിബ് 'ഖാത്ത മുന്നബിയ്യീൻ' എന്ന തന്റെ ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു:

"ഖാത്തമുന്നുബുവ്വത്ത്" എന്നതുകൊണ്ടുള്ള വിവക്ഷ, ലോക ത്തുനിന്ന് നുബുവ്വത്താകുന്ന അതിമഹത്തായ അനുഗ്രഹം അവ സാനിച്ചുപോകയും തദ്വാരാ ഈ ആത്മീയ പ്രകാശം വിശ്വമുഖ ത്തുനിന്ന് മാഞ്ഞുപോകയും ചെയ്തുവെന്നോ പ്രവാചകാവതാരം എന്നെന്നേയ്ക്കുമായി സമാപ്തീകരിക്കപ്പെട്ടുവെന്നോ അല്ല; മറി ച്ച്, പ്രവാചകത്വമാകുന്ന അനുഗ്രഹം അതിന്റെ പരിപൂർണദശയിൽ നബിതിരുമേനിﷺ മുഖേന എത്തിക്കഴിഞ്ഞുവെന്നാണ്. ഇനി ലോകത്ത് നബികരീംﷺന്റേതിൽ നിന്നും വിഭിന്നമായ പുതിയൊരു നുബുവ്വത്തിന്റേയോ ന്യായപ്രമാണത്തിന്റേയോ ആവശ്യം തന്നെ അവശേഷിക്കുന്നില്ല. അതുകൊണ്ട് ലോകത്തുനിന്ന് നുബുവ്വ ത്താകുന്ന 'നിഅ്മത്ത്' എന്നെന്നേക്കുമായി നിലച്ചുപോയെന്നോ ആ മഹാനുഗ്രഹം നിർത്തൽ ചെയ്യപ്പെട്ടുവെന്നോ ഇതിന്നർഥമില്ല"

(ഖാത്തമുന്നബിയ്യീൻ, ഭാ 8).

വീണ്ടും ഇതേ ഗ്രന്ഥത്തിൽ മറ്റൊരിടത്തു അദ്ദേഹം പറയുക യാണ്: "നാം സൂര്യനെ, അതിൽ എല്ലാവിധത്തിലുള്ള പ്രകാശ ങ്ങളും അടങ്ങിയിട്ടുള്ളതിനാൽ 'ഖാത്തമുൽ അൻവാർ' എന്നു നാമകരണം ചെയ്യുന്നു. എവിടെയെല്ലാം നാം വെളിച്ചം കാണു ന്നുവോ അതെല്ലാം സൂര്യനിൽ നിന്നുത്ഭൂതമാകയാൽ സൂര്യഗോ ളത്തെ എല്ലാവിധ പ്രകാശങ്ങളുടെയും ഉറവിടമെന്ന് നമുക്ക് വിശ്വ സിക്കാം... ഇതേപോലെ ആദമിനെ നാം 'ഖാത്തമുൽ ആബാഅ്' (പിതാക്കളുടെ ഖാത്തം) എന്നു വിളിക്കുന്നു. കാരണം പിതാവെന്ന വിശേഷണം അദ്ദേഹത്തിൽ അവസാനിക്കുന്നു. അതുകൊണ്ടു ലോകത്തു ആദമിനുശേഷം പിതാവെന്ന പദവി ആർക്കും തന്നെ ലഭ്യമാകയില്ലെന്ന് പറയാവുന്നതാണോ? ഇതേപ്രകാരം ഹദ്റത്ത്

മുഹമ്മദ് മുസ്തഫാﷺ ഖാത്തമുന്നബിയ്യീൻ ആണെന്നതുകൊണ്ട് അദ്ദേഹത്തിൽ നുബുവ്വത്തിന്റെ എല്ലാ പദവികളും അവസാനിച്ചിരിക്കുന്നതിനാൽ, മേൽപ്രസ്താവിക്കപ്പെട്ട നിയമമനുസരിച്ച് നുബുവ്വത്ത് പദവിയും അദ്ദേഹത്തിൽനിന്നും ആരംഭിക്കേണ്ടതാണ്. കാരണം, ഈ പരിപൂർണതയുടെ തുടക്കം തിരുമേനിയിൽ നിന്നാണ് ഉണ്ടായിരിക്കുന്നത്. ഈ മഹാനുഗ്രഹം (നുബുവ്വത്ത്) ലഭിക്കുന്ന ആൾക്ക് ഹദ്റത്ത് നബികരീംﷺയുടെ ശിഷ്യത്വം സ്വീകരിക്കാതെ നിവൃത്തിയില്ല. കാരണം, ഈ പദവി നബി തിരുമേനിﷺ മുഖേനയാണ് ആ ആൾക്ക് ലഭ്യമായിരിക്കുന്നത്" (ഭാ. 11)

വിഷയം നീണ്ടുപോകുന്നതുകൊണ്ട് ഞാൻ കൂടുതൽ ഉദാഹരണങ്ങൾ ഉദ്ധരിക്കുന്നില്ല. ഖാത്തമുന്നബിയ്യീൻ എന്നതിനു അഹ്മദികൾ നല്കുന്ന അർഥം മറ്റുള്ള പല മഹാന്മാരും പറഞ്ഞിട്ടുള്ളതു തന്നെയാണെന്ന് ഇതിൽനിന്നു മനസ്സിലാക്കാം. സത്യം പറയുകയാണെങ്കിൽ, തിരുനബിﷺക്കുശേഷം പ്രത്യേക ന്യായപ്രമാണത്തോടുകൂടിയോ സ്വതന്ത്രനായ നിലയിലോ ഉള്ള ഒരു നബിയും വരികയില്ലെന്നാണ് 'ഖാത്തമുന്നബിയ്യീൻ' എന്നതിന്റെ വിവക്ഷ എന്നുതന്നെയാണ് മുൻകഴിഞ്ഞ മഹാന്മാരെല്ലാം പറഞ്ഞിട്ടുള്ളത്. ആകയാൽ, അഹ്മദികൾ തിരുനബിﷺയെ ഖാത്തമുന്നബിയ്യീൻ എന്നു വിശ്വസിക്കുന്നില്ലെന്നും മുൻകഴിഞ്ഞ മഹാന്മാരുടെ ഐകകണ്ഠേനയുള്ള പ്രസ്താവനകളെയും വിശ്വാസങ്ങളെയും നിഷേധിക്കുന്നുവെന്നും പറഞ്ഞുകൊണ്ട് അവരെ ആക്ഷേപിക്കുന്നത് തികച്ചും തെറ്റാണ്.

വിശുദ്ധ ആനിൽ നുബുവ്വത്തിനെക്കുറിച്ച് ഇങ്ങനെ വ്യക്തമായി പ്രസ്താവിക്കപ്പെട്ടിട്ടും എന്തുകൊണ്ട് പണ്ഡിതന്മാർ പ്രത്യേകിച്ച് ഖുർആന്റെ ഭാഷ്യകാരന്മാർ ഈ യാഥാർഥ്യം മനസ്സിലാക്കിയില്ലെന്നാരെങ്കിലും ചോദിക്കുന്നുവെങ്കിൽ, എനിക്ക് ഒന്നാമതായി പറയാനുള്ള മറുപടി, തിരുനബിﷺ ഖാത്തമുന്നബിയ്യീൻ ആണ് എന്ന് പറയുന്നതിന്റെ അർഥം ആ സത്യാത്മാവിനുശേഷം പ്രത്യേക ന്യായപ്രമാണത്തോടുകൂടിയ സ്വതന്ത്രനായ ഒരു പ്രവാചകൻ വരികയില്ലെന്നാണെന്നും അദ്ദേഹത്തിന്റെ ശരീഅത്തിനെ പ്രബോധി

ക്കാൻ ഉമ്മത്തിയായ നബി വരുമെന്നതിന് മേൽആയത്ത് എതിര ല്ലെന്നും മുൻകഴിഞ്ഞ പല മഹാന്മാരും പ്രസ്താവിച്ചിട്ടുണ്ട് എന്ന ത്രേ.

രണ്ട്: നുബുവ്വത്തിനേക്കാൾ എത്രയും പ്രാധാന്യമർഹിക്കുന്ന വിഷയമാണ് തൗഹീദ് അഥവാ ഏകദൈവത്വം. നുബുവ്വത്തിനെ ക്കുറിച്ച് പ്രസ്താവിക്കപ്പെട്ടതിനേക്കാൾ ശക്തിയുക്തമായും ആവർത്തിച്ചാവർത്തിച്ചും ഖുർആനിൽ തൗഹീദിനെപ്പറ്റി പ്രസ്താ വിക്കപ്പെട്ടിട്ടുണ്ട്. ഇന്ന് ലോകത്തുള്ള മുസ്‌ലിംകളിൽ യാഥാസ്ഥി തകരായ സുന്നികളും ഷിയാക്കളുമാണ് ബഹുഭൂരിപക്ഷം. ഇവ രിൽ ലക്ഷക്കണക്കിൽ ആലിംകളുണ്ടായിട്ടും ഈ മൗലികമായ പ്രശ്നത്തിൽതന്നെ അഭിപ്രായത്തർക്കമുണ്ടാകാതിരുന്നില്ല. ഈ രണ്ടു ഭൂരിപക്ഷ കക്ഷികളും ഈ വിഷയത്തിൽ പിഴച്ചുപോയവ രാണെന്നത്രെ ഉല്പതിഷ്ണുക്കളും ആധുനിക ചിന്താഗതിക്കാ രായ മുസ്‌ലിംകളും പറയുന്നത്. നുബുവ്വത്തിനേക്കാൾ കൂടുതൽ വ്യക്തമായും ശക്തിയോടുകൂടിയും ഖുർആൻ പ്രതിപാദിച്ചിട്ടുള്ള ഈ അതിപ്രധാന വിഷയം ബഹുഭൂരിപക്ഷക്കാരായ ഈ സുന്നി ഷിയാ ആലിംകൾക്ക് എന്തുകൊണ്ട് മനസ്സിലായില്ല? അതിനുള്ള കാരണമെന്താണോ ഏറെക്കുറെ അതുതന്നെയാണ് നുബുവ്വ ത്തിനെ സംബന്ധിച്ചുള്ള ഈ ഖുർആനിക യാഥാർഥ്യങ്ങൾ പലർക്കും മനസ്സിലാക്കാൻ സാധിക്കാതെ വന്നതിനുള്ള കാരണ വും.

മൂന്ന്, നബി വരികയില്ലെന്നതിനേക്കാൾ പതിന്മടങ്ങു ശക്തി യോടും വ്യക്തമായും മുസ്‌ലിം ലോകം വിശ്വസിച്ചു വന്നിട്ടുള്ള താണല്ലോ ഈസാനബിعليه السلام മരിച്ചിട്ടില്ലെന്നും അദ്ദേഹം തന്നെ തിരി ച്ചുവരുമെന്നും ഉള്ളത്. ഈ വിശ്വാസത്തിനു ആധാരമായി ഖുർ ആൻ വാക്യങ്ങൾ തന്നെയാണ് ഉദ്ധരിക്കപ്പെടുന്നത്. തെറ്റായ അർഥ മാണ് അവയ്ക്കു നൽകപ്പെടുന്നതെങ്കിലും ഇന്നാണെങ്കിൽ പേർകേട്ട പല ആലിംകളും എന്നല്ല, ആധുനിക വിദ്യാഭ്യാസം സിദ്ധിച്ച മുസ്‌ലിംകളിൽ ഭൂരിഭാഗവും ഈസാനബിعليه السلام മരിച്ചുപോ യിരിക്കുന്നു എന്നാണ് ഖുർആൻ പഠിപ്പിക്കുന്നതെന്നു ഘോഷി

ച്ചുതുടങ്ങിയിരിക്കുന്നു! തിരുനബിﷺക്കുശേഷം ശരീഅത്തോടു കൂടി അല്ലാത്ത ഉമ്മത്തിയായ നബിക്ക് വരാമെന്ന് മുൻകഴിഞ്ഞ പണ്ഡിതന്മാരിൽ എത്ര പേർ പറഞ്ഞിട്ടുണ്ടോ അത്രയും പണ്ഡിതന്മാർ ഈസാനബിعليه السلام മരിച്ചുപോയിരിക്കുന്നുവെന്ന് പ്രസ്താവിച്ചിരുന്നതായി തെളിയുന്നില്ല എന്ന പരമാർഥവുംകൂടി കൂട്ടത്തിൽ അനുസ്മരിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെയിരിക്കെ, നുബൂവ്വത്തിനെക്കുറിച്ചുള്ള വിശുദ്ധ ഖുർആന്റെ പ്രസ്താവന ഇതിനുമുമ്പ് എല്ലാവരും മനസ്സിലാക്കിയിട്ടില്ലെന്നു വന്നാൽ തന്നെ ആശ്ചര്യപ്പെടാനെന്തുള്ളൂ? മുൻകഴിഞ്ഞ ഭാഷ്യകാരന്മാർ നല്കിയിട്ടുള്ള വ്യാഖ്യാനങ്ങൾക്ക് നിരക്കാത്തതും വിപരീതമായിട്ടുള്ളതുമായ വ്യാഖ്യാനങ്ങൾ ഖുർആൻ വാക്യങ്ങൾക്കു ലോകപ്രസിദ്ധരായ പല മുസ്ലിംപണ്ഡിതന്മാരും ഇന്നു നല്കുന്നതായി നമുക്ക് കാണാൻ കഴിയുന്നു. മുൻകഴിഞ്ഞവർക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലാത്ത ചില ഖുർആൻ വാക്യങ്ങൾക്കു ലോക പ്രസിദ്ധരായ പല മുസ്ലിം പണ്ഡിതന്മാരും ഇന്നു നല്കുന്നതായി നമുക്ക് കാണാൻ കഴിയുന്നു. മുൻകഴിഞ്ഞവർക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലാത്ത ചില ഖുർആനിക തത്ത്വങ്ങൾ പിറകെ വന്നവർക്കു മനസ്സിലാക്കാൻ കഴിഞ്ഞുവെന്നുവരാമെന്ന് ഇമാം റാസി തന്നെ പ്രസ്താവിച്ചിട്ടുണ്ട്. മാത്രമല്ല, ഇത്തരം തെറ്റിദ്ധാരണകളെ അകറ്റാൻ വേണ്ടി തന്നെയാണ് ഇക്കാലത്ത് ഒരു പ്രവാചകൻ തിരുനബിയുടെ അനുയായികളിൽനിന്ന് എഴുന്നേല്പിക്കപ്പെട്ടിരിക്കുന്നതും. അദ്ദേഹം മുസ്ലിംകളുടെ ഇമാമും നീതിമാനായ വിധികർത്താവുമായിരിക്കുമെന്ന് നബിﷺ തന്നെ അരുളിയിട്ടുമുണ്ട്. മുസ്ലിംകളിൽ പൂണ്ടുപിടിച്ചിരിക്കുന്ന തെറ്റിദ്ധാരണകളെയും അബദ്ധവിശ്വാസങ്ങളെയും അകറ്റി വിശുദ്ധ ഖുർആന്റെ യഥാർഥമായ അധ്യാപനങ്ങളെ ലോകത്തിനു മുമ്പിൽ വെക്കുകയെന്നത് അദ്ദേഹത്തിന്റെ ആവിർഭാവോദ്ദേശ്യങ്ങളിൽ ഒന്നാണല്ലോ. ആകയാൽ, നുബുവ്വത്തിനെ സംബന്ധിച്ച ഖുർആന്റെ യഥാർഥ അധ്യാപനങ്ങളിൽ മുമ്പുള്ളവരിൽ ചിലരുടെ ശ്രദ്ധ പതിഞ്ഞിട്ടില്ലെങ്കിൽതന്നെ അതിൽ ഒട്ടും ആശ്ചര്യപ്പെടാനില്ല.

# അനുബന്ധം

നബിതിരുമേനിﷺക്ക് ശേഷം ഒരുതരത്തിലുള്ള നബിയും വരികയില്ലെന്നതിലേക്ക് തെളിവെന്നോണം ചിലർ താഴെ ചേർക്കുന്ന ഖുർആൻ ആയത്ത് ഉന്നയിക്കാറുണ്ട്.

اَلْيَوْمَ اَكْمَلْتُ لَكُمْ دِيْنَكُمْ وَاَتْمَمْتُ عَلَيْكُمْ نِعْمَتِىْ
وَرَضِيْتُ لَكُمُ الْاِسْلَامَ دِيْنًا

*'ഇന്നേദിവസം ഞാൻ നിങ്ങൾക്ക് നിങ്ങളുടെ ദീനിനെ പൂർത്തിയാക്കിത്തരികയും എന്റെ അനുഗ്രഹം ഞാൻ നിങ്ങളിൽ പൂർത്തീകരിക്കയും നിങ്ങൾക്കുവേണ്ടി ഇസ്‌ലാം മതത്തെ തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു.' (5:4)*

ദീൻ പൂർത്തിയായതുകൊണ്ട് ഇനിയൊരു നബിയും വരികയില്ല, വരേണ്ടതുമില്ല എന്നാണിവർ പറയുന്നത്. എല്ലാ ഓരോ പ്രവാചകനും പ്രത്യേകം പ്രത്യേകം ദീനോടുകൂടിയാണ് വന്നിട്ടുണ്ടായിരുന്നതെന്നും ഒരു പുതിയ ദീനോടുകൂടിയല്ലാതെ ഒരു നബിയും വരികയില്ലെന്നും ആണ് വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നതെങ്കിൽ ഇസ്‌ലാം ദീൻ പരിപൂർണമായതുകൊണ്ടും വിശുദ്ധ ഖുർആൻ സുരക്ഷിതമായ നിലയിൽ അവശേഷിക്കുന്നതുകൊണ്ടും തിരുനബിﷺക്കുശേഷം ഒരു നബിയും വരികയില്ലെന്നു തീർച്ചയായും പറയാം. എന്നാൽ, വിശുദ്ധ ഖുർആൻ വ്യക്തമാക്കിത്തരുന്നത് എല്ലാ ഓരോ പ്രവാചകനും പ്രത്യേകം പ്രത്യേകം ദീനോടുകൂടി വന്നവരായിരുന്നു എന്നല്ല. മറിച്ച് അവരിൽ അധികംപേരും നിലവിലുള്ള ദീനിനെത്തന്നെ പ്രബോധിക്കാൻ വന്നവരായിരുന്നു എന്നാണ്. എല്ലാ പ്രവാചകന്മാരും പ്രത്യേകം പ്രത്യേകം ദീൻ ഉപദേശിക്കാൻ വന്നവരാണെന്ന് മുൻകഴിഞ്ഞ മഹാന്മാർ പറഞ്ഞിട്ടുമില്ല. പല പ്രവാചകന്മാരും പ്രത്യേകം പ്രത്യേകം ദീൻ കൊണ്ടുവരാത്തവരായിരുന്നു എന്നാണ് അവരെല്ലാവരും പറഞ്ഞിരുന്നത്. ഏറെക്കുറെ എല്ലാ മുഫസ്സിരീങ്ങളുടെയും അഭിപ്രായം ഇതു തന്നെ

യാണെന്ന് തഫ്സീർ ഗ്രന്ഥങ്ങൾ വായിക്കുന്ന ആർക്കും മനസ്സിലാക്കാൻ കഴിയും. വിശുദ്ധ ഖുർആനിൽ പ്രസ്താവിക്കപ്പെട്ട പ്രവാചകന്മാരിൽ ബഹുഭൂരിഭാഗവും നിലവിലുള്ള ദീൻ ഉപദേശിക്കാൻ വന്നവരായിരുന്നു എന്നു തന്നെയാണ് ആ പവിത്രഗ്രന്ഥം തന്നെയും മനസ്സിലാക്കിത്തരുന്നത്.

മൂസാനബിﷺനു ശേഷം ഇസ്രായീല്യരിൽ പല പ്രവാചകന്മാരും വന്നിട്ടുണ്ടായിരുന്നു. പക്ഷെ, തൗറാത്ത് മാത്രമായിരുന്നു അവരുടെ ന്യായപ്രമാണ ഗ്രന്ഥം. ഖുർആൻ ഒരിടത്തു ഇങ്ങനെ പറയുന്നു.

وَلَقَدْ آتَيْنَا مُوسَى الْكِتَابَ وَقَفَّيْنَا مِنْ بَعْدِهِ بِالرُّسُلِ ۖ وَآتَيْنَا عِيسَى ابْنَ مَرْيَمَ الْبَيِّنَاتِ

*നിശ്ചയമായും നാം മൂസായ്ക്ക് ഗ്രന്ഥം നൽകുകയും അദ്ദേഹത്തെ തുടർന്നുകൊണ്ട് പ്രവാചകന്മാരെ നാം നിയോഗിച്ചു കൊണ്ടിരിക്കുകയും ഈസബ്നുമർയമിന് ലക്ഷ്യങ്ങൾ നൽകുകയും ചെയ്തു. (2:88)*

ഖുർആൻ മറ്റൊരിടത്തു ഇപ്രകാരം പറയുന്നു.

وَلَقَدْ آتَيْنَا مُوسَى الْهُدَىٰ وَأَوْرَثْنَا بَنِي إِسْرَائِيلَ الْكِتَابَ ﴿٥٣﴾

*നിശ്ചയമായും നാം മൂസാക്കു മാർഗദർശനം നൽകുകയും ഇസ്രാഈൽ സന്തതികളെ ആ ഗ്രന്ഥത്തിനു നാം അവകാശികളാക്കുകയും ചെയ്തു. (40:54)*

ഇത്രയുമല്ല, വിശുദ്ധ ഖുർആൻ, ഖുർആനു മുമ്പുള്ള വേദഗ്രന്ഥമായി തൗറാത്തിനെയും തൗറാത്തിനുശേഷമുള്ള ന്യായപ്രമാണമായി ഖുർആനെയും മാത്രമാണ് നമുക്ക് ചൂണ്ടിക്കാണിച്ചു തരുന്നത്. തൗറാത്തിനെക്കുറിച്ച് അതു പറയുന്നു.

وَمِنْ قَبْلِهِ كِتَابُ مُوسَىٰ إِمَامًا وَرَحْمَةً ۚ

*ഇതിന്നുമുമ്പ് മൂസായുടെ ഗ്രന്ഥമാണ് വഴികാട്ടിയും അനുഗ്രഹവും ആയിരുന്നത്. (46:13)*

إِنَّا سَمِعْنَا كِتَٰبًا أُنزِلَ مِنۢ بَعْدِ مُوسَىٰ

*മൂസാക്കു ശേഷം ഇറക്കപ്പെട്ട ഗ്രന്ഥം നിശ്ചയമായും ഞങ്ങൾ കേട്ടു. (46:31)*

ഇങ്ങനെ ഇസ്റാഈല്യരിൽ അനവധി പ്രവാചകന്മാർ വന്നിട്ടുണ്ടായിരുന്നുവെന്നു പഠിപ്പിക്കുന്ന വിശുദ്ധ ഖുർആൻ തന്നെ ആ പ്രവാചകന്മാർക്ക് നൽകപ്പെട്ട വേദഗ്രന്ഥം തൗറാത്ത് മാത്രമായിരുന്നു എന്നാണ് വ്യക്തമാക്കിത്തന്നിരിക്കുന്നത്. എല്ലാ പ്രവാചകന്മാരും പ്രത്യേകം പ്രത്യേകം ന്യായപ്രമാണങ്ങളുമായി വന്നവരല്ലെന്നും അവരിൽ മിക്കവരും നിലവിലുള്ള ന്യായപ്രമാണങ്ങളിൽ നിന്നകന്നുപോയ ജനതയെ അവയിലേക്ക് അടുപ്പിക്കാൻവേണ്ടി വന്നവരായിരുന്നുവെന്നുമാണ് തെളിയുന്നത്.

തൗറാത്ത് ഇസ്രായീൽ ജനതയെ സംബന്ധിച്ചിടത്തോളം തികവാർന്ന ഒരു ഗ്രന്ഥമായിരുന്നുവെന്നും ഖുർആൻ പഠിപ്പിക്കുന്നു. അതു പറയുന്നു.

ثُمَّ ءَاتَيْنَا مُوسَى ٱلْكِتَٰبَ تَمَامًا عَلَى ٱلَّذِىٓ أَحْسَنَ وَتَفْصِيلًا لِّكُلِّ شَىْءٍ

*പിന്നെ സൽക്കർമം ചെയ്യുന്നവർക്ക് തികവാർന്നതും എല്ലാ കാര്യങ്ങളെയും വിശദീകരിക്കുന്നതുമായ ഗ്രന്ഥം നാം മൂസാക്ക് നൽകി. (6:155)*

തൗറാത്ത് ഇപ്രകാരം സകല കാര്യങ്ങളെയും വിശദീകരിക്കുന്ന പരിപൂർണ ഗ്രന്ഥമായിരിക്കുന്നതുകൊണ്ട് ഇസ്രാഈല്യർക്കുവേണ്ടി മൂസാനബി(عليه السلام) അല്ലാതെ മറ്റൊരു പ്രവാചകൻ വരാൻ പാടില്ലാത്തതായിരുന്നു. പക്ഷേ, മൂസാനബി(عليه السلام)നു ശേഷം അനേക പ്രവാചകന്മാർ അതേ ന്യായപ്രമാണത്തെ നടത്താനായി ഇസ്രാഈല്യരിൽ ആവിർഭവിക്കുകയുണ്ടായി എന്നത് തർക്കമറ്റതാണല്ലോ.

എല്ലാ പ്രവാചകന്മാരും പ്രത്യേകം പ്രത്യേകം ന്യായപ്രമാണങ്ങൾ കൊണ്ടുവന്നിട്ടില്ലെന്ന വസ്തുത മുൻകഴിഞ്ഞ മഹാന്മാർ ഏറ്റുപറഞ്ഞിട്ടുള്ളതാണ്. ഉദാഹരണമായി റൂഹുൽ മആനി എന്ന തഫ്സീർ ഗ്രന്ഥത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു.

انّ الرّسول لايجب ان يكون صاحب شريعة مستقلة

فانّ اولاد ابراهيم عليهم السّلام كانوا على الشــريعة

പ്രവാചകൻമാർ പ്രത്യേകം പ്രത്യേകം ന്യായമപ്രമാണത്തോടു കൂടിയ ആളായേ തീരു എന്നില്ല. എന്തെന്നാൽ ഇബ്രഹീം നബിയുടെ സന്താനങ്ങൾ അദ്ദേഹത്തിന്റെ ന്യായപ്രമാണത്തിലായിരുന്നു. (വാല്യം 5, ഭാ.186)

ഇമാം സർഖാനി ഇപ്രകാരം പറഞ്ഞിരിക്കുന്നു:

قد لا يكون النّبى مستقلال ياتى لتقويم شريعة نبى قبله

"ചില പ്രവാചകന്മാർ പ്രത്യേക ന്യായപ്രമാണം ഇല്ലാത്തവരായിരിക്കും. അവരുടെ ആഗമനം തങ്ങൾക്കു മുമ്പ് വന്ന പ്രവാചകന്റെ ന്യായപ്രമാണത്തെ സുസ്ഥാപിക്കുന്നതിന്നുവേണ്ടിയായിരിക്കുന്നതാണ്" (ശറഹുൽ മവാഹിബ്, വാ. 4, ഭാ.74)

ഈ സംഗതി തഫ്സീർ ഗ്രന്ഥങ്ങളിൽ ധാരാളം പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. ദൈർഘ്യഭയം നിമിത്തം ഞാൻ അവയൊന്നും ഉദ്ധരിക്കുന്നില്ല. എന്നാൽ, ഒരു വസ്തുത എടുത്തുപറയുന്നത് കാര്യഗ്രഹണത്തിനു സഹായകമായിരിക്കുമെന്ന് കരുതുന്നു. യഹ്യാ, സകരിയ്യാ, സുലൈമാൻ, അയ്യൂബ്, യുസൂഫ്, യഅ്ക്കൂബ്, ഇസ്ഹാഖ്, ഇസ്മാഈൽ ഇവരെല്ലാം പ്രവാചകന്മാരായിരുന്നുവെന്ന് വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു. എന്നാൽ, ഇവർ കൊണ്ടുവന്നിട്ടുള്ള ന്യായപ്രമാണഗ്രന്ഥം ഏതാണെന്ന് ആർക്കെങ്കിലും ചൂണ്ടിക്കാണിക്കാൻ കഴിയുമോ? ദാവൂവ് നബിയുടെ സബൂർ തന്നെയും ന്യായപ്രമാണ ഗ്രന്ഥമല്ല. ധാർമികപാഠങ്ങളും സ്തോത്രങ്ങളും മറ്റുമടങ്ങിയ ഒരു ഗ്രന്ഥമാണത്. മുൻകഴിഞ്ഞ പല മഹാന്മാരും ദാവൂദ് നബിعليه السلام ശരീഅത്ത് വാഹകൻ അല്ലെന്നും സബൂർ ന്യായപ്രമാണഗ്രന്ഥമല്ലെന്നും പ്രസ്താവിച്ചിട്ടുണ്ട്. യഥാർഥത്തിൽ ഇഞ്ചീലും ന്യായപ്രമാണഗ്രന്ഥമല്ല. ഈ സംഗതി ഖുർആൻ മനസ്സിലാക്കിത്തരുന്നുണ്ട്. ക്രിസ്ത്യനികളും അദ്ദേഹത്തെക്കുറിച്ചു ന്യായപ്രമാണവാഹകനായ പ്രവാചകനെന്ന് വിശ്വസിക്കുന്നില്ല.

അവരുടെ വിശ്വാസമാകട്ടെ 'ന്യായപ്രമാണം മൂസാﷺ മുഖേനയും അനുഗ്രഹവും സത്യവും ഈസാ നബിﷺ മുഖേനയും ലഭിച്ചു" എന്നത്രേ. സുവിശേഷം ഇപ്രകാരം പറയുന്നു: "ന്യായപ്രമാണം മോശയിൽ തരപ്പെട്ടു. കൃപയും സത്യവും യേശുക്രിസ്തുവിനാൽ ഉണ്ടായി" (യോഹന്നാൻ, 1, 17) എന്നാൽ, മുസ്‌ലിംകൾ പൊതുവെ വിശ്വസിക്കുന്നത് ഈസാനബിﷺ ശരീഅത്തിന്റെ പ്രവാചകനായിരുന്നു എന്നാണ്. അതു ശരിയാണെന്നു സങ്കല്പിക്കുന്നതായാൽ തന്നെയും മറ്റനവധി പ്രവാചകന്മാർ പ്രത്യേകമായൊരു ശരീഅത്തില്ലാതെ നിലവിലുള്ള ന്യായപ്രമാണത്തെ പ്രബോധിക്കാൻ വന്നവരായിരുന്നു എന്നതു സുവിദിതമാണല്ലോ. ആകയാൽ ഖുർആൻ പരിപൂർണമായ ന്യായപ്രമാണ ഗ്രന്ഥമായതിനാൽ ഇനിയൊരു നബിയും വരികയില്ലെന്നോ, വരേണ്ടതില്ലെന്നോ പറയുന്നതു അർഥരഹിതമാണ്. ഖുർആൻ പരിപൂർണ ന്യായപ്രമാണ ഗ്രന്ഥമായതുകൊണ്ട്, മറ്റൊരു പുതിയ ശരീഅത്തോടുകൂടിയ 'പ്രവാചകനോ, ഖുർആനിൽ ഭേദഗതി വരുത്തുന്നതിനു അധികാരമുള്ള പ്രവാചകനോ, വരികയില്ല എന്നു പറയുന്നതാണ് ശരി.

ഖുർആൻ, പരിപൂർണമായ നിയമശാസ്ത്ര ഗ്രന്ഥമായിരിക്കയാൽ മറ്റൊരു നബിയും വരാൻ പാടില്ലെന്ന് പറയുന്നവരോട് ഞങ്ങൾ ചോദിച്ചുകൊള്ളട്ടെ! അല്ലാഹുവിന്റെ റസൂൽ ആയ ഈസാﷺ വീണ്ടും വരുമെന്നാണല്ലോ നിങ്ങൾ വിശ്വസിക്കുന്നത്. വരുന്ന ഈസാ നബിﷺ നബി ആയിരിക്കുമെന്ന് തിരുനബിﷺ തന്നെ വ്യക്തമായി പ്രസ്താവിച്ചിട്ടുമുണ്ട്. അദ്ദേഹത്തിന്റെ നുബുവ്വത്ത് അദ്ദേഹത്തിന് ഒരിക്കലും നഷ്ടപ്പെടുന്നതല്ലെന്നും ഖുർആൻ മനസ്സിലാക്കിത്തന്നിരിക്കുന്നു. പരിപൂർണമായ ന്യായപ്രമാണത്തിനു ശേഷം ഒരു നബിക്കും വരാൻ പാടില്ലെന്നാണെങ്കിൽ ഈസാനബിക്കു എങ്ങനെ വരാൻ കഴിയും? അദ്ദേഹത്തിന്റെ ആവിർഭാവം പ്രയോജന രഹിതമായ പാഴ്‌വേല ആയിരിക്കുമോ? അദ്ദേഹം വരുമ്പോൾ നബി ആയിരിക്കയില്ലെന്ന് ആരെങ്കിലും പറയുന്നുവെങ്കിൽ ഖുർആനിലും ഹദീസിലും വിശ്വസിക്കുന്നവർക്ക് അത് പ്രമാണമായിരിക്കുന്നതല്ല. എന്തെന്നാൽ അങ്ങനെ പറയുന്നത് വിശുദ്ധ ഖുർ

ആനും തിരുനബി വചനങ്ങൾക്കും കടകവിരുദ്ധമാണ്. അങ്ങനെ പറയുന്നവർ വല്ല സ്വകീയ താത്പര്യങ്ങളും പുലർത്താൻവേണ്ടി അപ്രകാരം പറയുന്നതാണെന്നു കരുതാനേ നിവൃത്തിയുള്ളൂ. വിശുദ്ധ ഖുർആനിലെയും നബിവചനങ്ങളിലെയും പാഠങ്ങൾക്ക് കടകവിരുദ്ധമായി രണ്ടോ നാലോ ആൾ പറയുന്നത് മതപ്രമാണമോ സ്വീകാര്യമോ ആവുകയില്ല. എന്നു മാത്രമല്ല, പേരുകേട്ട ചില പണ്ഡിതന്മാർ ഈസാനബി﵇ മടങ്ങിവരികയേ ഇല്ലെന്നും അദ്ദേഹത്തിന്റെ ആവിർഭാവത്തെക്കുറിച്ചുള്ള പ്രവചനങ്ങൾ സ്വീകാര്യമല്ലെന്നും പറയാറുണ്ട്. മസീഹ് ആവിർഭവിക്കുമെന്ന് അല്ലാഹുവിന്റെ നാമത്തിൽ ആണയിട്ടുകൊണ്ടാണ് തിരുനബിﷺ പ്രവചനം ചെയ്തിട്ടുള്ളത്. ആ ദിവ്യകാലം മുതൽ ആ പ്രവചനങ്ങളിൽ മുസ്ലിംലോകം വിശ്വസിച്ചുവന്നിരിക്കയുമാണ്. ഹദീസുകളുടെ എല്ലാ പ്രബല ഗ്രന്ഥങ്ങളിലും ആ പ്രവചനം അടങ്ങിയിട്ടുമുണ്ട്. ആകയാൽ മസീഹിന്റെ അവതരണത്തെക്കുറിച്ചുള്ള തിരുനബിﷺയുടെ പ്രവചനത്തെ തള്ളിപ്പറയുന്നത് എപ്രകാരം തെറ്റായ ഒരു കാൽവെപ്പാണോ അതേപോലെതന്നെ മസീഹു വീണ്ടും വന്നാൽ അദ്ദേഹം നബിയായിരിക്കയില്ലെന്നു പറയുന്നതും വിശുദ്ധ ഖുർആനും നബിവചനങ്ങൾക്കും തികച്ചും എതിരായ ഒരു വിശ്വാസമാകുന്നു. എന്നാൽ, പരിപൂർണ്ണ ന്യായപ്രമാണത്തിനു ശേഷം ഒരു നബിക്കും വരാൻ പാടില്ല എന്നു പറയുന്നതായാൽ അതോടൊപ്പംതന്നെ മസീഹു വരികയില്ലെന്നും മസീഹിന്റെ അവതരണത്തെപ്പറ്റി തിരുനബിﷺ പ്രവചനം ചെയ്തത് അബദ്ധമാണെന്നും സമ്മതിക്കേണ്ടിവരും. ചുരുക്കത്തിൽ, പരിപൂർണ്ണ ന്യായപ്രമാണം തിരുനബിﷺ മുഖേന നൽകപ്പെട്ടത് ആ തിരുനബിയുടെ ശിഷ്യനും ആ ന്യായപ്രമാണത്തെ പ്രബോധിക്കാനും അതിലേക്ക് മനുഷ്യവംശത്തെ ക്ഷണിക്കാനും വേണ്ടി ആഗതനാകുന്ന പ്രവാചകനുമായ ഒരു ദിവ്യപുരുഷന്റെ ആവിർഭാവത്തിന്നു ഒരിക്കലും പ്രതിബന്ധമായിരിക്കുന്നതല്ല.